# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി



## വെള്ളനാട് ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട്

**1996...............**

# കേരളം



സംസ്ഥാനഅതിര്

ജില്ലാതിര്

തിരുവനന്തപുരംജില്ല.

ഫോൺ : 82034

# വെള്ളനാട് ഗ്രാമ പഞ്ചായത്ത് ഓഫീസ്


വെള്ളനാട് - തിരുവനന്തപുരം - 695 543

**വി. പങ്കജാക്ഷൻനായർ**

(പ്രസിഡന്റ്)

ഫോൺ 813477




*പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ മണ്ണിനെ സ്നേഹിക്കുന്ന കർഷകരുടേയും കർഷകതൊഴിലാളികളുടേയും. യുവാക്കളുടേയും. വനിതകളുടേയും വിവിധ തരത്തിലെ പ്രശ്നങ്ങൾ പഠിച്ച് ലഭ്യമായ ദ്വിതീയ വിവരശേഖരങ്ങളുടേയും ചരിത്രരേഖകളുടേയും അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ ജനകീയാസൂത്രണ സമിതിയിലെ പ്രവർത്തകർ തയ്യാറാക്കിയ വെള്ളനാട് ഗ്രാമ പഞ്ചായത്തിന്റെ വികസന രേഖ നിങ്ങളുടെ സമ്പൂർണ്ണമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഞാൻ സവിനയം സമർപ്പിക്കട്ടെ.*

*സ്നേഹാദരങ്ങളോടെ*

*വി. പങ്കജാക്ഷൻ നായർ*

*പ്രസിഡന്റ്*



"തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രഗത്ഭന്മാർ
കേന്ദ്രത്തിൽ ഇരുന്ന് ഭരിച്ചതുകൊണ്ട്
ജനാധിപത്യ ഭരണ ക്രമം യഥാർത്ഥത്തിൽ
ഉണ്ടാവുകയില്ല, ജനാധിപത്യം ഏറ്റവും
താഴ്ന്ന തലത്തിൽ നിന്നും, ഏറ്റവും
ചെറിയ കീഴ്ഘടകത്തിൽ നിന്നും
സമാരംഭിക്കണം. എല്ലാ ഗ്രാമങ്ങളിലേയും,
എല്ലാ ജനങ്ങളിലും, ഭരണകാര്യങ്ങളെകുറിച്ച്
ബോധമുണ്ടാവണം. അവരും ഭരണ
കാര്യങ്ങളിൽ പങ്കാളികളാണെന്നും
വിശ്വാസമുണ്ടാവണം."

മഹാത്മാ ഗാന്ധിജി-

## നിലവിലുള്ള ഭരണ സമിതികൾ

| പേര് | | വാർഡ് |
|---|---|---|
| 1. | വി. പങ്കജാക്ഷൻ നായർ(പ്രസിഡന്റ്) | I |
| 2. | ചെറുകുളം ശൈലൻ വൈസ് പ്രസിഡന്റ് | VII |
| 3. | പി.എൻ. സദാശിവൻനായർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | VI |
| 4. | കെ. പത്മിനിഅമ്മ മെമ്പർ | II |
| 5. | വി. ശ്രീകണ്ഠൻ നായർ മെമ്പർ | III |
| 6. | എസ്. ജയശ്രീ | IV |
| 7. | ജെ. മോഹൻദാസ് മെമ്പർ | V |
| 8. | പി. കമലരാജ് മെമ്പർ | VIII |
| 9. | ആർ. വിജയകുമാരി മെമ്പർ | IX |
| 10. | എൻ.ലതാകുമാരി മെമ്പർ | X |
| 11. | വി. ശശിധരൻ നായർ മെമ്പർ | XI |

ഉള്ളടക്കം


| ഉള്ളടക്കം | | | പേജ് |
|---|---|---|---|
| | ആമുഖം | : | |
| | പഞ്ചായത്ത് പൊതുവിവരണം | : | |
| 1. | സാമൂഹ്യ ചരിത്രം | : | |
| 2. | ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം | : | |
| 3. | സാമൂഹിക-സാമ്പത്തിക മേഖലകൾ | : | |
| 3-1 | കൃഷിയും ജലസേചനവും | : | |
| 3-2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | : | |
| 3-3 | വ്യവസായം | : | |
| 3-4 | വിദ്യാഭ്യാസം | : | |
| 3-5 | പൊതുജന ആരോഗ്യവും കുടിവെള്ളവും | : | |
| 3-6 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | : | |
| 3-7 | പാർപ്പിടവും സാമൂഹ്യക്ഷേമവും പൊതുവിതരണവും | : | |
| 3-8 | സംസ്കാരം, കായികവിനോദം | : | |
| 3-9 | വനിത | : | |
| 3-10 | സഹകരണം | : | |
| 3-11 | പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | : | |
| 3-12 | വിഭവസമാഹരണം | : | |

*"പഞ്ചായത്തുകൾ ഭരണത്തിന്റെ*
*പങ്കാളികളായ് മാറുന്നു.*
*നാട്ടിനു വേണ്ടൊരു പദ്ധതി നമ്മൾ*
*നാട്ടിൽ നിന്നു തുടങ്ങേണം*
*ആസൂത്രണവും ജനതതിയൊന്നായ്*
*കൂടിയിരുന്നു നടത്തേണം"*

*- ജനാധികാരകലാജാഥ*

**എഡിറ്റർ**

എസ്. മോഹനകുമാർ

**എഡിറ്റോറിയൽ സ്റ്റാഫ്**

എസ്. ജയപ്രകാശ്
എം. രാജേന്ദ്രൻ നായർ
ടി. എൻ. പ്രവീൺ ചന്ദ്
വി. സുഭാഷ് ചന്ദ്രബോസ്
വി. എം. അനിൽ കുമാർ
അജിത്ത്കുമാർ. വി
ശാന്താദാസ്

# ആമുഖം

"പഞ്ചായത്തുകൾ ഭരണത്തിന്റെ
പങ്കാളികളായി മാറുന്നു.
നാടിനു വേണ്ടൊരു പദ്ധതി നമ്മൾ
നാട്ടിൽ നിന്നു തുടങ്ങേണം
ആസൂത്രണവും ജനതിയൊന്നായ്
കൂടിയിരുന്നു നടത്തേണം."

# ആമുഖം

ആസൂത്രണ പ്രക്രിയയ്ക്ക് അർത്ഥമുണ്ടാകുന്നതും അതൊരു അനിവാര്യതയാകുന്നതും, ലഭ്യമായ വിഭവങ്ങൾ അവ കൊണ്ട് പരിഹരിക്കേണ്ട അത്യാവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പരിമിതമാകുമ്പോഴാണല്ലോ ഏതൊരു രാജ്യത്തിനും ജനങ്ങളുടെ ജീവിത നിലവാരത്തിൽ സ്ഥായിയായ പുരോഗതി കൈവരിക്കുന്നതിന് കൈവശമുള്ള വിഭവങ്ങളെ ഏറ്റവും കാര്യക്ഷമമായ രീതിയിൽ ഉപയോഗിക്കേണ്ടത് ആവശ്യമാണ്. സ്വതന്ത്ര ഇന്ത്യയിൽ ചിട്ടയായ ആസൂത്രണ പ്രക്രിയയുടെ തുടക്കം കുറിക്കുന്നത്.1951-ൽ ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ചതോടുകൂടിയാണ്. ഒന്നാം പദ്ധതി കാർഷികമേഖലയ്ക്ക് പ്രാധാന്യം കൊടുത്തപ്പോൾ രണ്ടും മൂന്നും പദ്ധതികൾ വ്യാവസായിക വികസനത്തിന് കൂടുതൽ ഊന്നൽ നൽകി. എന്നാൽ 1965- ൽ മൂന്നാം പദ്ധതി അവസാനിക്കുമ്പോൾ ഇന്ത്യ എത്തിച്ചേർന്നത് ഒരു രൂക്ഷമായ പ്രതിസന്ധിയിലാണ്. തുടർന്ന് അടുത്ത മൂന്ന് വർഷക്കാലത്തേയ്ക്ക് പഞ്ചവത്സര പദ്ധതികൾ നിർത്തി നയ്ക്കുകയും പകരം വിഭവങ്ങളുടെ അപര്യാപ്തതമൂലം വാർഷിക പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതായും വന്നു. എന്താണ് ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയെ ഇങ്ങനെ ഒരു പ്രതിസന്ധിയിൽ എത്തിച്ചത്? തീർച്ചയായും ഇന്ത്യ തുടർന്നുവന്ന നയങ്ങളിൽ സ്വാഭാവികമായി ഉണ്ടായിരുന്ന തെറ്റുകൾ കാരണം രാജ്യത്തെ നല്ലൊരു ശതമാനം ആളുകളുടെ വാങ്ങൽ ശേഷി ക്ഷയിക്കുകയും അങ്ങനെ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ കമ്പോളത്തിൽ തന്നെ കെട്ടിക്കിടന്ന് വ്യാവസായിക മാന്ദ്യം തൊഴിലില്ലായ്മയുടെ രൂക്ഷമായി നിരക്കിലുള്ള വളർച്ച എന്നിവയ്ക്ക് കാരണമായി. കൂടാതെ 1960 കളിൽ ഉണ്ടായ വരൾച്ചയുടെ രണ്ടു യുദ്ധങ്ങളും ഈ ദാരിദ്ര്യ വൽക്കരണ പ്രക്രിതയുടെ ആക്കം കൂട്ടാൻ സഹായിച്ചു. എന്നാൽ നമുക്കെല്ലാം അറിയാവിന്നതു പോലെ ഇന്ത്യൻ സാമ്പത്തിക മേഖല ഇന്നും പ്രതിസന്ധിയിൽ തന്നെയാണ് അതിനുള്ള കാരണങ്ങളുടെവിശദമായഅന്വേഷണംഇവിടത്തെ പ്രതിപാദ്യവിഷയമാക്കേണ്ടതില്ലായെങ്കിലും ഔദ്യോഗിക കണക്കുകൾ അനുസരിച്ചുതന്നെ 25 കോടിയിൽ പരം ജനങ്ങൾ ഇന്നും ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെ (ദാരിദ്രരേഖയ്ക്ക് താഴെ) നിത്യപട്ടിണിയിൽ കഴിയുന്നു.

എന്നാൽ ഈ കാലഘട്ടത്തിൽ കേരളത്തിൽ എന്താണ് സംഭവിച്ചത് കഴിഞ്ഞ ഒരു ഇരുപതു വർഷത്തിലേറെയായി സംസ്ഥാനത്തിന്റെ ഭൗതിക ഉത്പാദന മേഖലകളായ കൃഷുയും, വ്യവസായവും വർഷം തോറും വളർച്ച മുരടിപ്പ് നേരിടുകയാണ്. തൽഫലമായി തൊഴിലില്ലായ്മ അതിരൂക്ഷമായ വളർച്ചാനിരക്കിലേയ്ക്ക് നീങ്ങുന്നു. എന്നാൽ പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകളാകെ മറ്റു സംസ്ഥാനങ്ങളേക്കാളും എന്നല്ല ഇക്കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന വികസിത രാജ്യങ്ങളോടൊപ്പം കന്നെ എത്തി എന്നു പറയാം. അതിനെയാണല്ലോ 'അന്താരാഷ്ട്രാ പ്രസിദ്ധിനേടിയ' കേരള വികസന മാതൃക കൊട്ടിഘോഷിക്കപ്പെടുന്നത്. എന്നാൽ ഈ വികസന മാതൃകയുടെ ജീവൻ തന്നെ ഓരോ ദിവസം കഴിയുന്തോറും അപകടത്തിലാവുകയാണ്. ഇത് സംസ്ഥാനത്തെ മറ്റൊരു പ്രതിസന്ധിയിൽ എത്തിയ്ക്കും എന്നതിന് സംശയമില്ല. എന്താണ് ഇതിനൊരു പരിഹാരം ?

മുകളിൽ പറഞ്ഞ ചോദ്യത്തിന് ഒരുത്തരമാണ്. 1997- ഏപ്രിൽ മാസം, ഒൻപതാം പഞ്ചവത്സര പദ്ധതി തുടങ്ങുമ്പോൾ അത് ജനകീയ പദ്ധതിയാക്കുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം അതായത് ഇതുവരെ പിൻതുടർന്നുവന്ന മുകളിൽ നിന്നു താഴോട്ടുള്ള ആസൂത്രണത്തിന് നേരെ വിപരീതമായി, ഓരോ വാർഡുതലത്തിൽ നിന്ന് ശേഖരിച്ച വിഭവങ്ങളുടെ ലഭ്യതയും, പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങളും ഉൾക്കൊണ്ട് പഞ്ചായത്ത് തലത്തിൽ തന്നെ പദ്ധതിയ്ക്കു രൂപം കൊടുക്കുന്നതാണ് ജനകീയാസൂത്രണ പ്രകൃതിയുടെസത്ത. സംസ്ഥാന ആസൂത്രണ സമിതിയുടെ പ്രവർത്തനം വെറും കൂട്ടിച്ചേർക്കലിൽ മാത്രം ഒരുങ്ങി നിൽക്കുന്നു. ഈ മാറ്റത്തോടൊപ്പം തന്നെ പദ്ധതി വിഹിതമായി ഓരോ പഞ്ചായത്തിനും ലഭിക്കുന്ന സമ്പത്തിന്റെ കാര്യത്തിലും ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേരളത്തിൽനടപ്പിലാക്കി കൊണ്ടിരിക്കുന്ന ഈ

ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി വെള്ളനാടു പഞ്ചായത്തും ഈ മാറ്റത്തുന്റെ സത്ത അത് ഉദ്ദേശിക്കുന്ന അർത്ഥത്തിൽ തന്നെ ഉൾക്കൊണ്ട്, നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായി തയ്യാറാക്കുന്നതാണ്, വെള്ളനാട് പഞ്ചായത്തിന്റെ വികസന റിപ്പോർട്ട്.

ജനകീയാസൂത്രണ പ്രക്രിയ വെള്ളനാട് പഞ്ചായത്തിൽ ആരംഭിക്കുന്നത് 1995 ഒക്ടോബർ മാസം രണ്ടാം തീയതിയോട് കൂടിയാണ് ഇതിന്റെ ആദ്യപടിയായി വെള്ളനാട് പഞ്ചായത്തിലെ ഗ്രാമ സഭകൾ കൂടുകയും ഓരോ ഗ്രാമ സഭയും പറഞ്ഞിട്ടുള്ള 12 വിഷയങ്ങളും ചർച്ച ചെയ്ത് റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിച്ചു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവിധ ഗ്രൂപ്പുകളുടെ രൂപീകരണത്തിനുവേണ്ടിയുള്ള പഞ്ചായത്ത് സെമിനാർ നവംബർ ഒൻപതാം തീയതി കൂടുകയും ഓരോ വിഷയത്തെക്കുറിച്ചും റിപ്പോർട്ട് തയ്യാറാക്കേണ്ടവരുടെ ഗ്രൂപ്പിനെ തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് 1996 നവംബർ മാസം പത്താം തീയതി പഞ്ചായത്തിലെ ട്രാൻസെറ്റ് വാക്ക് പൂർത്തിയാക്കി. നവംബർ 11-ാം തീയതി മുതൽ 14-ാം തീയതിവരെയുള്ള കാലഘട്ടത്തിൽ ദ്വിതീയ വിവര ശേഖരണം പൂർത്തിയാക്കി. ഇതുകൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കൃഷി, മൃഗസംരക്ഷണ മേഖലകളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനു വേണ്ടി ഒരു പഞ്ചായത്ത് സർവ്വേ സംഘടിപ്പിച്ചു.

ജനകീയാസൂത്രണ പ്രക്രിയയെ കുറിച്ചുള്ള അനർത്ഥമായ സംശയത്തിൽ നിന്നും കുബുദ്ധികളുടെ ദുഷ് പ്രചരണത്തിന്റെ ഭാഗമായി ഉണ്ടായ വിമത പ്രവർത്തനങ്ങളുടെയും ഫലമായി ചില ഗ്രാമ സഭകളിലും പഞ്ചായത്ത് സെമിനാറുകളിലും ആദ്യഘട്ടങ്ങളിലും ചില അപസ്വരങ്ങൾ ഉണ്ടായിയെങ്കിലും ഇന്ന് വെള്ളനാട്ടെ മുഴുവൻ ജനങ്ങളും ജനകീയാസൂത്രണ പ്രക്രിയയെ വളരെ മഹത്തായ ഒരു കാൽവയ്പ്പായി കാണുന്നുണ്ട്. ഇതിന്റെ പ്രതികരണമാണ് പഞ്ചായത്ത് സെമിനാറുകളിലും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി നടന്ന പ്രവർത്തനത്തിലും ഉണ്ടായ ജനകീയ പങ്കാളിത്തം.

ജനകീയാസൂത്രണ പ്രകൃയയും, വികസന റിപ്പോർട്ടും തയ്യാറാക്കൽ ഒരു വൻ വിജയമായി മാറുന്നതിനുള്ള പ്രധാന കാരണം രാപകൽ പണിയെടുക്കാൻ തത്പരരായ ഇന്നാട്ടിലെ പുരോഗമനേച്ഛാക്കളായ ചെറുപ്പക്കാരുടെ സന്നദ്ധസേവനമാണ്. ഈ വികസന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഓരോ പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം ജനകീയാസൂത്രണ പ്രക്രിയയിലൂടെ കണ്ടെത്താൻ സാധിക്കുമെന്നും അങ്ങനെ ഈ പ്രസ്ഥാനം നാളെയുടെ മഹത്ത് ചരിത്രത്തിന്റെ ഭാഗമാകുന്നതോടൊപ്പം വെള്ളനാടിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിക്കും എന്ന് ഉറച്ചു വിശ്വസിക്കുന്നു.

"പഞ്ചായത്തുകൾ ഭരണത്തിന്റെ
പങ്കാളികളായി മാറുന്നു.
നാടിനു വേണ്ടൊരു പദ്ധതി നമ്മൾ
നാട്ടിൽനിന്നു തുടങ്ങേണം
ആസൂത്രണവും ജനത്തിനൊയോന്നായ്
കൂടിയിരുന്നു നടത്തേണം"
ജനാധികാര കലാജാഥ.

II

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വെള്ളനാട് ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളനാട് |
| താലൂക്ക് | : | നെടുമങ്ങാട് |
| അസംബ്ലി മണ്ഡലം | : | നെടുമങ്ങാട് |
| വിസ്തീർണ്ണം | : | 22.19 സ്ക്വയർ കിലോമീറ്റർ |
| അതിരുകൾ | : | കിഴക്ക് ആര്യനാട് പഞ്ചായത്ത്<br>പടിഞ്ഞാറ്- അരുവിക്കര പഞ്ചായത്ത്<br>വടക്ക് - ഉഴമലയ്ക്കൽ, അരുവിക്കര പഞ്ചായത്തുകൾ<br>തെക്ക്- അരുവിക്കര, പൂവച്ചൽ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 25306 |
| പുരുഷൻമാർ | : | 12511 |
| സ്ത്രീകൾ | : | 12795 |
| ജനസാന്ദ്രത | : | 1069 |
| അക്ഷരാഭ്യാസമുള്ളവർ | : | 20434 |
| പ്രസിഡണ്ടിന്റെ പേര് | : | വി. പങ്കജാക്ഷൻ നായർ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | ജെ. ശൈലൻ |

# സാമൂഹ്യ ചരിത്രം

വെള്ളനാടിന്റെ മുൻകാലചരിത്ര പൈതൃകത്തെക്കുറിച്ച് ലിഖിതങ്ങളായ രേഖകളോ മറ്റ് സൂചനകളോ ലഭ്യമല്ല. കേട്ടു കേൾവിയുള്ള കഥകൾ മാത്രമാണ് ചരിത്രപരമായ എന്തെങ്കിലും സൂചനകൾ നൽകുന്നത്. വെള്ളനാടിന് ഈ പേരുണ്ടായതിനെ കുറിച്ച് വിവിധങ്ങളായ അഭിപ്രായങ്ങളാണ് ഉള്ളത്. വള്ളുവന്റെ നാടായതു കൊണ്ടാണ് വെള്ളനാട് എന്ന പേരുണ്ടായത് എന്നതാണ് ഒരു പ്രധാന സങ്കല്പം. ഉത്തരമലബാറിലുള്ള വള്ളുവൻപ്പട ഈ പ്രദേശത്ത് വരുവാനുള്ള കാരണം എന്തെന്ന് വ്യക്തമല്ല. കൂടാതെ അങ്ങനെ പേരുള്ള ഒരു സമൂഹം ഇവിടെ വന്നിരുന്നു എന്ന് സ്ഥാപിക്കുന്നതിന് ഉപോത്ബലകമായ തെളിവുകൾ ഒന്നും തന്നെയില്ല. വള്ളുവപ്പട നാലോ അഞ്ചോ ഇല്ലങ്ങളിൽ മാത്രം ഒതുങ്ങി നിന്ന കായികാഭ്യാസികൾ മാത്രമാണ്. ഒരു പക്ഷേ കുറെക്കൂടി വിശ്വസ്യതയുള്ള മറ്റൊരു കെട്ടുകഥ വല്ലനാട് വെള്ളനാട് ആയതാകാം എന്നുള്ളതാണ്.

തെക്കേ ഭാരതത്തിലുണ്ടായിരുന്ന ഹൈന്ദവ നവോത്ഥാനത്തിന്റെ ശിൽപികളിലൊരാളായിരന്ന തിരുവലനായ്ക്കന്റെ സാമ്രാജ്യവുമായി നമ്മുടെ ഗ്രമത്തിന് ചരിത്രപരമായ ബന്ധമുണ്ടെന്ന് പറയപ്പെടുന്നു. തിരുമല നായ്ക്കന്റെ തലസ്ഥാനമായ മധുരയിൽ നിന്നും ഷൊർളക്കോട് വഴി പശ്ചിമഘട്ടത്തിലൂടെ കോട്ടൂർ മല വഴി തെക്കൻ കേരളത്തിലെത്താൻ ഒരു കുതിരത്തടം ഉണ്ടായിരുന്നതായി ചരിത്രവും, ഐതിഹ്യവും ഉണ്ട്. കോട്ടൂർ എന്ന നാട്ടുരാജ്യം കാളിമൂപ്പത്തി എന്ന ഒരു റാണി ഭരിച്ചിരുന്നു. എന്നും ഈ നാട്ടുരാജ്യ് ആക്രമിക്കാൻ തിരുനല നായ്ക്കർ പരിപാടിയിടുകയും ചൊയ്യതായി പറയപ്പെന്നു. എന്തായാലും ഒരു പ്രദേശം ആക്രമിക്കുന്നതിനുമുമ്പായി അവിടത്തെ സ്ഥിതിഗതികളെക്കുറിച്ച് വിവരം ശേഖരിക്കേണ്ടയുദ്ധമുറയുടെ ആവശ്യഘടകങ്ങളിൽ ഒന്നാണല്ലോ? അതിനുവേണ്ടിയുള്ള ചാരപ്രവർത്തനത്തിനായി തിരുമലനായ്ക്കർ നിയമിച്ച് അയച്ച സേനാനായകൻ കോട്ടൂർ പ്രദേശത്ത് വരികയും കാഴിമൂപ്പത്തിയെ കണ്ടപ്പോൾ തന്റെ നിയുക്ത ഉദ്ദേശ്യം വിസ്മരിക്കുകയും കാളിമുപ്പത്തിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി അവിടെ തന്നെ താമസവും തുടങ്ങി.

സേനാനായകന്റെ പ്രവൃത്തിയിൽ രോഷാകുലനായ തിരുമലനായ്ക്കർ കോട്ടൂർ രാജ്യം പിടിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അതു ചെറുക്കാനായി കുതിരത്തടം വെട്ടിമുറച്ച് കിടങ്ങുകളാക്കി ഏതായാലും നായ്ക്കർ കോട്ടൂർ രാജ്യം പിടിച്ചടയ്ക്കുകയും തുടർന്ന് തന്റെ കണ്ണ് അനന്തപുരിയിലേക്ക് ലക്ഷ്യമാക്കുകയും ചെയ്തു. ഈ ആക്രമണ പരമ്പരയുടെ ഭാഗമായിട്ടുള്ള പടയോട്ടത്തിൽ ഇന്നത്തെ വെള്ളനാട് പ്രദേശം വഴി കടന്ന് പോയിരിക്കാം എന്നും ഐതിഹ്യം പറയുന്നു. അക്കാലങ്ങളിലുള്ള നാട്ടുരാജ്യങ്ങൾ വെട്ടിപരിടിക്കുന്നതിന്റെ ചിരത്രം പറയുന്നത് ഇങ്ങനെ പോകുന്നവഴിയിൽ വെട്ടിപിടിക്കുന്ന രാജാവിന്റെ ആശക്കാർ കുടിയേറും എന്നുള്ളതാണ് ഏതായാലും ഒരു വർഷം മുമ്പുവരെയുള്ള ഭൂ ഇടപാടുകളുടെ രേഖ പരിശോധിച്ചാൽ വ്യക്തമാകുന്നത് ഇന്നത്തെ മിത്രാനികേതനടുത്തുള്ള വെള്ളൂർക്കോണം എന്ന സ്ഥലത്ത് നായ്ക്കർ വിഭാഗത്തിൽപ്പെട്ട കുറെ കുടുംബങ്ങൾ ഉണ്ടായിരുന്നതായിട്ടാണ് ഇവിടെ കുടിയേറിയ നായ്ക്കർ വിഭാഗത്തിൽപ്പെട്ടവർ പണികഴിപ്പിച്ചതാകാം ഇന്നത്തെ തിരുനല്ലൂർ ശാല ശിവക്ഷേത്രം. ഈ ക്ഷേത്രത്തിന്റെ പേര് പിരിച്ചെഴുതി അർത്ഥ വ്യഖ്യാന് നടത്തിയാൽ അത് പൂർണ്ണമായും ഒരു തമിഴ് ഭാഷയിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നിട്ടുള്ളതാണ് എന്നു മനസ്സിലാകും. (തിരുനല്ലൂർ ശാല തിരു ശ്രീ നല്ല് നല്ലത്, ഊര് സ്ഥലം)

കൂടാതെ ഈ ക്ഷേത്രത്തിന്റെ ശിൽപവിദ്യയ്ക്കും തമിഴ്ചുവയുണ്ട് ഈ അനുമാനം ശരിയാണെങ്കിൽ നായ്ക്കർ തങ്ങളുടെ ജന്മസ്ഥലമായ മധുരയിലെ വല്ലനാടിന്റെ ഓർമ്മയ്ക്കായി ഈ പ്രദേശത്തേയും വല്ലനാട് എന്ന് പേര് കൊടുത്തതായും അത് കാലാന്തരത്തിൽ ഭാഷാ പരിണാമം പ്രാപിച്ച് വെള്ളനാട് ആയതാകാം ഏതായാലും ഇതെല്ലാം കെട്ടുകഥയിൽ നിന്നുള്ള നിഗമനങ്ങളാണ് എന്ന് പറഞ്ഞു കൊള്ളട്ടെ.

സ്വാതന്ത്ര്യ സമര ചരിത്രവുമായി ബന്ധപ്പെട്ട് വെള്ളനാടിന് എടുത്തു പറയത്തക്ക സംഭാവനകളൊന്നുമില്ല. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരത്തെ തുടർന്നാണ് വെള്ളനാട് പഞ്ചായത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ചെരിപ്പടി കുഞ്ഞൻപിള്ള എന്നു വിളിച്ചിരുന്ന കേശവൻനായരായിരുന്നു ഈ

പ്രദേശത്ത് കോൺഗ്രസ്സിന്റേയും ഖാദി പ്രസ്ഥാനത്തിന്റെയും തുടക്കം കുറിച്ചത്. കൊക്കിടി ശിവശങ്കരപിള്ള, ചേരിക്കോണം ശങ്കരപിള്ള, കുരുക്കംവിളാകം ശങ്കരപിള്ള, പ്ലാച്ചേരി കൃഷ്ണപിള്ള, പായ്ക്കാട്ട് നാരായണപിള്ള, അലക്സാണ്ടർ,കെ.പി.റാം, പൊന്നൂസ് നാടാർ, കെ.വിശ്വനാഥൻ, പി.തങ്കപ്പൻ നായർ, കെ. ജോൺസൻ നാടാർ തുടങ്ങിയവരാണ് ഈപ്രദേശത്തെ കോൺഗ്രസ്സ് സംഘടനയിലെ ആദ്യകാല പ്രവർത്തകർ. കോൺഗ്രസ്സ് പ്രവർത്തകരായിരുന്നെങ്കിലും ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ഇവരാരും തന്നെ കാര്യമായ പങ്കു വഹിച്ചതായി പറയുന്നില്ല.

ഇടതുപക്ഷ ചിന്താഗതിക്ക് വെള്ളനാടിന്റെ മണ്ണിൽ പോരാട്ടമുണ്ടാകുന്നത് 1950തുകളുടെ തുടക്കത്തിലാണ്. വെളിയന്നൂർ ആർ. അച്ചുതൻ നായർ (ഔവർ കോളേജ്) ആയിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അന്നത്ത് പ്രധാന പ്രവർത്തകൻ. ആർ. ബാലകൃഷ്ണപിള്ള നിയമസഭയിലേക്ക് മത്സരിച്ചതോടു കൂടി വെള്ളനാട് പ്രദേശത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കാര്യമായ പോരാട്ടമുണ്ടായി. ഈ തെരഞ്ഞെടുപ്പിൽ ആർ. കേശവൻനായർ വിജയിച്ചു. തുടർന്ന് 1953-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1954-ലെ പൊതു തെരഞ്ഞെടുപ്പും പാർട്ടിയെ കൂടുതൽ ശക്തമാക്കി. ഈ കാലഘട്ടത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രധാന പ്രവർത്തകർ അച്ചുതൻനായർക്കു പുറമേ സെൽവാനോസ്,തങ്കപ്പൻനായർ, ചാങ്ങയിൽ കൃഷ്ണനാശാരി, എന്നിവരായിരുന്നു. 1959-ലെ വിമോചനസമരത്തോടു കൂടി പി.എസ്.പിയും വെള്ളനാട് പ്രവർത്തനമാരംഭിച്ചു. 1970-ലെ മിച്ചഭൂമി സമരത്തിന്റെ ഭാഗമായി കൂവക്കുടി കട്ടയക്കാലിൽ മിച്ചഭൂമി സമരം വളരെ ശക്തമായി നടന്നു. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി വെള്ളനാട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൈവശകൃഷിക്കാർക്ക് ഭൂമി കിട്ടിയതിൽ കൂടുതൽ പേരു് വെളിയന്നൂർ പ്രദേശത്തുള്ളവരായിരുന്നു.

കോൺഗ്രസ്സ്, സി.പി.ഐ, ആർ. എസ്.പി. കക്ഷികൾ ചേർന്ന് ഐക്യമുന്നണി രൂപീകരിക്കപ്പെട്ട തോടെ ഇവിടെയും കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും യോജിച്ച് പ്രവർത്തിക്കാൻ തുടങ്ങി. ഇത് കോൺഗ്രസ്സിന്റെ സംഘടനാശേഷി ക്ഷയിപ്പിച്ചു. 1980 വരെ വെള്ളനാട് പഞ്ചായത്തിൽ കോൺഗ്രസ്സിന് കാര്യമായ സംഘടനാ പ്രവർത്തനം ഉണ്ടായിരുന്നില്ല. ഇതിനു ശേഷമാണ് കോൺഗ്രസ്സ് ശക്തിപ്പെട്ടത്.

1980ഓടു കൂടിയാണ് ട്രേഡ്യൂണിയൻ പ്രസ്ഥാനം വെള്ളനാട്ട് ആരംഭിച്ചത്. ആദ്യത്തെ ട്രേഡ്യൂണിയൻ സംഘടന യു.റ്റി.യു.സി ആയിരുന്നു ഇത് പിൽക്കാലത്ത് ഐ.എൻ.ടി.യു.സി, എ.ഐ.ടി.യു.സി, ബി.എം.എസ്, എന്നീ ട്രേഡ്യൂണിയനുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.

1947-ൽ ഗ്രാമോദ്ധാരണത്തിനായി വില്ലേജ് അപ് ലിഫ്റ്റ് സമിതികൾ തുടങ്ങാൻ തീരുമാനിച്ചതിന്റെ ഭാഗമായി വെള്ളനാടും ആര്യനാടും ചേർത്ത് വെള്ളനാട് അപ് ലിഫ്റ്റ് സമിതി രൂപീകൃതമായി. വില്ലേജ് യൂണിയനിലേക്ക് ജനസംഖ്യാനുപാതത്തിൽ നിശ്ചിത അംഗങ്ങളെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന സമ്പ്രദായമാണ് അന്നുണ്ടായിരുന്നത്. ഗ്രാമപ്രദേശങ്ങളിൽ വില്ലേജ് അപ് ലിഫ്റ്റ് സമിതികൾ ഉള്ളതുപോലെ ൌൺ പ്രദേശങ്ങളിൽ രൂപം കൊടുത്തവയാണ് വില്ലേജ് യൂണിയൻ. വെള്ളനാട്ട് 1947ൽ വില്ലേജ് അപ് ലിഫ്റ്റ് സമിതി രൂപീകൃതമായപ്പോൾ മുടിപ്പുര മൈതാനത്തിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ വച്ച് വെള്ളനാടിനെ പ്രതിനിധീകരിച്ച് ഡോ. എൻ.കൃഷ്ണപിള്ള, ജെ.ബി.നാഥൻ, ഇടവിളാകം പരമേശ്വരൻ പിള്ള, കൊക്കിടി ശിവശങ്കരപിള്ള, പാറുകുട്ടിയമ്മ എന്നിവരെയും ആര്യനാടിനെ പ്രതിനിധീകരിച്ച് ഗോവിന്ദസാർ, എരുമോട്ട് രാമകൃഷ്ണപിള്ള, ഗോപാലപിള്ള, എന്നിവരേയും ഗ്രാമോദ്ധാരണ സമിതികളുടെ ഡയറക്ടറായിരുന്ന ശ്രീ. പിച്ചുമണി അയ്യങ്കാരുടെ സാനിദ്ധ്യത്തിൽ പാനൽ അവതരിപ്പിച്ച് തെരഞ്ഞെടുത്തു. വില്ലേജ് അപ് ലിഫ്റ്റ് ആഫീസിലേയ്ക്ക് ത്രിവിക്രമൻ നായരെ ആഫീസ് സെക്രട്ടറിയായ് ശേഖരപിള്ളയെ പ്യൂണുമായും നിയമിച്ചു. സമിതിയുടെ ആദ്യത്തെ പ്രസിഡന്റായി ഡോ.എൻ.കൃഷ്ണപിള്ളയെ തിരഞ്ഞെടുത്തു. ഏതാനും മാസം കഴിഞ്ഞ് ഡോ.കൃഷ്ണപിള്ള രാജി വച്ചപ്പോൾ നെടുമങ്ങാട് ആർ. കേശവൻ നായരെ അംഗമായും, പിന്നീട് പ്രസിഡന്റായും തിരഞ്ഞെടുത്തു.ഇതിനെ ചോദ്യം ചെയ്ത് ഏതാനും പേർ സ്റ്റേ വാങ്ങുകയും കമ്മിറ്റി കൂടാതിരിക്കേണ്ട സ്ഥിതിയുമുണ്ടായി. മന്ത്രി ശ്രീ. അയ്യപ്പൻ വകുപ്പ് മന്ത്രിയായി വന്നപ്പോഴാണ് സ്റ്റേ വെക്കേറ്റ് ചെയ്തത്.(1953)

1953-ൽ പുതിയ പഞ്ചായത്തുകളിൽ ഇലക്ഷൻ നടക്കുകയും ആ വർഷം തന്നെ സ്വതന്ത്ര ദിനമായ ആഗസ്റ്റ് 15 ാം തീയതി പഞ്ചായത്ത് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കെ. കൃഷ്ണൻ നായർ (തുമ്പറവീട് പ്രസിഡന്റായും, ആർ. അച്ചുതൻനായർ,വാസുപിള്ള, വ്ലാക നീലകണ്ഠപിള്ള തുടങ്ങി ഏഴ് പേർ അടങ്ങുന്ന ഭരമസമിതിയുമായിരന്ന 1953 ൽ അധികാരമേറ്റത്. അന്നത്തെ നിയമം അനുസരിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് തിരുവനന്തപുരത്താണ് നോമിനേഷൻ കൊടുക്കേണ്ടത്. 1962 ഡിസംബർ 31 വരെ ഈ ഭരണസമിതി അധി

കാരത്തിൽ തുടർന്നു വെങ്കിലും ഇതിനിടയിൽ പി. നാഗപ്പൻ നായർ പ്രസിഡന്റായി. 1962 63 ൽസ്പെഷ്യൽ ഓഫീസറാണ് പഞ്ചായത്ത് ഭരണം നടത്തിയത്.

1963 അവസാനം അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു 1964 ജനുവരി ഒന്നാം തീയതി പഞ്ചായത്ത് ചുമതലയേറ്റു താഴെ പറയുന്നവരായിരുന്നു ഭരണസമിതിയിലെ അംഗങ്ങൾ.

പരമേശ്വരൻ നായർ പ്രസിഡന്റ്. രാമകൃഷ്ണ പിള്ള, വാരിജാക്ഷൻ നായർ, വേലായുധൻ പിള്ള, കെ. വിശ്വനാഥൻ, ബെൽസസാർ ജോസഫ്, സഹദേവൻ നായർ, തങ്കപ്പൻ നായർ ഈ കാലഘട്ടത്തിൽ പഞ്ചായത്തിൽ വനിതാ പ്രാതിനിധ്യത്തിന് ഒരു വനിതയെ ഭൂരിപക്ഷ തീരുമാനപ്രകാരം നോമിനേറ്റ് ചെയ്യാനുള്ള അധികാരം കിട്ടുകയും ഒരു പിന്നോക്ക സമുദായത്തിൽപ്പെട്ട വനിതയെ തിരഞ്ഞെടുക്കുന്നത് നന്നായിരിക്കും എന്ന പൊതു അഭിപ്രായത്തെ മാനിച്ച് പുതുക്കുളങ്ങരയുള്ള ശ്രീ. ജായിസിനെ വനിതാ മെമ്പറാക്കി. ഏതാനും മാസം കഴിഞ്ഞ് ശ്രീ. വിശ്വനാഥൻ രാജിവച്ചപ്പോൾ ആ വാർഡിൽ വേലായുധൻ നാടാരും, ബെൽസ്സാർ രാജി വച്ചപ്പോൾ മാധവൻ നായരും മെമ്പറന്മാരായി. 1963ൽ അധികാരമേറ്റ ഈ ഭരണസമിതി 1979 ആഗസ്റ്റ് വരെ ഭരണത്തിൽ തുടർന്നു. 1964 മുതൽ 1969 വരെ സംസ്ഥാന ഭരണത്തിൽ നിലനിന്നിരുന്ന അനിശ്ചിതത്വം തുടർന്നു വന്ന ഗവൺമെന്റിന്റെ താല്പര്യക്കുറവും കാരണ് ഏകദേശം 16 വർഷക്കാലം പഞ്ചായത്ത് തെരഞ്ഞെടുപ്പ് കേരളമൊട്ടാകെ നടന്നില്ല. 1979ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൻ.എൽ.ഉണ്ണി പ്രസിഡന്റായും 2ാം വാർഡ്

കൃഷ്ണൻനായർ 1 ാംവാർഡ്
കെ.പരമേശ്വരൻ നായർ 3 ാംവാർഡ്
വാരിജാക്ഷൻ നായർ 4 ാം വാർഡ്
രത്തമ്മ 5 ാംവാർഡ്
ഷാഹുൽഹമീദ് 6 ാംവാർഡ്
ശൈലസ് 7 ാം വാർഡ്
(ഉപതെരഞ്ഞെടുപ്പിൽ ഈ വാർഡിൽ ജോൺസൺ നാടാർ തിരഞ്ഞെടുക്കപ്പെട്ടു)
മഹാദേവൻ 8 ാംവാർഡ് (ഹരിജൻ വാർഡ്)
വി.സോമശേഖരൻ നായർ 9 ാം വാർഡ്
വി. ശിവശങ്കരൻ നായർ 10 ാം വാർഡ്.

ഈ ഭരണസമിതി 1984 വരെ ഭരണം തുടർന്നു. സംസ്ഥാനത്താകെ അടുത്ത നാലു വർഷം പ്രത്യേക കാരണങ്ങളൊന്നുമില്ലെങ്കിലും അന്ന് സംസ്ഥാഭ ഭരണത്തിലുണ്ടായിരുന്ന ഗവൺമെന്റ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തിയില്ല. 1989 ജനുവരിയിലാണ് വീണ്ടും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. ഭരണസമിതി അംഗങ്ങൾ താഴെപ്പറയുന്നു.

വി.ശശിധരൻ നായർ പ്രസിഡന്റ് 10 ാം വാർഡ്
വൈസ് പ്രസിഡന്റ് പങ്കജാക്ഷൻ നായർ 1ാംവാർഡ്
എം താരാനാഥൻ നായർ 2ാം വാർഡ്
ഗീതാകുമാരി 3ാംവാർഡ്
കെ. വാരിജാക്ഷൻ നായർ 4ാംവാർഡ്
പി. രാമചന്ദ്രൻ നായർ 5 ാംവാർഡ്
പി.എൻ സദാശിവൻ നായർ 6 ാം വാർഡ്
സാംഹെപ്സി ബായി 7 ാം വാർഡ്
ബാലകൃഷ്ണൻ (ഹരിജൻ വാർഡ്) 8 ാംവാർഡ്
എസ്സ് കൃഷ്ണകുമാർ 9 ാം വാർഡ്

മുകളിൽ പറഞ്ഞ ഭരണസമിതി 1995 സെപ്റ്റംബർ വരെ തുടർന്നു എങ്കിലും ഭരണസമിതിയിലെ രാഷ്ട്രീയ കൂട്ടുകെട്ടുകളിൽ ഉണ്ടായ മാറ്റങ്ങൾ കാരണം പ്രസിഡന്റ് സ്ഥാനം രണ്ട് പ്രാവശ്യം മാറ്റുകയുണ്ടായി. ഇപ്പോൾ നിലവിലിരിക്കുന്ന ഭരണസമിതി അധികാരത്തിൽ വന്നത് 1995 ഒക്ടോബർ 2 നാണ്.

11-ാംവാർഡ് മെമ്പർ വി.ശശിധരൻ നായർ പ്രസിഡന്റായും വി. പങ്കജാക്ഷൻ നായർ 1 ാം വാർഡ് വൈസ് പ്രസിഡന്റ് ചെറുകുളം ശൈലൻ 7ാംവാർഡ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എൻ സദാശിവൻ

നായർ 6ാം വാർഡ്
K പത്മിനിയമ്മ 2ാംവാർഡ്
വി. ശ്രീകണ്ഠൻ നായർ 3 ാം വാർഡ്
എസ് ജയശ്രീ 4 ാം വാർഡ്
പി.കമൽ രാജ് 8 ാംവാർഡ്
ആർ. വിജയകുമാരി 9ാം വാർഡ്
എൻ. ലതാകുമാരി 10 ാംവാർഡ്.

ആദ്യം വി. ശശധിരൻ നായർ പ്രസിഡന്റായും ചെറുകുളം ശൈലൻ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു എന്നാൽ 1996 സെപ്റ്റംബർ 27 ന് അവിശ്വാസ പ്രമേയത്തിലൂടെ വി. ശശിധരൻ നായരെ പുറത്താക്കുകയും ഒക്ടോബർ 17 വരെ വൈസ്പ്രസിഡന്റായിരുന്ന ചെറുകുളം ശൈലന് പ്രസിഡന്റിന്റെ ചാർജ്ജും നൽകി. 18ാംതീയതി നടന്ന തെരഞ്ഞെടുപ്പിൽ വി. പങ്കജാക്ഷൻ നായരെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുത്തു.

ചന്തവരവ് 71500
വസ്തു കൈമാറ്റ 1,51,082


ഭൂപടം-1
വെള്ളനാട് ഗ്രാമപഞ്ചായത്ത്
ഭൂപ്രകൃതി
77°1'
77°5'
8°35'
8°32'
0 1 കി.മീ
വ
പഞ്ചായത്തതിര്
നദി
താഴ്വരകൾ
ചരിവ്പ്രദേശങ്ങൾ
ഉയർന്നസ്ഥലം

## ഭൂപ്രകൃതി

അഗസ്ത്യമലകളിലെ വെഹുഞ്ചി കുന്നുകളിൽ നിന്നാരംഭിച്ച് ജില്ലയിലെ വിവിധ ഗ്രാമങ്ങളിലൂടെ ഒഴുകി കടലിൽ എത്തിച്ചേരുന്ന കരമന നദിയുടെ ഇരുകരകളിലുമായി വെള്ളനാട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. കേരളത്തിൻെറ തലസ്ഥാന നഗരിയുടെ 22 കിലോമീറ്റർ കിഴക്കു മാറി ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചരിവ് ഭൂവിഭാഗവും മനോഹരങ്ങളായ താഴ്വാരപ്രദേശങ്ങളും ഉൾപ്പെട്ട് വെള്ളനാട് ഗ്രാമപഞ്ചായത്ത് കാണപ്പെടുന്നു. ഭരണപരമായി പഞ്ചായത്തിൽ പതിനൊന്ന് വാർഡുകളുണ്ട്.

അക്ഷാംശം 8° 32'നും 8° 35'നും രേഖാംഗ 77° 1'നും 75° 5'നും ഇടയിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വെള്ളനാട് ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. വെളനാട് പെരുങ്കുളം വില്ലേജുകൾ ഉൾപ്പെടുന്നതാണ് വെള്ളനാട് ഗ്രാമപഞ്ചായത്ത്.

പഞ്ചായത്തിൻെറ കിഴക്കുഭാഗത്തായി ആര്യനാട് പഞ്ചായത്തും തെക്ക് ഭാഗത്ത് അരുവിക്കര പൂവച്ചൽ പഞ്ചായത്തുകളും വടക്കുഭാഗത്ത് ഉഴമലയ്ക്കൽ അരുവിക്കര പഞ്ചായത്തുകളും പടിഞ്ഞാറു ഭാഗത്ത് അരുവിക്കര പഞ്ചായത്തുമായി 22.19 ച.കി. വിസ്തൃതിയിൽ വെള്ളനാട് ഗ്രാമ പഞ്ചായത്ത് വ്യാപിച്ച് കിടക്കുന്നു. പഞ്ചായത്തിൻെറ വടക്കുഭാഗത്ത് കൂടി ഒഴുകുന്ന കരമന നദിയുടെ ഇരുഭാഗങ്ങളിലുമായി പഞ്ചായത്തു പ്രദേശം കാണുന്നു. പഞ്ചായത്തിൻെറ ഭൂപ്രകൃതി ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും നദിയുടെ വമ്പിച്ച സ്വാധീനമുണ്ട്.

ഭൂപ്രകൃതിയനുസരിച്ച് വെള്ളനാട് പഞ്ചായത്തിനെ വിവിധ മേഖലകളായി തിരിക്കാം [ഭൂപടം1]

1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ
2. സമാന്തരമായ മലനിരകൾ
3. കുത്തനെയുള്ള ചരിവ് പ്രദേശങ്ങൾ
4. മിതമായ ചരിവ് പ്രദേശങ്ങൾ
5. ചെറു ചരിവ് പ്രദേശങ്ങൾ
6. താഴ്‌വര പ്രദേശങ്ങൾ

ഓരോ ഭൂവിഭാഗത്തിൻേറയും വിസ്തീർണ്ണം പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ഭൂവിഭാഗങ്ങൾ | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| ഉയർന്ന പ്രദേശങ്ങൾ | 700 | 31.5 |
| ചരിവ് പ്രദേശങ്ങൾ | 669 | 30.2 |
| താഴ്‌വരകൾ | 850 | 38.30 |
| ആകെ | 2219 | 100 |

അവലംബം: പഠനപര്യടനം

### 1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ

മലനാട് ഭൂവിഭാഗത്തിൽ ഉൾപ്പെടുന്ന വെളനാട് പഞ്ചായത്തിൽ ഒറ്റപ്പെട്ട കുന്നിൻ മണ്ടകളും താരതമ്യേന ഉയർനന്ന സമതല പ്രദേശങ്ങളും കാണപ്പെടുന്നു. വെട്ടുകൽ മണ്ണ് പ്രദേശങ്ങളാണവ. ജലലഭ്യതകുറവാണവിടുത്തെ ഒരു പ്രധാന പ്രശ്നം., റബ്ബർ, തെങ്ങ്, മറ്റു വിളകൾ എന്നിവ കൃഷി ചെയ്യപ്പെടുന്നു.

### 2. സമാന്തരമായ മലനിരകൾ

ഉയർന്ന ഭൂവിഭാഗത്തിൽപ്പെടുന്ന സമാന്തരങ്ങളായ നിരവധി മലനിരകൾ പഞ്ചായത്തിലുണ്ട്. പ്രധാനമായും വെട്ടുകൽ മണ്ണാണ് കണ്ടു വരുന്നത്. ജലലഭ്യത താരതമ്യേന കുറവാണ്. റബ്ബർ, തെങ്ങ്, മിശ്രതമരങ്ങൾ എന്നിവ കാണപ്പെടുന്നു.

### 3. കുത്തനെയുള്ള ചരിവ് പ്രദേശങ്ങൾ

ഉയർന്ന സമതല പ്രദേശങ്ങൾക്കും മലനിരകൾക്കും തുടർച്ചയായി കുത്തനെയുള്ള ചരിവ് പ്രദേശങ്ങൾ സ്ഥിതിചെയ്യുന്നു. ഈ പ്രദേശങ്ങളിൽ വെട്ടുകൽ മണ്ണാണുള്ളത്. ജലലഭ്യതയുടെ അളവ് കുറവാണ്. പ്രധാനമായും റബ്ബർ, തെങ്ങ്, കപ്പ, മറ്റുവിളകൾ എന്നിവ കൃഷി ചെയ്യുന്നു. മണ്ണൊലിപ്പ് സാധ്യത കൂടുതലാണ്.

### 4. മിതമായ ചരിവ് പ്രദേശങ്ങൾ

കുത്തനെയുള്ള ചരിവ് പ്രദേശങ്ങളുടെ തുടർച്ചയായി മിതമായ ചരിവ് പ്രദേശങ്ങൾ കണ്ടു വരുന്നു. വെട്ടുകല്ലിനത്തിൽപ്പെട്ട മണ്ണാണ് കാണുന്നത്. ജലലഭ്യതയുടെ അളവ് കുറവാണ്. പ്രധാനമായും റബ്ബർ, തെങ്ങ്, കപ്പ, മുതലായവ കൃഷിചെയ്യുന്നു. മണ്ണൊലിപ്പിൻെറ, അളവ് താരതമ്യേന കൂടുതലാണ്.

### 5. ചെറുചരിവ് പ്രദേശങ്ങൾ

മിതമായ ചരിവുകളുടെ തുടർച്ചയായി കാണപ്പെടുന്ന ചെറു ചരിവ് പ്രേദേശങ്ങൾ

താഴ്വരപ്രദേശങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഈ പ്രദേശങ്ങൾ വെട്ടുകൽ മണ്ണാണ് കാണുന്നത്. ജലലഭ്യത കുറവുണ്ട്. മണ്ണൊലിപ്പ് സാധ്യതാ പ്രദേശങ്ങളാണ്. റബ്ബർ, തെങ്ങ്, വാഴ, കപ്പ, മിശ്രിതവിളകൾ എന്നിവ കൃഷിചെയ്യുന്നു.

6. താഴ്വാരപ്രദേശങ്ങൾ

പഞ്ചായത്തിലെ പാടശേഖരങ്ങൾ ഉൾപ്പെടുന്ന ഭൂവിഭാഗമാണ് താഴ്വര പ്രദേശങ്ങൾ. എക്കൽ മണ്ണാണ് പ്രധാന മണ്ണിനം, ജലലഭ്യത താരതമ്യേന കൂടുതലാണ്. നെല്ല്, വാഴ, കപ്പ, തുടങ്ങിയവ ഇവിടങ്ങളിൽ കൃഷി ചെയ്തു വരുന്നു. പല താഴ്ന്ന പ്രദേശങ്ങളും വ്യാപകമായി നികത്തുന്നതു കാണാം. കൃഷി ചെയ്യാതെ തരിശിടുന്ന പ്രദേശങ്ങളും കൂട്ടത്തിലുണ്ട്. താഴ്വരപ്രദേശങ്ങളിൽ പല ഭാഗങ്ങളിലും മഴക്കാലത്ത് ജലം കെട്ടി നിൽക്കുകയും നീർക്കെട്ടുകൾ രൂപപ്പെടുകയും ചെയ്യുന്നു.

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ 40 മീറ്ററിനു താഴെ, 40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ, 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ 100 മീറ്ററിനു മുകളിൽ 200 മീറ്ററിനു താഴെ എന്നിങ്ങനെ വിവിധ മേഖലകളായി തിരിക്കാം. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഭാഗം 155 മീറ്റർ വരുന്ന കുതിരകളവും സമീപ പ്രദേശങ്ങളുമാണ്.

പഞ്ചായത്തിൽ പ്രധാനമായും വെട്ടുകൽ മണ്ണ്, എക്കൽ മണ്ണ് എന്നീ വിഭാഗത്തിലെ മൺ തരങ്ങൾ കാണാവുന്നതാണ്. കുന്നിൻ പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും വെട്ടുകൽ മണ്ണാണ് കാണപ്പെടുന്നത്. താഴ്വര പ്രദേശങ്ങൾ ഉൾപ്പെടുന്ന പാടശേഖരങ്ങളിൽ വ്യാപകമായി എക്കൽ മണ്ണ് കണ്ടു വരുന്നുണ്ട് (ഭൂപടം -2) പട്ടിക 2ൽ ഉപരിതലമൺതരങ്ങളുടെ വിശദവിവരം പട്ടികയിൽ ചേർക്കുന്നു.

പട്ടിക IV. 2 മൺതരങ്ങൾ

| മൺതരങ്ങൾ | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| വെട്ടുകല്ല്മണ്ണ് | 1369 | 611.69 |
| എക്കൽമണ്ണ് | 850 | 30.311 |
| ആകെ | 2219 | 100 |

അവലംബം :- പഠന പര്യടനം

ജനപ്രകൃതി

1991 ലെ ജനസംഖ്യാ കണക്കനുസരിച്ച് വെള്ളനാട് പഞ്ചായത്തിൽ 25306 ജനങ്ങളാണ് ഉള്ളത്. ഇതിൽ 12511 പേർ പുരുഷൻമാരും 12795 പേർ സ്ത്രീകളുമാണം. അതായത് സംസ്ഥാനതലത്തിൽ 1000 പുരുഷൻമാർക്ക് 1036 സ്ത്രീകളാണെങ്കിൽ നെടുമങ്ങാട് താലൂക്കിൽ 1042ഉം എന്നാൽ വെള്ളനാട്ടാകട്ടെ 1024 ഉള്ളൂ. സാക്ഷരതയുടെ കാര്യത്തിൽ സംസ്ഥാന ജില്ലാ താലൂക്ക് ശരാശരിയേക്കാൾ ഉയർന്നതാണ് വെളളനാടിൻെറ സാക്ഷരതാ നിരക്ക് (91.9%) ഇതിൽ പുരുഷൻമാരുടെ സാക്ഷരതാനിരക്ക് 95% സ്ത്രീകളുടേത് 89 ശതമാനവുമാണ്. (പട്ടിക 1) ജനസംഖ്യാ വളർച്ചാനിരക്ക് വെള്ളനാടിൻേറത് സംസ്ഥാന ജില്ലാ ശരാശരിയേക്കാൾ കുടുതലാണ്. ഉയർന്ന സാക്ഷരതാ നിരക്കും, ഉയർന്ന ജനസംഖ്യാ വർദ്ധനവും ഒരു വിരോധാഭാസമായി തോന്നാം ഇതിനൊരുപക്ഷേ വെള്ളനാട് പ്രദേശത്തിൻെറ സമാധനപരമായ സാമൂഹ്യ അന്തരീക്ഷവും മറ്റ് പരിതസ്ഥിതികളും കണക്കിലെടുത്ത് മറ്റ് സ്ഥലങ്ങളിൽ നിന്നും വെള്ളനാട്ടേയ്ക്ക് ആളുകൾ കുടിയേറിപ്പാർക്കുന്നതുമാണ് പട്ടിക IV 3 വെള്ളനാട് പഞ്ചായത്തിലെ ജനസംഖ്യാകണക്ക്.

പട്ടിക IV 3

| പ്രദേശം | 1981 | 1991 | വിസ്തീർണ്ണം | ജനസാന്ദ്രത | പുരു/സ്ത്രീ അനുപാതം | സാക്ഷരത | | |
|---|---|---|---|---|---|---|---|---|
| | | | | | | പു | സ്ത്രീ | ആകെ |
| വെള്ളനാട് | 21724 | 25306 | 22.19 | 1069 | 1024 | 95 | 89 | 91.9 |
| തിരുവനന്തപുരം | 2596112 | 2946650 | 2192.00 | 1344 | 1036 | 93 | 85 | 89.21 |
| കേരളം | 25453680 | 29098518 | 38863 | 749 | 1036 | 92 | 86 | 89.80 |

അനുപാതം:- ജനസംഖ്യാകണക്ക് 1981 - 1991

വെള്ളനാട് പഞ്ചായത്തിൽ മൊത്തം ജന സംഖ്യയുടെ 6.6 ശതമാനം പട്ടികജാതിയും 1.2 ശതമാനം പട്ടിക വർഗ്ഗക്കാരുമാണ്. പൊതുവി ലുള്ള സ്ഥിതിക്ക് വ്യത്യസ്തമായി ഈ പഞ്ചാ യത്ത് പട്ടികജാതിയിൽ ഉള്ള പുരുഷൻമാരുടെ എണ്ണം സ്ത്രീകളടേതിനേക്കാൾ കൂടുതലാണ്. പട്ടിക IX - 4ൽ കൊടുത്തിരിക്കുന്നതിൽ വെള്ള നാട് പഞ്ചായത്തിലെ വാർഡുതിരിച്ചുള്ള ജനസം ഖ്യയും സാക്ഷരരുടെ എണ്ണവും പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ എണ്ണവും കൊടുത്തിരിക്കുന്നു.

പട്ടിക - IV 4

| വാർഡ് | ആകെജനസംഖ്യ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | സാക്ഷരത | | | സാക്ഷരത |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീ | പു | ആകെ | സ്ത്രീ | പു | ആകെ | സ്ത്രീ | പു | ആകെ | സ്ത്രീ | പു | ആകെ | % |
| 1. | 1102 | 1087 | 2189 | 212 | 197 | 409 | - | - | 862 | 916 | 1778 | 91.83 | |
| 2. | 953 | 959 | 1912 | 109 | 95 | 204 | 19 | 21 | 40 | 745 | 805 | 1551 | 91.87 |
| 3. | 1551 | 1399 | 2950 | 95 | 107 | 202 | 3 | 5 | 8 | 1152 | 1125 | 2277 | 88.08 |
| 4. | 1271 | 1204 | 2475 | 92 | 99 | 191 | 44 | 41 | 85 | 1054 | 1055 | 2109 | 94.74 |
| 5. | 1418 | 1392 | 2810 | 88 | 121 | 209 | - | 1 | 1 | 1082 | 1163 | 2255 | 90.23 |
| 6. | 1456 | 1444 | 2900 | 29 | 30 | 59 | - | - | - | 1131 | 1204 | 2335 | 91.82 |
| 7. | 1452 | 1387 | 2839 | 27 | 27 | 54 | 2 | 2 | 4 | 1088 | 1112 | 2200 | 88.38 |
| 8. | 1479 | 1502 | 2981 | 100 | 83 | 183 | 70 | 84 | 154 | 1167 | 4208 | 2375 | 90.92 |
| 9. | 1234 | 1244 | 2478 | 74 | 70 | 144 | 7 | 7 | 14 | 996 | 1044 | 2040 | 94.83 |
| 10. | 894 | 878 | 1772 | 9 | 10 | 19 | - | - | - | 765 | 750 | 1515 | 95.28 |
| Total | 12795 | 12511 | 25306 | 835 | 839 | 1674 | 145 | 161 | 306 | 10052 | 10382 | 20434 | |

ഈ പഞ്ചായത്തിലെ മൊത്തം ജനസ ംഖ്യയിൽ 11.87 ശതമാനം 8-)ം വാർഡിലാണ്. ജനസംഖ്യയിൽ 2-)ം സ്ഥാനം 3-)ം വാർഡി ലാണ് ഏറ്റവും കുറവ് ജനസംഖ്യ 10-)ം വാർഡി ലാണ്. (7 ശതമാനം ഏറ്റവും കൂടുതൽ പട്ടിക ജാതിക്കാർ 1-)ം വാർഡിലാണ് (409) ഏറ്റവും കുറവ് 10-)ം വാർഡിലാണ്. (19) ഈ പഞ്ചായ ത്തിലെ 306 പട്ടികവർഗ്ഗക്കാരിൽ 154 പേരും 8-)ം വാർഡിലാണ്. ഏറ്റവും കൂടുതൽ സാക്ഷരതാ നിരക്ക് ഉള്ളത് 10-)ം വാർഡിലും (95.28%) ഏറ്റ വും കുറഞ്ഞ നിരക്ക് 3-)ം വാർഡും (88.08).

വെള്ളനാട് ജനസംഖ്യയിൽ 30 ശതമാന ത്തോളം പേർ ഒരു വർഷത്തിൽ 185 ദിവസ മോ അല്ലെങ്കിൽ 6 മാസമോ ജോലി ചെയ്യുന്ന മുഴുവൻ സമയ തൊഴിലാളകളാണ്. ശേഷി ക്കുന്ന 70 ശതമാനം പേർ വിദ്യാർത്ഥികൾ, തൊഴിൽ മേഖലയിൽ ഇല്ലാത്ത വൃദ്ധന്മാർ, തൊഴിലില്ലാത്തവർ, തുടങ്ങിയവരാണ്. 1991 ലെ സെൻസസ് പ്രകാരം മൊത്തം വരുന്ന 7524 തൊഴിലാളികളിൽ 6249 പേർ പുരുഷൻമാരും 1275 പേർ സ്ത്രീകളുമാണ്. ഇവരിൽ തന്നെ 954 പേർ കർഷകരും 3107 പേർ കർഷകത്തൊഴി ലാളികളുമാണ്. തൊഴിലെടുക്കുന്നവരുടെ 41 ശത മാനം വരും കർഷകത്തൊഴിലാളികൾ.

കഴിഞ്ഞ ഒര 50വർഷത്തിന് മുമ്പ് വെള ളനാട്ടെ മൊത്തം കൃഷിഭൂമിയിൽ ഭൂരിഭാഗവും നാല് ബ്രാഹ്മണ കുടുംബങ്ങളുടെ കൈവശ മായിരുന്നു. (200) ഇതു കൂടാതെ 750 ഏക്കർ ഭൂമിയിലേറെ മറവറ രാമൻപിള്ള എന്ന വ്യക്തി യുടെ കൈവശമായിരുന്നു. ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നതിന് തൊട്ടുമുമ്പുണ്ടായിരുന്ന അ വസ്ഥ പട്ടിക 3.1.3ൽ കാണിച്ചിരിക്കുന്നതുപോലെ വെള്ളനാട്ടെ കൃഷിഭൂമിയുടെ നല്ലൊരു ശത മാനം 10ഓളം വരുന്ന നായർ കുടുംബങ്ങളുടെ കൈവശമായിരുന്നു. ഒരു പക്ഷേ വെള്ളനാട്ടെ ജനസംഖ്യയിൽ ഭൂരിഭാഗവും ഈ സമുദായ ത്തിൽപ്പെട്ടവരായതുകൊണ്ടാകാം ഭൂവിതരണത്തി ലും ഇങ്ങനെയൊരു അസമത്വം കാണുന്നത്.

വെള്ളനാട്ടെ പ്രധാന കൃഷികൾ നെല്ലും മരച്ചീനിയും ആയിരുന്നു. അതു കഴിഞ്ഞാൽ തെങ്ങ് മറ്റു കൃഷകൾ. ഭൂപരിഷ്കരണം നടപ്പിലാക്കിയതോടുകൂടി കൃഷിഭൂമി തുണ്ടുതുണ്ടുകളാക്കി വിഭജിക്കപ്പെടുകയും കർഷകന് കൃഷിഭൂമി സ്വന്തമായിത്തീരുകയും ചെയ്തു. 1970കളുടെ തുടക്കത്തിൽ കൃഷിയിടങ്ങളിൽ ഭൂരിഭാഗവും ഉപയോഗിച്ചിരുന്നത് കുടുംബത്തിൽത്തന്നെയുളള തൊഴിലാളികളെയായിരുന്നു. കൊയ്ത്ത്, ഞാറുനടൽ, കളപറിയ്ക്കൽ തുടങ്ങിയ ജോലികൾക്ക് മാത്രമേ പുറത്തു നിന്ന് തൊഴിലാളികളെ കൂലിക്ക് നിയമിച്ചിരുന്നുളളൂ. മിക്കവാറും കാർഷിക കുടുംബങ്ങളിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന നെല്ല, മരച്ചീനി, തേങ്ങ തുടങ്ങിയവയുടെ ഭൂരിഭാഗവും വീട്ടാവശ്യത്തിനാണ ഉപയോഗിച്ചിരുന്നത്.

[1980ഓടുകൂടി മുകളിൽ പറഞ്ഞ കാർഷികവൃത്തിക്ക് കാര്യമായ മാറ്റം ഉണ്ടായതാണ് കാണുന്നത്. ജനസംഖ്യാവർദ്ധനവിൻെറ നിരക്കിലുണ്ടായ കുറവും കുടുംബ വ്യവസ്ഥിതി പാടെ തകർന്ന് ന്യൂക്ലിയർ കുടുംബവ്യവസ്ഥിതി ഉണ്ടായതും താരതമ്യേന കാർഷികേതര മേഖലയിലുണ്ടായ തൊഴിലവസരങ്ങളുടെ വർദ്ധനവും കൃഷിപ്പണിക്കായി തൊഴിലാളി]കളെ കിട്ടുന്നത് കാര്യമായ ബുദ്ധിമുട്ടുണ്ടാക്കി. കൂടാതെ രാസവളത്തിൻെറ വിലയിലുണ്ടായ വർദ്ധനവും നെല്ല്, മരച്ചീനി എന്നിവയുടെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ അവയിൽ നിന്നുണ്ടായ വരുമാനത്തിൽ ഉണ്ടായ കുറവും മരച്ചീനി കൃഷി ചെയ്തിരുന്ന പുരയിടങ്ങളിൽ റബ്ബർ കൃഷിയാക്കുന്നതിനും നെൽപ്പാടങ്ങൾ നികത്തി മരച്ചീനി, തെങ്ങ്, വാഴ തുടങ്ങിയവ കൃഷിചെയ്യുന്നതിനും കർഷകൻ നിർബന്ധിതനായി. കൂടാതെ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പ്രത്യേകത കൊണ്ട് തന്നെ അഭ്യസ്തവിദ്യർക്ക് പുരയിടങ്ങളിൽ കായികാധ്വാനം ചെയ്യുന്നതിന് ഒരു തരത്തിലുള്ള 'അന്തസില്ലായ്മ' തോന്നുകയുണ്ടായി.

കേരളത്തിലെ മറ്റു പ്രദേശങ്ങളിലെപ്പോലെ നെല്ല്, മരച്ചീനി തുടങ്ങിയ വെള്ളനാട്ടെ കാർഷിക വിളകളുടെ ഭൂപടത്തിൽ നിന്നും വളരെ വേഗത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുന്ന ഒരു പ്രദേശമാണ് വെള്ളനാട് ഗ്രാമപഞ്ചായത്ത്. അഭ്യസ്തവിദ്യരായ അനേകം ചെറുപ്പക്കാർ ഈ പഞ്ചായത്തിൽ തൊഴിലില്ലാതെ നിൽക്കുന്നു. ദ്വിതീയ മേഖലയുടെ വളർച്ച തിഇൗരെ ഇല്ല എന്നുതന്നെ പറയാം. ഇതിന് ഒരു പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂന്നിയ ഒരു സമ്പ്രദായം വികസിപ്പിക്കുക എന്നതാണ്.

## ജലപ്രകൃതി

വെള്ളനാട് ഗ്രാമ പഞ്ചായത്തിൻെറ വടക്കു ഭാഗത്തു കൂടി കരമന നദി ഒഴുകുന്നു. മഴയാണ് പ്രധാന ജല ലഭ്യതാ മാർഗ്ഗം. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മാർച്ച്, മെയ് മാസങ്ങളിലാണ് ഏറ്റവും കുറച്ച് മഴ ലഭിക്കുന്നത് വർഷത്തിൽ ശരാശരി 2700 മി.മീ മഴ ലഭിക്കുന്നു. തോടുകൾ കുളങ്ങൾ എന്നിവ ഉൾപ്പെട്ടതാണ്. പഞ്ചായത്തിൻെറ ഉപരിതല ജലസ്രോതസുകൾ[വിശദവിവരം, കൃഷി, ജലസേചനം എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.] പുതുക്കുളങ്ങര തോട്, പുനലാൽ തോട്, വെള്ളനാട് തോട്, വാളിയറത്തോട് ഇവയാണ് പ്രധാന തോടുകൾ. കൂടാതെ അനേകം ചെറുതോടുകളും കരമനനദിയിൽ എത്തിച്ചേരുന്നു.

ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഉയർന്ന കുന്നിൻ പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും താരതമ്യേന ജലലഭ്യത കുറവാണ്.

താഴ്വര പ്രദേശങ്ങളിൽ നല്ല തോതിൽ ജലം ലഭിക്കുന്നുണ്ട്. രൂക്ഷമായ [ജലക്ഷാമം അനുഭവപ്പെടുന്ന ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. [ജലക്ഷാമം അനുഭവപ്പെടുന്ന ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. [വിശദവിവരങ്ങൾക്ക്, പൊതുജനാരോഗ്യവും കുടിവെള്ളവും എന്ന അദ്ധ്യായം കാണുക.]

വർഷത്തിൽ ധാരാളം മഴ ലഭിക്കുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിലധികവും മഴയുടെ വിശദവിവരം പരിശോധിച്ചാൽ കഴിഞ്ഞ പല വർഷങ്ങളിൽ കാര്യമായ ഏറ്റക്കുറച്ചിൽ കാണുവാൻ കഴിയും [കൃഷിയും ജലസേചനവും പട്ടിക 3.1.11 കാണുക]

കഴിഞ്ഞ 5 വർഷത്തിനിടയിൽ 91 ജൂണിൽ ശക്തമായ മഴ ലഭിച്ചതായി കാണാവുന്നതാണ്

ഭൂപ്രകൃതിയുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും വളരെ പെട്ടെന്ന് തോടുകളിലൂടെ നദിയിൽ എത്തിച്ചേരുകയും അവയുടെ ഉപയോഗം പഞ്ചായത്തിലെ ഭൂവിഭാഗത്തിലെ ജലസേചന കുടിവെള്ള പ്രശ്നങ്ങൾക്ക പരിഹാരമായി ലഭിക്കാതിരിക്കയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് സാധ്യത കൂട്ടൽ, താഴ്വരപ്രദേശങ്ങളിൽ ജലം കെട്ടി നിന്ന് നീർ കെട്ടുകൾ രൂപം കൊള്ളുകയും പാടശേഖരങ്ങൾ കൃഷിക്കനുയോജ്യമല്ലാതാക്കിത്തീർക്കുകയും ചെയ്യുന്നു. [പോങ്ങറ, വാളിയറ ഭാഗങ്ങൾ]. തുടങ്ങിയവ പഞ്ചായത്തിൽ അനുഭവപ്പെടുന്നു.

ചരിവ് പ്രദേശങ്ങൾ തട്ടകളായിതിരിക്കുക, തോടുകളിലൂടെയുള്ള ജല നിർഗമാർഗങ്ങളുടെ പുനരുദ്ധാനം നിലവിലുള്ള കുളങ്ങളുടെ ആഴവും വീതിയും കൂട്ടിയും വശങ്ങൾ കെട്ടിയും സംരക്ഷിക്കൽ തോടുകളിൽ ചിറപ്പുകൾ നിർമ്മിക്കൽ തുടങ്ങിയ ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ ജല സമ്പത്ത് നില നിർത്താനാവുന്നതാണ്. ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും പഞ്ചായത്തിലെ വ്യത്യസ്തങ്ങളായ ഭൂവിഭാകങ്ങളിൽ ആഴ്ന്നിറക്കുവാനും, അതിലൂടെ ഭൂഗർഭജലസമ്പത്തിൻെറ അളവ് ഒരു പരിധിവരെ ഉയർത്തുവാനും കഴി.യും.

# വെള്ളനാട് ഗ്രാമപഞ്ചായത്ത്

## മണ്ണിന്റെ തരം



## സാമൂഹിക - സാമ്പത്തിക മേഖലകൾ

### കൃഷിയും ജലസേചനവും

കൃഷിയ്ക്ക് വളരെ അനുയോജ്യമായ മണ്ണുള്ള വെള്ളനാട് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പ്രധാനമായും കൃഷി ചെയ്തു വരുന്ന നെല്ല്, തെങ്ങ്, മരച്ചീനി, റബ്ബർ, വാഴ എന്നീ വിളകളെ ആശ്രയിച്ചു ജീവിക്കുന്ന ജനങ്ങളാണ് ഭൂരിഭാഗവും. ഈ വിളകൾക്കു പുറമേ രണ്ടു പ്രാവശ്യം മാത്രം കൃഷിചെയ്തിരുന്ന നെൽപ്പാടങ്ങളിൽ ഇടവിളയായി പയർ, ഉഴുന്ന്, പച്ചക്കറികൾ, മധുരക്കിഴങ്ങ് തുടങ്ങിയവയും കൃഷി ചെയ്യുന്നു.

താഴെക്കാണുന്ന രേഖാ ചിത്രം 1960 ലേയും 1996 ലേയും വെള്ളനാടിന്റെ വിളക്രമത്തെക്കുറിച്ച് ഒരു ഏകദേശ രൂപം തരുന്നുണ്ട്.

### കൃഷിഭൂമിയുടെ പൊതു സ്വഭാവം

വെള്ളനാട് പഞ്ചായത്തിൽ പ്രധാനമായും ഉയർന്ന കുന്നിൻ പ്രദേശങ്ങൾ, ചരിവ് പ്രദേശങ്ങൾ, താഴ്വര പ്രദേശങ്ങൾ എന്നിങ്ങനെ വിവിധ ഭൂവിഭാഗങ്ങൾ ഉൾപ്പെടുന്നു. ആകെ വിസ്തൃതിയുടെ 31.5 ശതമാനം ഉയർന്ന പ്രദേശങ്ങളും 30.2 ശതമാനം ചരിവ് പ്രദേശങ്ങളും 38.3 ശതമാനം താഴ്വര പ്രദേശങ്ങളുമാണ്. ഇവയിൽ ഉയർന്ന പ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും വെട്ടുകൽ മണ്ണ് കാണപ്പെടുന്നു. താഴ്വര പ്രദേശങ്ങളിൽ എക്കൽ മണ്ണ് വ്യാപകമായി

### വിളവെടുപ്പു ക്രമം

രേഖാചിത്രം 1

1990




1996




കണ്ടു വരുന്നു. ഉയർന്ന ഭൂപ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും പ്രധാനമായി റബ്ബർ,തെങ്ങ്, കപ്പ മറ്റ് മിശ്രിത വിളകൾ എന്നിവ കൃഷി ചെയ്യുന്നു. താഴ്വര പ്രദേശങ്ങളിൽ നെല്ല് കൃഷിചെയ്യുന്നു.
കൂടാതെ വാഴ, കപ്പ, പയർ മറ്റ് ഇടവിളകൾ എന്നിവ കൃഷി ചെയ്യുന്നു. ഇയർന്ന പ്രദേശങ്ങളിൽ ജല ലഭ്യത താരതമ്യേന കുറവാണ്. താഴ്വര പ്രദേശങ്ങളിൽ ജല ലഭ്യതയുടെ അളവ് കൂടുതലാണ്.

വെള്ളനാട്ടെ മൊത്തം ജനസംഖ്യ 1991- ലെ ജനസംഖ്യ കണക്കനുസരിച്ച് 25306 ആളുകളാണെന് നേരത്തെ സൂചിപ്പിച്ചുവല്ലോ? ഇതിൽ ഒരു വർഷത്തിൽ ആറ് മാസമോ അല്ലെങ്കിൽ 183 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യുന്നവരുടെ എണ്ണം ജനസംഖ്യയുടെ ഏകദേശം 30% വരും. ഇങ്ങനെ ജനസംഖ്യയുടെ 30% വരുന്ന തൊഴിലാളികളെ നാല് വിഭാഗങ്ങളായി തിരിക്കാം ഇവ കൃഷിക്കാർ, കർഷക തൊഴിലാളികൾ, കുടുംബ വ്യവസായത്തിൽ പണിയെടുക്കുന്നവർ, മറ്റു തൊഴിലാളികൾ എന്നിവരാണ്.

പട്ടിക 3.1.1 ൽ നിന്നും വ്യക്തമാകുന്നത് 1991 ലെ ജനസംഖ്യാക്കണക്കനുസരിച്ച് മൊത്തം തൊഴിലാളികളിൽ 12.67% കൃഷിക്കാരും 41.29% കർഷക തൊഴിലാളികളുമാണ്. 1981 നെ അപേക്ഷിച്ച് കൃഷിക്കാരുടെ ശതമാനത്തിൽ നാമ മാത്രമായ വർദ്ധനവ് ഉണ്ടായപ്പോൾ കർഷക തൊഴിലാളികളുടെ ശതമാനം കുറയുകയാണുണ്ടായത്. തിരുനന്തപുരം

പട്ടിക 3.1.1 വെള്ളനാട്ടെ തൊഴിലാളികൾ, കൃഷിക്കാർ, കർഷക തൊഴിലാളികൾ.

| | 1981 | ശതമാനം | 1991 | ശതമാനം |
|---|---|---|---|---|
| ജനസംഖ്യ | 22361 | | 25306 | |
| തൊഴിലാളികൾ | 7036 | 31.41 | 7524 | 29.73 |
| കൃഷിക്കാർ | 815 | 11.58 | 954 | 12.67 |
| കർഷക തൊഴിലാളികൾ | 2896 | 41.15 | 3107 | 41.29 |

അവലംബം: 1981,1991- കളിലെ ജനസംഖ്യാ റിപ്പോർട്ടുകൾ.

ജില്ലയേയും, സംസ്ഥാന ശരാശരിയേയും വെള്ളനാടുമായി താരതമ്യം ചെയ്യുമ്പോൾ കാണാൻ സാധിക്കുന്നത് മൊത്തം തൊഴിലാളികളിൽ കർഷകരുടേയും കൃഷിക്കാരുടെയും ശതമാനം വെള്ളനാട്ട് കൂടുതലാണ് എന്നതാണ്. പക്ഷേ നെടുമങ്ങാട്, ഒരു കൃഷി പ്രാധാന്യമുള്ള താലൂക്ക് ആയതിനാൽ ഈ ഉയർന്ന ശതമാനക്കണക്കിൽ അതിശയോക്തിയില്ല.

വെള്ളനാട്ടെ മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണം 5389 ഏക്കർ ആണ് ഇതിൽ 4216 ഏക്കർ (78.23%) പുരയിടവും 769 ഏക്കർ (14.26%) നിലവുമാണ്. ഏകദേശം 392 ഏക്കർ ഭൂമി പുനമ്പോക്കായും 12 ഏക്കർ തരിശായും കിടക്കുന്നു. ഭൂമി കൈവശം ഉള്ളവരുടെ കണക്ക് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ഒരു സെന്റു മുതൽ അൻപത് സെന്റു വരെ ഭൂമിയുള്ളവർ മൊത്തം ഭൂ ഉടമസ്ഥതരിൽ 48.72% വരും എന്നതാണ്. അഞ്ച് ഏക്കർ ഭൂമിയിൽ കൂടുതലുള്ളവരുടെ ശതമാനം 2.9 ആണ്. അതായത് ഭൂ പരിഷ്ക്കരണത്തിന് ശേഷവും വെള്ളനാട്ട് ഭൂ വിതരണ ക്രമത്തിൽ കാര്യമായ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു. എന്നതാണ് ഇത് കാണിക്കുന്നത്. പട്ടിക 3.1.2

വെള്ളനാട്ടെ കൃഷിയ്ക്ക് ഉപയോഗിക്കാവുന്ന മൊത്തം ഭൂമിയിൽ 596 ഹെക്ടർ സ്ഥലം കൃഷിയേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഇത് മൊത്തം കൃഷിഭൂമിയുടെ 25 ശതമാനത്തിൽ കൂടുതൽ വരും വെള്ളനാട്ട് ബ്ലോക്കിന്റെ കീഴിലുള്ള എട്ട് പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ കൃഷി ഭൂമിയുടെ അടിസ്ഥാനത്തിൽ വെള്ളനാട് ആറാം സ്ഥാനത്താണെങ്കിലും, ഈ ബ്ലോക്കിന്റെ കീഴിലുള്ളതിന്റെ മൊത്ത ഭൂ വിസ്തൃതിയിൽ അഞ്ച് ശതമാനം മാത്രമാണ് വെള്ളനാടിനുള്ളത്.

കഴിഞ്ഞ ഏകദേശം 25 വർഷത്തേയ്ക്ക് മുമ്പുള്ള ചരിത്രം പരിശോധിക്കുകയാണെങ്കിൽ കാണാൻ സാധിക്കുന്നത്, ഈ ഗ്രാമത്തിലെ മൊത്തം കൃഷി ഭൂമിയുടെ നല്ലൊരു ശതമാനം ( വ്യക്തമായ കണക്കുകൾ ലഭ്യമല്ല) ഏതാനും കുടുംബങ്ങളുടെ കൈവശം ആയിരുന്നു എന്നുള്ളതാണ്. വെള്ളനാട്ടെ പ്രധാനപ്പെട്ട കുടുംബങ്ങളും അവരുടെ കൈവശമുണ്ടായിരുന്ന ഏലാകളുമാണ് പട്ടിക 3.1.3 ൽ കൊടുത്തിരിക്കുന്നത്.

പട്ടിക-3.1.3 വെള്ളനാട്ടെ പ്രധാനപ്പെട്ട കുടുംബങ്ങളും അവരുടെ കൈവശമുണ്ടായിരുന്ന ഏലാകളും

| ക്രമ നമ്പർ ഭൂവുടമകൾ | കൈവശമുണ്ടായിരുന്ന പ്രധാന ഭാഗം |
|---|---|
| 1.ഇടവിളാകം ചെല്ലപ്പൻ പിള്ള | ചനങ്ങ മുടിപ്പര ഏലാ |
| 2.തുമ്പറ കുമാര പിള്ള | തുമ്പറ ഏലാ ഭാഗം |
| 3.തായ്‌വീട് എൻ. കൃഷ്ണ പിള്ള | വെള്ളാംപാറ കുറച്ചുഭാഗം<br>പഴവീട് മീഴിക്കുഴി കുറച്ചു ഭാഗം |
| 4.കുരുക്കൻവിളാകം ശങ്കരപിള്ള | വാളിയറ ഏലായുടെ ഒരു ഭാഗം |
| 5.കൈതറവീട് | |

പട്ടിക 3.1.2 ഭൂമിവിതരണ ക്രമം

| ഭൂമി തരംതിരിച്ച് | വിസ്തീർണ്ണം | | ഭൂഉടമസ്ഥരുടെ എണ്ണം | | |
|---|---|---|---|---|---|
| | ഏക്കറിൽ | ശതമാനം | ഭൂമിയുടെ അളവ് | ഉടമസ്ഥർ | ശതമാനം |
| പുരയിടം | 4216 | 78.23 | 1-25 | 6500 | 24.85 |
| നിലം | 769 | 14.26 | 26-50 | 6230 | 23.85 |
| തരിശ് | 12 | 0.27 | 51-100 | 5100 | 19.62 |
| പുറമ്പോക്ക് | 392 | 7.27 | 101-200 | 5128 | 19.63 |
| | | | 201-500 | 2400 | 9.18 |
| | | | 500 നു മുകളിൽ | 760 | 2.91 |
| ആകെ | 5389 | 100.00 | | | |

അവലംബം വില്ലേജ് ആഫീസ്, വെള്ളനാട്

| | |
|---|---|
| കെ.ജി. കൃഷ്ണൻ നായർ | ശങ്കരമുഖം ഭാഗം |
| 6.മണ്ണുവീട് ഡോ.എൻ.കൃഷ്ണപിള്ള | മാളിയറ ഒരുഭാഗം |
| 7.കട്ടച്ചൻ വേലായുധൻപിള്ള | പേനങ്ങറ ഭാഗം |
| 8. കാവുവിളാകം ശിവശങ്കരൻ നായർ | വിലക്കിനിമംഗലം ഏലാ |
| 9.കൊക്കര (പുതുകുളങ്ങര) ഗോപാലപിള്ള | പുതുകുളങ്ങര ഭാഗം |
| 10.ആറംവീട് രാമൻപിള്ള | പഴയവീട്ടുമൂഴി |

*അവലംബം മുതിർന്നവരുമായുള്ള അഭിമുഖം*

*ഭൂവിനിയോഗം*

പട്ടിക 3.1.4 ൽ നിന്നും വ്യക്തമാകുന്നത് മൊത്തം കൃഷിചെയ്യുന്ന ഭൂമിയുടെ നാലിൽ മൂന്ന് ഭാഗവും തെങ്ങും മരച്ചീനിയുമാണ് എന്നുള്ളതാണ്. ഇത് സംസ്ഥാന ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ വ്യത്യസ്തമായ ഒരു വിളക്രമമാണ് എന്നു കാണാം.

പട്ടിക 3.1.4 ഭൂവിനിയോഗ ക്രമം 1996

| വിളകൾ | വിസ്തീർണ്ണം ഹെക്ടറിൽ | ഓരോവിളകളുടേയും ശതമാനം |
|---|---|---|
| നെല്ല്(ഒന്നാംവിള) | 60 | 5.90 |
| നെല്ല്(രണ്ടാംവിള) | 55 | |
| പച്ചക്കറികൾ | 10 | 0.52 |
| വാഴ | 109 | 5.67 |
| മരച്ചീനി | 516 | 26.87 |
| കുരുമുളക് | 71 | 3.69 |
| റബ്ബർ | 425 | 6.51 |
| കവുങ്ങ് | 46 | 2.39 |
| തെങ്ങ് | 1020 | 53.12 |

അവലംബം കൃഷിഭവൻ, വെള്ളനാട്

പഞ്ചായത്തിൽ കൃഷിചെയ്യപ്പെടുന്ന പ്രധാന വിളകളിൽ ഭൂ വിസ്തൃതിയുടെ 53 ശതമാനവും തെങ്ങാണ്. ഇതിനു കാരണം ഒരു പരിധി വരെ നെൽപ്പാടങ്ങൾ നികത്തി തെങ്ങ് വയ്ക്കുന്നതാണ്. രണ്ടാമതായി മരച്ചീനിയും മൂന്നാംസ്ഥാനം റബ്ബറിനുമാണ്. പഞ്ചായത്തിൽ ഇന്നു കണ്ടു വരുന്ന വിളക്രമങ്ങളുടെ ഭൂ വിസ്തൃതിയുടെ വർദ്ധനവിലുള്ള ഗതി പരിശോധിച്ചാൽ അടുത്ത ഏതാനും വർഷത്തിനുള്ളിൽ റബ്ബറിന്റെ ഭൂ വിസ്തൃതി വളരെ കൂടുതലാവാനാണ് സാധ്യത. വാഴ കൃഷി ചെയ്യുന്ന സ്ഥലം 5.6 ശതമാനമാണ്. ഇതും നെൽകൃഷി ചെയ്യുന്ന ഭൂമി വാഴ കൃഷിയിലേയ്ക്ക് മാറിയതാകാം കാരണം. പച്ചക്കറികൾ, കുരുമുളക്, കവുങ്ങ് എന്നിവയുടെ ഭൂ വിസ്തൃതി പട്ടിക നാലിൽ നിന്ന് വളരെ കുറവാണ് എന്ന് വ്യക്തമാണല്ലോ.

**വളപ്രയോഗം**

നേരത്തെ സൂചിപ്പിച്ചിരുന്നതു പോലെ വെള്ളനാട് ഒരു കർഷക ഗ്രാമമായതിനാൽ കാലി വളർത്തൽ കൃഷിക്കാരുടെ ഒരു ഉപതൊഴിലാണ് കുറച്ചു കാലം മുമ്പ് വരെ മുഖ്യ വളമായി ഉപയോഗിച്ചു കൊണ്ടിരുന്നത് ചാണകം, ചാരം, കമ്പോസ്റ്റ് (പ്രത്യേകിച്ച് നെൽപ്പാടങ്ങളിൽ) എന്നാൽ റബ്ബർ കൃഷി വ്യപകമായതോടുകൂടിയും ഉഴവു മാടുകളെ വീട്ടിൽ

പട്ടിക 3.1.5 രാസവള കീടനാശിനി ഉപയോഗം

| സഹകരമേഖല | സ്വകാര്യമേഖല | | മൊത്തം രാസവളം | | | ശരാശരി രാസവളഉപയോഗം ഹെക്ടറിന് | | | | കി.ഗ്രാം |
|---|---|---|---|---|---|---|---|---|---|---|
| രാസവളം | കീടനാശിനി | | രസവളം കാടനാളിനി | | | കീടനാശശിനി | | കീടനാശിനി | | |
| | ഖരം | ദ്രവ്യം | | ഖരം | ദ്രവ്യം | | ഖരം | ദ്രവ്യം | | |
| 1992-93 | 20000 | 820 | 60000 | 12 | 22 | 80000 | 20 | 42 | 41.66 | |
| 1993-94 | 32000 | 9 | 19 | 55000 | 10 | 20 | 87000 | 19 | 39 | 42.70 |
| 1994-95 | 48000 | 12 | 18 | 47000 | 28 | 10 | 95000 | 40 | 28 | 49.00 |

അവലംബം കൃഷി ഭവൻ വെള്ളനാട്

വളർത്തുന്നത് ഏകദേശം ഇല്ലാത്തതും പഞ്ചായത്തിൽ ചാണകത്തിന്റെ ലഭ്യത കുറയ്ക്കുവാനും അങ്ങനെ രാസവളത്തിന്റെ ഉപയോഗം വർദ്ധിക്കുവാനും ഇടയായി. വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു വളം ഡിപ്പോയും സ്വകാര്യ വ്യക്തികളുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് രാസവള കടകളുമാണ് ഉള്ളത്.

പട്ടിക 3.1.5 ൽ സഹകരണ മേഖലയിലും സ്വകാര. മേഖലയിലും പ്രവർത്തിക്കുന്ന രാസവള കടകളിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിറ്റ രാസവളത്തിന്റേയും കീടനാശിനികളുടേയും കണക്ക് കൊടുത്തിരിക്കുന്നു. പഞ്ചായത്തിൽ പ്രധാന വിളകൾ കൃഷിചെയ്യുന്ന 1920 ഹെക്ടറിൽ '93-'94 വർഷം ശരാശരി ഒന്ന് ഹെക്ടറിന് 41.66 k.g. വളമാണുപയോഗിച്ചത്, '95-'96 വർഷം ഒരു ഹെക്ടറിന് ശരാശരി 49 കി.ഗ്രാം രാസവളമാ ണു പയോഗിച്ചത്. ഇത് വർദ്ധിച്ചുവരുന്ന സാരവള ഉപയോഗക്രമത്തിന്റെ ഒരു ചൂണ്ടുപലകയായി എടുക്കാം.

പട്ടിക 3.1.5

## കാർഷിക വായ്പ

വെള്ളനാട്ടുള്ള മൊത്തം കർഷകരിൽ 4318 പേർ നാമമാത്ര കർഷകരും 90 പേർ ചെറുകിട കർഷകരും 21 പേർ വൻകിട കർഷകരുമാണ്. ഇതിൽ ചെറുകിട കർഷകർക്ക് വൻകിട കർഷകർക്കും പ്രത്യേക വായ്പ സൗകര്യങ്ങൾ ഇല്ലെങ്കിൽ കൂടി കൃഷിയിറക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ഒരു പക്ഷേ ബാങ്ക് വായ്പകളെ ആശ്രയിക്കേണ്ടി വരില്ല. എന്നാൽ നാമമാത്ര കർഷകരാകട്ടെ കൊള്ളപലിശയിടാക്കുന്ന സ്വകാര്യ വ്യക്തികളെ ആശ്രയിക്കാതിരിക്കണമെങ്കിൽ കൃഷിയ്ക്ക് ആവശ്യമായ വായ്പകൾപൊതു സ്ഥാപനങ്ങളിൽ ന്നന്നും ലഭ്യമാകണം. വെള്ളനാട്ട് കാർഷികാവശ്യങ്ങൾക്കായി വായ്പ കൊടുക്കുന്ന രണ്ട് പ്രധാനസ്ഥാപനങ്ങൾ ഭൂവികസന ബാങ്കും, വെള്ളനാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കും ആണ്. ഇതു കൂടാതെ സിൻഡിക്കേറ്റ് ബാങ്കിന്റെ വെള്ളനാട് ശാഖ കാർഷികവായ്പകൾ കൊടുക്കുന്നുണ്ട്. എന്നാൽ നാമമാത്ര കർഷകരെ സംബന്ധിച്ചിടത്തോളം ഭൂവികസന ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക് എന്നിവയിൽ നിന്നും വായ്പ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് പ്രത്യേകം പരയേണ്ടതില്ലല്ലോ? വെള്ളനാട്ടെ സാധാരണക്കാരുടെ ഒരേയൊരു ആശ്രയമായിരുന്നു സർവ്വീസ് സഹകരണ ബാങ്ക്. കഴിഞ്ഞ ഒരു പത്ത് വർഷത്തിന് മുൻപ് വരെ വളരെ നല്ല നിലയിൽ പ്രവർത്തിക്കുകയും സാധാരണ കർഷകരുടെ സാമ്പത്തികാവശ്യങ്ങൾ യഥാസമയം നിറവേറ്റുകയും ചെയ്യുമായിരുന്നു. എന്നാൽ കാലാകാലങ്ങളിൽ വന്ന രാഷ്ട്രീയ കൂട്ടുകെട്ടുകളുടെ നിർവ്വഹണ സമിതികളും, ബാങ്കിലെ തന്നെ ഉദ്യോഗസ്ഥരുടെ കൊടും കാര്യസ്ഥതയും കൊണ്ട് ഇന്ന് ഈ സ്ഥാപനം കർഷകർക്ക് ഉദ്ദേശിച്ച തരത്തിൽ ഒരു ഫലവും ലഭിക്കുന്നില്ല. ഇങ്ങനെ സാധാരണക്കാരുടെ ബാങ്കായ സർവ്വീസ് സഹകരണ ബാങ്കിന്റെ ഈ അവസ്ഥ കൊള്ളപലിശയീടാക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് വഴിതെളിച്ചുവെന്നത് ൊരു വസ്തുത മാത്രമാണ്.

കാർഷിക വികസന ബാങ്കിന്റെ വെള്ളനാട് ശാഖ വിവിധ കാർഷിക ആവശ്യങ്ങൾക്കായി 1995-96-ൽ വെള്ളനാട് വില്ലേജിലേയ്ക്ക് കൊടുത്ത വായ്പയുടെ കണക്കാണ് പട്ടിക 3.1.6 (a)- ൽ കൊടുത്തിരിക്കുന്നത്.

പട്ടിക-3.1.6 (a) വെള്ളനാട് കാർഷിക വികസന ബാങ്കിൽ നിന്നും കൊടുത്ത വായ്പയുടെ കണക്ക് - 1995-'96

| ക്രമ ഉദ്യേശങ്ങൾ | വായ്പകളുടെ എണ്ണം | വായ്പാതുകനമ്പർ |
|---|---|---|
| 1. ജലസേചനത്തിന് | 8 | 42500 |
| 2.വെറ്റലകൃഷി | 18 | 140740 |
| 3.റബ്ബർകൃഷി | 2 | 43750 |
| 4.മലക്കറികൃഷി | 15 | 62030 |
| 5.പന്നിവളർത്തൽ | 1 | 7500 |
| 6.ഭൂവികസനം | 2 | 25000 |
| 7.കറവമാട് വളർത്തൽ | 26 | 361550 |
| 8റബ്ബർ പുതുകൃഷി | 4 | 25680 |
| 9.സാധാരണ വായ്പ | 20 | 207000 |
| ആകെ 96 | 9,15,760 രൂപ | |

(ഇവിടെ പട്ടിക 3.1.6 (b)) അവലംബം കൃഷിവികസന ബാങ്ക്, വെള്ളനാട്

# കൃഷിഭവൻ

കാർഷിക മേഖലയിൽ ഒരു പുത്തനുണർവ് പകരുന്നതിനായി രൂപം കൊടുത്ത കൃഷിഭവന്റെ ഒരു ആഫീസ് വെള്ളനാട്ടുണ്ട്. ഒരു കൃഷി ആഫീസർ ഉൾപ്പെടെ നാല് ഉദ്യോഗസ്ഥൻമാരുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം തികച്ചും ഉദ്ദേശിച്ച ഫലം നൽകുന്നില്ല എന്നുള്ളത് വെള്ളനാട്ടെ എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ഒരു പൊതു പ്രശ്നമാണ്. കൃഷിവികസന ഓഫീസിലെ ഉദ്യോഗസ്ഥർ കർഷകരെ കാണുകയോ, വേണ്ട നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല എന്നതിലുപരി ഈ ആഫീസിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ വിത്തിനങ്ങളും, കൃഷി ഉപകരണങ്ങളും യഥാർത്ഥ കർഷകന് ലഭിക്കുന്നില്ല എന്നുള്ളതാണ് ഈ ആഫീസിനെ കുറിച്ചുള്ള മറ്റൊരു പ്രധാന പരാതി. കൂടാതെ കൃഷി ഭവന്റെ മേൽനോട്ടത്തിൽ സംഘടിപ്പിച്ചിട്ടുള്ള പാഠശേഖരങ്ങളുടെ പ്രവർത്തനം കടലാസിൽ മാത്രം ഇന്നും ഒതുങ്ങി നിൽക്കുന്നു.

കൃഷിഭവനിൽ നിന്നും 1995-96 ൽ 450 തെങ്ങിൻ തൈകളും 8000 കുരുമുളക് തൈകളും വിതരണം ചെയ്യുകയുണ്ടായി. വെള്ളപ്പൊക്ക ദുരിതാശ്വാസമായി 61 കർഷകർക്ക് 100 ഹെക്ടറിലേയ്ക്ക് 30,260 രൂപ 94-95 വർഷത്തിൽ വിതരണം ചെയ്തു.

95-'96 വർഷത്തിൽ വെള്ളനാട് കൃഷിഭവനിൽ നിന്നും 11 വിവിധ തരത്തിലുള്ള കൃഷി വികസന പദ്ധതികൾ നടപ്പിലാക്കി. അവ താഴെ പറയുന്നു.

1. സമഗ്രനാളീകേരവികസന പദ്ധതി
2. രാസവള വികരണ പദ്ധതി
3. തൊഴിൽ ദാന പദ്ധതി
4. നെൽകൃഷി ഉത്പാദന ബോണസ്
5. സുഗന്ധവിള വികസന പദ്ധതി
6. പട്ടികജാതിക്കാർക്ക് മാത്രമുള്ള കാർഷിക പദ്ധതി
7. ബയോഗ്യാസ് പദ്ധതി
8. ട്രോപ്പിക്കൽ എരിഡ് സോൺ ഫ്രൂട്ട്സ്
9. മിനി കിറ്റ്. മുളക്
10. വെജിറ്റബിൾ പ്രൊഡക്ഷൻ പ്രോഗ്രാം

മുകളിൽ പറഞ്ഞവയിൽ ഭൂരിഭാഗവും പേരിനു മാത്രം നടപ്പിലാക്കുന്ന പദ്ധതികളാണ് എന്നുള്ളത് കൃഷി ഭവനിൽ നിന്നും ശേഖരിച്ച അവലോകന കുറിപ്പ് വ്യക്തമാക്കുന്നു.

കൃഷിഭവനിൽ നിന്നും '95-'96 വർഷത്തിൽ നടപ്പിലാക്കിയ സമഗ്ര നാളീകേര വികസന പദ്ധതിയുടെ അവലോകനകുറിപ്പാണ് ചുവടെ ചേർക്കുന്നത്

പട്ടിക -3.1.7 സമഗ്ര നാളീകേര വികസന പദ്ധതി

| ഇനം | ലക്ഷ്യം | നേട്ടം |
|---|---|---|
| കിണർ | 49 | 49 |
| പമ്പുസെറ്റ് | 6 | 6 |
| റോക്കർ സ്പ്രേയർ | 1 | 1 |
| തെങ്ങുകയറ്റ യന്ത്രം | 1 | 1 |
| കമ്മ്യൂണിറ്റി ഇറിഗേഷൻ | 8.5 Ha | നടന്നു കൊണ്ടിരിക്കുന്നു. |

അവലംബം കൃഷിഭവൻ, വെള്ളനാട്

*നെൽകൃഷി*

ഭക്ഷ്യധാന്യ ഉത്പാദനത്തിൽ ഓരോ രാജ്യവും സംസ്ഥാനവും പഞ്ചായത്തുകളും സ്വയം പര്യാപ്തത നേടിയിരിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയേണ്ടതില്ലല്ലോ? പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ തങ്ങളുടെ ആളോഹരി ഉപഭോഗത്തിന്റെ മൂന്നും, നാലും ഇരട്ടി ഉത്പാദിപ്പിക്കുമ്പോൾ കേരളമാകട്ടെ തങ്ങൾക്ക് ആവശ്യമുള്ള ഭക്ഷ്യധാന്യത്തിന്റെ നാലിലൊന്ന് ഭാഗം മാത്രമേ ഉത്പാദിപ്പിക്കുന്നുള്ളൂ.

കേരളത്തിൽ മൊത്തത്തിൽ കാണുന്നതുപോലെ വെള്ളനാട് പഞ്ചായത്തിലും നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് വർഷം പ്രതി ഗണ്യമായ രീതിയിൽ കുറയുന്നതായിട്ടാണ് കണ്ടുവരുന്നത്. ഇതിന് കാരണമായി പല ഘടകങ്ങളും പറയുന്നുണ്ടെങ്കിലും പ്രധാന കാരണം നെൽകൃഷിയിൽ നിന്നും കിട്ടുന്ന ആദായം അതിന്റെ ഉത്പാദന ചെലവിനെ അപേക്ഷിച്ച് നോക്കുമ്പോൾ തുലോം കുറവാണ് എന്നതു തന്നെ.

വെള്ളനാട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത കർഷകരുമായുള്ള അഭിമുഖത്തിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്. രണ്ടുപറ നിലം (28 സെന്റ്) കൃഷി ചെയ്യുന്നതിന് 1996-ൽ വെള്ളനാട്ട്

പഞ്ചായത്തിലുണ്ടാകുന്ന ശരാശരി ചെലവും അതിൽ നിന്നുണ്ടകുന്ന വരവും പട്ടിക 3.1.8 ൽ താരതമ്യപ്പെടുത്തിയിരിക്കുന്നു.

പട്ടിക-3.1.8 28 സെന്റ് സ്ഥലം നെൽകൃഷി ചെയ്താൽ ഉണ്ടാകുന്ന വരുമാനവും ചെലവും

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക കാണിക്കുന്നത് ഈ പഞ്ചായത്തിൽ ഒരു വർഷം രണ്ടു തവണ നെൽകൃഷി ചെയ്യുന്ന ആളിന് (28 സെന്റ്/2 പറ) 1756/- രൂപയുടെ നഷ്ടം ഉണ്ടാകും എന്നത് വ്യക്തമാണല്ലോ?

അതായത് രണ്ടുപറ നില തരിശിടുന്നതു കൊണ്ടു മാത്രം ഒരു കർഷകന് 1756 രൂപയുടെ നഷ്ടം ഒഴിവാ

പട്ടിക- 3.1.8 28 സെന്റ് സ്ഥലം നെൽകൃഷി ചെയ്താൽ ഉണ്ടാകുന്ന വരുമാനവും ചെലവും

| വരവ് | | | ചെലവ് | | | |
|---|---|---|---|---|---|---|
| ഇനം | അളവ് | വില | ഇനം | ആവശ്യമായ ജോലിക്കാരുടെ എണ്ണം | കൂലി നിരക്ക് | ആകെ ചെലവ് |
| നെല്ല് | 30 പറ | 30 x 50 | ഉഴവ് | | | 550 |
| | | 1500/- | [illegible] | 80 | 250/100 [illegible] | 200 |
| വൈക്കോൽ | 750 | 750/- | [illegible] | 20 [illegible] | 12/[illegible] | 240 |
| | | | [illegible] | 3 [illegible] | 6/[illegible] | 18 |
| | | | [illegible] 17-17 | 20 kg | 1kg/6.75 | 135 |
| | | | നിലം ഒരുക്കൽ | 1 | 85 | 85 |
| | | | വരമ്പ് വെട്ടൽ | 2 | 85 | 170 |
| | | | [illegible] | 2 | 85 | 170 |
| | | | ഞാറു പറിക്കൽ | 4 | 70 | 280 |
| | | | നടവ് | 2 | 70 | 140 |
| | | | കൊയ്ത്ത് | 6 | 15 [illegible] നെല്ല് | 450 |
| | | | വയ്ക്കോൽ അടിപ്പ് | 10 | 40 [illegible] നെല്ല് | 200 |
| | | | വയ്ക്കോൽ ഉണക്ക് | 4 | 85 | 340 |
| | | | [illegible] | | 150 | 150 |
| ആകെ വരവ് | | 2250 | ആകെ ചെലവ് | | | 3128 |

നഷ്ടം = [illegible] ആകെ വരവ് - ചെലവ് [illegible] നഷ്ടം = 3128 - 2250 = 878

2250 - 3.1

ക്കാൻ സാധിക്കുന്നു. ഇത് കൃഷിക്കാവശ്യമായ തൊഴിലാളികളെ കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്, പ്രകൃതിക്ഷോഭം കൊണ്ട് കൃഷി നശിക്കാനുള്ള സാധ്യത തുടങ്ങിയവയൊന്നും കണക്കിലെടുക്കാതെയാണെന്ന് ഓർക്കണം. ഈ സാഹചര്യത്തിൽ നെൽപ്പാടം നികത്തി മറ്റു വിളകൾ കൃഷി ചെയ്യുന്നത് അനസ്യൂതം വർദ്ധിക്കും എന്നുമാത്രമല്ല നെൽകൃഷി ഈ പഞ്ചായത്തിൽ നിന്നും വളരെ വിദൂരമല്ലാത്ത കാലഘട്ടത്തിൽ തുടച്ചുമാറ്റപ്പെടാനാണ് സാധ്യത.

വെള്ളനാട്ടെ ഒരു പ്രധാന വിളയായ നെൽകൃഷി 15-20 വർഷങ്ങൾക്ക് മുമ്പ് നാടൻ വിത്തിനങ്ങളായ തവളക്കണ്ണൻ, കുറ്റിച്ചിറയാടി, തുളുനാടൻ, കിഴക്കൻ വെള്ള തുടങ്ങിയ വിത്തിനങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് ഉത്പാദനശേഷി കൂടുതലുള്ള പുതിയ

തരം വിത്തിനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും നെൽകൃഷി നഷ്ടമാകുന്നതിന്റെ കാരണം വിശദമായ വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. നെല്ലിന്റെ ഉത്പാദന ക്ഷമതയായി കൃഷിഭവനിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2800 kg ഒരു ഹെക്ടറിന് ഉണ്ട് എന്നുള്ളതാണ് എന്നാൽ ഈ കണക്കിന്റെ വിശ്വാസ്യത സംശയാസ്പദമാണ്. കാരണം ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതലാണ് എന്നു മാത്രമല്ല ഏറ്റവും കൂടുതൽ ഉത്പാദനക്ഷമതയുള്ളതായി പറയുന്ന പാലക്കാട് ജില്ലയേക്കാൾ മുന്നിലാണ്. പട്ടിക 3.1.9-ൽ നെല്ലിന്റെ ഉത്പാദന ക്ഷമത (വെള്ളനാടിനെ) മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്തിരിക്കുന്നു.

പട്ടിക-3.1.9

| സ്ഥലങ്ങൾ | കി.ഗ്രാം/ ഹെക്ടറിന് |
|---|---|
| തിരുനന്തപുരം | 1743 |
| പാലക്കാട് | 2240 |
| കേരളം | 1937 |
| വെള്ളനാട് | 2800 |

അവലംബം 1. ഇക്കണോമിക്ക് വിഹ്യൂ-1995, 2. കൃഷിഭവൻ വെള്ളനാട്

വിവിധ ഗ്രാമസഭകളിൽ നിന്നും നെൽകൃഷിയെ കുറിച്ചുള്ള പ്രശ്നങ്ങളായി മുന്നോട്ട് വച്ചത് താഴെപ്പറയുന്നവയാണ്.

1. നെൽകൃഷി ഭീമമായ നഷ്ടത്തിലാണ്
2. ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ല
3. രാസവത്തിന്റെ ഉയർന്ന വില
4. ജൈവവളങ്ങളുടെ കുറവ്
5. ജലസേചനത്തിന്റെ കുറവ്
6. തോടു നികത്തി റോഡാക്കിയതിനാൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം
7. കൃഷിഭവനിൽ നിന്നും ശരിയായ രീതിയിൽ സഹായം ലഭിക്കാത്തത്
8. മണ്ണു പരിശോധന നടത്താത്തതിനാൽ വള പ്രയോഗത്തിലുള്ള നഷ്ടം
9. പാട ശേഖര സമിതികൾ പ്രവർത്തനക്ഷമമല്ല.

*തെങ്ങുകൃഷി*

പട്ടിക 3.1.4 ൽ നിന്നും വ്യക്തമായതു പോലെ വെള്ളനാട്ടെ പ്രധാന വിളകൾ കൃഷി ചെയ്യുന്നതിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 53 ശതമാനത്തിലേറെ തെങ്ങുകൃഷിയാണ്. വെള്ളനാട്ടെ തെങ്ങിന്റെ ഉതാപാദനക്ഷമത കൃഷിഭവന്റെ കണക്കനുസരിച്ച് ഒരു തെങ്ങിന് 30 തേങ്ങ എന്നതാണ്. ഇതു സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. പട്ടിക 3.1.10 ൽ വാർഡുതിരിച്ചുള്ള കായ്ക്കുന്നതും കായ്ക്കാത്തതുമായ തെങ്ങുകളുടെ എണ്ണവും അവയുടെ ഭൂവിസ്തൃതിയും കൊടുക്കുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക-10 കാണിക്കുന്നത് വെള്ളനാട്ട് ഏറ്റവും കൂടുതൽ തെങ്ങുകൃഷി ചെയ്യുന്നത് 11-ാം വാർഡും തൊട്ടടുത്ത്9-ാം വാർഡുമാണ് ഏറ്റവും കുറച്ച് തെങ്ങുകൃഷി നടത്തുന്നത് 46 ഹെക്ടർ മാത്രമുള്ള ഏഴാം വാർഡാണ് മൊത്തം ഉള്ള തെങ്ങുകളിൽ രോഗം ബാധിച്ചവയുടെ ശതമാനം ഏറ്റവും കുറഞ്ഞ പ്രദേശം തെങ്ങ് കൃഷിക്ക് അനുയോജ്യ മായ തും ഏറ്റവും കൂടിയ ശതമാനമുള്ള വാർഡ് തെങ്ങ് കൃഷിയ്ക്ക് വളരെ മോശമായിട്ടുള്ള കാലാവസ്ഥ ഉള്ളതുമായിട്ട് കണക്കാക്കുകയാണെങ്കിൽ ഈ പഞ്ചായത്തിൽ 2.2 ശതമാനം തെങ്ങുകൾ അസുഖം ബാധിച്ചതാണെങ്കിൽ അഞ്ചാം വാർഡിലാകട്ടെ 7% ത്തിൽ കൂടുതൽ തെങ്ങുകളും അസുഖം ബാധിച്ചതാണ്. പ്രധാനമായും ബാധിക്കുന്ന അസുഖം വേരുചീയലും (റൂട്ട്‌വെൽറ്റ്) ഇല ഉണങ്ങലും (Leaf roat) ആണ് തെങ്ങ് കൃഷിയ്ക്ക് അനുയോജ്യമായ പ്രദേശം 11-ാം വാർഡും രണ്ടാം സ്ഥാനം ഒന്നാം വാർഡിനും മൂന്നാം സ്ഥാനം ഒൻപതാം വാർഡിനുമാണ്. ഈ മൂന്ന് വാർഡുകളിലും

;പട്ടിക 3.1.10

തെങ്ങുകൃഷിയുടെ ഭൂവിസ്തൃതി കായ്ഫലമുള്ളതും കായ്ഫലമില്ലാത്തവയുടെയും എണ്ണം

| വാർഡ് നമ്പർ | ഭൂവിസ്തൃതി ഹെക്ടർ | കായ്ഫലമുള്ളത് | കായ്ഫലമില്ലാത്തത് | മൊത്തം | അസുഖം ബാധിച്ച തെങ്ങ് |
|---|---|---|---|---|---|
| 1 | 55 | 11200 | 4028 | 152.28(276.8) | 120(.78) |
| 2 | 76 | 15400 | 5117 | 20517(269.96) | 289(1.41) |
| 3 | 106 | 20800 | 11105 | 31905(300.99) | 372(1.16) |
| 4 | 130 | 23000 | 16303 | 39303(302.33) | 660(1.67) |
| 5 | 58 | 11711 | 4300 | 16011(276.05) | 1148(7.17) |
| 6 | 102 | ലഭ്യമല്ല | ലഭ്യമല്ല | 31317(307.02) | 465(1.48) |
| 7 | 46 | 8635 | 3500 | 12135(263.80) | 242(1.99) |
| 8 | 88 | ലഭ്യമല്ല | ലഭ്യമല്ല | 25178(297.47) | 938(3.58) |
| 9 | 138 | ലഭ്യമല്ല | ലഭ്യമല്ല | 50784(368) | 436(.85) |
| 10 | 82 | 2070 | 4000 | 24701(301.23) | 502(2.03) |
| 11 | 156 | 42875 | 28000 | 50875(326.12) | 68(.13) |

കുറിപ്പ് 1). ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന സംഖ്യകൾ കാണിക്കുന്നത് ഓരോ വാർഡിലുമുള്ള തെങ്ങുകളുടെ എണ്ണത്തിൽ അസുഖം ബാധിച്ചവയുടെ ശതമാന കണക്കാണ്. 2) ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന അക്കങ്ങൾ ഒരു ഹെക്ടറിലുള്ള തെങ്ങുകളുടെ എണ്ണം സൂചിപ്പിക്കുന്നു.

അവലംബം കൃഷിഭവൻ, വെള്ളനാട്.

വെള്ളനാട്ടെ മറ്റു സ്ഥാപനങ്ങൾ നൽകിയ കാർഷികവായ്പ

| വർഷം | സർവ്വീസ് സഹകരണ ബാങ്ക് കൊടുത്ത തുക | സിൻഡിക്കേറ്റ് ബാങ്ക് കൊടുത്ത തുക |
|---|---|---|
| 91-92 | 1966015 | 10ലക്ഷം |
| 92-93 | 1271963 | 5ലക്ഷം |
| 93-94 | 1347076 | 8ലക്ഷം |
| 94-95 | 1376560 | 20ലക്ഷം |
| 95-96 | 1518120 | 20 ലക്ഷം |

മൊത്തം തെങ്ങുകളുടെ എണ്ണത്തിന്റെ 1% ത്തിൽ കുറവുമാത്രമാണ് അസുഖം ബാധിച്ചവയുടെ എണ്ണം കൃഷി ഭവനിന്റേയും കാർഷിക വിദഗ്ദ്ധൻമാരുടെയും മേൽനോട്ടത്തിൽ അഞ്ചാം വാർഡിലെ തെങ്ങുകൾക്ക് കണ്ടുവരുന്ന വർദ്ധിച്ച രോഗ നിരക്ക് പരിശോധിക്കേണ്ടതാണ്.

നെഴ്സറികൾ

ഉത്പാദന ശേഷി കൂടിയ വിത്തിനങ്ങൾ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അങ്ങനെ കൃഷിയിൽ നിന്നുള്ള അറ്റാദായം കൂട്ടാനും അത്യന്താപേഷിതമാണ്. കൃഷിഭവനിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ വിത്തിനങ്ങളാണ് വെള്ളനാട്ടെ കർഷകർക്ക് നെല്ല്, തെങ്ങ്,പയറുവർഗ്ഗങ്ങൾ,തുടങ്ങിയവിളകൾക്ക് കിട്ടുന്ന പുതിയതരംനടീൽവസ്തുക്കൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നാല് റബ്ബർ നെഴ്സറികളും വെള്ളനാട്ട് ഉണ്ട് എന്നത് പ്രശംസനീയമാണ്. അതുപോലെ തന്നെ ഓൻക്കിഡ്പോലുള്ള പുഷ്പകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നെഴ്സറികളും അടുത്തകാലത്ത് ഉണ്ടായി. എന്നാൽ സംഘടിതമായ രീതിയിൽ നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും ന്യായമായവിലയ്ക്ക് പ്രധാനപ്പെട്ട കാർഷിക വിളകളുടെ വിത്തിനങ്ങൾ യഥാസമയത്ത് എത്തിച്ചു കൊടുക്കുന്നതിനു വേണ്ടിയുള്ള സമ്പ്രദായം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

## ജലസേചനം

കരമനയാറിൽ ചുറ്റപ്പെട്ടുകിടക്കുന്ന ഗ്രാമമാണ് വെള്ളനാട് പഞ്ചായത്തെങ്കിലും സ്ഥായി ആയ രീതിയിൽ ആറ്റിലേയ്ക്കും കടലിലേയ്ക്കും ഒഴുകിപോകുന്ന ജലം തടഞ്ഞു നിർത്തി കൃഷിക്കു ഉപയോഗപ്രദമായ രീതിയിൽ ജനസേചനം നടത്തുവാനുള്ള ശ്രമം വെള്ളനാട്ട് ഇതുവരെ ഉണ്ടായിട്ടില്ല. വെള്ളനാട്ടെ വിവിധ പഞ്ചായത്ത് കുളങ്ങളിലും പമ്പുസെറ്റുകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ പ്രവർത്തന യോഗ്യമല്ല. പ്രധാനമായും മഴ യെ മാത്രം ആശ്രയിച്ചാണ് ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബറിൽ തുടങ്ങി നവംബറിൽ അവസാനിക്കുന്ന തുലാവർഷവുമാണ് മഴ ലഭിക്കുന്ന രണ്ടു പ്രധാന ഘട്ടങ്ങൾ.

വെള്ളനാട്ട് ലഭിക്കുന്ന മഴയുടെ തോത് മില്ലിമീറ്റർ അടിസ്ഥാനത്തിൽ പട്ടിക 3.1.11 ൽ കൊടുത്തിരിക്കുന്നു. പട്ടിക 3.1.11 വെള്ളനാട് ലഭിക്കുന്ന മഴയുടെ തോത്.

വെള്ളനാട്ടെ എല്ലാ വാർഡുകളിലും ഒന്നും അതിൽകൂടുതലും തോടുകൾ ഉള്ളവയാണ്. എന്നാൽ ഈ തോടുകളിൽ ഒന്നും തന്നെ ചിറപ്പുകൾ നിർമ്മിച്ചിട്ടില്ലാത്തതിനാൽ ജൂലൈ മുതൽ ഫെബ്രുവരി വരെ സമയത്ത് വരൾച്ച അനുഭവപ്പെടാറുണ്ട്. വെള്ളനാട്ടുള്ള മൊത്തം തോടിന്റെ നീളം 15 കി.മി. വരും എന്നാൽ അടുത്തകാലത്തായി കണ്ടുവരുന്ന പ്രവണത റോഡിന്റെ വീതിക്കുട്ടുന്നതിനും മറ്റു പൊതു നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി തോടിന്റെ വീതി കുറയ്ക്കുന്നതായിട്ടാണ് കൂടാതെ പല

3.1.11അടിസ്ഥാനത്തിൽ പട്ടിക 3.1.11ൽകൊടുത്തിരിക്കുന്നു.
വെള്ളനാട് ലഭിക്കുന്ന മഴ തോത്

| ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോബർ | | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 91 | 51.2 | 13.4 | 68.52 | 110.99 | 238.2 | 1026.86 | 426.1 | 214.6 | 56 | 450.76 | 28.04 | 45.22 |
| 92 | 1.2 | - | - | 132.82 | 325.54 | 570.19 | 334.79 | 114.9 | 245.6 | 529 | 587.6 | 24.76 |
| 93 | - | 5.4 | 120.45 | 126.88 | 212.23 | 456.58 | 448.11 | 82.4 | 11.08 | 603.64 | 461.4 | 137.2 |
| 94 | 20.14 | 51 | 6.6 | 210.14 | 281.1 | 322.64 | 368.43 | 257.89 | 179.6 | 537.7 | 350.6 | 109.2 |
| 95 | 10.6 | 13.2 | 100.2 | 343.6 | 465.3 | 271.9 | 220.36 | 168.8 | 186.61 | 233.6 | 388.62 | - |
| 96 | 39.16 | 11.8 | 484 | 305.8 | 56.67 | 444.4 | 256.6 | 98.8 | 149.8 | 861.8 | 174.4 | - |

തോടുകളും നികത്തി റോഡാക്കിയത് ജലസേചന സൗകര്യങ്ങളുടെ അളവു കുറച്ചു എന്നുമാത്രമല്ല മഴ സമയത്ത് നെൽപ്പാടങ്ങളിൽ വെള്ളം കയറുന്നതിനും ഇടയാക്കി. ഉദാഹരണത്തിന് മൗലിക്കോണം പോങ്ങറ ഭാഗത്തെ തോടു നികത്തിയതും, പെരിഞ്ഞാറമൂല കണ്ണംപ്പള്ളി തോടു നികത്തിയതും ഈ ഭാഗത്തെ കൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

വെള്ളനാട്ട് മൊത്തമുള്ള 11 വാർഡുകളിൽ 10 വാർഡുകളിൽ 10 സെന്റിനും 20 സെന്റിനും ഇടയിൽ വിസ്തൃതിയുള്ള 17 കുളങ്ങൾ ഉണ്ട്. 20 സെന്റ് മുതൽ 30 സെന്റ് വരെ വിസ്തൃതിയുള്ള 11 കുളങ്ങൾ വേറെയുണ്ട്. കൂടാതെ 30 40 സെന്റു വരെ വിസ്തൃതിയുള്ള ഒരു വലിയ കുളം 6 ാം വാർഡിലും ജലസേചന സൗകര്യത്തിന് ഉപയോഗിക്കാവുന്ന 22 പൊതു കിണറുകൾ എല്ലാ വാർഡിലുമായിട്ടാണ്. പട്ടിക 3.1.12 ൽ കുളങ്ങളുടേയും കിണറുകളുടേയും വാർഡ് തിരിച്ച വിവരങ്ങൾ കൊടുക്കുന്നു. തോടുകൾ 3.1.13 എന്ന പട്ടികയിൽ നോക്കുക.

പട്ടിക 3.1.12 കുളങ്ങൾ കിണറുകൾ

| വാർഡ് | പൊതു കിണറുകൾ | കുളങ്ങൾ |
|---|---|---|
| 1 | 1 | 3 |
| 2 | 2 | 1 |
| 3 | 1 | 2 |
| 4 | 1 | 2 |
| 5 | 2 | 3 |
| 6 | 4 | 2 |
| 7 | 3 | 2 |
| 8 | 3 | 2 |
| 9 | - | 4 |
| 10 | 4 | 4 |
| 11 | 1 | 4 |
| ആകെ | 22 | 29 |

അവലംബം പഞ്ചായത്ത് വക Ref: A 11J

പട്ടിക 3.1.13 തോടുകളേ സംബന്ധിച്ച വിവരങ്ങൾ

| പേര് | നീളം |
|---|---|
| വെള്ളനാട് തോട് | 4km |
| പുനലാൽതോട് | 5.7km |
| വാളിയറ തോട് | 2.5km |
| പുതുക്കുളങ്ങരതോട് | 1.37km |

*പ്രശ്നങ്ങൾ*

നെൽകൃഷിയുടെ ഭൂ വിസ്തൃതി കുറയുന്നു. ഇതിനുകാരണം നെൽകൃഷി ചെയ്യുന്നത് കടുത്ത നഷ്ടത്തിന് അവസാനിക്കുന്നതുകൊണ്ടാണ്. ആവശ്യാനുസരണം തൊഴിലാളികളെ കിട്ടാത്തതും പഴഞ്ചൻ കൃഷി സമ്പ്രദായങ്ങൾ പിൻതുടരുന്നത് പ്രത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭിക്കാത്തതും. നെല്ലിന്റെ വില രാസവളത്തിന്റെ വിലയും തൊഴിലാളിയുടെ കൂലിയും കൂടിയത് അനുസരിച്ച് വർദ്ധിക്കാത്തതാണ് നെൽകൃഷി നഷ്ടത്തിന് കാരണം.

2. തെങ്ങ് ഈ പഞ്ചായത്തിലെ പ്രധാന വിളയാണെങ്കിലു് അതിന്റെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ വളരെ പുറകിലാണ്. കൂടാതെ വേരു ചീയൽ, ഇല ഉണങ്ങൽ തുടങ്ങിയ രോഗങ്ങളും വ്യാപകമായി കണ്ടുവരുന്നു. കാർഷിഉല്പന്നങ്ങളിൽ വച്ച് വിലയിൽ ഏറ്റവും കൂടുതൽ ഏറ്റകുറച്ചിൽ ഉണ്ടാകുന്ന ഉല്പന്നങ്ങളിൽ ഒന്നാണ് തേങ്ങ. പ്രത്യേകിച്ചും തേങ്ങ കൂടുതലായി ലഭിക്കുന്ന സമയങ്ങളിൽ ഇത് തെങ്ങുകൃഷിയെ നഷ്ടത്തിലാക്കുന്നു.

3. നെൽപ്പാടങ്ങളിൽ ഇടവേളയിൽ വ്യാപകമായും കൃഷിചെയ്തിരുന്ന പയർ, ഉഴുന്ന്, പച്ചക്കറികൾ തുടങ്ങിയവ ഒരു പരിധിവരെ കർഷകർ ഉപയോഗിച്ചതുപോലെയാണ്. ഇതിനുകാരണം ഉല്പാദനം കൂടുതൽ ഉണ്ടാകുന്ന സമയങ്ങളിൽ അവ വിറ്റഴിക്കുന്നതിനുള്ള കമ്പോളം ഇല്ലാത്തതും ന്യായമായ വില കിട്ടാത്തതുമാണ്.

4. ഈ പഞ്ചായത്തിൽ നനവുള്ള പ്രദേശങ്ങളിൽ അടുത്തകാലത്തായി വ്യപകമായി കൃഷി ചെയ്തു വരുന്ന ഇഞ്ചി അസുഖം ബാധിച്ച് കർഷകനെ നഷ്ടത്തിലാക്കുന്നു. ഇതിനുവേണ്ട രീതിയിലുള്ള അന്വേഷണമോ നിർദ്ദേശങ്ങളോ ലഭിക്കുന്നില്ല.

5. അത്യുല്പാദനശേഷിയുള്ള വിത്തിനിങ്ങൾ കർഷകർക്ക് ന്യായമായ വിലയ്ക്ക് യഥാസമയത്ത് യെത്തിച്ചു കൊടുക്കാനുള്ള നഴ്സറികൾ ഇല്ലാത്തത് മറ്റൊരു പ്രധാന പ്രശ്നം.

6. വെള്ളനാട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന

ഒരു കൃഷി വിഖ്യാന കേന്ദ്രം (കെ.വി.കെ) ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇതുകൊണ്ട് വെള്ളനാട്ടെ കൃഷിക്കാർക്കോ മൊത്തമായുള്ള കൃഷിയുടെ അഭിവൃദ്ധിക്കോ യാതൊരു വിധ പ്രയോജനവും ലഭിക്കുന്നില്ല.

7. തോടുകൾ നികത്തി റോഡാക്കുന്നതും അവയുടെ വീതി കുറയ്ക്കുന്നതും മഴ സമയത്ത് കൃഷി ഭൂമിയിൽ വെള്ളം കയറുന്നതിനും അങ്ങനെ കൃഷി നശിക്കുന്നതിനും ഇടയാക്കുന്നു.

8. രാസവളത്തിന്റെ അമിതമായ ഉപയോഗം മണ്ണിന്റെ ഫലഭൂയിഷ്ടത കുറയ്ക്കുന്നു.. അതോടൊപ്പം ജൈവവളങ്ങളുടെ ലഭ്യതയും വളരെ കുറവാണ്.

9. കാർഷികാവശ്യത്തിനായി ഹ്രസ്വകാല വായ്പകളും ഇടക്കാല വായ്പകളും ലഭിക്കാത്തത് നാമമാത്ര ചെറുകിട കർഷകരെ കൊള്ള പലിശക്കാരുടെ വലയിൽ കുടുക്കി അമിതമായ ചൂഷണത്തിന് വിധേയമാക്കുന്നു.

10. ഓരോ വാർഡിലും, പ്രദേശത്തും മണ്ണു പരിശോധന നടത്താത്തിനാൽ വിവേചനപരമായ വളപ്രയോഗം കർഷകന് സാധ്യമല്ലാതെ വരുന്നു. ഇത് കർഷകന്റെ ഉല്പാദന ചെലവ് വർദ്ധിപ്പിക്കുന്നു.

11. വെള്ളനാട്ടെ ഓരോ വാർഡും പൊതു കിണറുകളും കുളങ്ങളും, തോടുകളും കൊണ്ട് സമൃദ്ധമാണെങ്കിലും വേനൽക്കാലകൃഷി മഴയത്ത് ലഭിക്കുന്ന ജലം തടഞ്ഞു നിർത്തി കൃഷിക്ക് ഉപയോഗപ്രദമാക്കാനുള്ള സംവിധാത്തിന്റേ ജൂലൈ മുതൽ ഫെബ്രുവരി മാസങ്ങളിൽ രൂക്ഷമായ വരൾച്ച നേരിടുന്നു.

12.ഈ പഞ്ചയത്തിൽ മരിച്ചീനി കൃഷി ക്രമേണ കുറഞ്ഞു വരുന്നതായി കാണുന്നു. ഇതിനുകാരണം മരച്ചീനിയുടെ വില ഉല്പാദന ചെലവിനെ അപേക്ഷിച്ച് കൂടാത്തതാണ് സാധാരണക്കരന്റെ ഭക്ഷ്യവസ്തുമായ മരച്ചിനിയുടെ ഉല്പാദനം കുറയുന്നത് ആളോഹരി ഭക്ഷോല്പാദനത്തിന്റെ ഉല്പാദനത്തെ ഗണ്യമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്.

*സാദ്ധ്യതകളും പരിഹാരങ്ങളും*

നെൽകൃഷി ലാഭകരമാക്കുന്നതിന് വേണ്ടി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. അതോടൊപ്പം തന്നെ ഇന്ന് നിർജീവമായി കിടക്കുന്ന പാടശേഖര സമിതികൾ ഊർജസ്വലമാക്കേണ്ടതാണ്. ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ പാടശേഖര സമിതികളുടെ കൂട്ടായ ശ്രമത്തിൽ നടപ്പിലാക്കുകയും അങ്ങനെ നെൽകൃഷി നേരിടുന്ന തൊഴിലാളികളുടെ ലഭ്യത കുറവ് എന്ന പ്രശ്നം പരിഹരിക്കുകയും ചെയ്യാം. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം എത്തിക്കുന്ന നെഴ്സറികൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ തുടങ്ങേണ്ടതാണ്. നെല്ലിന്റെ വിളവെടുപ്പ് സമയത്ത് കമ്പോള സഹകരണ സംഘങ്ങൾ വഴി മിനിമം ലാഭം ഉറപ്പു വരുത്തുന്ന ഒരു വില നിശ്ചയിക്കുകയും ആ വിലയ്ക്ക് കമ്പോളത്തിലെത്തുന്ന നെല്ല് മുഴുവൻ ശേഖരിക്കപ്പെടുന്ന സമ്പ്രദായവും പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. ഇതോടൊപ്പം തന്നെ നെൽപ്പാടങ്ങളിൽ നെൽകൃഷി ചെയ്യേണ്ട സമയത്ത് മറ്റു കൃഷികൾ ചെയ്യുന്നത് പാടശേഖര സമിതികളുടെ മേൽ നോട്ടത്തിലോ നിയമണ മൂലമോ കർശനമായി നിരോധിക്കണം.

2. തെങ്ങ് കൃഷി ലാഭകരമാക്കാൻ വേണ്ടി ഓരോ പ്രദേശത്തും തെങ്ങിന് യോജിച്ച ഇടവിളകൾ കൃഷി വിദഗ്ദ്ധരുടെ സഹായത്തോടുകൂടി കണ്ടെത്തുകയും പ്രചരിപ്പിക്കുകയും വേണം. തെങ്ങിന് ഉണ്ടാകുന്ന പ്രധാനപ്പെട്ട രോഗങ്ങൾ യഥാസമയം കണ്ടെത്തി അവ പരിഹരിക്കുന്നതിന് കൃഷി ഭവനെ കൊണ്ട് മുൻകൈയെടുപ്പിക്കണം. തേങ്ങയുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മാറ്റിയെടുത്ത് വിലനിലവാരം സ്ഥിരമായി നിലനിർത്തുന്നതിന് വേണ്ടി പഞ്ചായത്തു തലത്തിൽ തന്നെ തേങ്ങ ശേഖരിക്കുന്നതിനും ആവശ്യമെങ്കിൽ അവ സംസ്ക്കരിച്ച് സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഉണ്ടാകണം. തേങ്ങയിൽ നിന്നും ഉണ്ടക്കുന്ന ഉത്പന്നങ്ങൾക്ക് വ്യാവസായികാടി സ്ഥാനത്തിൽ ഉള്ള കമ്പോളങ്ങൾ വികസിപ്പി ച്ചെടു ക്കുന്നതിനും തേങ്ങയുടെ കമ്പോള സാധ്യത വർദ്ധിപ്പിക്കും. ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളുള്ള തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി ട്രിപ്പ് ജലസേചന സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

3. നെൽപ്പാടങ്ങളിൽ ഇടവേളയിൽ കൃഷിചെയ്ത്

വന്നിരുന്ന പയർ, ഉഴുന്ന്, പച്ചക്കറികൾ, മറ്റുവിളകൾ മുതലായവയുടെ ഉത്പാദനം കുറയുന്നതിനുള്ള പ്രധാന കാരണം കമ്പോള സൗകര്യമില്ലാത്തതും അതിന്റെ ഫലമായി ന്യായമായ വില ലഭിക്കാത്തതുമാണ്. ഇതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ സൊസൈറ്റികളിലൂടെ നഗരപ്രദേശങ്ങളിലെ കമ്പോളത്തിൽ എത്തിക്കുന്നതിനും കർഷകന് ന്യായമായ വില കിട്ടുന്നതിനുമുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാകേണ്ടതാണ്.

4. ഇഞ്ചി, വാഴ തുടങ്ങിയ ഹ്രസ്വകാല വിളകൾക്ക് പ്രകൃതിക്ഷോഭം മൂലമോ മറ്റേതെങ്കിലും തരത്തിലുള്ള അസുഖമോ ബാധിച്ച് കർഷകന് ഭീമമായ നഷ്ടം വരുത്തുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി കാർഷിക ഇൻഷുറൻസ് പദ്ധതിയെകുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുകയും പ്രചരിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

5. വെള്ളനാട്ടെ കൃഷിഭവന്റെ പ്രവർത്തനത്തിന്റെ ഇന്നുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനും കൃഷിക്കാരന് ആവശ്യമായ സഹായങ്ങൾ യഥാസമയം എത്തിക്കുന്നതിനും പദ്ധതികൾ ജനകീയാടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കണം.

6. തോടുകൾ നികത്തി റോഡാക്കുന്നതും, തോടിന്റെ വീതി കുറയ്ക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ കർശനമായി നിരോധിക്കുകയും, നിമ്നോന്നതമായ ഭൂമികളിൽ ബണ്ടുകൾ കെട്ടി മണ്ണൊലിപ്പ് തടയുകയും വേണം.

8. കാർഷികാവശ്യത്തിനായി കൃഷിക്കാർക്ക് യഥാസമയത്ത് ആവശ്യാനുസരണം വായ്പ ലഭ്യമാക്കുന്നതിനും വേണ്ടി നിലവിലുള്ള സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിന്റെ ന്യൂനതകൾ പരിഹരിച്ച് അതിനെ പുനരുജ്ജീവിപ്പിക്കുന്നു.

9. ജലസേചന സൗകര്യം വർദ്ധപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് കുളങ്ങളിൽ പമ്പുസെറ്റുകൾ ഘടിപ്പിക്കുകയും അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ വേണ്ട സംവിധാനങ്ങൾ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ ചെയ്യേണ്ടതുമാണ്. തോടുകളിൽ ചിറപ്പുകൾ കെട്ടി വേനൽകാല വരൾച്ചയെ നേരിടാം.

10. മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സബ്സിഡി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളെ കുറിച്ച് ആലോചിക്കുന്നതോടൊപ്പം തന്നെ, വ്യാവസായികാടിസ്ഥാനത്തിൽ മരച്ചീനി സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്. ഇത് മരച്ചീനിയുടെ നിലവാരം ഉയർത്തുകയും കൃഷി ലാഭകരമാക്കുകയും ചെയ്യും.

11. കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായും പഞ്ചായത്തിന്റെ കീഴിൽ ആയതിനാൽ, ഇനിയുള്ള പ്രവർത്തനങ്ങൾ മെച്ചമായിരിക്കുമെന്ന് പ്രത്യാശിക്കുന്നു.

1950 ന് മുമ്പ് വെള്ളനാട് പഞ്ചായത്തിൽ നിലനിന്നിരുന്ന ഭൂവിതരണക്രമം പരിശോധിച്ചാൽ കാണാൻ സാധിക്കുന്നത് ഈ പ്രദേശത്തെ മൊത്തം കൃഷിഭൂമിയിൽ ഭൂരിഭാഗവും നാല് മംഗങ്ങളുടെ കൈവശമായിരുന്നു. വെളിയന്നൂർ പ്രദേശം മുഴുവനും വെളിയന്നൂർ മഠത്തിന്റേയും, ഇന്നത്തെ മുണ്ടേല ഭാഗം കല്ലറമഠത്തിന്റേയും, വാളിയറ പ്രദേശത്തെ കൃഷിഭൂമി വാളിയറ മഠത്തിന്റേയും പുനലാൽ കരിമം കോടു ഭാഗത്തുള്ളവ പുനലാൽ മഠത്തിന്റേയും കൈവശമായിരുന്നു. കൂടാതെ മൗലിപ്പെറ്റ, ഉറിയാക്കോട്, കടുക്കാമൂട്, കുതിരകളം തുടങ്ങിയ ഭാഗത്തുള്ള കൃഷി ഭൂമി മുഴുവനും മൗവറ രാമൻപിള്ള എന്ന വ്യക്തിയുടെ കൈവശമമുണ്ടായിരുന്നു. ഇവ കൂടാതെ അന്നുണ്ടായിരുന്ന തഹസീൽദാരെ സ്വാധീനിച്ച് ഭൂമി കൈവശപ്പെടുത്തിയ ചാവടി ആഫീസിലെ (ഇന്നത്തെ വില്ലേജാഫീസ്) അധികാരി ഉദ്യോഗം ഉണ്ടായിരുന്ന കുറച്ചു ഭൂജന്മിമാരും ഈ പ്രദേശത്തെ കൃഷി ഭൂമിയുടെ നല്ലൊരു ഭാഗം കൈവശം വച്ചിരുന്നു. ഇവരിൽ പ്രധാനപ്പെട്ടവർ തുമ്പറവീട്ടിലെ മാർത്താണ്ഡൻപിള്ള അധികാരി, പായിത്തല അധികാരി, വാറുളാത്ത് അധികാരി തുടങ്ങിയവരായിരുന്നു. ഇവർക്കുപുറമേ അമ്പലവാസി വിഭാഗത്തിൽ പ്പെട്ട ഇന്നത്തെ പേരൂർക്കട ഭാഗത്തുള്ള പേരൂർ വാര്യം എന്ന വ്യക്തിയ്ക്കും വെള്ളനാട്ടെ കൃഷിഭൂമിയിൽ നല്ലൊരു ഭാഗമുണ്ടായിരുന്നു.

1950 ന് ശേഷമുള്ള ചരിത്രം പരിശോധിച്ചാൽ കാണുന്നത് മുൻപ് നിലനിന്നിരുന്ന ഭൂവിതരണക്രമത്തിലെ രൂക്ഷമായ അസമത്വം ഒരു പരിധിവരെ കുറയുകയും ഏകദേശം 100 ഏക്കറോളം ഭൂമി മാത്രം കൈവശം വരുന്ന വിവിധ കുടുംബങ്ങളുടെ കൈവശം വെള്ളനാട്ടെ കൃഷി ഭൂമിയുടെ നല്ലൊരു ശതമാനം ഉണ്ടായിരുന്നതായിട്ടാണ്(പട്ടിക 3)

## 3.2
# മൃഗപരിപാലനം, മത്സ്യബന്ധനം

വെള്ളനാട്ടെ മൊത്തം ജോലി ചെയ്യുന്നവരിൽ കൃഷിക്കാരുടേയും കർഷക തൊഴിലാളികളുടേയും എണ്ണം ജില്ലാ ശരാശരിയേക്കാൾ കൂടുതലാണെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ? അതുപോലെ തന്നെ വെള്ളനാട്ടെ മൊത്തം കുടുംബങ്ങളിൽ 3189 എണ്ണം സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് തന്നെ ദാരിദ്ര രേഖയ്ക്ക് താഴെ ഉള്ളവരാണ്. ഇത് മൊത്തം കുടുംബങ്ങളിൽ 57%ൽ കൂടുതൽ വരും. വെള്ളനാട്ട് 677 കർഷക തൊഴിലാളി കുടുംബങ്ങളാണ് ഉള്ളതെങ്കിലും വാർഷിക വരുമാനം 4000 രൂപയിൽ കുറവുള്ളവരാണ് 2950 കുടുംബങ്ങളും മുകളിൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. മൃഗ പരിപാലനം പോലെയുള്ള ഒരു ഉപതൊഴിലിന്റെ സാമൂഹ്യ പ്രാധാന്യമാണ്.

പട്ടിക 3.2.1 വെള്ളനാട്ടെ വളർത്തു മൃഗങ്ങളെക്കുറിച്ചുള്ള കണക്ക്
(1987ലെ സെൻസസ് പ്രകാരം

| മൃഗങ്ങൾ/പക്ഷികൾ | ഉത്പാദന ക്ഷമത | നാടൻ ഇനം | മൊത്തം |
|---|---|---|---|
| പശു | 3095 | 1141 | 4236 |
| കാള | 201 | 112 | 313 |
| എരുമ | ലഭ്യമല്ല | 1180 | 1180 |
| പോത്ത് | " | 148 | 148 |
| ചെമ്മരിയാട് | ലഭ്യമല്ല | 93 | 93 |
| ആട് (ആൺ) | ലഭ്യമല്ല | 376 | 376 |
| ആട് (പെൺ) | ലഭ്യമല്ല | 1774 | 1774 |
| പന്നി | ലഭ്യമല്ല | 53 | 53 |
| പട്ടി | ലഭ്യമല്ല | 2054 | 2054 |
| കോഴി | 3115 | 17344 | 20459 |
| താറാവ് | ലഭ്യമല്ല | 38 | 38 |

1996 ലെ കന്നുകാലി സെൻസസ് പ്രകാരം ഏകദേശം 4000 ഓളം കന്നുകാലികൾ ഈ പഞ്ചായത്തിൽ ഉണ്ട്. കന്നുകാലികളുടെ ഇനം തിരിച്ചുള്ള വിവരങ്ങളാണ് പട്ടിക 3.2.1ൽ കൊടുത്തിരിക്കുന്നത് നെൽകൃഷി വളരെ പ്രചാരത്തിലുണ്ടായിരുന്ന കാലഘട്ടത്തിൽ മിക്കവാറും എല്ലാ കർഷക കുടുംബങ്ങളിലും ഉഴവു മാടുകളെ വളർത്തിയിരുന്നു എന്നാൽ ഇന്ന് പാൽ ഉല്പാദനത്തിൽ മാത്രം കേന്ദ്രീകരിച്ചുള്ള ഒരു കന്നുകാലി വളർത്തൽ സംമ്പ്രദായമാണ് ഇവിടെ കാണുന്നത്. അതായത് ഉപോത്പന്നങ്ങളായ ഇറച്ചി, തുകൽ, എല്ല്, തുടങ്ങിയവയുടെ സംസ്കരണമോ വിപണനമോ തുലോം പരിമിതമാണ്.

വെള്ളനാട് പഞ്ചായത്തിലെ ഇന്നു കാണുന്ന രീതിയിലുള്ള ആനന്ദ് മാതൃക പാൽ ഉത്പാദന സഹകരണ സംഘങ്ങൾ വരുന്നതിന് മുമ്പുണ്ടായിരുന്ന ക്ഷീര വ്യവസായ സഹകരണം സംഘം വളരെ ഫലപ്രദമായി പ്രവർത്തിച്ചു

വന്നിരുന്നു. സംഘത്തിന്റെ കീഴിലുള്ള പാൽ കറവ തൊളിലാളികൾ ഓരോ വീട്ടിലും രാവിലെയും വൈകുന്നേരവും പോയി പാൽ കറന്ന് ശേഖരിച്ച് കർഷകന് കൊടുത്തിട്ടുള്ള കാർഡിൽ അളവ് വരവ് വെച്ചശേഷം ക്ഷീര വ്യവസായ സംഘത്തിൽ വിൽക്കുകയാണ് പതിവ്. സ്വന്തമായി കന്നുകാലികളെ കറന്നിരുന്ന കൃഷിക്കാർ നേരിട്ട് സംഘത്തിൽ പാൽ എത്തിച്ചിരുന്നു. ഇന്നത്തെ സംമ്പ്രദായത്തിന് നേരെ വിപരീതമായി പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെ അടിസ്ഥാനത്തിലല്ല അന്ന് പാലിന്റെ വില നിശ്ചയിച്ചിരുന്നത്. കൂടാത് എല്ലാ തരത്തിലുള്ള പാലിനും ഒരു ന്യായമായ വില കർഷകന് ഉറപ്പുവരുത്തിയിരുന്നു. പരമ്പരാഗതമായി കറവ മാടുകളെ വളർത്തുന്ന വെള്ളനാട്ടെ വിവിധ വാർഡുകളിലെ കർഷകരുമായുള്ള അഭിമുഖത്തിൽ നിന്നും വെളിപ്പെട്ടത് ഒന്നോ രണ്ടോ കറവമാടുകളെ വളർത്തി മാത്രം ഇന്നത്തെ രീതിയിലുള്ള APCOS ക്ഷീരസംഘങ്ങൾ വരുന്നതിന് മുമ്പ് അഞ്ചോ ആറോ അംഗങ്ങളുള്ള കുടുംബത്തിന് നിത്യവൃത്തി കഴിക്കാമായിരുന്നു.

വെള്ളനാട് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഡയറി എസ്റ്റൻഷൻ സർവ്വീസ് ആഫീസാണ് ഈ പഞ്ചായത്തിലെ മൂന്ന് ക്ഷീരസംഘങ്ങളുടെയും മേൽ നോട്ടം വഹിക്കുന്നത്. താഴെ പറയുന്നവയാണ് മൂന്ന് ക്ഷീരസംഘങ്ങൾ.

1. വെള്ളനാട് ക്ഷീരസംഘം

2. വാളിയറ ക്ഷീരസംഘം

3. ചെറുകുളം ക്ഷീരസംഘം

ക്ഷീര കർഷകർക്ക് ശാസ്ത്രീയ പാൽ ഉല്പാദനത്തെക്കുറിച്ച് അറിവ് പകരുക, ചെറുകിട നാമമാത്ര കർഷകരെയും കർഷക തൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക കാലി വളർത്തൽ മുഖ്യ തൊഴിലോ ഉപതൊഴിലായോ സ്വീകരിക്കുന്നവരെ പ്രോൽസാഹിപ്പിക്കുക എന്നിവയാണ് ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം.

വെള്ളനാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് ക്ഷീര സംഘങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുകയും വിപണനം നടത്തികയും ചെയ്യുന്നത് വെള്ളനാട് ക്ഷീരസഹകരണ സംഘമാണ്. കഴിഞ്ഞ ജൂലൈ മുതൽ ഒക്ടോബർ വരെ മാസങ്ങളിൽ മുകളിൽ പറഞ്ഞ മൂന്ന് സംഘങ്ങളും ശേഖരിച്ച പാലിന്റെ കണക്കാണ് പട്ടിക 3.2.2ൽ കൊടുത്തിരിക്കുന്നത്.

പട്ടിക 3.2.2 പാൽ ശേഖരണം [പാൽ ലിറ്ററിൽ]

| മാസം | വെള്ളനാട് ക്ഷീരവ്യവസായ സംഘം | വാളിയറ ക്ഷീര വ്യവസായ സംഘം | ചെറുകുളം ക്ഷീര വ്യവസായ സംഘം |
|---|---|---|---|
| ജൂലൈ | 724.5 | 222.86 | 53 |
| ആഗസ്റ്റ് | 614 | 222.8 | 53 |
| സെപ്റ്റംബർ | 695.5 | 234 | 53 |
| ഒക്ടോബർ | 595 | 284 | 53 |

വെള്ളനാട് ***** ക്ഷീരസംഘം സ്ഥാപിക്കുന്നത് 1982 ലാണ് ഈ സംഘം വഴി ശേഖരിക്കുന്ന പാലിന് വില നിശ്ചയിക്കുന്നത് പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിൻെറ അളവിലാണ് ഇപ്പോൾ പ്രസ്തുത സംഘങ്ങൾ 1 ലിറ്റർ പാലിന് കൊടുക്കുന്ന ഏറ്റവും കുറഞ്ഞ 4 രൂപ 50 പൈസയും ഏറ്റവും കൂടിയ വില 12 രൂപ 48 പൈസയുമാണ്. 1996 ഡിസംബർ മാസം 3 തീയതി വെള്ളനാട് ക്ഷീരസംഘം ശേഖരിച്ച് മൊത്തം പാലിന്റെ അളവും കർഷകന് കൊടുത്ത വിലയിൽ സംഘം പുറത്തു വിറ്റ പാലിന്റെ വിലയുമാണ് പട്ടിക 3.2.3 കൊടുത്തിരിക്കുന്നത്.

പട്ടിക 3.2.3 വെള്ളനാട് ക്ഷീര വ്യവസായ സഹകരണ സംഘം ശേഖരിച്ച പാലിന്റെ കണക്ക ഡിസംബർ3 1996

പട്ടിക 3.2.3 വെള്ളനാട് ക്ഷീര വ്യവസായ സഹകരം സംഘം ശേഖരിച്ച പാലിൻെറ കണക്ക് ഡിസംബർ 3-1996

| രാവിലെ | | | | | | | വൈകുന്നേരം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ശേഖരിച്ച പാൽ | കർഷകന് കൊടുത്ത വില | പുറത്ത് വിറ്റത് | | ഡയറിയ്ക്ക് വിറ്റത് | | | ശേഖരിച്ച പാൽ | കർഷകന് കൊടുത്ത വില | പുറത്തു വിറ്റത് | | ഡയറിയ്ക്ക് വിറ്റത് | | |
| | | പാൽ | തുക | പാൽ | തുക | | | | പാൽ | തുക | പാൽ | തുക | |
| 343.700 | 2704.91 | 182.600 | 1826 | 161.100 | 1374.18 | | 228.900 | 1922.76 | 68.6 | 686.00 | 160.300 | 1417.05 | |

അവലംബം:കരോൽപാദക സഹകര ണസംഘം വെള്ളനാട്.

മുകളിൽ കാണിച്ചിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നതിന് വെള്ളനാട് സംഘത്തിൽ മാത്രം ഒരു ദിവസം ശരാശരി 676 രൂപയുടെ ലാഭവും, മാസം (30 ദിവസം ശരാശരി 20280 രൂപായുടെ ലാഭവും ഉണ്ടാകുന്നുവെന്നതാണ്. വർഷത്തേക്ക് ഏകദേശം 2 ലക്ഷത്തോളം രൂപയുടെ ലാഭവും ഉണ്ടാകുന്നുവെന്നതാണ്. വർഷത്തേത് ഏകദേശം 2½ ലക്ഷത്തോളം രൂപയുടെ ലാഭവും വരും (ഇതിൽ, ബോണസ്, ശമ്പളം തുടങ്ങിയവ കൂട്ടിയിട്ടില്ല.)

അവലംബം: കന്നുകാലിസെൻസസ് - 1987

വെള്ളനാട്ടെ വിവിധ വാർഡുകളിൽ പരമ്പരാഗതമായി കറവ പശുക്കളെ വളർത്തി ഉപജീവന മാർഗം കഴിക്കുന്ന കുടുംബങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് പട്ടിക 3-2-4ൽ കാണിക്കുന്നത്.

പട്ടിക 3.2.4 വെള്ളനാട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പാൽ ഉത്പാദകരിൽ നിന്നും ശേഖരിച്ച് വിവരമാണ് ചുവടെ ചേർക്കുന്നത്. മുന്തിയ ഇനത്തിൽപ്പെട്ടതും പത്ത് മീറ്റർ പാൽ ദിവസവും കിട്ടുന്ന ഒരു പശുവിൽ നിന്നുള്ള വരുമാനവും ചെലവും താഴെ കൊടുക്കുന്നു.

| വരവ് | പാൽ ലിറ്ററിൽ | വില രൂപ | ചെലവ് | തീറ്റ വയ്ക്കോൽ അളവ് | വില രൂപ | മൊത്തം ചെലവ് രൂപ |
|---|---|---|---|---|---|---|
| പാൽ | 10 | 80 | പിണ്ണാക്ക് | 2 kg | 12 X 2 | 24 |
| ചാണകം | | 7 | കാലിത്തീറ്റ<br>മരച്ചീനി<br>ഗോതമ്പ് / പുല്ല് | 4 kg<br>3kg<br>1kg | 6X 4<br>15 X 1 | 24<br>15 |
| | | | വയ്ക്കോൽ | 3 പിടി | 9 X 3 | 27 |
| | ആകെ വരവ് | 87 | മേൽനോട്ടം (കറവകൂലിഉൾപ്പെടെ) | | 25 | 25 |
| ആകെ ചിലവ് | | | | | | 115 |

നഷ്ടം = 115 – 87 = 28രൂപ

10 ലിറ്റർ പാൽ തരുന്ന ഒരു പശുവിനെ വളർത്തുന്ന കർഷകന് പട്ടിക 3-2-4 വ്യക്തമാക്കുന്നതു പോലെ ഒരു ദിവസം 28 രൂപയുടെ നഷ്ടവും ഒരു മാസത്തിൽ 840 രൂപയുടെ നഷ്ടവും ഉണ്ടാകുന്നു. വെള്ളനാട് പഞ്ചായത്തിൽ കന്നുകാലി വളർത്തൽ അതി രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ? കന്നു കാലി വളർത്തൽ നഷ്ടമാകാനുള്ള പ്രധാന കാരണം വ്യാവസായികോത്പന്നങ്ങളായ കാലിത്തീറ്റ, പിണ്ണാക്ക്,

തുടങ്ങിയവയുടെ വിലവർദ്ധനവിന് അനുസൃതമായി പാലിൻേറ വില ഉയർന്നില്ല എന്നതുതന്നെ കാരണം. കൂടാതെ നെൽ കൃഷി കുറഞ്ഞതു കാരണം വയ്ക്കോലിൻെറ ലഭ്യതയിലുണ്ടായ കുറവും മേച്ചിൽ പുറങ്ങളുടെ അഭാവവും തീറ്റപ്പുല്ലിൻെറ കുറവും പ്രധാന കാരണങ്ങളാണ്.

വെള്ളനാട് ഡയറി എക്സ്റ്റൻഷൻെറ കീഴിൽ പ്രവർത്തിക്കുന്ന കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളെ കൂടാതെ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയും വെള്ളനാട്ടുണ്ട്. ഇതു കൂടാതെ മിത്രാ നികേതൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയും, ഒരു കൃതൃമ ബീജ സങ്കലന കേന്ദ്രവും ഉണ്ട്. പ്രതിവർഷം ഏകദേശം 1000ഓളം കന്നുകാലികൾക്ക് ഇ പഞ്ചായത്തിൽ ബീജ സങ്കലനം നടത്തിവരുന്നു. മൃഗാശുപത്രി കൂടാതെ ഈ പഞ്ചായത്തിൽ ഒര ഉപകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. മൃഗാശുപത്രിയിൽ ഒരു വെറ്ററിനറി ഡോക്ടർ, അറ്റൻഡർ, ഒരു പാർടൈം സ്വീപ്പർ എന്നിവരാണ് ഉള്ളത്. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഉപകേന്ദ്രത്തിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട്ട് ടൈം സ്വീപ്പറുമാണ് ഉള്ളത്. വെള്ളനാട്ട് ഒരു പശു വളർത്തുന്നവരെ ബാധിക്കുന്ന ഒരു പ്രശ്നമാണ് വന്ധ്യത. ഇതിന് മറ്റ് പല കാരണങ്ങളും ഉണ്ടെങ്കിലും ശരിക്കും പരിശീലനം ലഭിക്കാത്തവർ നൽകുന്ന കൃതൃമ ബീജ സങ്കലനം, ചികിത്സ തുടങ്ങിയവ കാരണങ്ങളാണ്. ഈ പഞ്ചായത്തിൽ ഇപ്പോൾ നടക്കുന്ന പഞ്ചവത്സരക്കാലത്ത് താഴെപ്പറയുന്ന സ്കീമുകൾ നടപ്പിലാക്കി.

1. പ്രത്യേക കന്നുക്കുട്ടി പരിപാനം പദ്ധതി
2. വന്ധ്യതാ നിവാരണ ക്യാമ്പുകൾ
3. സൗജന്യ നിരക്കിൽ കോഴി വിതരണം
4. സൗജന്യ നിരക്കിൽ പേ വിഷ ബാധയ്ക്കെതിരെ കുത്തിവെയ്പ്
5. ഡയറി യൂണിറ്റുകളുടെ സ്ഥാപനം.

പട്ടിക 3-2-5 കാണിക്കുന്നത് APCOS ഉൾപ്പെടെയുള്ള വെള്ളനാട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ സംഭരിച്ച് വിതരണം നടത്തിയ പാലിൻെറ കണക്കാണ്.

പട്ടിക 3-25 വെള്ളനാട് ഗ്രാമ പഞ്ചായത്തിൽ സംഭരിച്ച് വിതരണം നടത്തിയ പാലിൻെറ അളവ്

| മൊത്തം ശേഖരിക്കുന്ന പാൽ | | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേയ്ക്ക് അയയ്ക്കുന്നത് |
|---|---|---|---|
| ഒക്ടോബർ 95 | 34999 | 6699 | 28300 |
| നവംബർ 95 | 31268.3 | 7114 | 24154.3 |
| ഡിസംബർ 95 | 340971 | 7678.4 | 26418.7 |
| ജനുവരി 96 | 30049.1 | 8925.3 | 21123.8 |
| ഫെബ്രുവരി 96 | 27551.1 | 9555.6 | 17995.5 |
| മാർച്ച് 96 | 29771 | 10876.4 | 18892.6 |
| ഏപ്രിൽ 96 | 31206.1 | 8780 | 22426.1 |
| മെയ് 96 | 32501.5 | 8562.2 | 23939.3 |
| ജൂൺ 96 | 29849.2 | 7963 | 21886.2 |
| ജൂലൈ 96 | 30803 | 7906.6 | 22896.4 |
| ആഗസ്റ്റ് 96 | 26779.2 | 9437.0 | 17342.2 |
| സെപ്റ്റംബർ 96 | 28468 | 9296.3 | 19171.7 |
| ആകെ | 367342.6 | 102795.8 | 264546.8 |

95 ഒക്ടോബർ മുതൽ 96 സെപ്റ്റംബർ വരെയുളള കാലഘട്ടത്തിൽ വെള്ളനാട്ടെ ക്ഷീര സംഘടനകളുടെ പാൽ ശേഖരത്തിന്റെ അളവ് 19% കണ്ട് കുറഞ്ഞു. ഇത് വെള്ളനാട്ട് കുറഞ്ഞു വരുന്ന' പാൽ ഉത്പാദനത്തിന്റെ ഉൽപ്പാദന ത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിന കാരണം വെള്ളനാട് ക്ഷീര സംഘങ്ങൾ ശേഖ രിക്കുന്ന പാലിൽ പഞ്ചായത്തിൽ തന്നെ വിൽക്കു ന്നതിന്റെ അളവ് കഴിഞ്ഞ ഒരു വർഷത്തിനുള ളിൽ ഏകദേശം 39% കണ്ടു വർദ്ധിച്ചു ഇത് വിരൽ ചൂണ്ടുന്നത് രണ്ടു കാര്യങ്ങളിലേയ്ക്കാ ണ്.

1. നേരിയ തോതിലെങ്കിലും വെള്ളനാട് പഞ്ചാ യത്തിലെ പാൽ ഉപഭോഗം കൂടിയിരിക്കണം

2.വീട്ടാവശ്യത്തിന് വേണ്ടി മാത്രം കറവമാ ടുകളെ വളർത്തിയിരുന്നവർ വീട്ടിൽ പാൽ ഉത്പാ ദിപ്പിക്കുന്നതിനേക്കാൾ ലാഭകരമാണ് പുറത്തു നിന്നു വാങ്ങുന്നത് എന്നതിന്റെ വെളിച്ചത്തിൽ വളർത്തിയിരുന്ന കറവ മാടുകളെ വിറ്റിരിക്കാം ഇത് മൊത്തം പാലിന്റെ ഉത്പാദനം കുറയുന്ന തിനും എന്നാൽ ക്ഷീര സംഘങ്ങൾ ശേഖരിച്ച് പഞ്ചായത്തിനുള്ളിൽ വിൽക്കുന്ന പാലിന്റെ അളവ് കൂട്ടാനും സഹായിച്ചു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വെള്ളനാട് പഞ്ചായത്തിൽ നിന്നും ഡയറിയിലേയ്ക്ക് അയച്ച പാലിന്റെ അളവിൽ 32% ലേറെ കുറവുണ്ടായി എന്ന വസ്തുത മുകളിൽ പറഞ്ഞ നിരീക്ഷണങ്ങളെ കൂടു തൽ ശക്തിപ്പെടുത്തുന്നു.

വെള്ളനാട്ടെ കന്നുകാലികളെ ബാധിക്കു ന്ന പ്രധാന രോഗങ്ങൾ അകിടു വീക്കവും പാദ രോഗവുമാണ്. 95-96ൽ 144 പശുക്കളെ അകിടു വീക്കവും 708 എണ്ണത്തെ പാദരോഗവും ബാധിച്ചു.

പട്ടിക 3-2-6 കാണിക്കുന്നത് ഈ പഞ്ചാ യത്തിലെ കന്നുകാലികളെ ബാധനക്കുന്ന പ്രധാന രോഗഗങ്ങളുടെ തരം തിരിച്ചുളള കണക്കാണ്.

പട്ടിക 3-2-6 രോഗവിവരങ്ങൾ

| നമ്പർ | രോഗം | പശു | എരുമ | ആട് |
|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 539 | 23 | 376 |
| 2 | ത്വക്‌രോഗങ്ങൾ | 189 | 2 | 95 |
| 3 | പാദ രോഗങ്ങൾ | 708 | 15 | 198 |
| 4 | പ്രത്യുൽപാദന വ്യവസ്ഥ യുമായി ബന്ധപ്പെട്ട് | 146 | 1 | 7 |
| 5. | അകിടുവീക്കം | 144 | 4 | 38 |
| 6. | മുടന്തൽ പനി | 112 | 2 | - |
| 7. | സർജറി | 229 | 7 | 80 |
| 8. | മറ്റുളളവ | 169 | 1 | 39 |

ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള വെള്ളനാട് ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ് 1995-96ൽ വെള്ളനാട് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവലോകനമാണ് താഴെ കൊടുക്കുന്നത്.

പട്ടിക 3-2-7 പദ്ധതി അവലോകനം

| പദ്ധതിയുടെ പേര് | ഉദ്ദേശം | നടപ്പിലാക്കിയ എണ്ണം |
|---|---|---|
| 1. ക്ഷീര കർഷക സമ്പർക്ക പരിപാടി | ക്ഷീര വികസന വകുപ്പിന്റെ ക്ഷീര കർഷകർക്കു പാൽ കൂടുതലായി ഉത്പാദിപ്പിക്കുന്നതിനും, മാതൃകാപരമായി കന്നുകാലികളെ വളർത്തുന്നതിനുള്ള പരിശീലനം നൽകുന്നതിനും വേണ്ടി, പാൽ ഉൽപാദനം ആദായകരമാക്കുന്നതിനു വേണ്ടി | 4 (800 രൂപാ) |
| 2. ക്ഷീരോത്പന്ന നിർമ്മാണ പരിപാടി | പാൽ കൊണ്ടുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം പാൽവില കൂടുതൽ കിട്ടാനും ഗുണമേൽമയുള്ള ഉത്പന്നം കഴിക്കുന്നതു മൂലം ആരോഗ്യം സംരക്ഷിക്കുന്നു. | 6 (400 രൂപ) |
| 3. മാതൃകാ കാലിത്തൊഴുത്ത് | മാതൃകാപരമായി കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സബ്സിഡിയായി 1250/- രൂപ വച്ചു നൽകുന്നു | 6 7500 രൂപ |
| 4. ധാതുലവണ മിശ്രിതം | പശുക്കളിൽ പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പോഷകാഹാര കുറവു നികത്തുന്നതിനുമായി 16രൂപ വിലയ്ക്കുള്ള 8 രൂപ സബ്സിഡി | 200 1600 |
| 5. വിറ്റാമിൻ A സപ്ലിമെന്റ് | കന്നുകാലികളിൽ വിറ്റാമിൻ A യുടെ കുറവു പരിഹരിക്കുന്നതിനായി രൂപ വിലയ്ക്കുള്ള സബ്സിഡി വില - 28 | 50 (1400 രൂപ) |
| 6. ശരിയായ പാൽ ഉത്പാദന് കിറ്റ് | ശുചിയായി പാൽ ഉൽപാദനത്തിനും തൊഴുത്തും പരിസരവും ശുചിയാക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന കിറ്റ് 75 രൂപ വിലയുള്ളത് സബ്സിഡിയായി 10 രൂപ വച്ചു | 30 (300 രൂപ) |
| 7. വാണിജ്യാടിസ്ഥാനത്തിലുള്ള പുൽ കൃഷി 1 ഹെക്ടർ | പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 15,000 രൂപ സബ്സിഡിയായി നൽകി | 1 (15,000) |
| 8. വയ്ക്കോലിൽ യൂറിയ ചേർക്കുന്നത് | വയ്ക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കി കന്നുകാലികൾക്ക് നൽകുന്നതിനായി 3500 രൂപ 500 രൂപ സബ്സിഡിയായി | 7 (3500) |

| | | |
|---|---|---|
| പുൽ കൃഷി വികസനം (പുൽക്കട ഹെക്ടറിന് 1000/- പുൽ വിത്ത് 500/- ചോളം 700/- പയർ 300/- | പുൽകൃഷി വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി പയർ, ചോളം, പുൽക്കട, പുൽവിത്ത് എന്നിവ കൃഷി ചെയ്യുന്നതിന് വളം സബ്സിഡി | |
| Scp കാലിത്തീറ്റ | ഹരിജനങ്ങളായ ക്ഷീര കർഷകരുടെ ഗർഭിണി പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡിയായി 1650/- നിരക്കിൽ | 2 (3300) |

കുറിപ്പ്:- ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന തുക അതാത് പദ്ധതിയ്ക്കായി ചെലവിട്ടതാണ് അവലംബം ഡയറി എക്സ്റ്റൻഷൻ ആഫീസ്, വെള്ളനാട്.

## കോഴി വളർത്തൽ

കഴിഞ്ഞ ഒരു പത്തു വർഷങ്ങൾക്ക് മുമ്പു വരെ വെള്ളനാട് പഞ്ചായത്തിലേയ്ക്ക് ആവശ്യമുള്ള മുട്ടയിൽ കൂടുതൽ ഇവിടെ ഉത്പ്പാദിപ്പിച്ചിരുന്നു. എന്നാൽ മുട്ടയുടെ ഉപഭോഗം കൂടിയതും വീട്ടു വളപ്പിൽ ശരാശരി ആളോഹരി ഭൂവിസ്തൃതിയുടെ അളവ് കുറഞ്ഞതും വീട്ടുവളപ്പുകളിൽ നൈസർഗികമായ അന്തരീക്ഷത്തിൽ വളർത്തിയിരുന്ന നാടൻ കോഴികളുടെ എണ്ണത്തെ കുറച്ചതും അയൽ പ്രദേശങ്ങളിൽ നിന്ന് ആയിരക്കണക്കിന് മുട്ടകൾ വെള്ളനാട് പഞ്ചായത്തിലേയ്ക്ക് വരുന്നതിനും കാരണമായി. എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ ഒരു പക്ഷേ വർദ്ധിച്ചു വരുന്ന നാഗരികതയുടെ ഭാഗമായിട്ടാകാം വെള്ളനാട്ടെ കോഴി ഇറച്ചിയുടെ ഉപഭോഗം കാര്യമായി വർദ്ധിക്കുകയാണുണ്ടായത്. ഇതിനുദാഹാരണമാണ് വലുതും ചെറുതുമായ നിരവധി കോഴി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആവശ്യമുള്ളതിനേക്കാൾ കൂടുതലായി ഉത്പാദനം വർദ്ധിച്ചതു കൊണ്ടാവാം ഇന്ന് ഒരു പ്രതിസന്ധി നേരിടുകയാണ്. അതോടൊപ്പം തന്നെ കോഴിത്തീറ്റയുടെ വിലയിൽ ഉണ്ടായ കാര്യമായ വർദ്ധനവും, എന്നാൽ അതിനനുസരണമായി കോഴി ഇറച്ചിയുടെ വില വർദ്ധിക്കാത്തതും മറ്റൊരു പ്രശ്നമായിരിക്കുകയാണ്. ഇത് കൂടാതെ തന്നെ തമിഴ് നാട്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ വളരെ കുറഞ്ഞ വിലയ്ക്ക് ബ്രോയിലർ കോഴികൾ വിൽക്കപ്പെടുന്നതും വെള്ളനാട്ടെ ബ്രോയിലർ കോഴി വളർത്തുന്ന കൃഷിക്കാർ നേരിടുന്ന ഒരു ഭീഷണിയാണ്.

പഞ്ചായത്തിൻെറ പലഭാഗങ്ങളിലും അറവുശാല പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്നും വിൽക്കുന്ന ഇറച്ചി ശാസ്ത്രീയമായി പരിശോധിക്കാനോ അവിടെ ഉണ്ടാകുന്ന വേസ്റ്റ് പൊതുജനോപദ്രവകരമല്ലാത്ത രീതിയിൽ മറവു ചെയ്യുവാനുള്ള സംവിധാനം ഇല്ല.

### വെള്ളനാട്ടെ മൃഗസംരക്ഷണ മേഖല നേരിടുന്നപ്രധാന പ്രശ്നങ്ങൾ

1 കറവ മാടുകളെ വളർത്തുന്നത് രൂക്ഷമായ നഷ്ടത്തിൽ കലാശിക്കുന്നു. ഇതിനുകാരണം കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയവയുടെ വില അമിതമായി വർദ്ധിച്ചതും, പുല്ല്, വയ്ക്കോൽ എന്നിവയുടെ ലഭ്യതയിൽ വന്ന കുറവുമാണ്. ഇതിൻെറയെല്ലാം ഫലമായി വെള്ളനാട്ടെ പാലുത്പാദനം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 18 ശതമാനം കണ്ട് കുറഞ്ഞു.

2 കോഴി വളർത്തൽ (വീട്ടു വളപ്പിൽ) ഗണ്യമായി കുറയുകയാണ് അതോടൊപ്പം ബ്രോയിലർ കോഴികളെ വളർത്തുന്ന ഫാമുകൾ ഉണ്ടായെങ്കിലും അവ പ്രതിസന്ധിയെ നേരിടുന്നു. പന്നി, മുയൽ തുടങ്ങിയവയെ വളർത്തുന്നത് ലാഭകരമാണെങ്കിലും വെള്ളനാട് പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ ഇതുവരെ തുടങ്ങിയിട്ടില്ല.

3 മൃഗപരിപാലനത്തെപ്പറ്റി കർഷകർ വേണ്ടവിധത്തിൽ ബോധവാൻ അല്ലാത്തതിനാൽ കന്നുകാലികൾക്ക് കൊടുക്കുന്ന തീറ്റയുടെ അശാസ്ത്രീയമായ അളവ് കർഷകർക്ക് വമ്പിച്ച നഷ്ടം ഉണ്ടാക്കുന്നു.

4. പട്ടികൾക്ക് ഉണ്ടാകുന്ന പേ വിഷ ബാധ വെള്ളനാട് പലപ്പോഴും ഒരു പ്രശ്നമായി മാറാറുണ്ട്.

5.കന്നുകാലികൾക്ക പെട്ടെന്നുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ കർഷകർക്ക് കാര്യമായ നഷ്ടം ഉണ്ടാക്കുന്നു.

6. യഥാസമയത്ത് കന്നു കാലിയുടെ രോഗങ്ങൾ കണ്ടു പിടിക്കുന്നതിനും ചികിത്സിക്കുന്നതിനും മൃഗ ഡോക്ടറുടെ സേവനം ലഭ്യമല്ല.

7. മൃഗാശുപത്രി ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് പശുക്കളെ കെട്ടി പരിശോധിക്കുവാൻ ഒരു ട്രെവിസോ മറ്റു സംവിധാനങ്ങളോ ഇല്ല. വാക്സിൻ, മരുന്ന് ഇവ കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഫ്രിഡ്ജ്, ലാബ് സൗകര്യം എന്നിവയും മൃഗാശുപത്രിയിൽ ലഭ്യമല്ല. രോഗം വന്ന മൃഗങ്ങളെ സാധാരണഗതിയിൽ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തതിനാൽ മൃഗ ഡോക്ടർ ഓരോ വീട്ടിലും പോയി ചികിത്സിക്കേണ്ടിവരുന്നു. എന്നാൽ ഇതിലേയ്ക്കായി വാഹനമോ, ഫോണോ മൃഗാശുപത്രിയിൽ ഇല്ല.

8. പാൽ കർഷകർക്ക് വളരെ ദൂരം കാൽ നടയായി പാൽ കൊണ്ടുകൊടുക്കാൻ ബുദ്ധിമുട്ടാണ്. ഇന്ന് ഈ പഞ്ചായത്തിൽ മൂന്നു ക്ഷീര സംഭരം കേന്ദ്രങ്ങളേയുള്ളൂ അതിനാൽ ഒന്നുകിൽ കർഷകർ പാൽ വിൽക്കാൻ കഴിയാതെ മുഴുവനും വീട്ടാവശ്യത്തിന് ഉപയോഗിക്കേണ്ടിവരുകയും, അല്ലെങ്കിൽ കിട്ടിയ വിലയ്ക്ക് വീട്ടിന്റെ സമീപത്ത് വിൽക്കാൻ നിർബന്ധിതമാകുകയോ ചെയ്യുന്നു.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. ഫാക്ടിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് കൊടുക്കുന്ന പാലിന്റെ ഏറ്റവും കുറഞ്ഞ വില കർഷകന്റെ ഉത്പാദന ചെലവും മിനിമം ലാഭവും ഉൾപ്പെടേണ്ടതായിരിക്കണം. ഉത്പാദനചെലവിനേയും വെള്ളനാട് ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ ഒരു ദിവസത്തെ ലാഭവും തമ്മിൽ താരതമ്യപ്പെടുത്തിയപ്പോൾ കാണാൻ സാധിച്ചത് നിലവിലിരിക്കുന്ന പാൽ ശേഖരണ വിപണന സമ്പ്രദായം കർഷകനെ ചൂഷണം ചെയ്യുന്നതായിട്ടാണ്. കാലിത്തീറ്റയുടെയും പിണ്ണാക്കിന്റേയും വില കുറയ്ക്കുന്നതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ തന്നെ ഇവയുടെ ഉത്പാദനം ആരംഭിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം ഉറിയ ക്കോട്ട് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് ആരംഭിച്ച സംരംഭങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങണം. തീറ്റപ്പുല്ലിന്റെ കൃഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി വെള്ളനാട്ടെ ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റിന്റെ ആഫീസും പഞ്ചായത്തും കൂടിച്ചേർന്ന് സമഗ്രപദ്ധതി ആവിഷ്കിരിച്ച് നടപ്പിലാക്കി കർഷകന് ആവശ്യാനുസരണം കുറഞ്ഞ വിലയ്ക്ക് തീറ്റപ്പുല്ല് ലഭ്യമാക്കണം.

2. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ കർഷകർക്ക് ലഭ്യമാക്കാനുള്ള സംവിധാനം പഞ്ചായത്ത് ചെയ്യണം അതോടൊപ്പം ബ്രോയ്ലർ കോഴി ഫോമുകൾ ലാഭകരമാക്കുന്നതിന് വേണ്ടി കോഴി വളർത്തൽ സഹകരണ സംഘങ്ങൾ ആരംഭിക്കുകയും ഇവയിലൂടെ കോഴിയിറച്ചി, മുട്ട എന്നിവയുടെ സംഭരണവും വിപണനവും വ്യാപകമാക്കുകയും വേണം. അതോടൊപ്പം കോഴിത്തീറ്റയുടെ വർദ്ധിച്ച വിലയ്ക്ക് കടിഞ്ഞാണിടത്ത രീതിയിൽ കോഴിത്തീറ്റ ഉത്പാദനം വ്യാവസായികാടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ നടത്തണം. വയ്ക്കോൽ, കോഴിത്തീറ്റ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന സെയിൽ ടാക്സ് പിൻവലിക്കുന്നതിന് വേണ്ടിയുള്ള സമ്മർദം ചെലുത്തണം

3. ആട്, പന്നി, മുയൽ തുടങ്ങിയവയുടെ വളർത്തൽ വ്യാപകമാക്കുന്നതിന് വേണ്ടി നല്ലയിനം കുഞ്ഞുങ്ങളെ കർഷകനെ എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് ചെയ്യുന്നതോടൊപ്പം തന്നെ ഇവയ്ക്കുള്ള കൂട് പശുവിനുള്ള തൊഴുത്ത് എന്നിവ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ചെലവു കുറഞ്ഞ പദ്ധതികൾ ആവിഷ്കരിക്കണം. കൂടാതെ നാമ മാത്ര ചെറുകിട കർഷകർക്ക് വളരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ കിട്ടുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും വേണം.

4. കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ മൂലം അവ ചത്ത പോകുന്നത് കർഷകർക്ക് വൻ നഷ്ടം ഉണ്ടാകുന്നു. ഇതൊഴിവാക്കാൻ വേണ്ടി കോഴി ഉൾപ്പെടെയുള്ള എല്ലാവരെയും ഇൻഷുറൻസ് പദ്ധതിക്കു കീഴിൽ നിർബന്ധമായും കൊണ്ടു വരണം. കൂടാതെ മൃഗാശുപത്രിയുടെ ഇന്നത്തെ ശോചനീയവസ്ഥ പരിഹരിച്ച് ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാവും പകലും ഒരു പോലെ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.

5. ഓരോ വാർഡിലും പാൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങേണ്ടത് വളരെ അത്യാവശ്യമാണ്.

6. മാതൃകാ ഡയറി യൂണിറ്റ് ഒരു വാർഡിൽ 10 എണ്ണം വച്ചെങ്കിലും വിതരണം ചെയ്യണം.

# മത്സ്യബന്ധനം

വെള്ളനാട് പഞ്ചായത്തിൽ ഇന്ന് മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന വിഭാഗമോ, മത്സ്യബന്ധനമോ ഇല്ല. എന്നാൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്നിൽ കൂടുതൽ പൊതു കുളങ്ങൾ ഉണ്ട്. ഇവ സ്വകാര്യവ്യക്തികൾക്ക് മീൻ വളർത്തുന്നതിന് വിട്ടുകൊടുക്കുന്നത് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം പഞ്ചായത്തിനകത്ത് ഉപഭോഗത്തിന് ലഭിക്കുന്ന മത്സ്യത്തിൻെറ അളവ് കൂടുകയും ചെയ്യും കൂടാതെ ലാഭകരമായ നടത്താവുന്ന ഒരു ജീവിതോപാധിയുമാണ്.

ഇന്ന് വെള്ളനാട്ട് കമ്പോളത്തിൽ വിറ്റഴിക്കുന്ന മത്സ്യം മുഴുവൻ നെടുമങ്ങാട്, കാട്ടാക്കട തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എത്തുന്നതാണ്. മീൻപിടിച്ച് രണ്ടോ അതിലധികമോ ദിവസം കഴിഞ്ഞതിന് ശേഷം ഉപയോഗിക്കുന്ന മത്സ്യത്തിൻെറ ആരോഗ്യപരമായ പ്രശ്നങ്ങൾ പറയേണ്ട തില്ലല്ലോ.

# വ്യവസായം

ഒരു പ്രദേശത്തിൻെറ വ്യവസായിക ഘടനക്ക് ആ പ്രദേശത്തിൻെറ വ്യാവസായിക വികസന ചരിത്രവുമായി വളരെ അടുത്ത ബന്ധമുണ്ട്. വ്യാവസായിക വികസന ചരിത്രം കൊണ്ട് ഉദ്ദേശിക്കുന്നത്, മുൻകാലങ്ങളിൽ പ്രാദേശികമായി ലഭ്യമായിരുന്ന അസംസ്കൃത വസ്തുക്കൾ കൊണ്ട് ഉത്പാദിപ്പിച്ചിരുന്ന കാർഷികോത്പന്നങ്ങളേയാണ്. ഇപ്പറഞ്ഞ രീതിയിൽ ഉള്ള ചരിത്ര പശ്ചാത്തലത്തിൽ വെള്ളനാടിൻെറ ഇന്നത്തെ വ്യാവസായിക ഘടന പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്നത് രണ്ടു തരത്തിലുള്ള ഉത്പന്നങ്ങളെയാണ്. അതിൽ പ്രധാനപ്പെട്ടത്, ചാങ്ങ, കമ്പനി മുക്ക് ഭാഗത്തും കുളക്കോട്ടും ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ആധുനിക വ്യവസായിക സംഘടനയുടെ രൂപമുള്ള വൻകിട ഗ്രാഫൈറ്റ് വ്യവസായങ്ങൾ ഉണ്ടായതാണ്. ഇത്തരത്തിലുള്ള വ്യവസായങ്ങൾ ലഭ്യമായ കണക്കുകൾ പറയുന്നത് ഏകദേശം 1000 തൊഴിലാളികളിൽ കൂടുതൽ ഈ വ്യവസായത്തിൽ പണിയെടുത്തിരുന്നു എന്നതാണ്.

ഗ്രാഫൈറ്റ് വ്യവസായത്തിൻെറ തുടക്കവും അതിൻെറ വളർച്ചയും തളർച്ചയും ഹ്രസ്വമായി ഒന്ന് പരിശോധിക്കേണ്ടത് ആവശ്യമാണ്. 1910ഓട് കൂടി ഒരു ജർമ്മൻ കമ്പനി (പേര് വ്യക്തമല്ല പഞ്ചായത്തിലെ കമ്പനിമുക്ക് കുളക്കോട് ഭാഗങ്ങളിൽ വൻതോതിൽ ഗ്രാഫൈറ്റ് നിക്ഷേപം കണ്ടെത്തിയതിനെതുടർന്ന് ഈ ഭാഗങ്ങളിൽ ഗ്രാഫൈറ്റ് ഖനനവും അവ ഉപയോഗിച്ചുള്ള ഉത്പന്നങ്ങളുടെ ഉത്പാദനവും ആരംഭിച്ചു. ഈ വ്യവസായ സ്ഥാപനങ്ങളിൽ ജോലിക്ക് വേണ്ടി ഈ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകം പേർ ഇവിടെ എത്തിയിരുന്നു. ഇന്ന് ഈ പ്രദേശങ്ങളിൽ സ്ഥിരം താമസമാക്കിയവരുടെ മുൻ തലമുറക്കാർ ഇങ്ങനെ തൊഴിലന്വേഷിച്ച് ഈ പഞ്ചായത്തിൽ എത്തിയവരാണ്.

ഇവിടെ നിന്നും ഖനനം ചെയ്തെടുത്ത ഗ്രാഫൈറ്റ് വളരെച്ചെറിയതോതിൽ സംസ്കരിച്ചതിനുശേഷം മറ്റു ഭാഗങ്ങളിലേയ്ക്കു കൊണ്ടു പോകുന്നതിനു വേണ്ടിയാണ് ഇന്നു കാണുന്ന കൂവക്കുടി പാലം നിർമ്മിച്ചത്. എന്നാൽ 1914ൽ ഒന്നാം ലോക മഹായുദ്ധം ആരംഭിച്ചതോടു കൂടി ജർമ്മൻ കമ്പനി തകരുകയും ഖനനം നിർത്തിവയ്ക്കുകയും ചെയ്തു.

ജർമ്മിനിയിലുള്ള കമ്പനിയ്ക്ക്, കമ്പനിമുക്കിലെ (ഈ സ്ഥലത്തിൻെറ പഴയ പേര് കഴക്കുന്നു കമ്പനി എന്നു പറയപ്പെടുന്നു.) ഗ്രാഫൈറ്റ് ലഭ്യതയെക്കുറിച്ച് വിവരം എങ്ങനെ ലഭിച്ചു എന്നുള്ളത് കൃത്യമായി അറിയില്ലെങ്കിലും ഋഷീശ്വരൻമാർ രചിച്ച ചില ഗ്രന്ഥങ്ങൾ കൃസ്ത്യൻ മിഷണറിമാരുടെ മതപ്രചരണ സമയത്ത് ജർമ്മൻകാർ അറിയാനിടയായെന്നും, അങ്ങനെയാണ് അവർ ഇവിടെ ഖനനം ആരംഭിച്ചത് എന്ന് ഒരു കെട്ടു കഥയുണ്ട്.

വന ഉത്പന്നങ്ങളായ ഈറ്റ, ഉപയോഗിച്ച് വട്ടി, കുട്ട, പായ് മുറം എന്നിവ മുടയുന്നത് കുലത്തൊഴിലായി സ്വീകരിച്ച് ജീവിത നിവൃത്തി കഴിച്ചിരുന്ന സമൂഹത്തിൻെറ താഴെകിടയിലുള്ള (പറയർ, പുലയർ വിഭാഗത്തിൽപ്പെട്ടവർ) വരായിരുന്നു കാർഷികേതര ഉത്പന്നങ്ങൾ നിർമ്മിച്ചിരുന്ന വെള്ളനാട് പഞ്ചായത്തിലെ മറ്റൊരു വിഭാഗം. ആധുനിക വ്യവസായിക ഉത്പന്നങ്ങളുടെ വരവോട്കൂടി (പ്ലാസ്റ്റിക്കൊണ്ടുള്ളവ) ഒരു പരിധിവരെ ഇവയുടെ ആവശ്യം കുറഞ്ഞു. ഇന്ന് ഈ പഞ്ചായത്തിൽ ഇവ മുടഞ്ഞ് ഉപജീവനം കഴിക്കുന്ന വളരെച്ചെറിയ ശതമാനം ആൾക്കാർ ഉണ്ടെങ്കിലും ബാംബൂ കോർപ്പറേഷൻെറ കീഴിൽ ആധുനിക വ്യവസായിക സംഘടനയുടെ സ്വഭാവവമുള്ള വ്യവസായിക ഉത്പന്നമായിട്ടാണ് ഉത്പാദിപ്പിക്കുന്നത്.

ഇന്ന് വെള്ളനാടിൻെര വ്യവസായിക ഘടന പരിശോധിക്കുന്ന ഒരാൾക്ക് മനസിലാകുന്നത് കുതിരകളത്തുള്ള പോബ്സൺ ഗ്രാനൈറ്റും, വെള്ളനാട് ജംഗഷനിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ഒരു ചപ്പൽ ഷീറ്റു നിർമ്മാണ കേന്ദ്രം, സോൾഡറിംഗ് ലെഡ് നിർമ്മിക്കുന്ന നിർമ്മാണ യൂണിറ്റ്, കൂവപ്പൊടി ഉത്പാദന യൂണിറ്, കുളക്കോട്ട് പ്രവർത്തിക്കുന്ന കാർട്ടൺ നിർമ്മാണ യൂണിറ്റ്, 1-ാം വാർഡിലെ റബ്ബർ ത്രെഡ് എന്നീ ചെറുകിട വ്യവസായിക യൂണിറ്റുകളാണ്. ഇവ കൂടാതെ ആർഷിക്ക് ഹെർബൽ റമഡീസ് എന്ന വ്യവസായ യൂണിറ്റും ഉണ്ട് ഇവയൊഴിച്ച്കഴിഞ്ഞാൽ ഈ പഞ്ചായത്തിൽ മറ്റ് എടുത്തു പറയത്തക്ക വ്യവസായങ്ങൾ ഒന്നു ഇല്ല എന്നത് ഈ പഞ്ചായത്തിലെ വ്യവസായിക പിന്നോക്ക അവസ്ഥയിലേയ്ക്കാണു വിരൽ ചൂണ്ടുന്നത്. വളരെ ചെറിയ തോതിൽ ഉത്പാദനം നടത്തുത സോപ്പു കമ്പനികളും ഖാദി വ്യവസായ

സഹകരണസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വസ്ത്രം, മറ്റ് കരകൗശല ഉത്പന്നങ്ങൾ ഇഷ്ടിക നിർമ്മാണം, എന്നിവയാണ് ഈ പഞ്ചായത്തിലെ മറ്റു ചെറുകിട വ്യവാസായങ്ങൾ.

കണക്കുകൾ കാണിക്കുന്നത് വെള്ളനാട് പഞ്ചായത്തിന്റെ കീഴിൽ 143 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്നുള്ളതാണ് കൂടാതെ 7 ഭക്ഷ്യ ഉത്പന്നപ്പൊടിപ്പു മില്ലുകളും ഉണ്ട്. പട്ടിക 3 -3-1ൽ കാണിക്കുന്നത് വെള്ളനാട്ടെ പ്രധാനപ്പെട്ട വ്യവസായസ്ഥാപനങ്ങളും അവയുടെ ഉത്പാദനങ്ങൾ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവുമാണ്.

| വ്യവസായ സ്ഥാപനത്തിന്റെ പേര് | ഉത്പന്നത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം | സ്ത്രീ | പു |
|---|---|---|---|---|
| 1. പോബ്സൺ ഗ്രാനൈറ്റ് | മെറ്റൽ, പാറപ്പൊടി | 50 | 5 | 45 |
| 2. സോൾഡറിംഗ് ലെഡ് കമ്പനി | സോൾഡറിംഗ് ലെഡ് | 3 | – | 3 |
| 3. സ്മാർച്ച് കമ്പനി | കൂവപ്പൊടി | 2 | | 2 |
| 4. റബ്ബർ ഇൻഡസ്ട്രീസ് | ചപ്പൽ ഷീറ്റ് | 8 | – | 8 |
| 5. ആർഷിക് ഹെർബൽ റെമഡീസ് | ഹെയർ ഓയിൽ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

അവലംബം:- പ്രാഥമിക വിവരാന്വേഷണത്തിൽ നിന്നും വ്യക്തം.
വെള്ളനാട്ടെ മറ്റ് വ്യവസായ സ്ഥപനങ്ങളിൽ നിന്നും ശേഖരിച്ച വിവരം താഴെ കൊടുക്കുന്നു..
പട്ടിക 3-2-2 പട്ടിക

പട്ടിക 3-2-2 മറ്റു വ്യവസായ സ്ഥാപനങ്ങൾ

| വ്യവസായ സ്ഥാപനത്തിന്റെ പേര് | ഉത്പന്നത്തിന്റെ പേര് | ആകെ തൊഴിലാളി | സ്ത്രീ | പു |
|---|---|---|---|---|
| ഖാദി വ്യവസായം | നൂല്, തുണി | 150 | 150 | – |
| ഇഷ്ടിക നിർമ്മാണം | ഇഷ്ടിക | 600 | 160 | 440 |
| ബാംബൂ | വട്ടി, കുട്ട, മുറം, പായ് | 600 | 450 | 150 |
| മറ്റു വ്യവസായ സ്ഥാപനം | സോപ്പ്, അഗർബത്തി | 250 | 50 | 200 |

പൊതുവേ വ്യവസായികന്തരീക്ഷം വളരെ അനുകൂലമായ തൊഴിൽ രംഗമുള്ള പ്രദേശമാണ് വെള്ളനാട് എങ്കിൽ പോലും വെള്ളനാട്ടെ സാമ്പത്തികശേഷിയുള്ള വ്യക്തികൾ ഭൂമി വാങ്ങിവിൽക്കൽ, ഉയർന്ന പലിശയ്ക്ക് പണം കടംകൊടുപ്പ് എന്നിങ്ങനെ എളുപ്പത്തിൽ കൂടുതൽ ലാഭം ഉണ്ടാക്കുന്ന സംരംഭങ്ങളിലാണ് ഏർപ്പെടാൻ താൽപര്യം പ്രകടിപ്പിക്കുന്നത്. വെളളനാട്ട് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായസ്ഥാപനങ്ങളിൽ വെള്ളനാട്ടെ സംരംഭകർ മുതൽമുടക്കിയിരിക്കുന്ന വ്യവസായിക യൂണിറ്റുകൾ വിരളമാണ്. ഇതിനുള്ള കാരണം വിശദമായി അന്വേഷിക്കുകയും മുതൽ മുടക്കാൻ കഴിവുള്ളവരെ ഈ രംഗത്തേയ്ക്ക് പ്രേരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്.

### പ്രശ്നങ്ങൾ

1 പരംബരാഗതവ്യവസായങ്ങളിൽ ഏർപ്പെടുന്നവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടു നേരിടുന്നു. ഈ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.

2. ഏതു തരത്തിലുള്ള വ്യവസായിക സംരംഭങ്ങളാണ് വെള്ളനാട്ട് വിജയിക്കുന്നു എന്നതിനെക്കുറിച്ച് ശാസ്ത്രീയമായ രീതിയിലുള്ള പഠനങ്ങൾ ഒന്നും ലഭ്യമല്ല.

3. വ്യവസായം തുടങ്ങുന്നതിനും തുടങ്ങിയ വ്യവസായങ്ങളുടെ രണ്ടും മൂന്നും ഘട്ടനിക്ഷേപങ്ങൾക്ക് വേണ്ടി സാമ്പത്തിക സഹായം (വായ്പ) നൽകാൻ ബാങ്കുകൾ വിമുഖത കാണിക്കുന്നു.

4. പഞ്ചായത്തിൻെറ നേതൃത്വത്തിൽ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പരിശീലനം നൽകാനും പ്രോൽസാഹിപ്പിക്കാനുള്ള നടപടിയും കാര്യമായ രീതിയിൽ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

താഴെപ്പറയുന്ന വ്യവസായ സംരംഭങ്ങൾക്ക് മതിയായ രീതിയിലുള്ള മാർക്കറ്റ് സർവ്വേയും ഉൽപ്പാദനച്ചെലവും വിശദമായ പഠനത്തിനു വിധേയമാക്കിയാൽ വ്യവസായ സാദ്ധ്യതയുണ്ടെന്നാണ് വിവിധ ഗ്രാമസഭ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

1. എംബ്രോയിഡറി അടിസ്ഥാന യൂണിറ്റ് സ്ഥാപിക്കണം

2. പാലുൽപ്പന്ന യൂണിറ്റുകൾ

3. തഴപ്പായ് നെയ്ത്ത് കേന്ദ്രയൂണിറ്റ്

4. തീപ്പെട്ടി, അഗർബത്തി, മെഴുകുതിരി നിർമ്മാണ യൂണിററുകൾ

5. റബ്ബർ അധിഷ്ഠിതവ്യവസായങ്ങൾ,

6. കൊപ്പ സംസ്കരണ കേന്ദ്രം.

7. ധാന്യപ്പൊടിയൂണിറ്റുകൾ

8. ഈററ വ്യവസായ യൂണിറ്റുകൾ

1. വ്യവസായങ്ങൾ തുടങ്ങാനുള്ള സാമ്പത്തിക സഹായം കുറഞ്ഞപലിശ നിരക്കിൽ ലഭ്യമാക്കണം.

2. പഞ്ചായത്തിൻെറ കീഴിൽ വിവിധ വ്യവസായികോത്പന്നങ്ങളെക്കുറിച്ചുള്ള മാർക്കറ്റിംഗ് സർവ്വേ നടത്തണം.

3. പരിക്ഷത്ത് അടുപ്പുകൾ പ്രചരിപ്പിക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി ഇവിടെത്തന്നെ ആവശ്യമുള്ളത്ര അടുപ്പുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് നൽകണം. അതിനു വേണ്ട ആവശ്യമായകാര്യങ്ങൾ (അനർട്ടുമായുള്ള ബന്ധം) പഞ്ചായത്തു നേരിട്ടു നടത്തണം.

# വെള്ളനാട് പഞ്ചായത്ത്

## വിദ്യാഭ്യാസം

1891ൽ ആരംഭിച്ച പ്രൈമറി സ്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. അതിനു മുമ്പ് കുടിപ്പള്ളിക്കൂടങ്ങൾ, കളരികൾ എന്നിവ പ്രവർത്തിച്ചിരുന്നതായി പറയപ്പെടുന്നു. 1891ൽ ആരംഭിച്ച പ്രൈമറി വിദ്യാലയമാണ് ഇന്നത്തെ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി മാറിയത്. ആദ്യകാലത്ത് ഈ വിദ്യാലയത്തിനോടനുബന്ധിച്ച് ഒരു ഗ്രാമീണ വായനശാലയും പ്രവർത്തിച്ചിരുന്നു.

1948ൽ നിർബന്ധിത പ്രൈമറി വിദ്യാഭ്യാസം നടപ്പിലാക്കിയതോടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ രണ്ട് ഹൈസ്കൂളുകളും പത്ത് പ്രൈമറി സ്കൂളുകളും ഒരു യു.പി. സ്കൂളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ വിദ്യാലയങ്ങൾ കൂടാതെ പാരലൽ കോളേജുകൾ, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഗ്രന്ഥശാലകൾ സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വപരമായ പങ്കു വഹിക്കുന്നവയാണ്.

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിൽ ഒരു പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്. വിദ്യാലയങ്ങളെ സമൂഹം തങ്ങളുടേതായി കണക്കാക്കിവരുന്നു. P.T.A കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതും വിദ്യാഭ്യാസ നിലവാരം ഉയർത്തണമെന്ന ചിന്താഗതി വ്യാപകമാകുന്നതും രക്ഷിതാക്കൾ മക്കളുടെ പഠനപുരോഗതിയെ സംബന്ധിച്ച് കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നതും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സഹായകമാണ്.

സമ്പൂർണ സാക്ഷരതാ പ്രസ്ഥാനം (1990) വളരെ വേഗം വേരുറച്ച ഒരു പ്രദേശമാണിത്. അദ്ധ്യാപകരും മറ്റ് സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, സന്നദ്ധ സംഘടനാ പ്രവർത്തകരും പ്രാദേശിക ഭരണകൂടവും ഒത്തൊരുമിച്ച് പ്രവർത്തിച്ചപ്പോൾ സാക്ഷരതാ പ്രസ്ഥാനം ഒരു വൻ വിജയമായി. അത് സൃഷ്ടിച്ച വിദ്യാഭ്യാസ അന്തരീക്ഷം ഇന്നു സജീവമായി നില നിൽക്കുന്നത് വിദ്യാഭ്യാസരംഗത്ത് ശക്തമായ ഒട്ടേറെ പ്രവർത്തനങ്ങൾ ആത്മ വിശ്വാസത്തോടെ ഏറ്റെടുത്ത് നടത്താൻ സഹായിക്കും.

നമ്മുടെ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഏകദേശം മുപ്പതു ശതമാനം പേർ ശരിയായ അക്ഷരജ്ഞാനമോ അക്കജ്ഞാനമോ ഇല്ലാത്തവരാണെന്നും ഈയൊരു പ്രശ്നം വിദ്യാഭ്യാസ ഗുണനിലവാരത്തെ കാര്യമായി ബാധിക്കുന്നുവെന്നും കണ്ടെത്തി. അതിനുള്ള പരിഹാര ബോധന പരിപാടി (അക്ഷരവേദി) ആദ്യമായി ആരംഭിച്ചത്. 1982ൽ വെള്ളനാട് ഗവ. ഹൈസ്കൂളിലായിരുന്നു. ശാസ്ത്രസാഹിത്യപരിക്ഷത്തിൻെറ സഹായത്തോടെ നടത്തിയ ഈ പരീക്ഷണം തുടർന്ന് സംസ്ഥാനത്തെ മിക്ക ജില്ലകളിലും വ്യാപകമായി നടത്തുകയുണ്ടായി. അങ്ങനെ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു.

ഇതു കൂടാതെ ഉദ്ഗ്രഥിത ശാസ്ത്ര ബോധനപരിപാടി (ഭ+d7) വിജ്ഞാനവേദി പ്രവർത്തനങ്ങൾ, അവധിക്കാല പഠനക്യാമ്പുകൾ, പഞ്ചായത്ത് എഡ്യൂക്കേഷൻ നെറ്റ് വർക്ക് (PEN) തുടങ്ങി നിരവധി വിദ്യാഭ്യാസ പരിഷ്ക്കരണ പരിപാടികൾ വിജയകരമായി ഈ പഞ്ചായതതിലെ വിവിധ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തിയിട്ടുണ്ട്.

1994-95 അധ്യയന വർഷത്തിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളെയും കോർത്തിണക്കി നടപ്പിലാക്കിയ പരിപാടിയായിരുന്നു പഞ്ചായത്ത് എഡ്യൂക്കേഷൻ നെറ്റ് വർക്ക് ഇത് വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ ഗുണപരമായ നേട്ടങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്. PENൻെറ പ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടതുണ്ട്. അതിന് പഞ്ചായത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയും. 95 ഏപ്രിൽ-മെയ് മാസങ്ങളിലായി പി.ടി.എ യുടെയും ശാസ്ത്രസാഹിത്യപരിഷത്ത്, കലാ, സാംസ്കാരിക സംഘടനകൾ, സാക്ഷരതാ പ്രവർത്തകർ അധ്യാപകർ എന്നിവരുടെ കൂട്ടായ്മയിൽ വെള്ളനാട് ഗവ. എൽ.പി.എസ്സിൽ നടത്തിയ അവധിക്കാല ക്ലാസ്സുകൾ പുതിയൊരു പരീക്ഷണമായിരുന്നു. രക്ഷിതാക്കൾ ഏറെ താത്പര്യം പ്രകടിപ്പിച്ച ഒരു പരിപാടിയായിരുന്നു. അത്. എല്ലാ വിദ്യാലയങ്ങളിലും അവധിക്കാലത്ത് സമൂഹത്തിൻെറ

സജീവ പങ്കാളിത്തത്തോടെ ഇത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്താൻ കഴിയും.

-പ്രീ-സ്കൂൾപ്രായത്തിലുള്ള കുഞ്ഞുങ്ങളിൽ നല്ല ശീലങ്ങൾ ശരിയായ മനോഭാവങ്ങൾ.

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | വാർഡ് |
|---|---|---|---|---|---|
| | | | 96-97 | M T | |
| 1. | Govt. LPS വെള്ളനാട് | സർക്കാർ | 488 | 14 | IV |
| 2. | Govt. LPS ഉറിയക്കോട് | സർക്കാർ | 147 | 5 | VIII |
| 3. | Govt. LPS ചാങ്ങ | സർക്കാർ | 238 | 7 | VI |
| 4. | Govt. LPS വെളിയന്നൂർ | സർക്കാർ | 137 | 4 | V |
| 5. | Govt. LPS ഉഴമലക്കൽ | സർക്കാർ | 108 | 4 | I |
| 6. | Govt. LPS ശങ്കരമുഖം | സർക്കാർ | 193 | 7 | XI |
| 7. | Govt. TLPS മുണ്ടേല | സർക്കാർ | 95 | 4 | II |
| 8. | St. Marys LPS ചാങ്ങ | എയ്ഡഡ് | 144 | 4 | VI |
| 9. | Govt. TLPS പെരിഞ്ഞാറമൂല | എയ്ഡഡ് | 51 | 4 | IX |
| 10. | PSNM LPS വെളിയന്നൂർ | എയ്ഡഡ് | 162 | 7 | V |
| 11. | Govt. VHS വെള്ളനാട് | എയ്ഡഡ് | 2452 | 88 | IV |
| 12. | UPS ഡെയിൽവ്യൂ | അൺഎയ്ഡഡ് | 462 | 10 | VII |
| 13. | മിത്രനികേതൻ H.S | അൺഎയ്ഡഡ് | 278 | 15 | IV |

### പ്രീപ്രൈമറി

പഞ്ചായത്തിലെ പതിനഞ്ചോളം നഴ്സറി /ബാലവാടി / പ്രീ പ്രൈമറി വിദ്യാലയങ്ങളിലായി അഞ്ചുറോളം കുട്ടികൾ പഠിക്കുന്നു. ഒന്നോ രണ്ടോ സ്ഥാപനങ്ങൾ ഒഴികെ മറ്റുള്ളവയിലൊന്നും തന്നെ ആവശ്യത്തിനു കളിക്കോപ്പുകളും കളിസ്ഥലവും ഇല്ലായെന്നു കാണുന്നു. സ്വതന്ത്രമായി കളിച്ചുല്ലസിക്കുനനതിനും സർഗ്ഗാത്മകമായ കഴിവുകൾ വളർത്തുന്നതിനും അഹ്ലാദകരമായ അന്തരീക്ഷം ഉളള പ്ലേ-സ്കൂളുകളായി ഇവ രൂപപ്പെടേണ്ടതുണ്ട്. പ്രീ-പ്രൈമറി സ്ഥാപനങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനവും അതിൻെറ അടിസ്ഥാനത്തിൽ ശാസ്ത്രീയവും ഏകീകൃതവുമായ ഒരു പ്രവർത്തന പരിപാടിയും ആവശ്യമാണ്. P.T.A യുടെ നേതൃത്വത്തിൽ അഞ്ച് ഗവ. വിദ്യാലയങ്ങളിൽ പ്രീ-പ്രൈമറികൾ ഉണ്ടെങ്കിലും ശരിയായ അർത്ഥത്തിലുള്ള പ്ലേ-സ്കൂളുകളായി അവ ഇനിയും വികസിച്ചിട്ടില്ല. പഞ്ചായത്തിൻെറയും സമൂഹത്തിൻെറയും അടിയന്തിര ശ്രദ്ധ പതിയേണ്ട മേഖലയാണിത്.

ജ്ഞാനതൃഷ്ണ മുതലായവ ഉണ്ടാക്കി ഒരു സന്തുലിത വ്യക്തിത്വത്തിൻെറ ഉടമായാക്കി തീർക്കാൻ സുസജ്ജമായ ഒരു പ്രവർത്തന പരിപാടി വേണം. കുഞ്ഞുങ്ങളുടെ പ്രായപരിധി, അഭിപ്രേരണ, വികസനസന്നദ്ധത എന്നിവ കണക്കിലെടുത്തു വേണം ഇത് തയ്യാറാക്കേണ്ടത്.

ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ എല്ലാ നഴ്സറികളും നിർബന്ധമായും ഉണ്ടാവണം.

1. ഫാമിലി കോർണർ
4. ക്രിയേറ്റീവ് & കൺസ്ട്രക്റ്റീവ് കോർണർ
2. ബുക്ക്സ് കോർണർ
5. നേച്ചർ കോർണർ
3. മ്യൂസിക്കൽ കോർണർ
6. പപ്പറ്റ് കോർണർ

പട്ടിക 3.4.2

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30%ന് താഴെ | 30%-40% | 40%-50% | 50%-60% | 60%ന് മേൽ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| III | 410 | 84 | 54 | 60 | 78 | 134 | | | | | |
| IV | 458 | 53 | 54 | 67 | 88 | 196 | | | | | |
| V | 377 | 117 | 58 | 64 | 62 | 76 | | | | | |
| VI | 415 | 187 | 66 | 38 | 41 | 83 | | | | | |
| VII | 434 | 194 | 77 | 50 | 43 | 70 | | | | | |
| VIII | 508 | 2999 | 70 | 47 | 49 | 43 | | | | | |
| IX | 472 | 273 | 66 | 46 | 19 | 48 | | | | | |
| X | 408 | 206 | 80 | 44 | 32 | 46 | 41 | 43 | 47 | 50 | 55 |

## 1.8 അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref: AVF.G

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | കെട്ടിടം | | ഫർണിച്ചർ | |
| | | | | | | | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H.S | 32 | 55 | 87 | 1263 | 1406 | 2669 | | 1 | | 1 |
| U.P.S | 1 | 7 | 8 | 202 | 238 | 440 | | 1 | | 1 |
| L.P.S | 15 | 39 | 54 | 1391 | 1579 | 2970 | | 9 | | 9 |
| Pre-primary | | | | | | | | | | |
| ആകെ | 48 | 101 | 149 | 2856 | 3223 | 6079 | | 11 | | 11 |

വിദ്യാഭ്യാസാവശ്യത്തിന് പഞ്ചായത്ത് ചിലവഴിച്ച തുക: ഇല്ല

മൊത്തം ചിലവിൻെറ എത്ര ശതമാനം (1995 - 96)

1. ഊഞ്ഞാൽ
2. സീ–സോ
3. ജംഗിൾ–ജിം
4. റബർ പന്തുകൾ
5. ടയറുകൾ
6. ഉന്തു വണ്ടികൾ
7. വീപ്പകൾ
8. മെറി–ഗോറൗണ്ട്

## പ്രീ പ്രൈമറി വിഭാഗമുള്ള ഗവ.എൽ.പി.എസ്സുകൾ

1. മുണ്ടേല ട്രൈബൽ എൽ.പി.എസ്
2 വെള്ളനാട് ഗവ. എൽ.പി.എസ്
3. ഉറിയക്കോട് ഗവ. എൽ.പി.എസ്
4. വെളിയന്നൂർ ഗവ. എൽ.പി.എസ്

ചാങ്ങ ഗവ. എൽ.പി.എസ്

## പ്രൈമറി

മൂന്ന്, പത്ത് വാർഡുകളൊഴികെയുള്ള എല്ലാ വാർഡുകളിലും ഓരോ പ്രൈമറി വിദ്യാലയങ്ങൾ ഉണ്ട്. അഞ്ചു വയസു പൂർത്തിയായ എല്ലാ വിദ്യാർത്ഥികളും വിദ്യാലയങ്ങളിൽ എത്തുന്നുണ്ട്. എല്ലാ വിദ്യാലയത്തിലും ഉച്ചക്കഞ്ഞി വിതരണം നടക്കുന്നുണ്ട്. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലായി ആയിരത്തി അറുന്നൂറോളം വിദ്യാർത്ഥികൾ പഠിക്കുന്നു. മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകാൻ തന്നെയാണ് ബഹുഭൂരിപക്ഷം രക്ഷിതാക്കൾക്കും താത്പര്യം എന്നാൽ ഒരു ചെറു ന്യൂനപക്ഷം ' മീഡിയം വിദ്യാലയങ്ങളിൽ താത്പര്യം പ്രകടിപ്പിക്കുന്നവരാണ്. എത്ര കുട്ടികൾ ഇംഗ്ലീഷു മീഡിയത്തിൽ പഠിക്കുന്നുവെന്ന കണക്കുകൾ ലഭ്യമല്ല. ലഭ്യമായ കണക്കുകൾ കാണിക്കുന്നത് പ്രൈമറി തലത്തിൽ (1-IV) ഏകദേശം ഇരുന്നൂറ് കുട്ടികൾ ഉണ്ടാവുമെന്നാണ്.

നാല് പ്രൈമറി വിദ്യാലയങ്ങളിൽ ആവശ്യ പഠനപദ്ധതി (MLL) പ്രകാരമുള്ള പ്രൈമറി വിദ്യാഭ്യാസമാണ് നടക്കുന്നത്. അപാകതകൾ ഒഴിവാക്കിയാൽ പഠനനിലവാരം ഉയർത്താൻ ഏറെ സഹായകമയി ഒരു വിദ്യാഭ്യാസ പദ്ധതിയാണിത്. കഴിഞ്ഞ മൂന്നു കൊല്ലമായി തുടർന്നു വരുന്ന പദ്ധതി ഇക്കൊല്ലം അഞ്ചാം ക്ലാസ്സിലും വ്യാപിച്ചിട്ടുണ്ട്.

## യു.പി. ഹൈസ്കൂൾ

ഒരു യു.പി.സ്കൂളും രണ്ട് ഹൈസ്കൂളുകളും ഉണ്ട്. S.S.L.C വിജയ ശതമാനം കഴിഞ്ഞ 5 വർഷക്കാലമായി ക്രമേണ വർധിച്ചു വരുന്നു. വിജയശതമാനം ഉയർത്താനായി പരിഹാരബോധനപരിപാടികൾ സ്കൂൾ തലത്തിൽ നടപ്പിലാക്കിയത് സഹായകമായിട്ടുണ്ട്. കളിസ്ഥലത്തിൻെറയും മറ്റ് ഭൗതിക സാഹചര്യങ്ങളുടെ കുറവ് ഹൈസ്കൂൾ തലത്തിൽ പഠന നിലവാരത്തെയും മൊത്തം ഗുണമേന്മയേയും ഒരു പരിധിവരെ ബാധിക്കുന്നുണ്ട്. ജൂൺ മാസത്തിൽ തന്നെ അധ്യാപക തസ്തികകൾ നികത്താതെ വരുന്നത് മറ്റൊരു പ്രശ്നമാണ്.

പ്രൈമറിതലത്തിൽ (1-7) ഒരു കുട്ടിയ്ക്ക് ഒരു വർഷം ഗവ. ചെലവാക്കുന്ന തുക (94-95)ൽ 1579 രൂ 61 പൈസയും ഹൈസ്കൂൾ തലത്തിൽ ഒരു കുട്ടിയ്ക്ക് 2632 രൂപ 90 പൈസയുമാണ്. സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ പ്രൈമറിതലത്തിൽ 171 കുട്ടികളും ഹൈസ്കൂൾ തലത്തിൽ 186 പേരും തോറ്റുപഠിക്കുന്നതായി കാണുന്നു. ഇതുമൂലമുണ്ടാക്കുന്ന ദേശീയ നഷ്ടം ഒരു വർഷം ഏകദേശം ഏഴര ലക്ഷം രൂപയ്ക്ക് പുറത്ത് വരും. നിരന്തരം തോൽവി ആവർത്തിച്ചാൽ കുട്ടികൾ പഠനം നിർത്താനും ഇടവരും. അതിനാൽ നിശ്ചിത നിലവാരം ഉറപ്പു വരുത്തി കൊണ്ട്-സ്കൂൾ തലത്തിൽ തോൽവി പൂർണമായും ഒഴിവാക്കാൻ സ്കൂൾ തലത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

## പൊതുപ്രശ്നങ്ങൾ

### പ്രീ-പ്രൈമറി

- ✧ പഞ്ചായത്തിലെ നഴ്സറി വിദ്യാലയങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ശാസ്ത്രീയമായ ഒരു പഠനം നടത്തണം.
- ✧ ഏകീകൃതമായ ഒരു പാഠ്യക്രമം ഉണ്ടാകണം.

- വേണ്ടത്ര കളിസ്ഥലവും, കളിക്കോപ്പു കളും വേണം.
- നഴ്സറി അധ്യാപികമാരുടെയും രക്ഷകർത്താക്കളുടെയും യോഗം വിളിച്ചു ചേർക്കണം.
- അഞ്ചു വയസ്സിനു താഴെയുള്ള മൊത്തം കുട്ടികളെയും ഒരുമിച്ച് ഒരു ദിവസം ശിശുസംഗമം നടത്തുന്നത് നന്നായിരിക്കും.
- നഴ്സറി അധ്യാപികമാർക്കും ആയമാർക്കും ഇൻസർവീസ് കോഴ്സുകൾ നടത്തണം.
- രണ്ടോ മൂന്നോ നഴ്സറി വിദ്യാലയങ്ങളിലെ കുഞ്ഞുങ്ങളെ ഒരുമിച്ച് ചേർത്ത് ഉല്ലാസ യാത്രകൾ സംഘടിപ്പിക്കണം.
- അമ്മമാർക്ക് ശിശു സംരക്ഷണം, ശിശു മനശാസ്ത്രം എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരെ കൊണ്ട് ക്ലാസ്സുകൾ നൽകണം.
- അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കു വേണ്ടി സമഗ്ര ആരോഗ്യപരിപാടി ആവിഷ്ക്കരിക്കണം.

പ്രൈമറി

- കുട്ടികളുടെ സർവതോൻമുഖമായ വികാസം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പഠന-പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പു വരുത്തണം.
- ഒന്നൊഴികെ മറ്റൊരു LPSലും വൈദ്യുതി ഇല്ല. എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിക്കണം.
- ചുറ്റുമതിൽ ഉണ്ടാക്കുന്നതിന് PTA യും പഞ്ചായത്തുമായി സംയുക്തശ്രമം ആരംഭിക്കണം.
- തോൽവി ഒഴിവാക്കാനും ഗുണനിലവാരം ഉയർത്താനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.
- ചെറിയബഞ്ചുകളും ചെറിയ ഡസ്ക്കുകളും നല്ലപ്രകാശവും ക്ലാസ്സുമുറിയിൽ ലഭ്യമാക്കിയാൽ മാത്രമേ നന്നായിവായിക്കാനും ഭംഗിയായി എഴുതാനും ചിത്രം വരയ്ക്കുന്നതിനും കുട്ടികൾക്ക് കഴിയൂ.
- ആഡിയോ-വീഡിയോ-ലൈബ്രറി-സയൻസ് കോർണർ, കളിപ്പാട്ടങ്ങൾ എന്നിവ ഉണ്ടാവണം.
- പഞ്ചായത്തു തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും വേണം.
- PTA പ്രവർത്തനം ശക്തമാക്കണം.
- വിദ്യാലയവും സമൂഹവും തമ്മിലുള ബന്ധം കൂടുതൽ നന്നാക്കാൻ ശ്രമിക്കണം.

യു.പി ഹൈസ്കൂൾ

- പഠന നിലവാരം ഉയർത്തുന്നതിന് ശാസ്ത്രീയവും സമഗ്രവുമായ പ്രവർത്തനപരിപാടി ആവിഷ്കരിക്കണം.
- അധ്യാപക ഒഴിവുകൾ ജൂണിൽ തന്നെ നികത്തണം.
- ആഡിയോ-വീഡീയോ-ലൈബ്രറി-ലാബ് സൗകര്യങ്ങൾ വർധിപ്പിക്കുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം.
- കളിസ്ഥലം അടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
- ചുരുങ്ങിയ ചെലവിൽ വിദ്യാലയന്തരീക്ഷം മോടി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.
- S.S.L.C വിജയശതമാനം 80 ശതമാനമെങ്കിലുമാക്കി ഉയർത്താൻ സമഗ്രമായ പദ്ധതി ആവിഷ്കരിക്കണം.
- കുട്ടികളുടെ തോൽവി ഒഴിവാക്കി ദേശീയ നഷ്ടം കുറയ്ക്കണം.
- ഓരോ ടേമിലും എല്ലാ ക്ലാസ്സിലും മാതൃ സംഗമങ്ങൾ നടത്തണം.
- ഒമ്പതാം ക്ലാസ്സുവരെയുള്ള പരീക്ഷാ സമ്പ്രദായത്തിൽ പുതിയ രീതി നടപ്പാക്കണം ( എഴുത്ത്, വാചികം, പ്രകടനം, കുട്ടികളുടെ വിവിധതരം കഴിവുകൾ പരിശോധിക്കുന്ന രീതി അവലംബിക്കണം.

**ഉന്നത വിദ്യാഭ്യാസരംഗം**

- ✧ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.
- ✧ അവ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കണം.
- ✧ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രധാന്യം നൽകുന്ന സ്ഥാപനങ്ങൾ ആരംഭിക്കണം.
- ✧ മിത്രനികേതൻ, ഡയിൽവ്യു തുടങ്ങിയ സ്ഥാപനങ്ങളും പഞ്ചായത്തും ഒരുമിച്ചു പ്രവർത്തിച്ചാൽ ഇതു സാധ്യമാകും.

**ഗ്രാമസഭാ നിർദേശങ്ങൾ**

1. എല്ലാ പ്രൈമറിസ്കൂളുകളിലും പഞ്ചായത്ത് പി.ടി.എ സംയുക്ത സംരംഭത്തിൽ പ്രീ-പ്രൈമറികൾ സ്ഥാപിക്കണം.
2. കുട്ടികളെ തൊട്ടടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ തന്നെ ചേർത്തു പഠിപ്പിക്കുന്നതിന് രക്ഷിതാക്കൾ ശ്രദ്ധിക്കണം.
3. എല്ലാ വാർഡുകളിലും ലൈബ്രറികൾ സ്ഥാപിക്കണം. അവ സാംസ്കാരിക നിലയങ്ങൾ എന്ന രീതിയിൽ പ്രവർത്തിക്കണം.
4. വിദ്യാലയങ്ങളിൽ ശുദ്ധജല വിതരണം ഉറപ്പു വരുത്തുക.
5. പി.ടി.എയുടെ നേതൃത്വത്തിൽ അധ്യാപകരുടേയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ ശ്രമത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു വേണ്ടി അവധിക്കാലത്ത് പരിഹാരബോധനപരിപാടി നടപ്പിലാക്കണം.
6. മാതൃ സംഗമങ്ങൾ എല്ലാ മാസവും നടത്തണം.
7. തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് മുൻഗണന നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം.
8. കലാകായിക രംഗത്ത് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വാർഡു തലത്തിൽ പരിപാടികൾ വേണം.
9. നമ്മുടെ സാംസ്കാരികത്തനിമ നിലനിർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
10. പഞ്ചായത്തിലെ കലാ-സാംസ്കാരിക പ്രതിഭകളെ സമുചിതമായി ആദരിക്കുക.
11. എല്ലാ വിദ്യാലയങ്ങളിലും ജൂൺ മാസത്തിൽ തന്നെ അധ്യാപക ഒഴിവുകൾ നികത്തണം.

ഗ്രാമ സഭാനിർദ്ദേശങ്ങളിൽ നിന്നും അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങളാണ് മുകളിൽ ചേർത്തത്. മറ്റു നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് റിപ്പോർട്ടിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

# പൊതു ജനാരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

വെള്ളനാട് പഞ്ചായത്തിലെ പൊതുജനാരോഗ്യ ചികിത്സാ സമ്പ്രദായത്തിന്റെ തുടക്കം കുറിക്കുന്നത് ഇന്നത്തെ കുളക്കോട്- അരുവിക്കര റോഡുമുക്കിലുള്ള വില്ലേജാഫീസ് പ്രവർത്തിച്ചിരുന്ന (ചാവടി ആഫീസ് )'മേട' എന്ന കെട്ടിടത്തിൽ ഒരു ഫാർമസിസ്റ്റും, ശിപായിയും കൂടാതെ ആഴ്ചയിൽ രണ്ടു ദിവസം ആര്യനാട്ടു നിന്നുള്ള ഒരു പാർട്ട് ടൈം ഡോക്ടറുടെ സേവനവും ലഭിച്ചിരുന്ന ഒരു ബൈ വീക്കിലി മലേറിയ ഡിസ്പെൻസറിയാണ്. ഈ ഡിസ്പെൻസറി പ്രവർത്തിച്ചിരുന്ന മുറിയുടെ സ്ഥലപരിമിതി കണക്കിലെടുത്ത് വെള്ളനാട്ടെ ഏതാനും വ്യക്തികൾ വാടക കൊടുത്തു കൊള്ളാം എന്ന കരാറിൽ ശ്രീ വിളയിൽ വിളാകത്തു പരമേശ്വരൻ പിള്ളയുടെ കെട്ടിടത്തിലേയ്ക്ക് ഈ ഡിസ്പെൻസറി മാറ്റി പ്രവർത്തനം ആരംഭിച്ചു. 1955ൽ ഇന്നത്തെ ബ്ലോക്ക് ആഫീസിന് മുമ്പിലുള്ള ചെറിയ ഓടിട്ട കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടു. 1964ൽ വെള്ളനാട്ടെ സമീപമുള്ള എട്ട് പഞ്ചായത്തുകളുടെ ആസ്ഥാന പ്രാഥമിക ആരോഗ്യകേന്ദ്രമായി മലേറിയ ഡിസ്പെൻസറി ഉയർത്തപ്പെട്ടു. എന്നാൽ 1972ൽ പഞ്ചായത്തിൽ നിന്ന് നൽകിയ രണ്ടേക്കർ സ്ഥലത്ത് ഇന്നു കാണുന്ന പ്രാഥമികാരോഗ്യകേന്ദ്രം ഉണ്ടാക്കുകയും അതിനുശേഷം നാല് പഞ്ചായത്തിലേയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണത്തിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി 1995ൽ ഉയർത്തപ്പെട്ടു. ഇതാണ് വെള്ളനാട്ടെ പ്രധാനപ്പെട്ട പൊതുജനാരോഗ്യകേന്ദ്രമായ മഹാത്മാ ഗാന്ധി സെന്റിനറി മെമ്മോറിയൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഹ്രസ്വമാ യ വികസന ചരിത്രം.

ഏകദേശം ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ് വെള്ളനാട് പഞ്ചായത്തിലെ ജനങ്ങൾ വിഷം തിന്നൽ ഒടുവ്, ചതവ്, മഞ്ഞപിത്തം, കുഞ്ഞുങ്ങൾക്ക് ഉണ്ടാകുന്ന വയറിളക്കം മറ്റസുഖങ്ങൾ എന്നിവയ്ക്ക് പ്രധാനമായും ആശ്രയിച്ചിരുന്നത് പാരമ്പര്യചികിത്സാ സമ്പ്രദായങ്ങളായ നാട്ടുവൈദ്യത്തേയും അന്ധവിശ്വാസത്തിലധിഷ്ഠിതമായ 'മന്ത്രവാദം', 'വെള്ളം ഓതൽ'. ദഹന സംബന്ധമായ അസുഖങ്ങൾക്ക് 'കൊതിയ്ക്കോതൽ', കുഞ്ഞുങ്ങൾക്കുണ്ടാകുന്ന വയറിളക്കം, ഉളുക്ക് എന്നിവയ്ക്ക് പ്രധാനമായും ചെയ്തിരുരുന്നത് ഇരട്ടയായി ജനിച്ചവരിൽ ഒരാളെകൊണ്ടു അസുഖം ഉള്ള കുഞ്ഞിനെ തടവിക്കലാണ്. ഈ ചികിത്സാസമ്പ്രദായങ്ങൾ അപൂർവ്വമായിട്ടെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങളിൽ ഒന്ന് ആസ്മയാണ്. കുട്ടികളിൽ ഉണ്ടാകുന്ന രോഗങ്ങളിൽ 80 ശതമാനത്തിലേറെ സ്വാശകോശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പട്ടിക 3.5.1.ൽ വെള്ളനാട് ആശുപത്രിയിൽ ചികിത്സ

പട്ടിക 3.5.1.
വെള്ളനാട് ആശുപത്രിയിൽ ചികിത്സക്കു വരുന്ന രോഗികളുടെ എണ്ണം

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ - പ്രതിവർഷം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് | വാതരോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-'93 | 356 | 15888 | 3500 | 3 | 880 | - | 15885 | 17124 |
| 1993-'94 | 999 | 33480 | 1500 | 20 | 540 | - | 31420 | 34479 |
| 1994-'95 | 1306 | 29910 | 1430 | 15 | 480 | - | 27985 | 31210 |
| 1995-'96 | 646 | 30822 | 200 | 18 | 364 | - | 30240 | 31468 |

പട്ടിക 3.5.2.

സ്ഥായിയായ രോഗബാധിതർ

| രോഗവിവരം | രോഗികളുടെ എണ്ണം |
|---|---|
| രക്തസമ്മർദ്ദം | 2600 |
| പ്രമേഹം | 3540 |
| ക്യാൻസർ | 210 |
| കുഷ്ഠം | 4 |
| ക്ഷയം | 27 |
| ഹൃദ്രോഗം | 2450 |

അവലംബം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളനാട്

ക്കായി വന്ന രോഗികളുടെ എണ്ണവും രോഗവിവരവുമാണ് കൊടുത്തിരിക്കുന്നത്.

രേഖാചിത്രം 1, 2 കാണിക്കുന്നതും വെള്ളനാട് ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നവരും (ഇൻ.പേഷ്യന്റ്) ദിനം പ്രതി ചികിത്സക്കായി വരുന്നവരുടെയും (ഔട്ട്പേഷ്യന്റ്) എണ്ണം. 1992-93നെ അപേക്ഷിച്ച് ആയപ്പോൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

വെള്ളനാട് പഞ്ചായത്തിൽ ഉള്ള അമ്മമാരിൽ (95ലെ കണക്ക്) 2314 പേർ രണ്ടുകുട്ടികൾ ഉള്ളവരും 646പേർ ഒരു കുഞ്ഞുഉള്ളവരും 688പേർ രണ്ടിൽ കൂടുതൽ കുഞ്ഞുങ്ങൾ ഉള്ളവരുമാണ്. കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരിൽ 316 പേർ ഒരു കുഞ്ഞുള്ളവരും 24204 പേർ രണ്ടുകുഞ്ഞുങ്ങൾ ഉള്ള

പട്ടിക 3.5.3

മാതൃശിശു കേന്ദ്രങ്ങളുടെ പ്രവർത്തന ദിവസവും സമയവും

| സ്ഥലം | ദിവസം | സമയം | ചികിത്സിക്കപ്പെടുന്ന വിഭാഗം |
|---|---|---|---|
| വെള്ളനാട് | തിങ്കൾ<br>ബുധൻ | 2-4<br>2-4 | പ്രസവ വിഭാഗം<br>കുട്ടികളുടെ വിഭാഗം (പോളിയോ) |
| ചാങ്ങFWC | ചൊവ്വ | 2-4 | കുട്ടികളുടെ വിഭാഗം (പോളിയോ) |
| ശങ്കര മുഖം FWC | വ്യാഴം | 2-4 | കുട്ടികളുടെ വിഭാഗം (പോളിയോ) |
| പുനലാൽ FWC | വെള്ളി | 2-4 | കുട്ടികളുടെ വിഭാഗം (പോളിയോ) |
| മുണ്ടേല FWC | ശനി | 2-4 | കുട്ടികളുടെ വിഭാഗം (പോളിയോ) |

അവലംബം: കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെള്ളനാട്.

വരും രണ്ടിൽ കൂടുതൽ കുഞ്ഞുങ്ങളുള്ള 618 പേരും ഉണ്ട്. പട്ടിക 3.5.2.ൽ കാണിക്കുന്നത് വെള്ളനാട്






പഞ്ചായത്തിലെ സ്ഥിരം രോഗികളെ കുറിച്ചുള്ള വിവരങ്ങളാണ്.

വെള്ളനാട്ടെ ഒരു വയസിൽ താഴെ പ്രായമുള്ള 402 കുഞ്ഞുങ്ങളിൽ 314 പേർ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്.

വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മൊത്തം 12 ഡോക്ടർമാരെയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഒൻപത് ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. ബാക്കിയുള്ളവ ഒഴിഞ്ഞുകിടക്കുന്നു. ഇ. സി. ജി. തുടങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ ഉണ്ടെങ്കിലും ഇവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ കുറവ് കാരണം ഈ ഉപകരണങ്ങൾ ഒന്നും ഇന്ന് പ്രവർത്തനക്ഷമമല്ല. ആശുപത്രിയിൽ മൂന്ന് ടെക്നീഷ്യൻമാരും സാധാരണ നിലയിൽ ഭേദപ്പെട്ട ഒരു ലാബും ഉണ്ടെങ്കിലും രോഗികൾ മിക്കവാറും സ്വകാര്യക്ലിനിക്കുകളെ ആശ്രയിക്കേണ്ടി വരുന്നു.

വീരണകാവ് ആമച്ചൽ കുറ്റിച്ചൽ ഉഴമലക്കൽ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ഫസ്റ്റ് റഫറൽ യൂണിറ്റായി വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ പ്രവർത്തിക്കുന്നു. പട്ടിക 3.5.3. ൽ പറയുന്നതുപോലെയാണ് ഈ കേന്ദ്രത്തിന്റെ കീഴിലുള്ള പ്രവർത്തന ദിവസവും സമയവും. മൊത്തം 12 ഡോക്ടർമാരും മൂന്ന് ലബോറട്ടറി ടെക്നീഷ്യൻമാരും ഉൾപ്പെടെ 102 ഓളം ഉദ്യോഗസ്ഥർ ജോലി ചെയ്യുന്ന ഈ സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ വിദ്യാർത്ഥികൾക്കായുള്ള പരിശീന കേന്ദ്രങ്ങളിൽ ഒന്നാണ്. 25-30 ഓളം വരെ ഹൗസ്സർജൻസ് ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ കൂടാതെ ഒരു ഗവ. ആയുർവേദ ആശുപത്രിയും വെള്ളനാട് ചാങ്ങ കേന്ദ്രമായി പ്രവർത്തിക്കുന്നു. 1982 മുതൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പ്രതിദിനം 100 രോഗികളിലേറെ ചികിത്സക്കായി വരുന്നു. പ്രധാനമായും ഈ ആശുപത്രിയിൽ നിന്നും സന്ധിവേദന, പിത്തം, നീറ്റൽ, പുകച്ചിൽ, തൊക്കുരോഗങ്ങൾ, ആസ്മ തുടങ്ങി രോഗങ്ങൾക്കാണ് ചികിത്സ നൽകുന്നത്. കൂടാതെ ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്. ഒരു മെഡിക്കൽ ഓഫീസർ, ഒരു ഫാർമസിസ്റ്റ്, ഒരു അറ്റൻഡർ, ഒരു സ്വീപ്പർ എന്നിങ്ങനെ നാലുപേരാണ് ഈ സ്ഥാപനത്തിലെ ജീവനക്കാർ. പട്ടിക 3.5.4 ൽ കൊടുത്തിരിക്കുന്നത് 1991-92 മുതൽ 95-96 വരെ ഈ ആശുപത്രിയിൽ നിന്നും ചികിത്സ ലഭിച്ച രോഗികളുടെ എണ്ണമാണ്. വ്യക്തമായ കാരണമറിയില്ലെങ്കിലും കഴിഞ്ഞ എഞ്ച് വർഷക്കാലത്തെ ചരിത്രം കാണിക്കുന്നത് ഓരോ വർഷവും ഈ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്നനവരുടെ എണ്ണം വർഷം പ്രതി കുറയുന്നതായിട്ടാണ്. ആയുർവേദ ചികിത്സാ സമ്പ്രദായത്തിന് പ്രാമുഖ്യം കൂടി വരുന്ന ഈ കാലഘട്ടത്തിൽ വെള്ളനാട് ഗവ: ആയൂർവേദ ആശുപത്രിയിൽ ഓരോ വർഷവും വരുന്ന രോഗികളുടെ എണ്ണം കുറയുന്നതിനെ കുറിച്ച് വിശദമായ അന്വഷണം നടത്തേണ്ടതാണ്.

പട്ടിക 3.5.4 ഗവ: ആയൂർവേദ ആശുപത്രിയിൽ നിന്നും ചികിത്സ ലഭിക്കുന്ന രോഗികളുടെ എണ്ണം.

| വർഷം | രോഗികളുടെ എണ്ണം |
|---|---|
| 1991-92 | 33376 |
| 1992-93 | 30408 |
| 1993-94 | 30306 |
| 1994-95 | 24977 |
| 1995-96 | 26555 |
| 1996-97 | 15168 (9-ാം മാസം വരെ) |

പട്ടിക 3.5.4 ഗവ: ആയുർവേദ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന രോഗികളുടെ എണ്ണം

മുകളിൽ പറഞ്ഞ സർക്കാർ സ്ഥാപനങ്ങൾ കൂടാതെ മിത്രനികേതൻ, ഡയിൽവ്യൂ എന്നീ സർക്കാരേതര സ്ഥാപനങ്ങളുടെ വകയായി സ്വന്തം ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഹോമിയോ ചികിത്സ നടത്തുന്ന ഷിബു ക്ലിനിക്, ആയുർവേദ ചികിത്സ

ഗവ: ആയൂർവേദ ആശുപത്രിയിൽ വർഷം പ്രതി ചികിത്സക്കായി എത്തുന്ന രോഗികളുടെ എണ്ണം.



നടത്തുന്ന PNS ഹോസ്പിറ്റൽ, അലോപ്പതി ചികിത്സ നടത്തുന്ന ലാവണ്യാ ഹോസ്പിറ്റൽ, ഒരു ദന്താശുപത്രി തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. രണ്ട് സ്വകാര്യ ലബോറട്ടറികളും, മൂന്ന് സ്വകാര്യ സ്റ്റേറ്റുകളും ഈ പഞ്ചായത്തിലുണ്ട്. വെള്ളനാട് വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളിലുള്ള മെഡിക്കൽ ലബോറട്ടറി കോഴ്സും, ബയോമെഡിക്കൽ എക്യുപ്പ്മെന്റ് കോഴ്സും, ശ്രമിക്ക് വിദ്യാപീഠത്തിന്റെ ധന സഹായത്തോടുകൂടി ഗ്രാമസേവാ ഭവന്റെ നേതൃത്വത്തിൽ നടത്തുന്ന MCT കോഴ്സും, കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ഡെയിൽവ്യൂവിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന ഒരു ഡീ അഡിഷൻ സെന്ററും ഈ പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളാണ്.

*പ്രശ്നങ്ങൾ*

1. വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. 12 ഓളം ഡോക്ടർമാരുടെ സേവനം ഈ ആശുപത്രിയ്ക്ക് ലഭിക്കാൻ അർഹതയുണ്ടെങ്കിലും ഒൻപത് പേർ മാത്രമേ ഇപ്പോൾ ഇവിടെയുള്ളൂ. കൂടാതെ ഡ്യൂട്ടിയിലുള്ള ഡോക്ടർമാരിൽ ഭൂരിഭാഗവും കൃത്യസമയത്ത് OP വിഭാഗത്തിലോ ആശിപത്രിയിലോ വരുന്നില്ല പകരം അവർ ക്വാർട്ടേഴ്സിൽ ഇരിക്കുകയോ, വരാതിരിക്കുകയോ ചെയ്യുന്നു ഇത് രോഗികൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

2. വെള്ളനാട് ആശുപത്രിയിൽ ലബോറട്ടറിയും സൗകര്യവും മൂന്ന് ടെക്നീഷ്യൻമാരും ഉണ്ടങ്കിലും രോഗികൾ അവരുടെ ആവശ്യത്തിന് സ്വകാര്യ ലബോറട്ടറികളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത് ഇതിന് ഉടനടി പരിഹാരം ഉണ്ടാക്കണം. കൂടാതെ ഒരു ഗൈനക്കോളജിസ്റ്റ് ഇഈ ആശുപത്രിയിൽ ഉണ്ടെങ്കിലും അവരുടെ സേവനം രോഗികൾക്ക് തീരെ ലഭ്യമല്ല എന്നുതന്നെ പറയാം.

3. ഈ ആശുപത്രി പ്രദേസത്ത് കണ്ടുവരുന്ന ആസ്മ, മറ്റു ശ്വാസകോശ രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നു ഈ ആശിപത്രിയിൽ ലഭിക്കാറില്ല. കൂടാതെ മിക്കവാറും സമയങ്ങളിൽ അത്യാവശ്യ മരുന്നുകൾ പോലും ലഭിക്കാറില്ല.

4. നിലവിൽ 12 ബെഡേ അനുവദിച്ചിട്ടുള്ളുവെങ്കിലും ഇപ്പോൾ ഏകദേശം 25 ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടെങ്കിലും അതിനാവശ്യമായ ഭൗതീക സാഹചര്യങ്ങൾ വെള്ളനാട് ആശുപത്രിയിൽ ഇല്ല. ആശുപത്രിയ്ക്ക് സ്വന്തമായി കിണറും വാട്ടർ ടാങ്കും ഉണ്ടെങ്കിലും അത് കുറേക്കാലമായി ഉപയോഗ ശൂന്യമായി കിടക്കുകയാണ്. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പോലും വെള്ളം ലഭിക്കാത്ത രോഗികൾ പലപ്പോഴും വലയുന്നു. കൂടാതെ യഥാസമയം അറ്റകുറ്റപണികൾ ചെയ്യാത്തതുമൂലം ആശുപത്രികെട്ടിടത്തിന്റെ പലഭാഗത്തും ചോർച്ച യുണ്ടാകുന്നു. ആശുപത്രിയുടെ പരിസരം ശുചിത്വമായി സൂക്ഷിക്കാറില്ല.

5. വെള്ളനാട് ആശുപത്രിയിൽ ഹെൽത്ത് വിസിസ്റ്റർമാരും മറ്റ് ഫീൽഡ്സ്റ്റാഫുകളും ഉണ്ടെങ്കിലും അവരുടെ പപ്രവർത്തനം ഒട്ടും തന്നെ തൃപ്തികരമല്ല. ഒരു മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഫീൽഡ് സ്റ്റാഫ് ഓരോ വീടും സന്ദർശിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

6. വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ആമ്പുലൻസിന്റെ സേവനം ലഭിക്കാത്തത് രോഗികളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കൂടാതെ കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു യൂണിറ്റ് ഈ ആശുപത്രിയിലുണ്ടാകണം.

7. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യ ഭക്ഷണം കൊടുക്കുന്നതിനുള്ള സംവിധാനം ഈ ആശുപത്രിയിൽ ഇല്ല.

8. X-റേ, ഇ.സി.ജി തുടങ്ങിയ ഉപകരണങ്ങൾ നമ്മുടെ ആശുപത്രിയിൽ എത്രയും വേഗം പ്രവർത്തിപ്പിച്ച് തുടങ്ങേണ്ടതാണ്.

9. ഈ പഞ്ചായത്തിൽ മിക്കവാറും എല്ലാ വാർഡുകളിലും ഒന്നോ അതിലധികമോ പട്ടിക ജാതി വർഗ്ഗ കോളനികളുണ്ടെങ്കിലും ഇവിടെ ഒരു പൊതു സ്മശാനമില്ല.

10. മിനി വ്യവസായ എസ്റ്റേറ്റിൽ നിന്നും പുറത്തേയ്ക്ക് പോകുന്ന മലിനജലം കെട്ടിക്കിടന്ന് സമീപ പ്രദേശങ്ങളിൽ കൊതുക് പെരുകുകയും മറ്റ് സാംക്രമിക രോഗങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

11. വെള്ളനാട് ചന്തയിലെ മലിന വസ്തുക്കൾ യഥാസമയത്ത് നീക്കം ചെയ്യുന്നില്ല. പലപ്പോഴും ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരസാധനങ്ങൾക്കവിടെ വിറ്റഴിക്കുന്നുണ്ട്. ഈ ചന്തയിൽ വിറ്റഴിക്കുന്ന മാംസം ശരിയായ രീതിയിൽ പരിശോധിക്കുകയോ അവ നടത്തുന്നതിനുള്ള ലൈസൻസോ ഇല്ല.

12. ഈ പഞ്ചായത്തിലെ 50% ലേറെ വീടികളിലും കക്കൂസ് ഇല്ല. ഇത് പൊതുവായ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

13. വെള്ളനാട് ഠൗണിലുള്ള വ്യാപാര കേന്ദ്രങ്ങൾ ആവശ്യമില്ലാത്തതും മറ്റ് മാലിന്യങ്ങളും റോഡിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്നു. ഇത് കൂടിക്കിടന്ന് പൊതുവെഠൗണിന്റേ ശുചിത്വത്തെ തകരാറിലാക്കുന്നുണ്ട്.

നിർദേശങ്ങളും പരിഹാരങ്ങളും

1. വെള്ളനാടിന്റെ ആശാകേന്ദ്രമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഇന്നത്തെ വിവിധ തരത്തിലുള്ള ശോതനീയാവസ്ഥ പരിഹരിക്കുന്നതിനു വേണ്ടി വളരെ പെട്ടന്നു തന്നെ ഒരു ജനകീയ കമ്മറ്റി രൂപീകരിക്കേണ്ട താണ്. ഈ കമ്മറ്റി ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സുസൂക്ഷമമായും, ശുഷ്ക്കാന്തി യോടുകൂടിയും നിരീക്ഷിക്കേണ്ടതാണ്. അതോടൊപ്പം

തന്നെ കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ഡോക്ടർമാരുടേയും മറ്റ് ഉദ്യോഗസ്ഥൻമാരുടേയും പേരിൽ ജനകീയ കമ്മിറ്റികൾ കൂട്ടായി തീരുമാനിച്ച് മാതൃകാപരമായ രീതിയിൽ ശിക്ഷ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ആശുപത്രിയ്ക്ക് ആവശ്യമായ ശുദ്ധജലം, ആബുലൻസ്, ആവശ്യമരുന്നുകൾ, സൗജന്യ ഭക്ഷണം എന്നിവയ്ക്ക് വേണ്ടിയുള്ള സാമ്പത്തികം മുകളിൽ പറഞ്ഞ കമ്മിറ്റി ഏതെങ്കിലും വിധത്തിൽ കണ്ടെത്തണം. ഇതിനു വേണ്ടി ഹവൺമെന്റ് ഫണ്ടിനെ മാത്രം ആശ്രയിക്കുന്നത് പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുകയേ ഉള്ളൂ. കൂടാതെ ആശുപത്രിയിലെ ബന്ധുക്കളുടെ എണ്ണവും അതിനുള്ള മറ്റു സൗകര്യങ്ങളും ഗണ്യമായി വർദ്ധിപ്പിക്കേണ്ടതാണ്.

2. വെള്ളനാട് പഞ്ചായത്തിലുണ്ടാകുന്ന പകർച്ചവ്യാധികൾ കടയുന്നതിനുവേണ്ടിയും കുഞ്ഞുങ്ങൾക്കും, ഗർഭിണികൾക്കും യഥാസമയം ചികിത്സ കിട്ടുന്നതിനും ഒരു സഞ്ചരിക്കുന്ന ആശുപത്രിയുടെ സേവനം ഈ പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്.

3. വെള്ളനാട് ചന്ത ജംഗ്ഷൻ എന്നിവയ്ക്ക് ഇടയിൽ ഒരു പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടതും അത് പൊതുജന സഹായത്തോടെ ശുചിത്വത്തോടുകൂടി പരിപാലിക്കേണ്ടതുമാണ്. കൂടാതെ ചന്തയിൽ ഇറച്ചിവെട്ടുന്ന എല്ലാപേർക്കും നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുകയും വിൽക്കുന്ന ഇറച്ചിയുടെ ഗുണമേൻമ ഉറപ്പാക്കുകയും ചെയ്യണം. ചന്തയിൽ വിൽക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേൻമ ഉറപ്പാക്കുന്നതിനുമായി ഒരു ഫുഡ് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കണം. ചപ്പ് ചവറുകൾ ഇടുന്നതിന് ആവശ്യ സ്ഥലങ്ങളിൽ വലിയ പാട്ടകളേ മറ്റുള്ളവയോ സ്ഥാപിക്കണം.

4. വെള്ളനാട്ട് ആൾപ്പാർപ്പില്ലാത്ത സ്ഥലത്ത് ഒരു സ്മശാനം സ്ഥാപിക്കേണ്ടത് ഇവിടത്തെ കോളനി നിവാസികൾക്കൊരത്യാവശ്യമാണ്. മറ്റുള്ളവർക്ക് ഉപകാരപ്രദമായികിക്കും.

5. കാർഡിയോളജി,ENT, ഓർത്തോ,ഐ സ്പെഷ്യലിസ്റ്റ്, എന്നിവരുടെ സേവനം ആഴ്ചയിലൊരിക്കലെങ്കിലും ഈ ആശുപത്രിയിൽ ലഭ്യമാക്കണം.

6. പഞ്ചായത്തിലെ പല വാർഡുകളിലും കുടുംബക്ഷേമ കാര്യത്തിൽ ആഴ്ചയിൽ ഒരു നിശ്ചിത സമയം വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ഈ കെന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പരിസര പ്രദേശത്തുള്ള കുടുംബാങ്ങളുടെ സമിതികളോ നാട്ടുകൂട്ടമോ ശ്രദ്ധിക്കേണ്ടതാണ്.

7. 25000ൽ കൂടുതൽ ആളുകൾ വസിക്കുന്ന ഈ പഞ്ചായത്തിൽ ഒരു ഹോമിയോ ആശിപത്രി അത്യവശ്യമാണ്. അത് സ്ഥാപിക്കുന്നതിനുള്ള നടപടി ഉടൻ കൈകൊള്ളണം.

8. വെള്ളനാട് ഗവ: ആയൂർവേദ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല. ആശുപത്രിയിൽ ചികിത്സക്കായി എഎത്തുന്ന രോഗികളുടെ എണ്ണം വർഷം പ്രതി കുറഞ്ഞു വരുകയും ചെയ്യുന്നു. ഇതിനശള്ള കാരണത്തെക്കുറിച്ച് ജനകീയ സമിതികൾ അന്വേഷിക്കുകയും പരിഹാരം കണ്ടത്തുകയും ചെയ്യണം.

9. വെള്ളനാട്ടെ കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും

***പട്ടിക 3.5.5***

***വെള്ളനാട് പഞ്ചായത്തിലെ പൊതു ടാപ്പുകൾ, ഹൗസ് കണക്ഷനുകൾ, പൊതുകിണനർ, കുഴൽ കിണർ തുടങ്ങിയവ***

| വാർഡ് | പൈപ്പുവെള്ളം | | കിണറുകൾ | |
|---|---|---|---|---|
| | പൊതുടാപ്പ് | ഹൗസ് കണക്ഷൻ | പൊതു കിണർ | കുഴൽ കിണർ |
| 1. | 5 | 61 | 1 | 1 |
| 2. | 8 | 42 | 2 | 2 |
| 3. | 10 | 68 | 1 | - |
| 4. | 9 | 71 | 1 | 1 |
| 5. | 8 | 54 | 2 | 2 |
| 6. | 6 | 38 | 4 | 1 |
| 7. | 9 | 51 | 3 | 1 |
| 8. | 6 | 32 | 3 | 2 |
| 9. | 5 | 40 | - | - |
| 10. | 6 | 53 | 4 | - |
| 11. | 12 | 61 | 1 | - |

*അവലംബം: Ref A VI, G പഞ്ചായത്താഫീസ്, വെള്ളനാട്*

യുദ്ധകാലാടിസ്ഥാനത്തിൽ കക്കൂസ് ഉണ്ടാക്കുന്നതിന് പഞ്ചായത്ത് സമിതിയും സർക്കാർ ഇതര സ്ഥാപനങ്ങളും ജനകീയ സമിതികളും കൂടിചേർന്ന് യുക്തമായ തീരുമാനം കൈകൊണ്ട് നടപടി കൈകൊള്ളേണ്ടതാണ്.

10. കാലാകാലങ്ങളിൽ പടരുന്ന സാംക്രമിക രോഗങ്ങളെകുറിച്ച് ബോധവൽക്കരണം നടതുന്നതിനു വേണ്ടിയുള്ള നടപടികൾ കൈകൊള്ളണം.

11. മദ്യപാനം, പുകവലി തുടങ്ങിയ ദു:ശീലങ്ങൾ ഈ പഞ്ചായത്തിലും വ്യാപകമാണ്. മദ്യം നിരോധിച്ചെങ്കിലും അനധികൃതമായി പല സ്ഥലങ്ങളിലും മദ്യം ഉണ്ടാക്കുകയും അത് വെള്ളനാടിന്റെ പല ഭാഗത്തും വിൽക്കുകയും ചെയ്യുന്നു. ഇതിനെതിരെ ബോധവൽക്കരണം ഉൾപ്പെടെ മറ്റു നിയമനടപടികൾകൈകൊള്ളുകയും പഞ്ചായത്തിൽ നിന്നും അനധികൃത ചാരായ വിൽപ്പന കർശനമായി നിരോധിക്കുകയും വേണം. കൂടാതെ പുകവലി, വെറ്റില മുറുക്കൽ തുടങ്ങിയവയെക്കെതിരായും ബോധവൽക്കരണം നടത്തണം.

12. പേ വിഷബാധ ഈ പഞ്ചായത്തിൽ പലപ്പോഴും ഒരു പൊകു പ്രശ്നമാകാറുണ്ട്. അലഞ്ഞുതിരിയുന്ന പട്ടികളെ കർശനമായും നിയന്ത്രിക്കുന്നതിനും പഞ്ചായത്തിന്റെ അനുവാദം കൂടാതെ (ലൈസൻസ്) ഇല്ലാതെ പട്ടികളെ വീട്ടിൽ വളർത്തുന്നത് നിർത്തലാക്കുകയും വേണം. വിഷ ചികിത്സക്കായി ഇന്ന് പഞ്ചായത്തിൽ പ്രത്യേക സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. അതു പരിഹരിക്കുന്നതിനായി വെള്ളനാട് ഹെൽത്ത് സെന്ററിന്റെ കീഴിൽ 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു വിഷ ചികിത്സാ കേന്ദ്രം അത്യാവശ്യമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തും ജനകീയ സമിതികളും ചേർന്നു സ്വീകരിക്കണം.

**കുടിവെള്ളം**

വെള്ളനാട് പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി കൂടുതലും ആശ്രയിക്കുന്നത് കിണറിനെയാണ്. ഇതുകൂടാതെ വെള്ളനാട് കൂവക്കുടി ആറ്റിൽ നിന്നും എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പ് 11വാർഡിലുമുണ്ട്. പട്ടിക 3.5.5ൽ കൊടുത്തിരിക്കുന്നത് ഓരോ വാർഡിലുമുള്ള പൊതു ടാപ്പുകളുടെയും വീടിന് കൊടുത്തിരിക്കുന്ന പൈപ്പ് ലൈൻ കണക്ഷന്റേയും എണ്ണമാണ്.

വെള്ളനാട്ടെ വാർഡുകളിൽ ഏറ്റവും കൂടുതൽ വീട്ടു കണക്ഷൻ ഉള്ളത് നാലാം വാർഡിലാണ്. 71വീടുകളിൽ പൈപ്പ് കണക്ഷൻ ഉണ്ട്. പഞ്ചായത്തിൽ മൊത്തം 88 പൊതു ടാപ്പുകളും 571 വീടുകളിൽ പൈപ്പ് കണക്ഷനുമുണ്ട്. പത്ത് കുഴൽകിണറുകളും 22 പൊതു കിണറുകളും ഉണ്ട്. എന്നാൽ വേനൽക്കാലത്ത് വെള്ളനാട് പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടാണ് രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടാറുണ്ട്. ഈ പഞ്ചായത്തിൽലഭിക്കുന്ന പൈപ്പു ജലം ശുദ്ധീകരിക്കുന്നില്ല. അതിനാൽ ഒരു പരിധിവരെ ആറ്റിലെ വെള്ളം അതുപോലെ തന്നെയാണ് ആളുകൾ ഉപയോഗിക്കുന്നത്. ഇത് പല വിധ അസുഖങ്ങൾക്കും കാരണമാകുന്നു. വെള്ളനാട് പഞ്ചായത്തിൽ ആകെ ഏഴ് ഹാൻപമ്പുകളെ സ്ഥാപിച്ചിട്ടുള്ളു. ഓരോ വാർഡിലും കോളനി പ്രദേശത്തും വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശത്തും ഹാൻഡ് പമ്പുകൾ സ്ഥാപിക്കണം. പട്ടിക 3.5.6 ൽ കൊടുത്തിരിക്കുന്നത് വെള്ളനാട്ടെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും കുടുംബങ്ങളുടെ ഏകദേശ കണക്കും താഴെ കൊടുക്കുന്നു. പട്ടിക 3.5.6 ഓരോ വാർഡിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളും അവയ്ക്കുള്ള പരിഹാരവും

| വാർഡ് | കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ | പരിഹാരം |
|---|---|---|
| 1 | ചെട്ടിയാർ കുന്ന് ഹരിജൻ കോളനി<br>ആലംകോട് പ്രദേശം | പൈപ്പ്ലൈൻഈ |
| പ്രദേശത്തേയ്ക്ക് | | നീട്ടുക |
| | കന്യാറംപാറ ഹരിജൻ കോളനി | കുഴൽകിണറുകൾ സ്ഥാപിക്കുക. |
| 2. | കോട്ടവിള പ്രദേശം | പൈപ്പ്ലൈൻ |
| 3. | വെള്ളംകൊള്ളി<br>വെള്ളനാട് വെള്ളൂപ്പാറ<br>കുളക്കോട് കല്ലംപ്പറ്റ<br>പള്ളിത്തറ കാരിക്കോണം<br>കമ്പനിമുക്ക് | പൈപ്പുലൈൻ നീട്ടണം. |
| 4. | മാതളംപാറ അലങ്കാരകുന്ന്<br>ടാങ്ക് കെട്ടുക. | ഈ പ്രദേശങ്ങളിൽ പ്രത്യേക |
| 5. | വെളിയന്നൂർ, കിടങ്ങുമ്മൽ<br>കടയറനട, ഉള്ളൂർക്കോണം<br>വെളിയന്നൂർ ഗണപതിയൻ മുകൾ<br>കല്ലുകെട്ട് കാണിക്കോണം | പൈപ്പ്ലൈൻ |
| 6. | ഇലഞ്ഞിമൂട്, പൂതമംഗലം,കണ്ണംമൂല,<br>ചാരുപാറ കാവുംകുഴി | പൈപ്പ്ലൈൻ<br>ആ പ്രദേശത്തിലേക്ക് നീട്ടണം.<br>പൈപ്പ്ലൈൻ സ്ഥാപിക്കുക |
| 7. | കിടങ്ങുമ്മൽ വെളിയന്നൂർ | പൈപ്പ്ലൈൻ നീട്ടുക |
| 8. | പുലിക്കോടു കുഴി നെടുമാന്നൂർ<br>കല്ലുകക്കോണം ഐനത്ത് കോണം<br>ചെറുകോട് ട്രൈബൽ<br>നഴ്സറിസ്ക്കൂൾ, ഉറിയാക്കോട് ഗവ.എൽ.പി.എസ് | പൈപ്പ്ലൈൻ നീട്ടുക<br>കുഴൽകിണർ<br>കുഴിക്കുക<br>കരിംകുറ്റി ഹരിജൻ കോളനിയിൽ നടപ്പാക്കുന്ന കുടിവെള്ളപദ്ധതി.<br>ചെറുകോട്. കടുക്കാമൂട് എന്നിവിടങ്ങളിൽ കൂടി പ്രയോജനപ്പെടുത്തുക. |
| 9. | കുതിരകളം, വെള്ളരിപ്പാറ,ചാത്തനാട്,മരുതംമൂട് | 1. കുഴൽകിണർ സ്ഥാപിക്കുക<br>2.കുതിരകളം കേന്ദ്രമാക്കി വാട്ടർ ടാങ്ക് നിർമ്മിക്കുക<br>3.കിണറുകളും കുളങ്ങളും വൃത്തിയാക്കണം<br>4.ഊറ്റുകുഴി നിർമ്മിക്കുക<br>5.പൈപ്പ്ലൈൻ ചിറക്കേണം വഴി ചിറ്റത്താകോടു വരെ നീട്ടുക<br>6.മേപ്പാട്ടുമല, കണ്ണംമ്പള്ളി എന്നിവിടങ്ങളിലെ<br>പൊട്ടിയപൈപ്പ്ലൈൻ ശരിയാക്കുക. |
| 10. | മഴുവൻകോട് കുറ്ററ | അരുവിക്കാമൂഴിയുമായി ബന്ധപ്പെടുത്തി വാർഡിൽ ശുദ്ധജല വിതരണത്തിനുള്ള സംവിധാനം ഉണ്ടാക്കുക. |
| 11. | മഴുവൻകോട് മണിക്കുറുമ്പ് ഭാഗം | പൈപ്പ് ലൈൻ നീട്ടുക. |

# ഊർജ്ജം

# ഗതാഗതം

# മാർക്കറ്റ്

വെള്ളനാട് പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസുകളിൽ പ്രധാനം വൈദ്യുതി യാണ്. വെള്ളനാട് ഠൗൺ പ്രദേശത്തുള്ള യാതാനും വീടുകളിൽ 1962 ൽ വൈദ്യുത ബൾബ് പ്രകാശിച്ചതോടെയാണ് ഈ പഞ്ചായത്തിൽ വൈദ്യൂതി എത്തുന്നത്. നെടുമങ്ങാട് 110 kvസബ്സ്റ്റേഷനിൽനിന്നാണ് വെള്ളനാട് പഞ്ചായത്തിൽ വൈദ്യൂതി വിതരണം ചെയ്യുന്നത്. ഈ പഞ്ചായത്തിലെ 3 മുതൽ 11 വരെ വാർഡിലെ വൈദ്യുതി ഉപയോഗ നിയന്ത്രണവും ബന്ധപ്പെട്ട കാര്യങ്ങളും വെള്ളനാട് ഇലക്ട്രിക്കൽ സെക്ഷനാഫീസിന്റെ നിയന്ത്രണത്തിലായിരിക്കുമ്പോൾ 1,2 വാർഡുകൾ നെടുമങ്ങാട് ഇലക്ട്രിക്കൽ സെക്ഷനാഫീസിന്റെ കീഴിലാണ്. ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ 31 ജീവനക്കാരാണ് വെള്ളനാട് സെക്ഷനാഫീസിൽ ഉള്ളത്. ഈ സെക്ഷനാഫിസ് പ്രവർത്തിക്കുന്നത് ഒരു വാടകകെട്ടിടത്തിലാണ്.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന വൈദ്യുതി ഉപഭോക്താക്കളിൽ 89%ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്നവരാണ്. 31ഉപഭോക്താക്കൾ മാത്രമേ കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നുള്ളു ഈ കണക്കിന്റെ വിശ്വാസ്യത പരിശോധിക്കേണ്ടിയിരിക്കുന്നു കാരണം വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള സൗകര്യത്തിനും വൈദ്യൂതി കുറഞ്ഞവിലയ്ക്കു ലഭിക്കുന്നതിനും വേണ്ടി വൈദ്യുതി ഓഫീസിന്റെ രേഖകളിൽ കാർഷികാവശ്യത്തിന് എന്ന് പറഞ്ഞ് വൈദ്യുതി കണക്ഷൻ നേടിയിട്ട് അവ കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. പട്ടിക 3.6.1ൽ വെള്ളനാട് പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം തരം തിരിച്ച് കൊടുക്കുന്നു.

ഈ ആഫീസിൽ നിന്നും അവസാനമായി കണക്ഷൻ കൊടുക്കുന്നത് സാധാരണ വിഭാഗക്കാർക്ക് 1991 ഒക്ടോബർ മാസം 15 തീയതിയ്ക്കു മുമ്പായി അപേക്ഷിച്ചിട്ടുള്ളവർക്കാണ്. ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് സാധാരണ വിഭാഗക്കാർക്ക് വൈദ്യുതി ലഭിക്കാൻ 5 വർഷത്തിലേറെ കാത്തിരിക്കേണ്ടി വരുന്നു എന്നതാണ് പട്ടിക 3.6.2 ൽ കൊടുത്തിരിക്കുന്നത്. വെള്ളനാട് ഇലക്ട്രിക്കൽ സെക്ഷനാഫീസിൽ വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ച് കാത്തിരിക്കന്ന വിവിധ വിഭാഗത്തിൽപ്പെട്ട അപേക്ഷകരുടെ എണ്ണമാണ് പട്ടിക 3.6.2 വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷകരുടെ എണ്ണം

വെള്ളനാട് പഞ്ചായത്തിൽ മൊത്തം 14 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 4 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള അനുവാദം വെള്ളനാട് ഇലക്ട്രിക്കൽ സെക്ഷനാഫീസിന് കിയിട്ടുണ്ട്. ഇവ സ്ഥാപിച്ചാൽ പോലും ഈ പഞ്ചായത്തിലെ ഉൾപ്രദേങ്ങളായ കിടങ്ങുമ്മൽ, വെളിയന്നൂരിന്റെ ചില ഭാഗങ്ങൾ, വാളിയറ മേപ്പാട്ടുമല, കണ്ണംപള്ളി, ചാങ്ങ ചെറുകുളം,തുടങ്ങിയ സ്ഥലങ്ങളിലെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിന് പൂർണ്ണമായ പരിഹാരമാവില്ല. പട്ടിക 3.6.3ൽ ൽകൊടുത്തിരിക്കുന്നത് ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണ ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റിയും അവസ്ഥാപിച്ചിരിക്കുന്ന പ്രദേശവുമാണ് പുതു

*പട്ടിക 3.6.1 വിവിധ തരത്തിലുള്ള വൈദ്യുതി ഉപഭോക്താക്കൾ*

| ഉപഭോക്താക്കൾ | എണ്ണം | ശതമാനം |
|---|---|---|
| ഗാർഹികം | 2706 | 89 |
| വ്യാപാരം | 260 | 8 |
| വ്യവസായം | 48 | 2 |
| കാർഷികം | 31 | 1 |

അവലംബം:ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് വെള്ളനാട്

*പട്ടിക 3.6.2 വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷകരുടെ എണ്ണം*

| വിഭാഗങ്ങൾ | എണ്ണം | അവസാനം കണക്ഷൻ നൽകിയ അപേക്ഷാ തീയതി |
|---|---|---|
| സാധാരണ കണക്ഷൻ | 224 | 15.10.1991 |
| OTP | 26 | 23.10.1992 |
| OYEC | 25 | 21.11.1995 |

അവലംബം:ഇലക്ട്രിക്കൽ സെക്ഷനാഫീസ് വെള്ളനാട്.

തായി അനുവദിച്ച ട്രാൻസ്ഫോർമറുകൾ പട്ടിക3.6.4ൽ കൊടുത്തിരിക്കുന്നത്. ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വിതരണ ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റിയും അവസ്ഥാപിച്ചിരിക്കുന്ന പ്രദേശവുമാണ് പുതുതായി അനുവദിച്ച ട്രാൻസ്ഫോർമറുകൾ. പട്ടിക 3.6.4 ൽ കൊടുത്തിരിക്കുന്നു.

വെള്ളനാട് പഞ്ചായത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് സെൽഫ് റീഡിംഗ് സമ്പ്രദായത്തിലൂടെയാണ് എന്നുള്ളത് ഉപഭോക്താവിന് ഗുണകരമായ കാര്യമാണ്. എന്നാൽ ഇലക്ട്രിസിറ്റി ഓഫീസിലെ ഉദ്യോഗസ്ഥൻമാർ ഓരോ ഉപഭോക്താവിനും സ്ഥാപിച്ചിട്ടുള്ള എൻർജിമീറ്റർ ആറുമാസത്തിലൊരിക്കൽ പിരശോധിച്ചിരിക്കണം എന്നുള്ളതിൽ

*പട്ടിക 3.6.3 ട്രാൻസ്ഫോമറുകളുടെ എണ്ണം*

| ക്രമനമ്പർ | ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി | സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ പേര് |
|---|---|---|
| 1 | 100 KVA | വെള്ളനാട്-I |
| 2. | 100KVA | വെള്ളനാട്-II |
| 3. | 163KV | ശാസ്താട്രാൻ |
| 4. | 100KVA | വാളിയറ |
| 5. | 100KVA | വെള്ളനാട് മിനിI |
| 6. | 100KVA | വെള്ളനാട് മിനിII |
| 7. | do | ആറ്റുകാൽI |
| 8. | do | ആറ്റുകാൽ II |
| 9. | 160KVA | ഷാലിമാർ |
| 10. | 160 KVA | പോബ്സൺ |
| 11. | 160KVA | മിത്രനികേതൻ |
| 12. | 100KVA | ചാങ്ങ |
| 13. | do | വെളിയന്നൂർ |
| 14. | do | പുതുമംഗലകോണം |

*അവലംബം ഇലക്ട്രിക്കൽ സെക്ഷനാഫീസ് വെള്ളനാട്.*

*പട്ടിക 3.6.4 അനുവാദം ലഭിച്ച ട്രൻസോമറുകൾ*

| ക്രമനമ്പർ | ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി | സ്ഥാപിക്കുന്ന സ്ഥലത്തിന്റെ പേര് |
|---|---|---|
| 1. | 100KVA | കമ്പനിമുക്ക് |
| 2. | 100KVA | കിടങ്ങുമ്മൽ |
| 3. | 100KVA | ചെറുകുളം |
| 4. | 100KVA | ഉറിയാക്കോട് |

അവലംബം ഇലക്ട്രിക്കൽ സെക്ഷനാഫീസ് വെള്ളനാട്.

അലംഭാവം കാട്ടുന്നതിനാൽ വെള്ളനാട് പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന മീറ്ററുകളിൽ നല്ലൊരു ശതമാനം ഇന്ന് പ്രവർത്തന രഹിതമാണ്. ഇത് ഉപഭോക്താവിന് കൂടുതൽ വിദ്യുത്ച്ഛക്തി ഉപയോഗിക്കുവാനുള്ള ഒരു സാധ്യത ഉണ്ടാക്കി കൊടുക്കുന്നതോടൊപ്പം വൈദ്യുതി ബോർഡിന്റെ വരുമാനത്തിൽ കാര്യമായ കുറവുണ്ടാകുകയും ചെയ്യുന്നു. K.S.E.B.കണക്കനുസരിച്ച് പഞ്ചായത്തിൽ 121ട്യൂബ് ലൈറ്റുകളും അഞ്ച് മെർക്കുറി പേപ്പർ ലാമ്പുകളും ഉൾപ്പെടെ 344 സ്ട്രീറ്റ് ലൈറ്റുകളാണ് ഉള്ളത്. എന്നാൽ പഞ്ചായത്തിൽ എല്ലായിടത്തും സ്ട്രീറ്റ് ലൈറ്റുകൾ എത്തിയിട്ടില്ല എന്നുമാത്രമല്ല പല സ്ഥലങ്ങളിലേതും പ്രവർത്തന രഹിതവുമാണ്

വൈദ്യുതി ലൈനു മുകളിൽ കൂടി വൃക്ഷശിഖരങ്ങൾ വളർന്നു കിടക്കുന്നതു കൊണ്ട് വളരെയധികം പ്രസരണ നഷ്ടം ഉണ്ടാകുന്നു. കൂടാതെ ഷോർട്ട് സർക്യൂട്ട് ഉൾപ്പെടെയുള്ള മറ്റ് അപകടങ്ങൾക്ക് ഇത് കാരണമാകുന്നു. ഈ വൃക്ഷശിഖരങ്ങൾ യഥാസമയം മുറിച്ചുമാറ്റുന്നതിന് ഇലക്ട്രിസിറ്റി ആഫീസിലെ ഉദ്യോഗസ്ഥർ അനാസ്ഥകാട്ടുന്നു.

പരമ്പരാഗതഊർജ സ്രോതസ്സുകളായ വിറക്, മണ്ണെണ്ണ എന്നിവയാണ് വെള്ളനാട് വൈദ്യുതി കഴിഞ്ഞാൽ ഉപയോഗിക്കപ്പെടുന്ന ഊർജം പാചകാവശ്യത്തിനായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വിറകാണ്. ഇത് സമീപ ഭാവിയിൽ രൂക്ഷമായ പരിസ്ഥിതി പ്രശ്നം ഉളവാക്കും എന്നതിൽ സംശയമില്ലല്ലോ കൂടാതെ വിറകിന്റെ വിലവർദ്ധനയും സാധാരമ കുടുംബങ്ങളെ അലട്ടുന്ന പ്രശ്നമാണ്.

ഈ പഞ്ചായത്തിൽ ഇതുവരെയായി മൊത്തം 150 ദക്ഷതയോറിയ പരിഷത്തടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പരിഷത്തടുപ്പുകളുടെ പ്രചാരം വർഷം പ്രതി പഞ്ചായത്തിൽ കുടുന്നുണ്ടെങ്കിലും നമ്മുടെ ഗ്രാമത്തിൽ ലഭിക്കുന്ന എല്ലാ വിറകുകളും (തെങ്ങിൽ നിന്നുള്ള ഓല, ചൂട്ട് തുടങ്ങിയവ ഈ അടുപ്പിന്റെ കാര്യക്ഷമതയെ നർദ്ധിപ്പിക്കുന്നില്ല എന്നൊരു പരാതിയുണ്ട്. കൂടാതെ ഈ അടുപ്പു സ്ഥാപിച്ചതിന് ശേഷമുള്ള സംഘടനയിൽ നിന്നും കിട്ടുന്ന (സ്ഥാപച്ചവരിൽ) മേൽനോട്ടം കുറവാണെന്നും പരാതിയുണ്ട്.

പാചകത്തിനും വെളിച്ചത്തിനും വേണ്ടി ഉപയോഗിക്കുന്ന ഒരു പ്രധാന ഊർജസ്രോതസാണു മണ്ണെണ്ണ. വെള്ളനാടു പഞ്ചായത്തിലെ 16 പൊതു വിതരണ കേന്ദ്രങ്ങളിൽ നിന്നുമായി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണ കൂടാതെ 3 പ്രധാനപ്പെട്ട സ്വകാര മണ്ണെണ്ണ വിൽപ്പന കടകള്ള് ഉണ്ട്. ഈ മണ്ണെണ്ണയുടെ വില സൗജന്യനിരക്കിൽ കിട്ടുന്നതിനേക്കാൾ രണ്ടിരട്ടിയിലധികമാണ്. പട്ടിക

3.6.5 ൽ കൊടുത്തിരിക്കുന്നത് വെള്ളനാട്ടെ 12 പൊതു വിതരണ കേന്ദ്രങ്ങളിൽ നിന്നുമായി വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ കണക്കാണ്.

വെള്ളനാടു പഞ്ചായത്തിൽ പെർമിറ്റ് വഴി കൂടുതൽ മണ്ണെണ്ണ വിതരണം ചെയ്യുന്ന പൊതു വിതരണകേന്ദ്രങ്ങൾ ARD No.33,34,42 എന്നിവയാണ്. പൊതുവിതരണ കേന്ദ്രങ്ങളുടെ കരിഞ്ചന്തയിലൂടെയുള്ള വിൽപ്പനയിൽ മണ്ണെണ്ണ ഒരു പ്രധാന ഇനമാണ്. പെർമിറ്റുകളുടെ എണ്ണം സാധാരണ ഗതിയിൽ കിഞ്ചന്തയിലൂടെയുള്ള വിപണനത്തിന് ഒരു പ്രോത്സാഹനമാണ്.

വീട്ടാവശ്യത്തിനായി ഈ പഞ്ചായത്തിൽ പാചകവാതകം ഉപയോഗിച്ച് തുടങ്ങിയിട്ട് 10 വർഷത്തിൽ കുറവേ ആയിട്ടുള്ളു. വളരെ കുറച്ച് വീടുകളിൽ മാത്രമേ പാചകവാതകം ഉപയോഗിക്കുന്നുള്ളൂ. ഈ പഞ്ചായത്തിലെ അപൂർവ്വം ചില വീടുകളിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിന്ന് പ്രവർത്തന ക്ഷമമല്ല.

*പ്രശ്നങ്ങൾ*

1) പഞ്ചായത്ത് പ്രദേശങ്ങൾ പൂർണ്ണമായും വാദ്യു തികരിച്ചിട്ടില്ല.

2) ഇലക്ട്രിക്ക് ലൈനിന് മുകളിലൂടെ വളർന്നു നിൽക്കുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടുന്നതുമൂലം വളരെയധികം പ്രസരണ നഷ്ടവും അപകടങ്ങളും ഉണ്ടാകുന്നു.

3) ഇലക്ട്രിസിറ്റി ഉപയോഗം ഇളക്കുന്നതിനുള്ള മീറ്ററുകളുടെ നല്ലൊരു ശതമാനം പ്രവർത്തന രഹിതമാണ്. ഇത് പരിശോധിച്ചാൽ യഥാസമയം മാറ്റിവയ്ക്കുന്നതിൽ ഇലക്ട്രിസിറ്റി ആഫീസിലെ ജീവനക്കാർ ജാഗ്രത കാട്ടുന്നില്ല.

4) ഇത് വരെയായി വെള്ളനാട്ടെ 3 ഹരിജൻ കോളനികളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. മറ്റുള്ള കോളനികൾ ഇനിയും വൈദ്യുതിയ്ക്ക് വേണ്ടി കാത്തിരിക്കുന്നു.

5) വെള്ളനാട് ഇലക്ട്രസിറ്റി ആഫീസിൽ വ്യാപകമായ അഴിമതി നിലനിൽക്കുന്നതായി ഏതാനും ചില ഗ്രാമസഭകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

6) അടുത്തകാലത്തായി ദക്ഷിതയോറിയടും

പട്ടിക 3.6.5 പൊതുവിതരണ കേന്ദ്രങ്ങളിൽ ഒരു മാസം വിതരണം ചെയ്ത മണ്ണെണ്ണ (ലിറ്ററിൽ)

| എ.ആർ.ഡി നമ്പർ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ | കാർഡു വഴി വിതരണംചെയ്യുന്ന മണ്ണെണ്ണ (മാസത്തിൽ) |
|---|---|---|---|
| 28 | 8 | 93 | 564 |
| 30 | 4 | 37 | 1107 |
| 31 | 16 | 150 | 2010 |
| 32 | 5 | 65 | 1033 |
| 33 | 20 | 277 | 1271 |
| 34 | 28 | 300 | 1344 |
| 37 | 12 | 139 | 904 |
| 38 | 13 | 127 | 1045 |
| 40 | 14 | 120 | 787 |
| 41 | 15 | 155 | 1328 |
| 42 | 34 | 441 | 1208 |
| 272 | 14 | 185 | 496 |
| ആകെ | 183 | 2019 | 13095 |

അവലംബം പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ചത്.

സൗരോർജത്തിൽ പ്രവർത്തിക്കുന്നതുമായ വിളക്കുകൾ വളരെ കുറഞ്ഞ തോതിലണെങ്കിലും പ്രചരിക്കുന്നുണ്ട്. എന്നാൽ ഇത് കൂടുതലായി പ്രചരിക്കേണ്ടതിന്റെ ആവശ്യകതയെരക്കുറിച്ച് ബോധവൽകരണം നടത്തിയിട്ടില്ല.

7) വെള്ളനാടിന്റെ ഉൾപ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നുണ്ടെങ്കിലും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ ഒന്നും ഇതുവരെ കൈ കൊണ്ടിട്ടില്ല.

8) വെള്ളനാട്ടെ സ്ട്രീറ്റ് ലൈറ്റുകളിൽ പല ഭാഗത്തും ഉള്ളവ പ്രവർത്തിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയാൽ പോലും ഇലക്ട്രിസിറ്റി ആഫിസിലെ ഉദ്യോഗസ്ഥൻമാർ അവ പരിഹരിക്കുന്നതിനുള്ള ശുഷ്കാന്തി കാണിക്കുന്നില്ല.

9) പരിഷത്തടുപ്പ് പ്രചരിക്കുന്നുണ്ടെങ്കിലും ഉപഭോക്താക്കൾക്ക് അവയെക്കുറിച്ചുള്ള പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ ഒന്നും ഇതുവരെ കൈ കൊണ്ടിട്ടില്ല.

10) പുതിയ ഊർജസ്രോതസുകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ പഞ്ചായത്തിൽ തുലോംപരിമിതമായിട്ടാണം നടന്നിരിക്കുന്നത്.

*പരിഹാരങ്ങളും നിർദ്ദേശങ്ങളും*

1) വെള്ളനാട് പഞ്ചായത്ത് പരിപൂർണ്ണമായി വൈദ്യുതീകരിക്കുന്നതോടൊപ്പം സ്ട്രീറ്റ് ലൈറ്റുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിനും വെള്ളനാട് വൈദ്യുതി ഓഫീസിൽ ഇന്ന് നിലവിലിരിക്കുന്ന അഴിമതിയും കൈകൂലിയും അനാസ്ഥയും എത്രയും വേഗം അവസാനിപ്പിക്കാൻ ജനകീയ സമിതികൾ രൂപീകരിക്കണം.

2) വെള്ളനാടിന്റെ ഉൾപ്രദേശങ്ങളിൽ നിലവിലുള്ള രൂക്ഷണായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി യുദ്ധകാലടിസ്ഥനത്തിൽ നടപടികൾ കൈകൊള്ളേണ്ടതാണ്.

3) പരിഷത്തടുപ്പിന്റെ ഇന്ന് കാണുന്ന ന്യൂനതകൾ എത്രയും വേഗം പരിഹരിക്കാനുള്ള ലടപടികൾ കൈകൊള്ളുകയും പരിഷത്തടുപ്പിന്റെ പ്രചരണം വളരെയധികം വിപുലമാക്കേണ്ടതുമാണ്.

4) നൂതനമായ ഊർജസ്രോതസുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ഗ്രാമതലത്തിൽ പത്തോ, പതിനഞ്ചോ വീടുകൾക്ക് (പാചകവാതകത്തിന്റെ) ഒരുമിച്ച് കണക്ഷൻ കൊടുക്കാൻ പറ്റുന്ന തരത്തിലുള്ള ബയോഗ്യാസ്, ഗോബർ ഗ്യാസ് പ്ലാന്റുകൾ സഹകരണാടിസ്ഥനത്തിൽ സ്ഥാപിക്കേണ്ടതാണ്. കൂടാതെ അനർട്ട് തുടങ്ങിയ ഏജൻസികൾ പ്രചരിപ്പിക്കുന്ന സൗരോർജ വിളക്കുകൾ ഈ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതാണ്. വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ സൗരവിളക്കുകളുടെ സാദ്ധ്യത മനസ്സിലാക്കുകയും അവസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ വിവിധ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടും പഞ്ചായത്തിന്റെ സഹകരണത്തോടും കൂടി നടപ്പിലാക്കണം. വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനു വേണ്ടി കംപോസ്റ്റ് ഫ്ലൂറസെന്റ് ലൈറ്റുകൾ പ്രചരിപ്പിക്കേണ്ടതാണ്.

5) മണ്ണെണ്ണയുടെ ഉപയോഗം കുറയ്ക്കുന്നത് സമൂഹത്തിന് അനിവാര്യവും സാധാരണക്കാർക്ക് ആവശ്യവുമാണ്. അനർട്ട് പോലുള്ള ഏജൻസികൾ പ്രചരിപ്പിക്കുന്ന ദക്ഷതയേറിയ മണ്ണെണ്ണ സ്റ്റൗവുകൾ പ്രചരിപ്പിക്കേണ്ടതാണ്.

## *വൈദ്യുതി (ഊർജം)*

വെള്ളനാട് പഞ്ചായത്തിന്റെ വൈദ്യുതികരിക്കേണ്ട സ്ഥലങ്ങൾ മുൻഗണനാക്രത്തിൽ നിർദ്ദേശിക്കുന്നത്.

വാർഡ് I

1) കോണിക്കപ്പള്ളി - മേലെവിള
2) കോട്ടവിളാകം - മംഗലത്ത്കോണം
3) കന്യാരുപാറ - കൊല്ലം വിളാകം
4) കുന്നുപുറം - ആനൂർക്കോണം
5) കൊങ്ങണം - ആലംകോട്
6) കൊറ്റാമല - കൊങ്ങണം
7) പൊയ്കയിൽ മഠം - ആലംകോട് (സ്ട്രീറ്റ്ലൈറ്റ്)

വാർഡ് II

1) കാവുവിള ഗിരിജൻ കോളനി - സൗജന്യ വൈദ്യുതി
2) റേഡിയോ കാസ്ക്ക് - കോട്ടവിള
3) ട്രൈബൽ സ്ക്കൂൾ - കുരിശടി
4) കേട്ടവിള - ആറ്റംമൂഴി
5) കോട്ടവിള - ചൂരക്കുഴി
6) കുരിശടി - കോട്ടവിള (സ്ട്രീറ്റ് ലൈറ്റ്)
7) കാണിക്കപ്പെട്ടി - കുരിശടി (സ്ട്രീറ്റ് ലൈറ്റ്)
8) വെള്ളയാണികോണ് - കോട്ടവിള

വാർഡ് III

1) ഭൂതംകോട്, മാതളംപാറ
2) ഭൂതംകോട്, മാതളം പാറ, പ്ലാകതടം. കമ്പനിമുക്ക്മിത്ര, അലങ്കാരക്കുന്നു, അരുവിക്കാമൂഴി.

വാർഡ് IV

1) തുറ്റുമൺ
2) ചാങ്ങമൂഴി
3) ചെറുകോടുകോണം
4) കല്ല്കെട്ട് കാറികോണം
5) വെളിയന്നൂർ തോണിക്കടവ്
6) വെളിയന്നൂർ കിടങ്ങുമ്മൽ (സ്ട്രീറ്റ്ലൈറ്റ്)

വാർഡ് VI

1) ഇലഞ്ഞിമൂട്ടുനട
2) വാച്ചറുവിള
3) കുരുച്ചേലി
4) ഏറത്ത് കല്ലറ
5) പുതുമംഗലം
6) കാവിൽകുഴി
7) പണ്ടാരവീട്ടുനട (സ്ട്രീറ്റ്ലൈറ്റ്)
8) ഹെൽത്ത് സബ് സെന്റർ നട (സ്ട്രീറ്റ് ലൈറ്റ്)
9) ഇലഞ്ഞിമൂട്ടുനട (സ്ട്രീറ്റ് ലൈറ്റ്)

വാർഡ് VII

1) ചക്കിപ്പാറ - കുരുവിയോട്
2) ചക്കിപ്പാറ - അയനത്ത്കോണം
3) കണിയാർകോണം
4) കവിയാകോട് പ്രദേശം
5) വെഞ്ഞാറക്കുഴി - ലക്ഷംവീട് മേഘല
6) ചെറുകുളം - കടുവാക്കുഴി (സ്ട്രീറ്റ് ലൈറ്റ്)
7) കടുവാക്കുഴി - പുനലാൽ (സ്ട്രീറ്റ് ലൈറ്റ്)

വാർഡ് VIII

1) വട്ടവിള - നെടുമാനൂർ
2) കണ്ണംപ്പള്ളി - ചേപ്പോട്
3) കണ്ണംപള്ളി - നാട്ടുപാറ
4) കണ്ണംപള്ളി - കല്ലുവാക്കോണം
5) കണ്ണംപള്ളി - ശീതംകുഴി
6) ഉറിയാകോട് - മുളയറ (സ്ട്രീറ്റ്ലൈറ്റ്)
7) പൂതംകോട് - കല്ലുവാക്കോണം

വാർഡ് IX

1) കണ്ണംപള്ളി - പെരിഞ്ഞാറമൂല( സ്ട്രീറ്റ്ലൈറ്റ്)
2) മേലെക്കോണം - വെള്ളരിപ്പാറ മരുതുംമൂട് ഭഗവതിപുരം
3) കുതിരകുളം - ചാത്തനാട് (സ്ട്രീറ്റ്ലൈറ്റ്)
4) മേപ്പാട്ടുമല - ചാത്തനാട്
5) ഭഗവതിപുരം - ആട്ടുംപാറ
6) സ്റ്റേഡിയം റോഡ് (സ്ട്രീറ്റ്ലൈറ്റ്)
7) അരുവിക്കുളം ചാത്തനാട് (സ്ട്രീറ്റ്ലൈറ്റ്)

വാർഡ് X

1) മേപ്പാട്ടുമല -കുറ്ററ
2) തേവൻകോട് -തേരാണി
3) പമ്മത്തിൻമൂല -വാളിയറ
4) കാരീഞ്ചമുകൾ - കോലാംകോണം
5) ക്ഷേത്രക്കുളംറോഡ് സ്ട്രീറ്റ് ലൈറ്റ്
6) ചന്തനട -വാളിയറ സ്ട്രീറ്റ്ലൈറ്റ്

വാർഡ് XI

1) വാളിയറ - അരുവിക്കുഴി
2) ശങ്കരമുഖം പ്രദേശം
3) മഴുവൻകോട് മേഖല

## ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിന് റോഡുകളും മറ്റ് ഗതാഗത സൗകര്യങ്ങളും ഒരു പ്രധാനപ്പെട്ട ഘടകമാണ്. നാം ഇതുവരെ പിൻതുടർന്നുവന്ന വികസന നയങ്ങളിൽ റോഡു കളുടെ നിർമ്മാണവും പരിപാലനവും യാതൊരു പഞ്ചായത്തിന്റേയും വാർഷിക വരുമാനത്തിൽ നല്ലൊരു ശതമാനം കൈക്കലാക്കിയിരുന്നു.വെള്ളനാടും ഇതിനൊരപവാദമല്ല.

കഴിഞ്ഞ പത്തു വർഷത്തിന് മുമ്പുവരെ വെള്ളനാട്ടു നിന്നു നേരിട്ട് തിരുവനന്തപുരത്തെക്ക് പോകാനുണ്ടായിരുന്നത് നെടുമങ്ങാട് ബസ്സ്റ്റേ ഷനിൽ നിന്നും പ്രവർത്തിപ്പിച്ചിരുന്ന ഒരു ഓർഡിനറിയും ഫാസ്റ്റ് പാസഞ്ചറും ഉൾപ്പെടെയുള്ള ഷഡ്യൂളുകളാണ് ഇന്ന് കാണുന്നതു പോലെയുള്ള സ്വകാര്യ സർവ്വീസുകൾ ഇല്ലാതിരുന്നതിനാൽ കാട്ടാക്കട നിന്നും നെടുമങ്ങാട്ടു നിന്നും പ്രവർത്തിപ്പിച്ചിരുന്ന ഏതാനും ഷഡ്യൂളുകൾ മാത്രമായിരുന്നു. വെള്ളനാട് നിവാസികൾക്ക് നെടുമങ്ങാട്, ആര്യനാട്, കാട്ടാക്കട എന്നീ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യാനുണ്ടായിരുന്ന മാർഗ്ഗങ്ങൾ.

ഇന്ന് ഏകദേശം 20മിനിട്ടിൽ ഒരിക്കൽ വെള്ളനാട്ടുനിന്ന് തിരുവനന്തപുരത്തേയ്ക്ക് സിറ്റിഫാസ്റ്റ് ഉൾപ്പെടെയുള്ള ബസുകൾ രാവിലെ 5 മണി മുതൽ രാത്രി 11 മണി വരെ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ മൂന്ന് സ്റ്റേ ബസ്സും വെള്ളനാട്ടിൽ നിന്നും പുറപ്പെടുന്നുണ്ട്.

ആര്യനാട്, കാട്ടാക്കട, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നതിന് ആളുകൾ കൂടുതലായി ആശ്രയിക്കുന്നത് സ്വകാര്യ ട്രക്കർ, ടെമ്പോ സർവ്വീസുകളെയാണ്. ഏകദേശം അത്ത് മിനിട്ടിൽ ഒരിക്കൽ ട്രക്കർ വെള്ളനാട്ടു നിന്നും ആര്യനാട്ടേയ്ക്കും അവിടെ നിന്നും ഇങ്ങോട്ടേയ്ക്കും പുറപ്പെടുന്നുണ്ട്. എന്നാൽ ഇവയിൽ കിത്തിനിറച്ച് ആളുകളെ കൊണ്ടുപോകുന്നതിനാൽ ഇടയ്ക്കിടെ അപകടങ്ങൾ ഉണ്ടാ

കുന്നു വെന്നു മാത്രമല്ല ഇത് വർദ്ധിച്ച തോതിൽ ട്രാഫിക്ക് പ്രശ്നം ഉണ്ടാകാറണ്ട്. ഇത് നിയന്ത്രിക്കുന്ന തിനു പോലീസും വേണ്ട രീതിയിൽ ശ്രദ്ധിക്കാറില്ല. വെള്ളനാട്ടു നിന്നും ആര്യനാട്ടേയ്ക്കുള്ള ബസ് സർവ്വീസുകളിൽ അടുത്തകാലത്തുണ്ടായ കുറവാണ് അതിനു കാരണം.

വെള്ളനാട് ബ്ലോക്കിന്റെ കീഴിലുള്ളതിൽ മൊത്തം ജനസംഖ്യയിൽ 12% ലേറെ ഈ പഞ്ചായത്തിലാണ് അധിവസിക്കുന്നതെങ്കിലും മൊത്തമുള്ള റോഡ് ദൈർഘ്യത്തിന്റെ 4.23% മേ വെള്ളനാട് പഞ്ചായത്തിലുള്ളൂ. ഒരു സ്വകൊയർ കി.മി വിസ്തീർണ്ണത്തിന് വെള്ളനാട് പഞ്ചായത്തിൽ 2.18% റോഡുകളാണ് ഉള്ളത്. ഇതു സംസ്ഥാന ശരാശരിയായ 3.2km നേക്കാൾ വളരെക്കുറവാണ്. പട്ടിക 3.6.6. ൽ വെള്ളനാട് ഗ്രാമീണ റോഡുകളുടെ തരംതിരിച്ച വിവരം തന്നിരിക്കുന്നു.

പഞ്ചായത്തിൽ നിന്നും ലഭിച്ച സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ വെള്ളനാട് 99.5km ദൈർഘ്യമുള്ള റോഡുകളാണ് ഉള്ളത്. വെള്ളനാട് ബ്ലോക്കിൽ നിന്നും പ്രസിദ്ധീകരിച്ച റോഡുകളെക്കുറിച്ചുള്ള കണക്കും വെള്ളനാട് പഞ്ചായത്തിൽ നിന്നും ലഭിച്ച റോഡു ദൈർഘ്യത്തെകുറിച്ചുള്ള കണക്കും തമ്മിൽ ഏകദേശം 50കി.മി.ന്റെ അന്തരമുണ്ട്. ഈ കണക്കനുസരിച്ച് വെള്ളനാട് പഞ്ചായത്തിലെ ഒരു സ്ക്വയർ കി.മീ. വിസ്തീർണ്ണത്തിന് ശരാശരി 4.48കി.മീ. റോഡു ദൈർഘ്യമുണ്ട്. ഇതിൽ ഏതാണ്ട് ശരിയായ കണക്കെന്ന് വിശദമായ അന്വേഷണത്തിലൂടെ കണ്ടെത്തേണ്ടതാണ്.

വെള്ളനാട് പഞ്ചായത്തിൽ ഒരു പ്രധാനപ്പെട്ട ടാക്സിസ്റ്റാസ്റ്റാന്റും ഒരു ഓട്ടോറിക്ഷാ സ്റ്റാന്റും ഉണ്ട്. കൂടാതെ ഇവയ്ക്കു പുറമേ വെളിയന്നൂരിൽ നിന്നും കുളപ്പട എത്തുന്നതിനു വേണ്ടിയുള്ള ഒരു കടത്തും ഉണ്ട്. ഇതിന്റെ സ്ഥിതി വളരെ ശോചനീയമാണ് വെള്ളനാട്ടെ 11 വാർഡുകളിൽ നിന്നും ഉള്ള ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് വികസനം എന്നു പറഞ്ഞാൽ ജനങ്ങൾ ഇന്നും പ്രാധാന്യം കൊടുക്കുന്നത് റോഡു വികസനത്തിനും ഗതാഗതത്തിനുമാണ്. വെള്ളനാട് പഞ്ചായത്ത് കെ.എസ്.ആർ.ടി.സിക്കു വിട്ടുകൊടുത്ത സ്ഥലത്തെ ബസ്സ്റ്റേഷൻ എത്രയും വേഗം പ്രവൃത്തി പഥത്തിലെത്തിക്കേണ്ടതാണ്. പട്ടിക 3.6.7 ൽ സൂചിപ്പിക്കുന്നത് ഓരോ വാർഡിലും പുതുതായി നിർമ്മിക്കേണ്ടതും അറ്റകുറ്റ പണികൾ ചെയ്യേണ്ടതുമായ റോഡിന്റെ പേരും ദൈർഘ്യവുമാണ്.

***പട്ടിക3.6.6 ഗ്രാമീണ റോഡുകളുടെ ദൈർഘ്യം (കി.മീറ്റർ)***

| മെറ്റൽ ചെയ്ത് | ടാറിട്ടത് | മറ്റുള്ളവ | |
|---|---|---|---|
| 8കി.മി. | 9കി.മി | 33കി.മി | 50 കി.മി |

അവലംബം ബ്ലോക്ക് ഡേറ്റാ ബാങ്ക് 1996

പട്ടിക 3.6.7

ഓരോ വാർഡിലും പുതുതായി നിർമ്മിക്കപ്പെടേണ്ടതും അറ്റകുറ്റപണികൾ ചെയ്യേണ്ടതുമായ റോഡിന്റെ പേരും ദൈർഘ്യവും

I a) കന്യാറുപാറ - പുതുക്കുളങ്ങര റോഡ് റീ ടാർ
b) മൈലമൂടു കൊറ്റാമല കോളനി തടം റോഡാക്കണം
c) പാറയ്ക്കര നീർപാച്ചിതടം ഗതാഗതയോഗ്യമാക്കുക
D) കൈപ്പള്ളികോണം വാഴാലിവഴി വലിയ ഏല റോഡ്
E) കുരിശ്ശടി മന്ത്രക്കോണം വഴി വലിയ ഏല ബന്ധിപ്പിക്കണം
F) കുന്നുനട ആലംകോട് റോഡ് ടാർ ചെയ്യണം (ഉഴണലയ്ക്കൽ, വെള്ളനാട് പഞ്ചായത്തിന്റെ സഹായത്താൽ)
G) തണ്ടോന്നി കുന്നുംപുറത്തേയ്ക്ക് ഒരു പൊതു റോഡ്
h) വലിയ ഏല ചേല വഴി മാർത്തോമ്മാപ്പള്ളി ഒറ്റയടി തടമാക്കണം.
i) തോണിപ്പള്ളി വഴി കുണ്ടറച്ചിറ കോക്കോത മംഗലം വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക.

IIa) കാണിക്കപ്പെട്ടി പുതുക്കുളങ്ങര റോഡ്
b) മുണ്ടേല കുരിശ്ശടി റോഡ്
c) കുരിശ്ശടി കോട്ടവിള ചൂരക്കുഴി സഞ്ചാരയോഗ്യമാക്കണം
d) പുതുക്കുളങ്ങര മില്ലിപ്പാറ ഗതാഗതയോഗ്യമാക്കണം
e) പുതുക്കുളങ്ങര പാണാട്ടുനട കോട്ടുവിള റോഡ്
f) കാണിക്കപ്പെട്ടി കോട്ടവിള
g) പുതുക്കുളങ്ങര തെരുവ് റോഡ്
h) പുതുക്കുളങ്ങര കലുങ്ക് ആറ്റിൻകുഴി റോഡാക്കണം

III 1) കമ്പലിമുക്ക് കാരിക്കോണം റോഡ്
2) കൂട്ടായണിമൂട് മുടിയൂർക്കോണം
3) നെട്ടയത്തുവിളാകം കുളത്തിൽ കര നട (സൈഡ്വാൾ കെട്ടണം)
4) വെള്ളൂർപ്പാറ മുള്ളുവിളത്തടം
5) വെള്ളനാട് തുമ്പറതടം (ടാർ ചെയ്യണം)
6) വെള്ളനാട് പിരപ്പിൻകോണം തടം
7) കുളക്കോട് കല്ലംപെറ്റത്തടം
8) കമ്പനിമുക്ക് പള്ളിത്തറതടം സംയോജിപ്പിച്ച് ടാർ ചെയ്യണം
9) കുളക്കോട് ആറ്റുകാൽതടം ടാർചെയ്യണം
10) പഴയവീട്ടുമൂഴി ഗംഗാമല കോളനി തടം നിർമ്മിക്കണം
11) കിടങ്ങുമ്മൽ ആറ്റിൻ മൂഴി തടം

12) കുളക്കോട് തൊടിയിൽ(ആറ്റുകാൽ നട)
13) ആറ്റുകാൽ പഴയവീട്ടുമൂഴി
14) പഴയവീട്ടു മൂഴി വെള്ളനാട് തോട്ടിൻകര
IV a) പൂതൻകോട് അതളംപാറ അരുവിക്കുഴി റോഡ്
b) അതളംപാറ മിത്രനികേതൻ റോഡ്
c) കമ്പനിമുക്ക് അരുവിക്കാമൂഴി നെടുമാന്നൂർ റോഡ്
D) നീരാഴി ഗിരിജൻകോളനി അലങ്കാരകുന്ന് റോഡ്
E) കമ്പനിമുക്ക് മിത്രനികേതൻ പുനലാൽ റോഡ്
F) വ്ലാകയിൽ പുനലാൽ റോഡ്
G) പൂതൻകോട് നെടുമാന്നൂർ ഡയിൽവ്യൂ റോഡ്
h) മുക്കലംപാട്ടു ചിറയിലേയ്ക്ക് ഒരു ആറടി പാതവേണം
i) പൂതൻകോട് നെടുമാന്നൂർ ഡയിൽവ്യൂ റോഡ്
j) കൃഷിഭവൻ റോഡ് ടാർ ചെയ്യണം
k) മിത്രപ്രസ് വെള്ളനാട് (6അടി പാത)
l) മിത്രനികേതൻപുനലാൽ റേഷൻകട റോഡ്
V a) കമ്പനിമുക്ക് കുറുങ്കള്ളൂർ ഹരിജൻ കോളനി റോഡ്
b) വെളിയന്നൂർപി എസ് കിടങ്ങുമ്മൽ റോഡ്
c) കടയറ നട ഉള്ളൂർക്കോണം
D) വെളിയന്നൂർ ചാങ്ങ മൂഴി
E) PNMUPS ചിറയ്ക്കോണം
F) വെളിയന്നൂർ തുടുപ്പോട് ചെറുകോട്കോണം കാരിക്കോണം
G) കുറുക്കുള്ളൂർ പെരുമ്പള്ളി മൂഴി
h) വെളിയന്നൂർ തോണിക്കടവിൽ കൽപ്പടവ് കെട്ടുക
i) തോണിക്കടവ് ഏലിയാവൂർ പാലം കെട്ടണം
j) തോണിക്കടവ് റോഡ് കുറുങ്കള്ളൂർ ഏലായിൽ കൂടി ചിരയ്ക്കോണത്ത് ബന്ധിപ്പിക്കണം
k) വെള്ളനാട് വഴി വെളിയന്നൂർ
ചാങ്ങ കാവുപ്പുരമുക്കിലും,
തെക്കേവീട്ടുനടയിലും ഓരോ സ്ലാബും ഇടുക.
ഓടകൾ കെട്ടുക, ടാർചെയ്യുക,
ഗതാഗതസൗകര്യം ഉണ്ടാക്കുക, ബണ്ട്, കലുങ്ക് എന്നിവ കെട്ടുക)
VI a) ചാങ്ങപാളയം പുതുമംഗലം റോഡ്
b) ചാങ്ങ ക്ഷേത്രം
c) കടുവാക്കുഴി ചാങ്ങ കിഴക്കത്
D) ചാങ്ങ കലുങ്ക് ഊളൻകുന്ന്, പറമ്പും കോണം
E) ചാങ്ങ കുരിശ്ശടി ആറ്റിൻകര കൽപ്പടവ് കെട്ടുക.
F) കണ്ടംമൂല ആറ്റിൽ ഇറങ്ങുന്ന ഭാഗം കൽപ്പടവ്
G) കണ്ടംമൂല ചാരുപാറ ടാർ ചെയ്യണം
h) ചാങ്ങ അടിയഞ്ചിറ റോഡ് നിർമ്മിക്കണം
VII a) ചക്കിപ്പാറ ഐനത്തുകോണം
b) പുനലാൽ അരുവിക്കമൂഴി
b1) അരുവിക്കാമൂഴി ഡെയിൽവ്യൂ
c) ചക്കിപ്പാറ കമ്പനിമുക്ക്
D) കവിയാകോട് കണിയാർകോണം
D1) വെയിറ്റിംഗ് ഷെഡ് കണിയാർകോണം മുമ്പാലനട
E) കാനക്കുഴി ഐനത്തു കോണം
E1) ഓണംകോട് ചൂഴ
F) ചെറുകുളം ആറുകടവ്
ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം
VIII a) കണ്ണംപള്ളി നാട്ടുപാറ കുടുക്കാമൂട് കരിംകുറ്റിനരിജൻ കോളനി
b) നവോദയ ശീതകുഴി കണ്ണംപള്ളി
c) കണ്ണംപള്ളി ചേപ്പോട്
D) നെടുമാന്നൂർ ഡയിൽവ്യൂ
E) ഉറിയകോട് നെടുമാന്നൂർ അരുവിക്കാമൂഴി
F) കണ്ണംപള്ളി പൂതംകോട് അരുവിക്കാമൂഴി
G) ഉറിയാകോട് മാതളംപാറ
h) നെടുമാന്നൂർ ചക്കിപ്പാറ
i) ഉറിയാകോട്എൽ.പി.എസ്. കല്ലുവക്കോണം
h) ഉറിയാകോട് പുലിക്കോട്ടുകുഴി
i) വെള്ളനാട് കണ്ണംപള്ളി ചേപ്പോട് മുളയറ
IX a) മേപ്പാട്ടുമല ചാത്തനാട്
b) മേലേക്കോണം കണ്ണംപള്ളി
c) മേലേക്കോണം മരുതുംമൂട് വട്ടകൈത
D) മരുതുംമൂട് വെള്ളരിപ്പാറ താവറ
E) ഭഗവതിപുരം ചിറ്റത്താകോട്
F) അരുവിക്കുളം ചാത്തനാട് പോങ്ങറ
G) കണ്ണംപള്ളി ചേപ്പോടു മുളയറ
h) പുത്തൻവിള നടവഴി സഞ്ചാരയോഗ്യമാക്ക ണം
i) വാളിയറ, കണ്ണേറ്റു നട, പോങ്ങറ, കണ്ണംപള്ളി സൈഡവാൾ കെട്ടണം
റോഡ് ടാർ ചെയ്യണം
X a) വാളിയറ കലുങ്ക് തേരാണി
b) മഴുവൻകോട് കണ്ണാത്തകോണം
c) വില്ലേജാഫീസ് വാളിയറ
D) ചന്തമുക്ക് വാളിയറ
E) ഭഗവതിക്ഷേത്രം വാളിയറ
F) മേപ്പാട്ടുമല കുറ്ററ
G) തേവൻകോട് തേരാണി
h) മഴുവൻകോട്(പൂവണംമൂട്) വാളിയറ
i) കോലാരകോണം കാരീഞ്ചമുകൾ
j) ആശുപത്രി നട കാരീഞ്ചമുകൾ റോഡ്
അറ്റകുറ്റപ്പണി ചെയ്യണം
ടാർ ചെയ്യണം
xi a) വാളിയറ മേലാംങ്കോട് ടാർ ചെയ്യണം
b) ശാന്തിനഗർ, ശങ്കരമുഖം റോഡ് ടാർ ചെയ്യണം
c) തുമ്പോട്ടുകോണം ശങ്കരമുഖം അറ്റകുറ്റപണി
D) ശങ്കരമുഖം കണ്ണേറ്റുനട അറ്റകുറ്റപണി
E) വാളിയറ കരിങ്കുറ്റി അറ്റകുറ്റപണി
F) വാളിയറ തേരാണി അറ്റകുറ്റപണി.

# പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം

മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ പാർപ്പിടം, ജനസാന്ദ്രതകൂടുന്നതിനനുസരിച്ച് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും കൂടികൊണ്ടിരിക്കുന്നു. വെള്ളനാടിന്റെ ജനസാന്ദ്രത സംസ്ഥാനശരാശരിയേക്കാൾ വളരെ കൂടുതലാണ്. സംസ്ഥാനത്തിന് ഒരു സ്ക്വയർ കി.മീ.ൽ 749 ജനങ്ങൾ ഉള്ളപ്പോൾ വെള്ളനാട്ടാകട്ടെ 1069 പേർ ഉണ്ട്. എന്നാൽ വെള്ളനാട് ഉൾപ്പെടുന്ന നെടുമങ്ങാട് താലൂക്കിന്റെ ജനസാന്ദ്രതയാകട്ടെ വെറും 566 ആണ്. പാർപ്പിട രംഗത്തെക്കുറിച്ച് പറയുമ്പോൾ പരാമർശം അർഹിക്കുന്ന ഒരു പ്രധാന സംഭവം ഈ പഞ്ചായത്തിലുണ്ടായിരുന്ന ഹൗസിംഗ് സഹകരണ സംഘത്തിന്റെ തകർച്ചയാണ്. സാധാരണ ഭവന നിർമ്മാണത്തിന്കൊടുക്കുന്ന വായ്പകളുടെ ദീർഘകാല സ്വഭാവവും ഭവനനിർമ്മാണ രംഗത്തെ പ്രവണതയായ സ്വന്തം വരുമാനത്തിൽ കവിഞ്ഞ മുതൽ മുടക്കിയുള്ള കെട്ടിട നിർമ്മാണ രീതിയും ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും എടുത്ത വായ്പകളെ കൃത്യസമയത്ത് തിരിച്ചടയ്ക്കാനുള്ള ആളുകളുടെ കഴിവിനെ പ്രതികൂലമായി ബാധിക്കുന്നു.

ഭവന നിർമ്മാണ രംഗത്തുണ്ടായ മറ്റൊരു പ്രതിസന്ധി സാധനന സാമഗ്രികളുടെ അതിരൂക്ഷമായ വിലക്കയറ്റമാണ്. ചല്ലി, സിമന്റ്, കമ്പി, ഇഷ്ടിക തുടങ്ങിയവയ്ക്ക് കഴിഞ്ഞ ഒരു വർഷം കൊണ്ട് 25%ത്തിൽ കുടുതൽ വിലവർദ്ധനവ് ഉണ്ടായി എന്നാണ് കാണുന്നത്. ഈ രംഗത്തെ മറ്റൊരു എടു

പട്ടിക 3.7.1

| വാർഡ് | ആകെ കെട്ടിടങ്ങൾ | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടം | ഒരു നിലയുള്ളകെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1. | 739 | 17 | 59 | 312 | 281 | 64 |
| 2. | 849 | 12 | 62 | 428 | 263 | 80 |
| 3. | 598 | 14 | 31 | 294 | 172 | 78 |
| 4. | 977 | 26 | 84 | 473 | 318 | 71 |
| 5. | 516 | 16 | 43 | 187 | 209 | 53 |
| 6. | 556 | 19 | 34 | 194 | 221 | 85 |
| 7. | 964 | 20 | 71 | 317 | 407 | 137 |
| 8. | 832 | 19 | 37 | 281 | 416 | 77 |
| 9. | 949 | 21 | 51 | 319 | 474 | 81 |
| 10. | 596 | 24 | 49 | 212 | 241 | 78 |
| 11. | 645 | 22 | 62 | 201 | 304 | 49 |

അവലംബം: കെട്ടിടനികുതി രജിസ്റ്റർ - പഞ്ചായത്താഫീസ്

ത്തുപറയേണ്ട പ്രതിസന്ധി തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്കാണ് തടിപ്പണി ചെയ്യുന്ന മേസ്തിരിമാർ കൊത്തപ്പണി ചെയ്യുന്നവർ തുടങ്ങിയ വരുടെ കൂലി നിരക്ക് ശരാശരി മൂന്നു മാസത്തി ലൊരിക്കൽ ഏറ്റവും കുറഞ്ഞത് 5%കണ്ടെങ്കിലും വർദ്ധിക്കുന്നതായിട്ടാണ് കണ്ടത്. കൂടാതെ ഈ മേ ഖലയിൽ തൊഴിലാളികളെ ആവശ്യത്തിനു ലഭിക്കു ന്നതിനും വളരെ ബുദ്ധിമുട്ടാണ്. എന്നാൽ മരപ്പണി പോലുള്ള ജോലികൾ പരിശീലിക്കുന്നതിൽ നിന്നും ജാതിപരമായ വിലക്കുകൾ ഒരു പരിധി വരെ സമൂ ഹത്തിലെ ഒരു പ്രത്യേക വിഭാഗത്തിന്റെ കുത്തക യായി മരപ്പണിയെ മാറ്റിയിരിക്കുന്നു. ഇത് ഈ മേഖലയിൽ ആവശ്യമുള്ളത്ര തൊഴിലാളികൾ ലഭി ക്കുന്നതിൽ തടസ്സം നിൽക്കുന്നതൊടൊപ്പം തന്നെ നിലവിലുള്ള മരപ്പണി രീതിയെ നവീകരിക്കുന്നതിനു ഒരു പ്രതിബന്ധവുമാണ്.

വെള്ളനാട്ടെ മൊത്തം നിലവിലുള്ള കെട്ടിടങ്ങ ളെക്കുറിച്ച് വ്യക്തമായ കണക്കുകൾ ഉണ്ടെങ്കിലും സ്വന്തമായി ഭവനം ഇല്ലാത്തവരെക്കുറിച്ചും യാതൊ രുവിധമായ കണക്കുകളും ലഭ്യമല്ല.വെള്ളനാടു പഞ്ചാ യത്തിലെ വീടുകളുടെ തരംതിരിച്ചുള്ള കണക്ക് പട്ടിക 3.7.1ൽ കൊടുത്തിരിക്കുന്നു.

11 വാർഡുകളിൽ ഏറ്റവും കൂടുതൽ കെട്ടിട ങ്ങൾ ഉള്ളത് നാലാം വാർഡിലാണ്. അതുകഴി ഞ്ഞാൽ ഏഴാം വാർഡും തുടർന്ന് ഒൻപതുമാണ്. ഏറ്റവും കുറച്ച് കെട്ടിടമുള്ളത് അഞ്ചാം വാർഡിലാ ണ് (586) ഇരുനില കെട്ടിടങ്ങൾ ഏറ്റവും കൂടുതലു ള്ളത് നാലാം വാർഡിലാണ് ഏറ്റവും കൂടുതൽ ഓല കെട്ടിടങ്ങളുള്ളത് ഒൻപതാം വാർഡിലാണ് (474) മൂന്നാം വാർഡിലാണത്രെ ഏറ്റവും കുറച്ച് ഓല കെട്ടി ടങ്ങൾ ഉള്ളത്. (172)

വിവിധ ഭവന നിർമ്മാണ പദ്ധതികൾ അനുസ രിച്ച് 95-96 വർഷം വെള്ളനാട് 61 വീടുകൾ നിർമ്മി ച്ചു. ഇതിൽ 12 എണ്ണവും ഏഴാം വാർഡിലാണ്. രണ്ടു വീടുകൾ മാത്രമേ ഈ പദ്ധതിയനുസരിച്ച് പത്താം വാർഡിൽ നിർമ്മിച്ചിട്ടുള്ളത് പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം 1991-'92 ൽ 6918 ആയിരുന്നത് 95-96 ആയപ്പോൾ 8221 ആയി വർദ്ധിച്ചു. അതായത് ശരാശരി ഒരു വർഷം 4% കണ്ട് ഈ പഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് വർദ്ധ നവ് ഉണ്ടാകുന്നു.

കെട്ടിടനിർമ്മാണ മേഖല വെള്ളനാടിനെ ഒരു പരിസ്ഥിതി പ്രശ്നത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഏകദേശം 32 ഓളം ഇഷ്ടിക നിർമ്മാണ ചൂളകൾ ഉണ്ട്. ഇവ യുടെ ആവശ്യത്തിനായി മണ്ണെടുക്കുന്നതിനാൽ പല നെൽപ്പാടങ്ങളുടെയും മേൽമണ്ണ് നിശേഷം മാറ്റുക യും തൽസ്ഥാനത്ത് അഗാധ ഗർത്തങ്ങൾ രൂപം കൊ ള്ളുകയും ചെയ്തിട്ടുണ്ട്. കരമനയാറ്റിന്റെ ഭാഗമായ കൂവക്കുടി ആറ്റിൽ നിന്നും ശരാശരി 25 ലേറി മണൽ കയറ്റി പോകുന്നുണ്ട്. ഇതു രണ്ട് തരത്തിൽ പ്രശ്ന ങ്ങളുണ്ടാക്കുന്നു. ഒന്ന് ഈ മണ്ണുകോരൽ ആറ്റിലെ ആഴം വർദ്ധിപ്പിക്കുന്നതിനാൽ പഞ്ചായത്തിലെ തോടു കളിൽ വെള്ളം കെട്ടിനിൽക്കുന്നില്ല. രണ്ടാമത്തെ പ്രശ്നം ആറ്റിൽ നിന്നും അധികമായി മണ്ണുകോരൽ നടത്തുന്നതുകൊണ്ട് ഇത് കൂവക്കുടി പാലത്തിന് ബല ക്ഷയമുണ്ടാകുന്നു.

<u>*പ്രശ്നങ്ങൾ*</u>

1. കെട്ടിട നിർമ്മാണ മേഖല അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം നിർമ്മാണ വസ്തുക്കളുടെ രൂക്ഷമായ വിലക്കയറ്റമാണ്.
2. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിവർദ്ധവും ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാതിരി ക്കുന്നതും
3. ഓലമേഞ്ഞ കൂരകൾ അഭിമുഖീകരിക്കുന്ന പ്രശ്നം ഓലയുടെ വിലയിലുണ്ടാകുന്ന വർദ്ധനവും അവ അഴു ക്കലിടുന്നതിനുള്ള സൗകര്യകുറവും ഓലമുടയുന്നതിന് ആളുകളെ കിട്ടാനില്ലാത്തതുമാണ്.
4. ഇഷ്ടിക നിർമ്മാണ ചൂളകളും, ആറ്റിൽ നിന്നുള്ള മണലൂറ്റും ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം.
5. വെള്ളനാട് ഹൗസിംഗ് സഹകരണ സംഘ ത്തിൽ നിന്ന് വായ്പ ലഭിക്കാത്തതും
6. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ കെടുകാര്യസ്ഥത മൂലവും ഔദ്യോ ഗിക ചട്ടിപടികളുടെ ആധിഘ്യം കാരണം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും കെട്ടിട വായ്പ ലഭിക്കാൻ വളരെയധികം ബുദ്ധിമുട്ടു

ണ്ടാകുന്നു.

നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. നിർമ്മാണ വസ്തുക്കളുടെ വിലയിലുണ്ടാകുന്ന അമിതമായ വർദ്ധനവ് കുറയ്ക്കുന്നതിനുവേണ്ടി നിർമ്മാണച്ചെലവു കുറഞ്ഞ വീടികളുടെ പ്രചരണം പഞ്ചായത്തിൽ വിപുലമാക്കുക. ഇതിനുവേണ്ടി തിരുവനന്തപുരം നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെടുക.

2. മരപ്പണി, കൊത്തവേല എന്നിവ സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം.

3. ഓലമേഞ്ഞവീടുകൾമാറ്റി ഓടുപാകുന്നതിനുവേണ്ടി ധനസഹായം ലഭിക്കാൻ ഭവന നിർമ്മാണ വായ്പാതുകയുടെ ഒരുഭാഗം മാറ്റിവയ്ക്കണം.

4. വരുമാനം തീരെ കുറഞ്ഞവരിൽ ഈ വായ്പാത്തുകയുടെ നല്ലൊരു ശതമാനമാണ് സബ്സിഡി നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

5. പഞ്ചായത്തിടപെട്ട് ആറ്റിൽനിന്നും മണ്ണുകോരൽ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും ഇഷ്ടിക ചൂളകളിൽ നിന്ന് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നത്തിന്പരിഹാരം ഉണ്ടാക്കണം.

6. പഞ്ചായത്തിൽ സാമൂഹ്യസാമ്പത്തിക സർവ്വേ നടത്തുകയും അതിലൂടെ ഭവനരഹിതരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കൂട്ടർക്ക് ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകുകയും വേണം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വളരെയധികം ആവശ്യമുള്ള പഞ്ചായത്താണ് വെള്ളനാട്. പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 3189 എണ്ണം ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരാണ്. ഇതിൽ 115 ഹരിജൻ കുടുംബങ്ങളും നാല് ഗിരിജൻ കുടുംബങ്ങളും ഉൾപ്പെടുന്നു. കൂടാതെ അംഗവൈകല്യമുള്ള 42 ആളുകളും സ്ത്രീകൾ കുടുംബ നാഥയായിട്ടുള്ള 611 കുടുംബങ്ങളും ഉണ്ട്. വാർഷികവരുമാനം 4000 രൂപയിൽ കുറഞ്ഞവരാണ് 2950 കുടുംബങ്ങളും. 170 കുടുംബങ്ങളുടെ വാർഷികവരുമാനം 4000-ത്തിനും 6000- നും രൂപയ്ക്ക് ഇടയിലാണ്.

വെള്ളനാട് പഞ്ചായത്തിൽ പ്രധാനപ്പെട്ട ഏഴ് ഹരിജൻ കോളനികളിണ്ട്. ഇവ ചെട്ടിയാറം പാറ ഹരിജൻ കോളനി(വാർഡ് -4) കുളക്കോട്, കൂവക്കുടി,ആറ്റകാൽ ലക്ഷം വീടുകൾ ( വാർഡ് -3) കാരിക്കോണം (വാർഡ് -3), കുറുങ്കള്ളൂർ (വാർഡ് -5), ചാങ്ങലക്ഷം വീട്, (6-ാം വാർഡ്), ചെറുകുളം കോളനി (7-ാം വാർഡ് ), പുനലാൽ ലക്ഷം വീട്(7-ാം വാർഡ്) ഉറിയാക്കോട് ട്രൈബൽ കോളനി, (8-ാം വാർഡ്), കരുംകുറ്റി ഹരിജൻകോളനി (10-ാം വാർഡ്). ഈ വാർഡുകൾ വിവിധ തരത്തിലുള്ള ബുദ്ധുമുട്ടുകളാണ് നേരിടുന്നത്. വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയ അർഹരായവർക്കും കിട്ടുന്നില്ല. കിട്ടുന്നത് തന്നെ വലിയകാല വിളംബരം ഉണ്ടാകുന്നുണ്ട്. പലകുടുംബങ്ങളും കുട്ടികളെ സ്ക്കൂളിലയക്കുന്നതിനും അവർക്കുവേണ്ട ചിലവുകൾ നടത്തു

പട്ടിക-3.7.2 ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം സഹായം ലഭിച്ചവർ

| വർഷം | സഹായം ലഭിചകുടുംബങ്ങളുടെ എണ്ണം | | | | | ഓരോകുടുംബത്തിനും |
|---|---|---|---|---|---|---|
| | ഹരിജൻ | ഗിരിജൻ | മറ്റുള്ളവർ | സ്ത്രീകൾ | അംഗവൈകല്യ മറ്റുള്ളവർ | ലഭിച്ചതുകരൂപയിൽ |
| 1992-93 | 22 | - | 25 | 26 | 1 | 8360 |
| 1993-94 | 17 | 1 | 31 | 28 | 3 | 11630 |
| 1994-95 | 14 | - | 41 | 33 | 2 | 11950 |
| 1995-96 | 16 | - | 25 | 28 | 1 | 17170 |

അവലംബം ബ്ലോക്ക് ഡാറ്റ ബാങ്ക് 1996

ന്നതിനും കഴിയാതെ പഠിത്തം നിർത്തിപ്പിക്കാൻ നിർബദ്ധിതരാകുന്നുണ്ട്. മുകളിൽ സൂചിപ്പിച്ച പെൻഷൻ പദ്ധതി മറ്റു സമുദായത്തിൽ പെട്ട അനാഥായവർക്കും കിട്ടുന്നില്ല. ഇതിനുവേണ്ടി അർഹരായവരെ കണ്ടുപിടിക്കാനോ അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുന്നതിനോ പഞ്ചായത്തോ സന്നദ്ധ സംഘടനകളോ ശ്രമിച്ചിട്ടില്ല.

പട്ടിക 3.7.2- ൽ കൊടുത്തിരിക്കുന്നത് ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം 1992-93 മുതൽ 1995-96 വരെ സഹായം ലഭിച്ച കുടുംബങ്ങളുടെയും ഓരോ കുടുംബത്തിനും കിട്ടിയ തുകയുടെയും കണക്കാണ്.

പട്ടിക.3.7.3 എ.ആർ.ഡി.പി, ട്രൈസം തുടങ്ങിയവ കൂടാതെ ഡി.ബ്ലിയു.സി. ആർ എ പ്രകാരം 1992-93 മുതൽ 1995-96 വരെയുള്ള കാലഘട്ടത്തിൽ ഇരുപത് ആളുകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു. 1993-96 ൽ വെള്ളനാട് പഞ്ചായത്തിലുണ്ടായിരുന്ന 177 ഗ്രാമീണ കരകൗശല പണികൾ ചെയ്യുന്നവർക്കായി 67 ഉപകരണ കൂടുകൾ (Tool kit) സ്വയം തൊഴിൽ ചെയ്ത് ആദായം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നല്കി. ഐ.എ.ജെ പദ്ധതി പ്രകാരം 1993 96 വരെയുള്ള കാലഘട്ടത്തിൽ മൊത്തം 24 വീടുകൾ നിർമ്മിച്ചു അർഹരായവർക്ക് നൽകി. കൂടാതെ പതിനൊന്നു വീടുകളുടെ പണി പൂർത്തിയായി വരുന്നു. എം. ഡബ്ലിയു. എസ്സ്. പദ്ധതി പ്രകാരം മൂന്ന് കിണറുകൾ കുഴിക്കപ്പെട്ടു.

പ്രശ്നങ്ങൾ

(1) വിവിധ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്ന അനേകം ആളുകൾ ഈ പഞ്ചായത്തിന്റെ കീഴിൽ വരുന്നുണ്ടെങ്കിലും അവർക്ക് ശരിയായ വിവരങ്ങൾ ഇല്ലാത്തതിനാൽ ഇന്നും അർഹമായ സൗജന്യം സർക്കാരിൽനിന്നും കിട്ടുന്നില്ല.

(2) സമൂഹത്തിലെ വന്ധ്യരായവരെ ഇന്നു സംരക്ഷിക്കാൻ വിമുഖത കാട്ടുന്നുണ്ട്. ഇവർക്ക് വേണ്ട ആതുരാലയങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട സംവിധാനം പഞ്ചായത്ത് തലത്തിൽ നിന്നും ഉണ്ടാകണം.

(3) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ അർഹമായ ആനുകൂല്യത്തിനു വേണ്ടി വിവിധ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ വരുമാനം, ജാതി, താമസം തുടങ്ങിയവയും സർട്ടിഫിക്കറ്റുകൾ വില്ലേജ് ആഫീസിൽ നിന്നും വാങ്ങി സഹായം നൽകുന്ന സ്ഥാപനങ്ങളിൽ നൽകേണ്ടതായി വരുന്നു. എന്നാൽ വില്ലേജ് ആഫീസിലെ ജീവനക്കാർ ഇവരോട് മാന്യമായി പെരുമാറുന്നില്ല എന്നു മാത്രമല്ല കൈക്കൂലിയും ആവശ്യപ്പെടാറുണ്ട്.

(4) സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങളെക്കുറിച്ച് വിശദമായ വിവരങ്ങൾ പലർക്കും യഥാസമയത്ത് ലഭിക്കാത്തതിനാൽ അർഹമായവ നഷ്ടപ്പെടുന്നുണ്ട്.

(5) പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും അംഗൻവാടികളും സ്ഥാപിക്കണം. കൂടാതെ പഞ്ചായത്തിന്റെ കീഴിൽ ഒരു ക്രഷ് ആരംഭിക്കണം.

പട്ടിക 3.7.3

ട്രൈസം പദ്ധതി പ്രകാരം സഹായം ലഭിച്ച കുടുബങ്ങളുടെ എണ്ണം

| വർഷം | സഹായം ലഭിച്ച കുടുംബങ്ങൾ | | | | |
|---|---|---|---|---|---|
| | രജിസ്റ്റർ | ഗിരിജൻ | മറ്റുള്ളവർ | സ്ത്രീകൾ | അംഗവൈകല്യമുള്ളവർ |
| 1992-93 | 1 | - | 4 | 5 | - |
| 1993-94 | .3 | - | 5 | 8 | - |
| 1994-95 | 1 | - | 6 | 7 | - |
| 1995-96 | 1 | - | 7 | 8 | - |

അവലംബം ബ്ലോക്ക് ഡാറ്റാ ബാങ്ക് 96

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

(1) സാമൂഹ്യക്ഷേമവകുപ്പിൽ നിന്നു് ലഭ്യമാകുന്ന സഹായങ്ങളെക്കുറച്ച് വാർഡുതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും കൂടാതെ സഹായത്തിന് അപേക്ഷിക്കേണ്ട സമയത്തെക്കുറിച്ച് സമീപിക്കേണ്ട ആഫീസിനെ കുറിച്ച്, അപേക്ഷിക്കേണ്ട രീതിയെക്കുറിച്ചും വളരെ വ്യക്തവും ലളിതവും അർഹരാവയെ അറിയിക്കാൻ വേണ്ട സംവിധാനം പഞ്ചായത്ത് തലത്തിൽ നിന്ന് ഉണ്ടാകണം. ഇതിനു വേണ്ടി പഞ്ചായത്തിൽ ഒരു ലൈസൻ ആഫീസറെ നിയമിക്കാവുന്നതാണ്.

(2) വില്ലേജാഫീസിലെ അഴിമതിയും ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയുടെ ദുർമുഖത്വം ജനകീയ സമിതികൾ നേരിട്ട് ഇടപ്പെട്ട് പരിഹരിക്കേണ്ടതാണ്.

(3) വൃദ്ധന്മാരെ സംരക്ഷിക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കുകയും ഇന്ന് വൃദ്ധമന്ദിരത്തിൽ നിലവിലുള്ള മിത്രാനികേതന്റെ സൗകര്യം വർദ്ധിപ്പിക്കേണ്ടതിനു വേണ്ടിയും പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

(4) പഞ്ചായത്ത് മഹിളാ സമാജങ്ങളും അംഗൻവാടികൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള പ്രോത്സാഹനം കൊടുക്കുകയും ഓരോ വാർഡിലും ഓരോ അംഗൻവാടിയു് മഹിളാസമാജവും സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം

## പൊതു വിതരണം

വെള്ളനാട്ടെ പൊതു വിതരണത്തിന്റെചരിത്രം തുടങ്ങുന്നത് രണ്ടാം ലോകമഹായുദ്ധത്തോടു കൂടിയാണ്. ഈ കാലഘട്ടത്തിൽ നേരിട്ട രൂക്ഷമായ ഭക്ഷ്യക്ഷാമം അഭിമുഖീകരിക്കുന്നതിനു വേണ്ടി ഇന്നത്തെ വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ 1942 ൽ തുടങ്ങിയ നേവൽ ഡിപ്പോയാണ്. ഈ ഡിപ്പോയിൽ നിന്നും പ്രധാനമായും കൊടുത്തിരുന്നത് മൈദ, പഞ്ചസാര, അരി എന്നിവയാണ്. 1942 മമുതൽ 1964 വരെയുള്ള കാലഘട്ടത്തിൽ വെള്ളനാടിന്റെ പൊതുവിതരണം മുകളിൽ സൂചിപ്പിച്ച ഈ നേവൽ ഡിപ്പോയിൽ മാത്രം ഒതുങ്ങി നിന്നു.

1964 ൽ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ അഞ്ച് പൊതുവിതരണ കേന്ദ്രങ്ങൾ തുടങ്ങി. ഈ കാലഘട്ടത്തിലുണ്ടായ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തിന്റെ ഭാഗമായിരുന്ന ഈ പൊതുവിതരണ കേന്ദ്രങ്ങളും പൊതുവിതരണകേന്ദ്രങ്ങളുടെ (റോഷൻ കടകൾ) പ്രവർത്തന വൈകല്യം വർഷം പ്രതി സംഘത്തിലെ ഭീമമായ നഷ്ടം ഉണ്ടാക്കുകയും സംഘത്തിന് റേഷൻ കടകൾ ഒരു ബാധ്യതയായി തീർന്നപ്പോൾ ഈ രംഗത്ത് പിൻമാറാൻ തീരിമാനിക്കുകയും തുടർന്ന് അക്കാലത്ത് ഈ റേഷൻ കടയിൽ വിൽപ്പനക്കായി നിയമിച്ചിരുന്നവർക്ക് സ്വന്തം പേരിൽ ഈ കടകൾ നടത്തുവാനുള്ള അനുവാദം കൊടുക്കുകയും ചെയ്തു. ഇന്ന് വെള്ളനാട് പ്രവർത്തിക്കുന്ന 16 പൊതുവിതരണ കേന്ദ്രങ്ങളിൽ 5 എണ്ണത്തോള ത്തിന്റെ ഉത്ഭവം മുകളിൽ പറഞ്ഞവയിൽ നിന്നാണ്.

വെള്ളനാട്ടെ 16 പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും പ്രധാനമായും കൊടുക്കുന്നത് അരി, മണ്ണെണ്ണ, പഞ്ചസാര, ഗോതമ്പ്, മൈദ,മുളക്, പയറു വർഗ്ഗങ്ങൾ, എണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കളാണ്. പൊതുവികരണ കേന്ദ്രങ്ങൾക്കു പുറമേ ഒരു മാവേലി സ്റ്റോറും വെള്ളനാട്ട് പ്രവർത്തിക്കുന്നുണ്ട്. പഴയ ഇലക്ട്രിസിറ്റി ആഫീസിനു സമീപമുള്ള പഞ്ചായത്തു സ്റ്റാളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇപ്പോൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.മിക്കവാറും എല്ലാവിധ ഭക്ഷ്യധാന്യങ്ങളും മറ്റ് അത്യാവശ്യ നിത്യോപയോഗ സാധനങ്ങളും ആവശ്യാനുസരണം ലഭിക്കുന്ന ീ മാവേലിസ്റ്റോറിൽ ഇല്ലാ സാധനങ്ങളും പൊതു വിപണിയെ അപേക്ഷിച്ച് ഒന്നുമുതൽ 25%വരെ വിലക്കുറവുണ്ട്.

വെള്ളനാട്ട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 16 പൊതുവിതരണ കേന്ദ്രത്തിൽ നിന്നും വിവരം ലഭിച്ചവയുടെ കണക്കാണ് പട്ടിക 3.7.4 ൽ കൊടുത്തിരിക്കുന്നത്.

പട്ടിക 3.7.4

പൊതുവിതരണ കേന്ദ്രങ്ങളുടെ വിവരങ്ങൾ

പ്രശ്നങ്ങൾ

(1) പൊതുവിതരണ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന അരി തീരെ ഗുണമേന്മ കുറഞ്ഞവയാണ്. അയതിനാൽ മിക്കവാറും കാർഡുടമകൾ പൊതുവിതരണ കേന്ദ്രങ്ങളെ അരി ലഭിക്കുന്നതിനു വേണ്ടി ആശ്രയിക്കാറില്ല.

പട്ടിക 3.7.4 പൊതുവിതരണ കേന്ദ്രങ്ങളുടെ വിവരങ്ങൾ

| പൊതുവിതരണ എണ്ണം | നമ്പർ | കാർഡുടമകളുടെ എണ്ണം | | ഗുണഭോക്താക്കളുടെ (ക്വിന്റൽ) | | പ്രതിവർഷം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾമണ്ണെണ്ണ | | | | | | കോന്ദ്രത്തിന്റെ പോര് | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | മേജർ | മേജർ | മൈനർ | ആകെ | അരി | ഗോതമ്പ് | റവ | പഞ്ചസാര | | പാമോയിൽ | മൈദ | പെർമിറ്റ് വഴിവിതരണം | കാർഡ് വഴി വിതരണം |
| വി.ആർ.ഗോപാലൻ | ARD.42 | 358 | 1296 | 201 | 1497 | 134064 | 134064 | 1080 | 7185.600 | 4296 | 3240 | 441 | 1202 |
| പി.പങ്കജാക്ഷിഅമ്മ | ARD.41 | 316 | 1102 | 206 | 1308 | 1308 | 600 | - | 523.200 | - | - | 155 | ലഭ്യമല്ല |
| - | ARD.40 | 230 | 835 | 156 | 991 | 637 | 24 | 14 | 42.5 | - | 14 | 1434 | 9876 |
| സിവി.അച്ചുതൻനായർ | ARD.38 | 278 | 996 | 193 | 1189 | 2185 | 185 | - | - | 4756 | - | 127 | 1045 |
| എൻ.വിദ്യാധരൻ | ARD.37 | 251 | 911 | 160 | 1071 | 1982 | 1982 | - | 450800 | - | - | 139 | 904 |
| സി.ശ്രീധരൻനായർ | ARD.34 | 369 | 1267 | 244 | 511 | 480 | 180 | 3 | 72 | - | 8 | 3600 | 14773 |
| സുന്ദരേശൻനായർ | ARD33 | 331 | 1192 | 158 | 1350 | 102016 | 102016 | 450 | 5.4 | 3972 | 1080 | 277 | 1271 |
| ഭവനേന്ദ്രൻ | ARD.32 | 285 | 1025 | 192 | 1217 | 224200 | 224200 | - | 446000 | - | - | 65 | 1033 |
| ദിവാകരൻനായർ | ARD.31 | 427 | 1681 | 376 | 2057 | 3738 | 3738 | - | 822800 | - | - | 150 | 200 |
| പി.രാജേന്ദ്രൻ | ARD.30 | 270 | 985 | 156 | 2126 | 21.26 | 21.26 | | 640 | | 37 | ലഭ്യമല്ല | |
| - | ARD.28 | 168 | 657 | 104 | 761 | 365 | 36 | 96 | 366 | - | 96 | 1116 | 7344 |
| -ARD.272 | 652 | 738 | 109 | 847 | 6776 | 1080 | 900 | 3388 | - | 200 | 185 | 496 | |

കുറിപ്പ് ARDNo 33,32,42 എന്നീ പൊതുവിതരണ കേന്ദ്രങ്ങളിലെ കണക്കുകൾ ഒരു മസത്തേതാണ്. ഓണ്ണുള്ളവയുടേത് വർഷത്തിന്റേതും.

(2) ആവശ്യമുള്ളതിന്റെ പകുതി പോലും മണ്ണെണ്ണ പൊതുവിതരണ കേന്ദ്രത്തിൽ നിന്നും ലഭിക്കാറില്ല. മിക്ക ഗ്രാമസഭകളിലും ഉയർന്നു വന്ന പ്രശ്നം റേഷൻകട ഉടമകൾ മണ്ണെണ്ണ കൂടിയ വിലയ്ക്ക് കരിംചന്തയിൽ വിൽക്കുന്നു എന്നതാണ്.

(3) പൊതുവിതരണ കേന്ദ്രത്തിൽ നിന്നും അരി, ഗോതമ്പ്, പഞ്ചസാര എന്നിവ കൂടാതെ മൈദ, റവ, പാമേയിൽ എന്നിവ കൊടുക്കുന്നതിനു വേണ്ടി പൊതുവിതരണ വകുപ്പിൽനിന്ന് കേന്ദ്രങ്ങൾക്ക് കൊടുക്കുന്നുണ്ടെങ്കിലും കാർഡുടമകൾക്ക് ലഭിക്കാറില്ല.

(4) അരി കൊടുക്കുന്ന അതേ അളവിൽത്തന്നെ ഗോതമ്പും കാർഡുടമകൾക്ക് ലഭിക്കുന്നതിനു വേണ്ടി റേഷൻകടകളിൽ എത്താറുണ്ടെങ്കിലും അവയുടെ നല്ലൊരു ശതമാനം കരിംച്ചന്തയിൽ വിൽക്കുന്നതിനാൽ കാർഡുടമകൾക്ക് ആവശ്യമുള്ളത്ര ഗോതമ്പ് ലഭിക്കാറില്ല.

## *നിർദ്ദേശങ്ങളും പരിഹാരങ്ങളും*

പൊതു വിതരണ കേന്ദതത്തിന്റെ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ജനകീയ സമിതികളും കാർഡുടമകൾ ഉൾകൊള്ളുന്ന നാട്ടുകൂട്ടങ്ങൾക്കും രൂപം കൊടുക്കേണ്ടതാണ്. കൂടാതെ ഓരോ ആഴ്ചയിലും പൊതുവിതരണ കേന്ദ്രത്തിൽ വരുന്ന ഭക്ഷ്യധാന്യങ്ങളുടെ കണക്ക് സ്റ്റോക്കിന്റെ വിലയും പൊതുവായി പ്രദർശിപ്പിക്കേണ്ടതാണ്. ഇത് ഓരോ ദിവസവും കേന്ദ്രം തുറന്നുടനെ തന്നെ അതാത് ദിവസങ്ങളിലെ കണക്ക് പ്രദർശിപ്പിച്ചിരിക്കണം.

(2) കാർഡുടമയ്ക്ക് അവകാശപ്പെട്ട ധാന്യങ്ങൾ, മണ്ണെണ്ണ, എന്നിവ അവർക്കു കൊടുക്കാതെ കരിച്ചന്തയിൽ വിൽക്കുന്ന റേഷൻ ഉടമകളുടെ ലൈസൻസ് റദ്ദാക്കാനുള്ള അവകാശം ജനകീയ സമിതികളുടെയും നാട്ടിൻ കൂട്ടത്തിന്റേയും അനുവാദത്തോടെ പഞ്ചായത്തിന് കൊടുക്കുക.

## സംസ്കാരം

വെള്ളനാട് പഞ്ചായത്തിനെ അറിയപ്പെടുന്ന ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാനില്ല. എന്നാൽ ഗ്രാമീണ കലാപ്രവർത്തനങ്ങളുടെ മിന്നൊളികൾ ഈ നൂററാണ്ടിൻെറ വിവിധ ഘട്ടങ്ങളിലായി നമുക്ക് ദർശിക്കാൻ കഴിയും. നാടൻ കലാരൂപങ്ങളായ കാക്കാരിശ്ശി നാടകം, കമ്പടവുകളി, തിരുവാതിര തുടങ്ങിയവ ഇവിടെ സജീവമായി കാൽനൂറ്റാണ്ടിനു മുമ്പുവരെ നിന്നു. ഇവ കൂടാതെ കാർഷിക വൃത്തിയോടനുബന്ധിച്ചുള്ള നാടൻ പാട്ടുകളിലധിഷ്ഠിതമായ കലാപ്രവർത്തനങ്ങളും നിലനിന്നിരുന്നതായി കാണാം. ഈ കലാരൂപങ്ങളുടെയെല്ലാം പ്രയോക്താക്കൾ സമൂഹത്തിലെ സാധാരണക്കാരോ തൊഴിലാളികളോ ആയിരുന്നു. അതുകൊണ്ടുതന്നെ ഇത്തരം പ്രതിഭാശാലികൾ അറിയപ്പെടാത്തവരായി മാറി. ഇവരിൽ എടുത്തുപറയാവുന്ന ഒരു പ്രതിഭാശാലിയായിരുന്നു കൊച്ചപ്പി ഭാഗവതർ. നിത്യദാരിദ്രത്തിൻെറ നടുവിൽ ഒരു കലോപാസകനായി ജീവിച്ച് ആരുമറിയാതെ വിസ്മൃതിയിൽ വിലയം പ്രാപിച്ച ഒരു പ്രതിഭാധനനായിരുന്നു കൊച്ചപ്പി ഭാഗവതർ.

വെള്ളനാടിൻെറ സാംസ്കാരിക ചരിത്രത്തിൽ ഒരു പ്രമുഖസ്ഥാനമാണ് ക്ഷേത്രങ്ങൾക്കുള്ളത്. തിരുനല്ലൂർ ശാല സുബ്രഹ്മണ്യക്ഷേത്രവും ശ്രീഭഗവതിക്ഷേത്രവുമാണ് ഇതിൽ പ്രധാനം. കാലപ്പഴക്കം കൊണ്ട്.

ഏറ്റവും പുരാതനമായ ക്ഷേത്രമാണ് സുബ്രഹ്മണ്യക്ഷേത്രം. തമിഴ് ശില്പകലാ രീതിയിലുള്ള ഇതിൻെറ നിർമ്മാണം വെള്ളനാടിൻെറ സാമൂഹ്യചരിത്രവുമായി ബന്ധമുള്ളതാകണം. ഈ ക്ഷേത്രത്തിൻെറ പരിസരത്ത് ഒരു കുടിപ്പള്ളിക്കൂടമുണ്ടായിരുന്നതായി ചില രേഖകൾ കാണിക്കുന്നു. വെള്ളനാട് ഭഗവതി ക്ഷേത്രത്തിലെ പത്തുദിവസം നീണ്ടുനിൽക്കുന്ന ഉത്സവം നമ്മുടെ പഞ്ചായത്തിലെ പ്രാദേശിക ആഘോഷമായി മാററാറുണ്ട്. ഇവിടത്തെ പറണേറ്റ്, തൂക്കം നിലത്തിൽപോര് തുടങ്ങിയവ കാണാൻ സംസ്ഥാനത്തിൻെറ വിവധ ഭാഗങ്ങളിൽ നിന്ന് ധാരാളം ജനങ്ങൾ എത്തിച്ചേരാറുണ്ട്. ഇതു കൂടാതെ ചെറുതും വലുതുമായ ധാരാളം ക്ഷേത്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ടാണ് കലാപ്രവർത്തനങ്ങൾ ഇവിടെ സജീവമായി നിലനിന്നിരുന്നത്. നാടകം, വിൽപ്പാട്ട്, കഥാപ്രസംഗം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന വിവിധ യുവാക്കളുടെ സംഘങ്ങൾ ഏകദേശം 20 വർഷം മുമ്പുവരെ ഇവിടെ നിലനിന്നിരുന്നു. അങ്ങനെ വളർന്നുവന്ന യുവാക്കളിൽ ഒരാളാണ് പിന്നെ അറിയപ്പെട്ട വെള്ളനാട് നാരായണൻ. എന്നാൽ ഇന്ന് ഇത്തരത്തിലുള്ള കലാപ്രവർത്തനങ്ങളുടെ ജീവൻ നഷ്ടപ്പെട്ടിരിക്കുന്നു. പങ്കാളിത്തമില്ലാത്ത വെറുമൊരു കാഴചക്കാരായി ഇന്നത്തെ തലമുറ മാറിയിരിക്കുന്നു. ഇല്ക്ട്രോണിക്സ് മാധ്യമം സൃഷ്ടിച്ച സാംസ്കാരിക നവോത്ഥാനത്തിൻെറ പ്രതിഫലനമാകാം ഇതൊക്കെ. വെള്ളനാട്ട് ക്ഷേത്ര നിർമ്മാണകലയുമായി ബന്ധപ്പെട്ട് ചില കലാകാരൻമാർ പ്രവർത്തിച്ചിട്ടുണ്ട്. വിഗ്രഹ നിർമ്മാണത്തിൽ പ്രഗത്ഭനായി അറിയപ്പെട്ട കലാകാരനാണ് പപ്പുക്കുട്ടി മേശിരി.

വെള്ളനാട്ടെ സാംസ്കാരിക ചരിത്രത്തിൽ ക്രിസ്ത്യൻ പള്ളികൾ ഒരു പ്രധാനപ്പെട്ട ഒരു പങ്ക് വഹിച്ചിട്ടുണ്ട്. 1910 ൽ ഉറിയാക്കോട് സ്ഥാപിച്ച LMS UPS ആണ് വെള്ളനാട്, പൂവച്ചൽ പഞ്ചായത്തുകളിലെ ആദ്യത്തെ അപ്പർ പ്രൈമറി സ്കൂൾ.

## വായനശാല പ്രസ്ഥാനം

കേരളത്തിലെ മറ്റു ഗ്രാമങ്ങളിലേതു പോലെ വെള്ളനാടും ദേശീയ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ടെ ഗ്രന്ഥശാലകൾ പ്രവർത്തിച്ചിരുന്നു. ഇന്ന് ചെറുതും വലുതുമായ 5 ഗ്രന്ഥശാലകൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു. പട്ടിക 3.8.1 1931-ൽ വെള്ളനാട് L.P സ്കൂളിനോടനുബന്ധിച്ച് സ്കൂളിൻെറ ഹെഡ്മാസ്റ്ററായ പന്തടിവിള ഭഗവതിപ്പിള്ളയുടെ നേതൃത്വത്തിൽ രൂപം കൊണ്ട റൂറൽ ഗ്രന്ഥാലയമാണ് 1951-ൽ വെള്ളനാട് പബ്ലിക് ലൈബ്രറിയായി വികാസം പ്രാപിച്ചത്. ചെറിയൊരു ഗ്രന്ഥാലയം മാത്രമുണ്ടായിരുന്ന ഇത് ഇന്ന് 13600 ഓളം ഗ്രന്ഥങ്ങളുള്ള ബൃഹത്തായ വായനശാലയായി, കോളെജ് വിദ്യാർത്ഥികളും മറ്റു ഉദ്യോഗാർത്ഥികളും റഫറൻസ് ലൈബ്രറിയായി ഉപയോഗപ്പെടുത്തുന്നുണ്ട്. 1952-ൽ സ്ഥാപിതമായ വെളിയന്നൂർ യുവജനസമിതി ഗ്രന്ഥശാലയാണ് രണ്ടാമത്തേത്. എന്നാൽ നിർഭാഗ്യവശാൽ ഇതിൻെറ പ്രവർത്തനങ്ങൾ ഇന്ന് നിർജ്ജീവമായി കിടക്കുകയാണ്. ഒട്ടേറെ സാമൂഹ്യസന്നദ്ധ പ്രവർത്തനങ്ങൾ കൂടി നടത്തിയിരുന്ന ഈ വായനശാലയെ പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. ഉറിയാക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി ഗ്രന്ഥശാലയാണ് പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന മറ്റൊന്ന്. ഏറെക്കുറെ ഭംഗിയായി ഇതിൻെറ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇന്ന് ഗ്രന്ഥശാലാ സംഘത്തിൻെറ ഗ്രാൻറ് ലഭിക്കുന്നത് വെള്ളനാട് പബ്ലിക് ലൈബ്രറിക്കും ഉറിയാക്കോട് വായനശാലക്കും മാത്രമാണ്. ഇതുകൂടാതെ മിത്രാനികേതൻ. ഡെയിൽ വ്യൂ, ഗവൺമെൻറ് ഹൈസ്കൂൾ വെള്ളനാട് തുടങ്ങിയ സ്ഥാപനങ്ങളിലും അവരുടേതായ ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നു.

നമ്മുടെ വായനശാലകൾ ഒരുകാലത്ത് സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. സാമൂഹ്യ നവോത്ഥാനത്തിൻെറ ആണിക്കല്ലായിരുന്നു ഇത്തരം ഗ്രാമീണ വായനശാലകൾ. എന്നാൽ വായനയിലൂടെ വളർന്നുവന്ന

സാമൂഹ്യപ്രതിബദ്ധത ക്രമേണ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ബാഹുല്യം ആഴത്തിലുള്ള വായനയ്ക്ക് കനത്ത പ്രഹരം ഏല്പിച്ചിരിക്കുന്നു.

വർത്തമാനപത്രങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും നമ്മുടെ പഞ്ചായത്തിൽ പ്രചുര പ്രചാരം ലഭിച്ചിട്ടുണ്ട്. 1000-ത്തോളം ദിനപ്പത്രങ്ങളുടെ വിതരണം ഇന്ന് ഈ പഞ്ചായത്തിനുള്ളിൽ നടക്കുന്നുണ്ട്. പത്രങ്ങളിൽ മലയാള മനോരമയ്ക്കാണ് പ്രമുഖസ്ഥാനം.

സാംസ്കാരികചരിത്രത്തിൽ സന്നദ്ധസംഘടനകൾക്ക് അതിപ്രധാനമായ ഒരു പങ്കുണ്ട്. മിത്രാനികേതൻ, ഡെയിൽവ്യൂ തുടങ്ങിയ സാമൂഹ്യ സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിനുള്ളിലാണ് പ്രവർത്തിക്കുന്നത്. ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന സ്ഥാപനങ്ങളായി ഡെയിൽവ്യൂ, മിത്രാനികേതൻ മാറിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ക്ലബുകളുടെയും കലാസംഘടനകളുടെയും പ്രവർത്തനങ്ങൾ യുവത്വത്തിന്റെ തീഷ്ണമായ പ്രസരിപ്പ് എക്കാലത്തും പ്രതിഫലിപ്പിച്ച് വെള്ളനാടിന്റെ പ്രവർത്തന പന്ഥാവ് സമ്പന്നമാക്കിയിട്ടുണ്ട്. പട്ടിക 3.8.2 1942-ൽ ബാലൻസാർ, പ്രൊഫ. ചന്ദ്രശേഖരൻ നായർ, വിശ്വനാഥൻ (മിത്രാനികേതൻ), പരമേശ്വരൻ നായർ (കൊക്കുടി) തുടങ്ങിയവർ മുൻകൈയെടുത്ത് സ്ഥാപിച്ച സഹൃദയകലാസമിതി എന്ന സംഘടനയാണ് വെള്ളനാട്ടെ സന്നദ്ധ സംഘടനകളുടെ മാതൃസ്ഥാപനം. പിൽക്കാലത്ത് സംഗീതനാടക അക്കാദമിയുടെ ധനസഹായത്തോടെ ഒട്ടേറെ കലാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. സഹൃദയസ്പോർട്ട് & ആർട്ട്സ് ക്ലബ് നടത്തിവരുന്ന ത്രൈമാസിക പരിപാടി പുത്തൻ കലാരൂപങ്ങൾ ആസ്വദിക്കാൻ ജനങ്ങൾക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുന്നു.

## സിനിമ

1974-ൽ സ്ഥാപിച്ച ഭദ്രാടാക്കീസു മുതലാണ് സിനിമ നമ്മുടെ പഞ്ചായത്തിൽ പ്രചുരപ്രചാരം നേടിയത്. എന്നാൽ ടെലിവിഷൻ വ്യാപകമായി തുടങ്ങിയതോടുകൂടിയാണ് സിനിമ ശക്തമായ ആസ്വാദന മാധ്യമമായി മാറിയത്. പക്ഷെ നിലവാരം പുലർത്തുന്ന സിനിമകൾ ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുവാനുള്ള സംവിധാനങ്ങൾ ഇന്ന് നമുക്കില്ല. മാദ്ധ്യമരംഗത്തെ നവീനമായ വിപ്ലവവും സ്വാധീനവും മനസ്സിലാക്കി നല്ല സിനിമ എന്ന സങ്കല്പം കുറച്ചുകൂടി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു.

ഉന്നതമായ മാനുഷിക മൂല്യങ്ങളും കൂട്ടായ്മയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ, ഇവ പുനരുജ്ജീവിപ്പിച്ച് സമ്പന്നമായ ഒരു ജീവിത സാഹചര്യം സൃഷ്ടിക്കാൻ സാംസ്കാരിക സംഘടനകൾക്കും പ്രവർത്തനങ്ങൾക്കും ഒരു വലിയ പങ്ക് വഹിക്കാനുണ്ട്. സംസ്കാരം വ്യക്തി അധിഷ്ഠിതമാകാതെ, സമൂഹത്തിന്റെ ക്രിയാത്മകതയും നന്മയും ഉജ്ജീവിപ്പിച്ച് പുത്തൻ ഒരു സാംസ്കാരിക വികസന പ്രസ്ഥാനം വളർത്തിക്കൊണ്ടു വരേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുകയാണ്.

## സാംസ്കാരിക രംഗം നേരിടുന്ന പ്രശ്നങ്ങൾ

1. വായനശാലകളുടെ അപര്യാപ്തത
2. കലാരംഗങ്ങളിൽ പരിശീലനത്തിന് അനുയോജ്യമായ സാഹചര്യങ്ങളുടെ കുറവ്.
3. കലാപ്രവർത്തനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തത്തിന്റെ അഭാവം
4. 6-ാം വാർഡ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചാങ്ങവായനശാലയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം സ്തംഭിച്ച നിലയിലാണ്.
5. വായനശാലകളിൽ ആവശ്യമുള്ളത്ര പത്രങ്ങളോ വാരികകളോ ലഭ്യമല്ല.
6. മുൻകാലങ്ങളിൽ വായനശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയിരുന്ന ചർച്ചകളും സെമിനാറുകളും ഇന്ന് നിർജ്ജീവമായിരിക്കുന്നു.
7. മൂന്നാം വാർഡിൽ ഒരു കമ്മ്യൂണിറ്റിഹാൾ അനുവദിക്കണം.

## നിർദ്ദേശങ്ങൾ

1. വെള്ളനാട് പഞ്ചായത്തിൽ കൊങ്ങണം, മുണ്ടേല, ഭഗവതിപുരം, പുനലാൻ ശങ്കരമുഖം തുടങ്ങിയ പ്രദേശങ്ങളിൽ ഓരോ ഗ്രാമീണ വായനശാല സ്ഥാപിക്കണം.
2. കലാ കായിക സമിതികളുടെ പ്രവർത്തനത്തിന് ആക്കം കൂട്ടാൻ ധനസഹായങ്ങൾ ലഭ്യമാക്കണം.
3. കലാരംഗത്ത് താല്പര്യമുള്ളവർക്ക് പരിശീലനം കൊടുക്കണം.
4. വായനശീലം സ്കൂൾതലം മുതലേ പോഷിപ്പിക്കുന്നതിനുവേണ്ടി വായനശാലയോടനുബന്ധിച്ച് ഒരു ചിൽഡ്രൻസ് കോർണർ രൂപീകരിക്കാവുന്നതാണ്.
5. പഞ്ചായത്ത് തലത്തിൽ ഫിലിം ക്ലബുകൾ രൂപീകരിച്ച് നല്ല സിനിമയെ ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
6. വായനശാലയുടെ ഗ്രാന്റുകൾ വർദ്ധിപ്പിച്ച് അവ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.
7. വായനശാല കേന്ദ്രീകരിച്ച് ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കണം.

## കായികരംഗം

നാല്ദശാബ്ദത്തിലേറെ പഴക്കമുള്ള വെള്ളനാടിന്റെ കായികചരിത്രം വോളീബോളിൽ നിന്നും ആരംഭിക്കുന്നു. നാല്പതുവർഷങ്ങൾക്കുമുമ്പ് വെള്ളനാട് ഭഗവതി ക്ഷേത്ര ഗ്രൗണ്ടിൽ തുടക്കം കുറിച്ച ഈ കായിക വിനോദം കാലത്തിന്റെ ഗതിവിഗതികളെ അതിജീവിച്ചുകൊണ്ട് അനസ്യൂതം തുടരുന്നു. ഇതിനു തുടക്കം കുറിച്ചവരിൽ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ നിരവധി പേരുടെ നിസീമമായ സംഭാവനയുണ്ട്. ഇവരിൽ അപ്പിചെട്ടിയാർ, മിത്രാനികേതൻ സഹദേവൻ, ഭാനുസാർ, കെ.പരമേശ്വരൻ നായർ, പി. നാഗപ്പൻ നായർ, ശങ്കരപ്പിള്ള, കൃഷ്ണൻനായർ, ശശിധരൻനായർ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. ഒരു കാലഘട്ടത്തിൽ വെള്ളനാട്ടെ വോളീബോൾ ടീം സംസ്ഥാനനിലവാരത്തിലുള്ള മത്സരങ്ങളിലും പങ്കെടുത്തിരുന്നു. വർഷങ്ങളായി ഇവിടെ നിലനില്ക്കുന്ന ഈ കായികവിനോദം അനേകം യുവതീയുവാക്കളെ ഈ രംഗത്തേക്ക് ആകർഷിച്ചിട്ടുണ്ട്. ഒരു ഘട്ടത്തിൽ കേരളാപോലീസിന്റെ സംസ്ഥാന വോളീബാൾ ടീമിൽ അംഗമായിരുന്ന കെ.പി. രാമചന്ദ്രൻനായർ ഈ രംഗത്ത് വെള്ളനാടിന്റെ സംഭാവനയായിരുന്നു.

സ്പോർട്സ് രംഗത്ത് ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വെള്ളനാട്ടെ രണ്ട് പ്രമുഖ ക്ലബുകളായ സഹൃദയ സ്പോർട്സ് & ആർട്സ് ക്ലബും, വൈ.എം.എ.യും വെള്ളനാട്ടെ യുവതീയുവാക്കളുടെ ആശാകേന്ദ്രമായിവർത്തിക്കുന്നു. ഈ ക്ലബുകളുടെ വോളീബാൾ ടീമുകൾ ജില്ലയിലെ വിവധ ടൂർണമെൻറുകളിൽ പങ്കെടുക്കുകയും, ഇവിടെ ടൂർണമെൻറ് സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ക്ലബുകളിലെ ചില അംഗങ്ങൾ സംസ്ഥാനനിലവാരത്തിലുള്ള മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യതയുള്ളരാണ്. വൈ.എം.എ യുടെ നേതൃത്വത്തിൽ യുവതികളടക്കമുള്ള കായിക താരങ്ങൾക്ക് പരിശീലനം നല്കിവരുന്നു. ഈ ക്ലബിലെ ചില വനിതാ താരങ്ങൾ ദേശീയതല മത്സരങ്ങളിൽ പങ്കെടുത്തു എന്നത് എടുത്തു പറയേണ്ടതാണ്.

വർഷംതോറും പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന കേരളോത്സവത്തിൽ ഈ പഞ്ചായത്തിലെ നിരവധി കായികപ്രതിഭകൾ പങ്കെടുക്കുകയും, ഇവർ ബ്ലോക്ക് ജില്ലാ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുവാൻ യോഗ്യത നേടുകയും ചെയ്യുന്നു. കൂടാതെ സ്കൂൾതല മത്സരങ്ങളിൽ പങ്കെടുക്കുന്ന ചില വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ വർഷംതോറും ജില്ലാ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടുന്നു.

വെള്ളനാട് പഞ്ചായത്തിലെ യുവതലമുറയെ ക്രിക്കറ്റ് വളരെയധികം സ്വാധീനിച്ചുവരുന്നു.

## പ്രശ്നങ്ങൾ

1. വനിതാകായികതാരങ്ങൾക്ക് കായികരംഗത്തേക്കുവരാനുള്ള സാമൂഹികമായ വിലക്കുകൾ.
2. സ്കൂൾതലത്തിൽ ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല.
3. സ്കൂൾഗ്രൗണ്ടുകളിലെ അപര്യാപ്തത.
4. കേരളോത്സവങ്ങളിലെ പങ്കാളിത്ത കുറവ്
5. സ്റ്റേഡിയത്തിന്റെ പരിമിതികൾ
6. യുവതലമുറയുടെ ക്രിക്കറ്റ് കമ്പം യുവതലമുറയുടെ മറ്റുകായികരംഗങ്ങളിലേക്കുള്ള പ്രതിനിധ്യം ഗണ്യമായി കുറയ്ക്കുന്നു.

## നിർദ്ദേശങ്ങൾ

1. കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തി കാര്യമായ പരിശീലനം നല്കാൻ കഴിയണം.
2. കൂടുതൽ വനിതകളെ ഈ രംഗത്തേയ്ക്കാകർഷിക്കാൻ കഴിയണം.
3. സ്കൂൾതലത്തിൽ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.
4. സ്കൂളുകളിൽ കായികവിനോദത്തിന് പ്രത്യേകം പരിഗണന നല്കണം.
5. കേരളോത്സവത്തിലെ ജനപങ്കാളിത്തം ഉറപ്പാക്കണം.
6. വെള്ളനാട് പഞ്ചായത്തിന്റെ കായികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കണം.

❖

## വെള്ളനാട്ടെ കലാസാംസ്കാരിക സ്ഥാപനങ്ങൾ

പട്ടിക 3.8.1

| വാർഡ് നമ്പർ | ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | ധന സഹായം | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|
| IV | 1 | സഹൃദയ കലാസമിതി, വെള്ളനാട് | 1942 | ഉണ്ട് | പ്രൊഫഷണൽ സ്റ്റേജ് പ്രോഗ്രാം അത്തപ്പൂ മത്സരം, കായികമത്സരങ്ങൾ |
| IV | 2 | സഹൃദയ സ്പോർട്ട് & ആർട്സ് ക്ലബ്, വെള്ളനാട് | 1982 | ഇല്ല | ത്രൈമാസിക കലാപരിപാടികൾ, കായികമത്സരങ്ങൾ, സന്നദ്ധപ്രവർത്തനങ്ങൾ |
| III | 3 | യംഗ് മെൻ അസ്സോസിയേഷൻ | 1985 | ഇല്ല | ത്രൈമാസികപരിപാടി, കായികരംഗത്തുള്ള പരിശീലനം, വിനിതാ കായികപരിശീലനം. |
| VIII | 4 | നവോദയ കണ്ണംമ്പള്ളി | | ഇല്ല | ഓണാഘോഷ പരിപാടികൾ |
| V | 5 | നവഭാരത് സ്പോർട്ട് & ആർട്സ് ക്ലബ് | 1980 | ഇല്ല | കലാകായിക പരിപാടികൾ, വായനശാല |
| V | 6 | രഞ്ചൻതിയേറ്റേഴ്സ്, വെളിയന്നൂർ | | | പ്രവർത്തനമില്ല |
| III | 7 | സമഭാവന, കുളകോട് | | | പ്രവർത്തനമില്ല |
| VI | 9 | മാസ്ക് ചാങ്ങ | 1992 | | |
| VII | 10 | ബ്രദേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | 1983 | ഇല്ല | കലാകായി പരിപാടികൾ |

ഈ പഞ്ചായത്തിലെ എല്ലാ സംഘടനകളിൽ നിന്നും വിവരങ്ങൾ കിട്ടിയിട്ടില്ല.

## വെള്ളനാട്ടെ പ്രധാന ഗ്രന്ഥശാലകൾ

പട്ടിക 3.8.1

| വാർഡ് നമ്പർ | ക്രമ നമ്പർ | ഗ്രന്ഥശാലയുടെ പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം സ്വന്തം/ വാടക | പത്രമാസിക ആഴ്ച പതിപ്പുകൾ എണ്ണം | ഗ്രാൻറ് ലഭിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|
| X | 1 | വെള്ളനാട് പബ്ലിക് ലൈബ്രറി | 1931 | ഓട് | 6000 | 13600 | പഞ്ചായത്ത് | 5,6 | ഉണ്ട് |
| VIII | 2 | മഹാത്മാഗാന്ധി വായനശാല, ഉറിയക്കോട് | | ഓട് | 1500 | 5000 | സ്വന്തം | 4,5 | ഉണ്ട് |
| VI | 3 | യുവജനസമിതി, വായനശാല, ചാങ്ങ | 1951 | ഇല്ല | | 500 | ഇല്ല | ഇല്ല | ഇല്ല |
| V | 4 | നവഭാരത് | | ഓട് | | 500 | സ്വന്തം | 2 | ഇല്ല. |

# വനിത

പ്രാകൃത സമൂഹത്തിൽ കായിക ബലം മാത്രമായിരുന്നു ആധിപത്യം തീരുമാനിച്ചിരുന്നതെങ്കിൽ ലാഭവ്യവസ്ഥയിൽ അധിഷ്ഠിതമായ ഉല്പാദന സമ്പ്രദായത്തിൽ കായികമായ ദുർബലത കൊണ്ട് സാമൂഹ്യ അസമത്വം അനുഭവിക്കുന്നതു കൂടാതെ സ്ത്രീകളെ ഒരു വില്പനവസ്തുവായി വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഈ വ്യവസ്ഥയിൽ സ്ത്രീകൾ തങ്ങളുടെ വളരെ ചെറിയ അവകാശങ്ങൾ നേടിയെടുക്കുന്നതിനു പോലും പുരുഷ മേധാവിത്വത്തോട് അതിശക്തമായി ചെറുത്തു നിൽക്കേണ്ടി വരുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഒരു പരിധിവരെ സ്ത്രീകൾക്ക് സാമൂഹ്യസമത്വം ഉണ്ട് എന്നുള്ളത് പ്രശംസനീയമായ ഒരു വസ്തുതയാണെങ്കിലും ഇക്കാര്യത്തിൽ ഇനിയും വളരെയധികം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്.

മറ്റു പ്രദേശങ്ങളിലേതു പോലെ, വെള്ളനാട് പഞ്ചായത്തിലും സ്ത്രീകളെ അടുത്തകാലം വരെ സാമൂഹ്യ പ്രവർത്തനങ്ങളിലും നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സ്വന്തം കഴിവുകൾ വികസിപ്പിച്ച് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുന്നതിലും, ജാതി മത വിശ്വാസങ്ങൾ സൃഷ്ടിച്ചിരുന്ന പ്രതിബന്ധങ്ങൾ വളരെ ശക്തമായിരുന്നു. എന്നാൽ അടുത്തകാലത്തായി ഇതിന് ഗണ്യമായ രീതിയിൽ വ്യത്യാസങ്ങൾ ഉണ്ടായി എന്നുള്ളതാണ് സാമൂഹ്യ രാഷ്ട്രീയ വിദ്യാഭ്യാസ കായിക മേഖലകളിൽ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ വർദ്ധിച്ച പ്രാതിനിധ്യം കാണിക്കുന്നത്.

വെള്ളനാട് പഞ്ചായത്തിൽ മൊത്തം 13448 സ്ത്രീകളാണുള്ളത്. പുരുഷന്മാരെ അപേക്ഷിച്ച് 284 സ്ത്രീകൾ ജനസംഖ്യയിൽ കൂടുതൽ ആണെങ്കിലും സംസ്ഥാനത്ത് ഓരോ ആയിരം പുരുഷന്മാർക്കും 1036 സ്ത്രീകൾ ഉള്ളപ്പോൾ വെള്ളനാട് 1024 സ്ത്രീകളെയുള്ളു. ഈ പഞ്ചായത്തിൽ എടുത്തുപറയേണ്ട ഒരു പ്രധാന കാര്യം സ്ത്രീകളുടെ ഉയർന്ന, ആക്ഷരതയാണ്. പഞ്ചായത്തിലെ സാക്ഷരത നിരക്ക് സംസ്ഥാന ജില്ലാ താലൂക്ക് ശരാശരിയേക്കാൾ കൂടുതലാണ് (89%)സ്ത്രീ ജനസംഖ്യയിൽ 1275 പേർ ഒരു വർഷത്തിൽ 185 ദിവസമോ അല്ലെങ്കിൽ ആറ് മാസമോ ജോലി ചെയ്യുന്നവരാണ്. കണക്കുകൾ പ്രകാരം ഒരു ജോലിയും ചെയ്യാത്തവരൊ അല്ലെങ്കിൽ ജനസംഖ്യ കണക്ക് പ്രകാരം തൊഴിലില്ലാത്തവരുടെ പട്ടികയിൽപ്പെടുത്തിയിട്ടുള്ളവരൊ ആയി 11050 പേർ ഉണ്ട്. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം വ്യവസ്ഥാപിത സ്ഥിതിവിവര കണക്ക് ശേഖരണ ഏജൻസികളായ ജനസംഖ്യ കണക്ക് സ്ത്രീകൾ ചെയ്യുന്ന വീട്ടു ജോലിയെ, ജോലിയുടെ കൂട്ടത്തിൽ ഉൾപ്പെടുത്താതെ ഒരു തൊഴിലും ചെയ്യാത്തവരുടെ പട്ടികയിൽ പെടുത്തുന്നതു കൊണ്ട് ഈ കണക്ക് പ്രകാരം ഇത്രയും സ്ത്രീകൾ തൊഴിലില്ലാത്തവരായി രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് തൊഴിലില്ലാത്ത സ്ത്രീകൾ മൊത്തം സ്ത്രീ ജനസംഖ്യയിൽ 66.52% വരും.

കൂലി നിരക്കിൽ ഏറ്റവും കൂടുതൽ അസമത്വംനിലനിൽക്കുന്നത് കാർഷിക മേഖലയിലാണ്. സാധാരണ കാർഷിക ജോലിക്ക് പുരുഷന് 90 രൂപ കൂലിയായി കിട്ടുമ്പോൾ അത്രത്തോളമോ അതിലൊട്ടു തന്നെ കുറയാത്ത അളവിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളിക്ക് 80 രൂപയോ അതിൽ കുറവോ ആണ്. കൂടാതെ വിവധ മേഖലയിൽ സാമൂഹ്യമായി സ്ത്രീകളെ തൊഴിൽ പരിശീലിക്കുന്നതും ജോലി ചെയ്യുന്നതും തടഞ്ഞിരിക്കുന്നു. ഉദാഹരണത്തിന് (മരപ്പണി,കൊത്തൻ,മേസിരി ജോലി തുടങ്ങിയവ). ഇത്രയും അസമത്വം നിലനിൽക്കുമ്പോൾ തന്നെ എടുത്തുപറയേണ്ട മറ്റൊരു കാര്യം 1964-ലെ പഞ്ചായത്ത് കമ്മിറ്റി സ്ത്രീ പ്രാതിനിധ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും അങ്ങനെ പുതുക്കുളങ്ങരയുള്ള ജായിസ് എന്ന സ്ത്രീയെ പഞ്ചായത്ത് സമതിയിലേക്ക് നോമിനേറ്റ് ചെയ്യുകയും ചെയ്തു.

ഈ പഞ്ചായത്തിൽ ഡി.ഡബ്ല്യൂ.സി.ആർ, എ പദ്ധതി പ്രകാരമുള്ള രണ്ടു യൂണിറ്റുകൾ വെള്ളനാട് ബ്ലോക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾ മേൽനോട്ടം വഹിക്കുന്നതും അവർ മാത്രം ജോലി ചെയ്യുന്നതുമായ ഈ രണ്ടു വ്യവസായ സ്ഥപനങ്ങളിലുമായി ഉണ്ടാകുന്ന പ്രധാന ഉല്പന്നങ്ങൾ പഴച്ചാർ, അച്ചാർ നിർമ്മാണവും കൂൺ കൃഷിയുമാണ്. ഇതു കൂടാതെ വെളിയന്നൂർ ഭാഗത്തായി പ്രവർത്തിക്കുന്ന പാൽ ഉല്പന്ന യൂണിറ്റ് ഉണ്ട്. ഈ യൂണിറ്റുകളുടെയെല്ലാം വിജയകരമായ പ്രവർത്തനം കാണിക്കുന്നത് സ്ത്രീകളുടെ സംരംഭ കഴിവും പ്രവർത്തന വൈദഗ്ദ്ധ്യവുമാണ്. ഈ പഞ്ചായത്തിൽ

പ്രവർത്തിക്കുന്ന പത്തിൽ കൂടുതൽ മഹിളാസമാജങ്ങൾ ഉണ്ട്.

***വനിതകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ***

1. രൂക്ഷമായ തൊഴിലില്ലായ്മ, കൂലിയിലുള്ള സമത്വം, സാമൂഹ്യമായ അടിച്ചമർത്തലുകൾ.
2. പുരുഷൻമാരുടെ മദ്യപാനത്തിന്റെ ഭവിഷത്ത് അനുഭവിക്കുന്നത് സ്ത്രീകളാണ്.
3. തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന സാമൂഹ്യപരമായ വിലക്കുകൾ.
4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും മറ്റു തൊഴിൽ പരിശീലന ക്ലാസ്സുകളുടെയും കുറവ്.
5. വനിതാ വ്യവസായ യൂണിറ്റുകളുടെ കുറവ്.
6. മഹിളാസമാജങ്ങളുടെ പ്രവർത്തനം ചിലയിടങ്ങളിൽ തൃപ്തികരമല്ല.
7. സ്ത്രീധനം എന്ന സാമൂഹ്യ ദുരാചാരത്തിന്റെ വർദ്ധിച്ചു വരുന്ന പ്രചാരം.
8. സ്ത്രീകൾക്കുണ്ടാകുന്ന പോഷകാഹാരക്കുറവ്, പ്രത്യേക അസുഖങ്ങൾ എന്നിവയും ഇന്ന് പരിഹാരം കാണുന്നതിന് പഞ്ചായത്ത് തലത്തിൽ യാതൊരു പദ്ധതിയും ഇല്ല.

***പരിഹാരങ്ങളും നിർദ്ദേശങ്ങളും***

1. തീപ്പെട്ടി കമ്പനി, മെഴുകുതിരി, അച്ചാറുകൾ, എംബ്രോയിഡറി,സ്ത്രീകളുടെ വസ്ത്രങ്ങൾ, പർപ്പടം എന്നിവ കുടിൽ ചെറുകിട വ്യവസായാടിസ്ഥാനത്തിൽ തുടങ്ങുന്നതിനുള്ള സഹായവും പ്രോത്സാഹനവും പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൊടുക്കുക. അതോടൊപ്പം സ്ത്രീകൾ നടത്തുന്ന വ്യവസായ സംരംഭങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വം കൊടുക്കുന്നതിന് ജനകീയ സമിതികൾ രൂപവൽക്കരിക്കുക.
2. കൂടുതൽ മഹിളാസമാജങ്ങൾ സ്ഥാപിക്കുകയും അവയ്ക്ക് ഉല്പാദന മേഖലയിലേക്ക് കടന്നു വരുന്നതിനുള്ള പ്രോത്സാഹനവും നൽകുക.
3. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്നതിന് വ്യാവസായിക സംരംഭങ്ങൾക്കുള്ള സാധ്യതകളെക്കുറിച്ചും ആവശ്യമായ ബോധവൽക്കുണ ക്ലാസ്സുകൾ മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ കൂടുതലായി സംഘടിപ്പിക്കുക.
4. പരിപൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കുക.
5. സ്ത്രീകൾക്കുവേണ്ടി മാത്രമുള്ള സഹകരമ സംഘങ്ങൾ സ്ഥാപിക്കുക.
6. കൂലി നിരക്കിൽ നിലനിൽക്കുന്ന അസമത്വം എത്രയും വേഗം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക.

# സഹകരണം

കേരള ജനജീവിതത്തിൽ സഹകരണ മേഖല കടന്നു ചെല്ലാത്ത രംഗങ്ങൾ ഇല്ലെന്നു തന്നെ പറയാം. വെള്ളനാടും ഇതിൽ നിന്നും വളരെ വ്യത്യസ്തമല്ല. സ്വാതന്ത്ര്യ ലബ്ദിക്കു മുമ്പു തന്നെ വെള്ളനാട്ട് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരുന്നു. കൊല്ലവർഷം 1119 (1942) കുംഭമാസം 1-ാം തീയതി. വെള്ളനാട്ടെ പ്രമുഖ കുടുംബങ്ങളിലൊന്നായിരുന്ന ജംഗ്ഷനു സമീപമുള്ള തായ്‌വീട്ടിൽ, മാവറ വീട്ടിൽ എം. രാമൻപിള്ളയുടെ അധ്യക്ഷതയിൽ കൂടിയ 17ആളുകളുടെ ഒരു യോഗമാണ് വെള്ളനാട് സഹകരണ സംഘം രൂപീകരിച്ചത്. ഇതാണ് പിൽക്കാലത്ത് വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കായി വളർന്നത്.

രണ്ടാം ലോക മഹായുദ്ധ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട ഈ സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം യുദ്ധകാലഘട്ടത്തിൽ നേരിട്ട ഭക്ഷ്യ ക്ഷാമത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുക എന്നതായിരുന്നു. ഇതിന് വേണ്ടി ഒരു ന്യായവില ഡിപ്പോ തുറന്ന് കൊണ്ട് അരി, മൈദ, പഞ്ചസാര എന്നിവ വിതരണം ചെയ്ത് സംഘം പ്രവർത്തനമാരംഭിച്ചു.

വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിനു പുറമേ വിവിധ മേഖലകളിൽ പ്രവർത്തിക്കന്ന നിരവധി സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1980-ൽ ആരംഭിച്ച തിരുവനന്തപുരം കാർഷിക ജില്ലാ ഭൂ വികസന ബാങ്കിന്റെ വെള്ളനാട് ശാഖ, 1988 ൽ വെള്ളനാട് കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ, മിത്രാനികേതൻ ഖാദി വ്യവസായ സഹകരണ സംഘം, വെള്ളനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന റൂറൽ ഹൗസിംഗ് സഹകരണ സംഘം, വെള്ളനാട്, വാളിയറ, ചെറുകുളം എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, മിത്രാനികേതൻ വനിതാ സഹകരണ സംഘം, വെള്ളനാട് ഹരിജൻ സഹകരണ സംഘം തുടങ്ങിയവയാണ് ഈ പഞ്ചായത്തിലെ മറ്റു സഹകരണ സ്ഥാപനങ്ങൾ.

### *വെള്ളനാട് സർവ്വീസ് സഹകരണ ബാങ്ക്*

1942-ലാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചതെന്ന് മുമ്പു സൂചിപ്പിച്ചുവല്ലോ? ഈ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് തോപ്പുവിളാകം ബി. നീലകണ്ഠപിള്ളയായിരുന്നു. 1952മെയ് 17വരെ കൃത്യമായി കമ്മിറ്റികൾ കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്ന സംഘത്തിന്റെ പ്രവർത്തനം 1955 ജൂൺ വരെ നിശ്ചലാവസ്ഥയിലായിരുന്നു. 1953 ൽ ഒരു സഹകരണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്പോൾ സംഘത്തിലെ അംഗങ്ങളുടെ എണ്ണം 40,പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 337 രൂപയും ആയിരുന്നു. ഇതിനു ശേഷം 1955 ജൂൺ മാസം 19-ാം തീയതി ഒരു പൊതു യോഗം ചേരുകയും സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാവറ വീട്ടിൽ ആർ കൃഷ്ണപിള്ളയെ പ്രസിഡന്റായി തെരഞ്ഞെടുത്തു. ഈ പൊതു യോഗത്തിനു ശേഷം 1955 ജൂൺ 22-ാം തീയതി കൂടിയ ഭരണസമിതി യോഗ തീരുമാനപ്രകാരം പത്ത് കൃഷിക്കാർക്ക് 50 രൂപ ക്രമത്തിൽ വായ്പ നൽകി കൊണ്ട് സംഘം വായ്പാ മേഖലയിലേക്ക് പ്രവേശിച്ചു. പ്രവർത്തന ചരിത്രത്തിലെ ഒരു നാഴികക്കല്ലായി ഇതിനെ വിശേഷിപ്പിക്കാം. 1956 ജൂൺ 26-തീയതി പി. നാഗപ്പൻനായർ പ്രസിഡന്റായും വി. പരമേശ്വരൻ നായർ സെക്രട്ടറിയായും നിലവിൽവന്ന ഭരണസമിതിയാണ് തുടർന്ന് മറ്റുമേഖലകളിലേയ്ക്ക് സംഘത്തിന്റെ പ്രവർത്തനം വ്യാപിച്ചത്.

വെള്ളനാട് സമീപപ്രദേശങ്ങളിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി നൽകിയിരുന്ന കൈക്കുത്തരി വ്യവസായം, 1960 ൽ എണ്ണയാട്ടു വ്യവസായം 1964-ൽ ഖാദി ബോർഡുമായി സംഹകരിച്ചുകൊണ്ട് തുകൽ വ്യവസായം ഇവ ആരംഭിച്ചത്.1956 നും 1964നും ഇടയിലുള്ള കാലഘട്ടത്തിലാണ്. മാത്രമല്ല തിരുവനന്തപുരം ആയുർവേദ കോളേജിനു സമീപം പ്രതിമാസം 55 രൂപ വാടകയ്ക്ക് മുറിയെടുത്ത് നെല്ല് കുത്ത് മാർക്കറ്റിംഗ് ഡിപ്പോ തുടങ്ങിയതും എടുത്തുപറയാവുന്ന ഒരു കാര്യമാണ്. 1960 കളിൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന ഒരു അവസ്ഥയിൽ എത്തിയ ഈ സംഘം 1960 ൽ തന്നെ കൃഷിക്കാർക്ക് 1000രൂപ വരെ വായ്പ നൽകാനും തുടങ്ങിയിരുന്നു. 1964ൽ സ്വന്തമായി

കെട്ടിടം നിർമ്മിച്ചു. ഈ വർഷം കേരളത്തിൽ നിയമപ്രകാരമുള്ള റേഷൻ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെള്ളനാട് പഞ്ചായത്തിൽ അഞ്ച് റേഷൻ കടകൾ ആരംഭിക്കുന്നതിനുള്ള ചുമതല സംഘം ഏറ്റെടുക്കുകയും വാളിയറ, കണ്ണംപള്ളി, വെള്ളനാട്, ചാങ്ങ, വെളിയന്നൂർ പ്രദേശങ്ങളിൽ റേഷൻ കടകൾ ആരംഭിക്കുകയും ചെയ്തു.

1970 മുതൽ 90വരെയുള്ള കാലഘട്ടം വളർച്ചയുടേതായിരുന്നു. ഈ കാലഘട്ടത്തിലായിരുന്നു സംഘം വായ്പാ മേഖലയ്ക്കു പുറമേ വ്യാപര മേഖലയിലേയ്ക്കും കടന്നത്. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വെള്ളനാട്, ഉറിയാക്കോട്, കുളക്കോട്,വെളിയന്നൂർ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൺസ്യൂമർ സ്റ്റോറുകൾ ആരംഭിച്ചു. കൂടാതെ കൃഷിക്കാർക്ക് ന്യായവിലയ്ക്ക് രസവളങ്ങൾ കീടനാശിനികളും വിതരണം ചെയ്യുന്നതിനുള്ള വളം ഡിപ്പോയും ആരംഭിച്ചു. ഇതിനു പുറമേ ഒരു ടെക്സ്റ്റയിൽസും പ്രവർത്തിപ്പിച്ചിരുന്നു. ഇവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത് വളം ഡിപ്പോ മാത്രമാണ്.

1980 ൽ ഈ സ്ഥാപനം സഹകരണ സംഘം എന്ന നിലയിൽ നിന്നും സഹകരണ ബാങ്കായി ഉയർന്നു. ഇതിന്റെ ഫലമായി ആകർഷകമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കാൻ അവസരം ലഭിക്കുകയും മറ്റ് വായ്പാ മേഖലകളിലേയ്ക്ക് അവസരം ഉണ്ടാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് സ്വർണ്ണപണയ വായ്പാ, ദീർഘകാല കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, കറവമാടു വായ്പ തുടങ്ങിയവ നൽകുന്നതിന് ബാങ്കിന് സാധിക്കുകയും ഇത് വെള്ളനാട്ടെ കൃഷിക്കാർക്കും മറ്റു സാധാരണ ജനങ്ങൾക്കും ഒരു അനുഗ്രഹമായി തീരുകയും ചെയ്തു. കാർഷിക വായ്പാ പരിധി 5000രൂപയിൽ നിന്നും 10000രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞതും ഈ കാലഘട്ടത്തിലാണ്. 25000 രൂപ വരെ സലയുള്ള ചിട്ടികൾ ആരംഭിച്ചതും ഈ കാലഘട്ടത്തിൽ തന്നെ.

1990 നു ശേഷം ഈ ബാങ്ക് പ്രതിസന്ധിയെ അഭിമുഖീകരിക്കാൻ തുടങ്ങി. ഇതിന് വിവധ കാരണങ്ങളുണ്ട്. കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഭരണ സമിതികളുടെ കാര്യക്ഷമതയില്ലായ്മയും, ചിലരുടെ കിടമത്സരങ്ങളും, തദ്ദേശവാസികളായ ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥത കുറവും ബാങ്കിനെ പ്രതിനന്ധിയിലേക്ക് നയിച്ചതിന്റെ പ്രധാന കാരണങ്ങളാണെന്ന് പറയാം. ബാങ്ക് നടത്തിവന്ന ബിസ്സിനുസുകൾ ഘട്ടംഘട്ടമായി നിർത്തലാക്കി. ഇപ്പോൾ വളം ഡിപ്പോ മാത്രം അവശേഷിക്കുന്നു.

വെള്ളനാട് പഞ്ചായത്തിലെ കൃഷിക്കാരുടെ ഒരു അത്താണിയായിരുന്നു ഈ സ്ഥാപനത്തിന്റെ തളർച്ച ബ്ലേഡ് കമ്പനികളുടെ വളർച്ചയെയാണ് സഹായിച്ചത്. അഞ്ച് വർഷങ്ങൾക്കു മുൻപ് മാസത്തിൽ രണ്ടു പ്രാവശ്യം കാർഷിക വായ്പ കൊടുക്കാൻ കഴിഞ്ഞിരുന്ന ബാങ്കിന് ഇടയക്ക് ഒരു മാസത്തിൽ ഒരു പ്രാവശ്യം പോലും വായ്പകൾ കൊടുക്കാൻ കഴിഞ്ഞിരുന്നുല്ല. ഭരണസമിതികളിലും ജീവനക്കാരിലും ജനങ്ങൾക്കുണ്ടായ വിശ്വാസക്കുറവ് ബാങ്കിന്റെ വിശ്വസ്തത നഷ്ടപ്പെടുത്താൻ ഇടയാക്കുകയും, ബാങ്ക് വായ്പ എടുക്കുവാനുള്ള സ്ഥാപനം മാത്രമാണെന്നും, നിക്ഷേപങ്ങൾ ഇട്ടാൽ സുരക്ഷിതമാവില്ലെന്നും ഒരു വിഭാഗം ജനങ്ങൾ യെങ്കിലും വിശ്വസിക്കാൻ തുടങ്ങി. വായ്പയുടെ വിതരണം കാര്യക്ഷമമല്ലാതായതോടു കൂടി ബാങ്കിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുവരുത്തി. ഇത് കൂടുതൽ പ്രവർത്തന നഷ്ടം ഉണ്ടാക്കാൻ ഇടയാക്കുകയും ചെയ്തു. വസ്തുതകൾ ഇതൊക്കെയാണെങ്കിലും ഇപ്പോഴത്തെ ഭരണസമിതിയുടെ പ്രവർത്തനംമൂലം കുടിശ്ശിഖ നിലവാരം കുറയ്ക്കുവാനും,വായ്പാവിതരണം മെച്ചമായി നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. പട്ടിക 3.10.1ൽ വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വിതരണം ചെയ്ത വായ്പയുടെ കണക്ക്.

പട്ടിക 3.10.1

വെള്ളനാട് സർവ്വീസ് സഹകരണ സംഘം വിതരണം ചെയ്ത വായ്പാ തുക

| വർഷം | നൽകിയ തുക രൂപയിൽ (ലക്ഷം) |
|---|---|
| 1991-'92 | 19,66,015 |
| 1992-'93 | 12,71,963 |
| 1993-'94 | 13,47,076 |
| 1994-'95 | 13,76,560 |
| 1995-'96 | 15,18,120 |



രേഖാചിത്രം 1

മുകളിൽ കൊടുത്തിരിക്കുന്ന രേഖാചിത്രം കാണിക്കുന്നത് വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1991 -92 മുതൽ കർഷകർക്ക് കൊടുക്കുന്ന കാർഷിക വായ്പയുടെ അളവ് ഗണ്യമായി കുറയുന്നതായിട്ടാണ്.

1990ൽ കാർഷിക വായ്പകൾ എഴുതി തള്ളാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം ഒരു വിഭാഗം കൃഷിക്കാരെങ്കിലും, ഇനിയും വായ്പ എഴുതി തള്ളുമെന്നുള്ള ധാരണ പരത്തുകയും വായ്പ അടയ്ക്കാൻ ഇക്കൂട്ടർ വിമുഖത കാണിക്കുകയും ചെയ്യുന്നു. ഇത് വായ്പാ തിരിച്ചടവിലെ കാലതാമസത്തിന് കാരണമായി മാത്രമല്ല വായ്പ തിരിച്ചടയ്ക്കുന്നവർക്ക് യഥാസമയം പുനർവായ്പാ ലഭിക്കുമെന്ന ഉറപ്പുമില്ലാതായി. ഇതിനു പുറമേ സിൻഡിക്കേറ്റ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്ശാഖ, കെ.എസ്.എഫ്. ഇ ശാഖ, ഇവ ആരംഭിച്ചതോടെ തങ്ങളുടെ നിക്ഷേപങ്ങൾക്ക കൂടുതൽ സുരക്ഷിതമായ സ്ഥാപനങ്ങൾ ഇവയാണെന്ന ധാരണ ജനങ്ങളിൽ ഉണ്ടാക്കിയത് സഹകരണ ബാങ്കിന്റെ നിക്ഷേപങ്ങളിൽ കാര്യമായ കുറവുണ്ടാക്കാൻ കാരണമായി.

*ജില്ലാസഹകരണ ബാങ്ക്*

1988-ൽ വെള്ളനാട്ട് ആരംഭിച്ച തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിന്റെ ശാഖയുടെ പ്രവർത്തനം ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു ആശ്വാസമാണ്. ഇവിടെനിന്നും പ്രധാനമായും സ്വർണ്ണവായ്പ ലഭിക്കുന്നു. ഇതിനുപുറമേ കൺസ്യൂമർവായ്പ,ഭവന നിർമ്മാണ വായ്പ എന്നിവ നൽകി വരുന്നു. യഥാസമയം വായ്പകൾ ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നു വന്നിട്ടുണ്ട്. ഈ ബാങ്കിൽ നിന്നും നൽകുന്ന ലക്ഷക്കണക്കിന് രൂപ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരു സഹായമായിട്ടുണ്ട്.

*തിരുവനന്തപുരം ഭൂവികസന ബാങ്ക്*

1980-ൽ വെള്ളനാട്ട് ആരംഭിച്ച ഈ സ്ഥാപനത്തിന്റെ വെള്ളനാട് ശാഖ ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് വളരെ അനുഗ്രഹമായിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നന്നും വിവിധ കൃഷി ആവശ്യങ്ങൾക്കുമായി പ്രതിമാസം ലക്ഷക്കണക്കിന് രൂപ വായ്പ നൽകി വരുന്നു. (കൃഷിയും ജലസേചനവും പട്ടിക 3.1.6 കാണുക.)

### *മിത്രനികേതൻ ഖാദി വ്യവസായ സഹകരണ സംഘം*

മിത്രനികേതൻ കേന്ദ്രീകരിച്ച് 1956 മുതൽ പ്രവർത്തിച്ചുവരുന്ന ഈ സഹകരണ സ്ഥാപനം വനിതാവ്യവസായ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ വ്യവസായ സ്ഥാപനമാണ്. 150 വനിതാ ജീവനക്കാർ ഇവിടെ പണിയെടുക്കുന്നു. ചർക്കയിൽ നൂൽനൂൽപ്പ് നടത്തി തുണിയാക്കി വിപണിയിലെത്തിക്കുന്ന പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്. ആധുനിക തുണിത്തരങ്ങളുടെ പ്രചരണവും, റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് ജനങ്ങൾക്കുണ്ടായിരുന്ന അമിതമായ ഭ്രമവും. ഇപ്പോൾ ഈ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഖാദിബോർഡുമായി സഹകരിച്ച്19 ലക്ഷം രൂപയുടെ ധനസഹായത്തോടുകൂടി നടത്തുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ തൃപ്തികരമല്ലെന്നുള്ള അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. പ്രതിവർഷം ലക്ഷക്കണക്കിന് രൂപയുടെ ഉല്പാദനം നടക്കുന്നുണ്ട്.

### *മിത്രനികേതൻ ഹരിജൻ ഹാന്റിക്രഫ്റ്റ് സൊസൈറ്റി*

1979 മുതൽ മിത്രനികേതൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച വെള്ളനാട് പഞ്ചായത്തിലെ മറ്റൊരു സഹകരണ സ്ഥാപനമാണിത്. 25 ലക്ഷം രൂപയുടെ ആസ്ഥിയുള്ള ഈ സ്ഥാപനത്തിലെ 25 ജീവനക്കാരിൽ 9 പേർ വനിതകളാണ് ഇവർക്ക് പ്രതിമാസം 1200 മുതൽ 1700 രൂപ വരെ ശമ്പളം ലഭിക്കുന്നുണ്ട്. മുള, ഈറ, എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന കരകൗശല വസ്തുക്കളാണ് ഇവിടെ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് ഉത്പന്നങ്ങൾക്ക് ന്യായമായ വിലയും കമ്പോളവും ലഭ്യമായാൽ ഈ സ്ഥാപനത്തെ കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

### *ക്ഷീരോൽപാദന സഹകരണസംഘങ്ങൾ*

വെള്ളനാട്, വാളിയറ, ചെറുകുളം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 3 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളാണ് വെള്ളനാട്ട് ഉള്ളത്. മൃഗപരിപാലനവും മത്സ്യ ബന്ധനവും മേഖലയെ കുറിച്ച് പരാമർശിക്കുന്നത് കൂടുതലായി പ്രതിപാദിപ്പിച്ചിട്ടുണ്ട്.

### *വെള്ളനാട് ഹരിജൻ സഹകരണ സംഘങ്ങൾ*

വെള്ളനാട് പഞ്ചായത്ത് കേന്ദ്രീകരിച്ച് തന്നെയാണ് ഈ സംഘവും പ്രവർത്തിക്കുന്നത്. വെള്ളനാട് വില്ലേജിൽ മിത്രാനികേതനു സമീപം താമസിച്ചിരുന്ന എം.കെ. ഗോപിയാണ് ഈ സംഘം രൂപീകരിക്കുന്നതിന് മുൻകൈയെടുത്തത്. തുടക്കത്തിൽ മെച്ചമായ പ്രവർത്തനം നടത്തിവരുകയും, ജില്ലാസഹകരണ ബാങ്കിന്റെ ധനസഹായത്തോടെ വായ്പകളും നൽകിവന്നിരുന്നു. ഇപ്പോൾ വായ്പ നൽകുന്നില്ല. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ

സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം വയ്ക്കുന്നതിന് ഗവൺമെന്റിൽ നിന്നും നൽകിയ ഗ്രാന്റ് ഉപയോഗിച്ച് വെള്ളനാട് പബ്ലിക്ക് മാർക്കറ്റിന് സമീപം പത്ത് സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്.

*മിത്രാനികേതൻ വനിതാസഹകരണ സംഘം*

മിത്രാനികേതനാണ് ഈ സംഘത്തിന്റെയും പ്രവർത്തന കേന്ദ്രം. ഇപ്പോൾ ഒരു വിപണന സംഘമായിട്ടാണ് പ്രവർത്തിക്കുന്നത്. സ്റ്റേഷനറി സാധനങ്ങൾ, കരകൗശല വസ്തുക്കൾ, ഇവ സംഭരിച്ച് വിൽക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. മറ്റ് മേഖലയിലേയ്ക്ക് കടക്കാൻ കഴിഞ്ഞിട്ടില്ല. മിത്രനികേതൻ കേന്ദ്രമാക്കി മാത്രം പ്രവർത്തിക്കുന്നതിനാൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പ്രവർത്തനം വിപുലമാക്കാൻ കഴിഞ്ഞിട്ടില്ല.

*വെള്ളനാട് കൺസ്യൂമർ സഹകരണസംഘം*

1975-ൽ വെള്ളനാട് ഒരു കൺസ്യൂമർ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു. അഞ്ച് വർഷക്കാലംഈ സംഘം ഒരു വിധം പ്രവർത്തിച്ചു. 1980- ൽ പ്രവർത്തനവൈകല്യത്താൽ നാമാവശേഷമായി.

*വെള്ളനാട് റൂറൽ ഹൗസിഗ് സഹകരണ സംഘം*

വെള്ളനാട്ടെ ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ വായ്പ നൽകുകയെന്ന ലക്ഷ്യതോടെ രൂപീകരിച്ച ഈ സംഘം തുടക്കത്തിൽ വായ്പകൾ നൽകിയിരുന്നു. ഇപ്പോൾ ഈ സംഘം നിശ്ചലാവസ്ഥയിലാണ്.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ കുറിച്ചുള്ള പൊതുപരാതി സഹകാരികൾക്ക് ആവശ്യമുള്ളപ്പോൾ വായ്പ കിട്ടുന്നില്ല എന്നുള്ളതും വായ്പ കിട്ടിയാൽ തന്നെ അതിനു പുറകിലുള്ള സങ്കീർണ്ണതയുമാണ്.
2. ഈ മേഖലയിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ ഇന്ന് നിർജ്ജീവാവസ്ഥയിലാണ് ഇവയിൽ കൂടുതലും സമൂഹത്തിലെ പ്രത്യേക വിഭാഗങ്ങളെ ഉദ്ദേശിച്ചുള്ളവയാണ്.
3. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പ കൊടുത്തു കൊണ്ടിരുന്ന റൂറൽ ഹൗസിംഗ് സൊസൈറ്റി നിശ്ചലാവസ്ഥയിലാണ്.
4. വെള്ളനാട് സർവ്വീസ് സഹകരണ ബാങ്ക് '91 മുതൽ കൊടുത്തുവരുന്ന വായ്പതുക ഗണ്യമായി കുറയുന്നു. ഈ സ്ഥാപനത്തിൽ നിന്നും അർഹരായ കർഷകർക്ക് ഇപ്പോൾ വായ്പ ലഭിക്കുന്നില്ല അതിനാൽ കൊള്ളപ്പലിശക്കാരെ ആശ്രയിക്കുന്നു.
5. ജീവനക്കാരുടെ പെരുമാറ്റം സഹകാരികൾക്ക് തൃപ്തികരമില്ല.
6. ജീവനക്കാരുടെ പ്രവർത്തന വൈകല്യം മൂലം ബാങ്ക് ഇടപാടുകളുടെ രഹസ്യസ്വഭാവം നഷ്ടമാകുകയും അതുവഴി ബാങ്കിന്റെ വിശ്വാസ്യത കുറയുകയും ചെയ്യും

*പരിഹാരങ്ങളും നിർദ്ദേശങ്ങളും*

1. വെള്ളനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കണം. ഇതിന് ജീവനക്കാരും ഭരണ സമിതിയും യോജിച്ച് പ്രവർത്തിക്കണം. ബാങ്ക് നിർത്തലാക്കിയ വ്യാപാരങ്ങളിൽ ലാഭകരമാക്കി പ്രവർത്തിക്കാൻ കഴിയുന്നവ പുനരാരംഭിക്കണം. ഭീമമായ വായ്പാ കുടിശ്ശിക പിരിച്ചെടുക്കാൻ കാര്യമായ ശ്രമം നടത്തുകയും, വായ്പ തിരിച്ചടക്കുന്നവർക്ക് യഥാസമയം പുനർവായ്പ അനുവദിക്കുകയും ചെയ്യുക.
2. ജീവനക്കാർ സഹകാരികളോട് മാന്യമായി പെരുമാറുക.
3. സഹകരണസ്ഥാപനങ്ങൾ നടത്തുന്ന ചിട്ടി സല ഒരു ലക്ഷം രൂപവരെയെങ്കിലും ഉയർത്തുക.
4. വെള്ളനാട് ഹൗസിഗ് സഹകരണ സംഘം, ഹരിജൻ സഹകരണ സംഘം ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. പ്രവർത്തനം നിലച്ചുപോയ കൺസ്യൂമർ സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുക.
5. വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

# പട്ടികജാതി പട്ടിക വർഗ്ഗം

ഈ പഞ്ചായത്തിലെ 341 പട്ടിക ജാതി കുടുംബങ്ങളിലായി 1674 പേരുണ്ട്. ഇതിൽ 838 പേർ പുരുഷൻമാരും 835 പേർ സ്ത്രീകളുമാണ്. പൊതുവായ ജനപ്രകൃതിയിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനെക്കാൾ കുടുതലാണ്. പട്ടിക ജാതിക്കാരും ഭൂരിഭാഗവും പറയ പുലയ ജാതിയിൽ പ്പെട്ടവരാണ്. ലക്ഷം വീട് ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളിലും മറ്റു സെറ്റിൽമെന്റ് കോളനികളിലുമായി ഇവർ തിങ്ങി പാർക്കുന്നു. പൊതു ജന സംഖ്യക്കുള്ള ആളോഹരി ഭൂ വിസ്തൃതിയേക്കാൾ കുറവാണ് ഈ വിഭാഗക്കാരുടെ കൈ വശമുള്ള ഭൂമി. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഒന്നും രൂക്ഷമായ നിലയിൽ ഈ പഞ്ചായത്ത് പ്ര ദേശത്ത് നിലനിൽക്കുന്നില്ല. എങ്കിൽ പോല്യ് ഇവർ ഇന്നും സാമ്പത്തികമായി സമൂഹത്തിന്റെ കീഴ്ൽതട്ടിലാണ്. പട്ടിക 3.11.1 ൽ കൊടുത്തിരിക്കുന്നത് ഓരോ വാർഡിലുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വാർഡു തിരിച്ചുള്ള വിവരങ്ങളാണ്.

ഈ പട്ടിക പ്രകാരം ഏറ്റവും കൂടുതൽ പട്ടികജാതിയിള്ളത് ഒന്നാം വാർഡിലും(409) ഏറ്റവും കുറവ് പത്താം വാർഡിലുമാണ്(19). പട്ടിക വർഗ്ഗകാരിൽ കൂടുതലും എട്ടാം വാർഡിലാണ്(154) എന്നാൽ 1,6,10 എന്നീ വാർഡുകളിൽ പട്ടിക വർഗ്ഗകാരില്ല.

നമ്മുടെ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗങ്ങളേ പൊതുവിൽ പരിശോധിക്കുമ്പോൾ പട്ടികജാതിയേക്കാൾ സാമ്പത്തികമായും സാമൂഹ്യ മായും പട്ടികവർഗ്ഗക്കാർ മുന്നിട്ടുനിൽക്കുന്നതായിട്ടാണ് കാണുന്നത്. ഇത് പൊതുവിലുള്ള സ്ഥിതി വിശേഷത്തിന് നേർ വിപരീതമാണ്. കാണി സമുദായമാണ് പട്ടികവർഗ്ഗക്കാരിൽ സിംഹഭാഗവും. വളരെക്കുറച്ച് ജനസംഖ്യ മലവേടർ സമുദായത്തിൽ പ്പെട്ടവരാണ്. ഒമ്പതാം വാർഡിൽ കുതിരകുളം ഭാഗത്ത് താമസിക്കുന്ന മലവേടർ കുടുംബങ്ങൾ സാമൂഹികമായും സാമ്പത്തികമായും വളരെയധികം പിന്നോക്കം നിൽക്കുന്നവരാണ്. പട്ടിക 3.11.2

ഉറിയാക്കോട് ചെറുക്കോട് കേന്ദ്രമായുള്ളള കോളനിയാണ് പഞ്ചായത്തിലെ ഏക ട്രൈബൽ കോളനി.

*പ്രശ്നങ്ങൾ*

(1) പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന കുറ്ററ, മഴുവൻകോട് തുടങ്ങിയ സ്ഥലങ്ങൾ നാളിതുവരെ കോളനികളായി അംഗീകരിച്ചിട്ടില്ല.

(2) കോളനികളെ യഥാസമയം വൈദ്യുതീകരിക്കാനോ, ശുദ്ധജലവിതരണ സമ്പ്രദായം കാര്യക്ഷമമാക്കാനോ, ആരോഗ്യനിലവാരം ഉയർത്താനോ ബന്ധപ്പെട്ടവർ ശ്രദ്ധിക്കാറില്ല.

(3) പട്ടികജാതി വിഭാഗക്കാരിൽ ബഹുഭൂരിപക്ഷവു് ഈറ്റ തൊഴിലാളികളാണ്.എന്നാൽ അവരുടെ ഈറ്റ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാറില്ല. ഇതു കൂടാതെ ബാംബൂ കോർപ്പറേഷൻ യഥാസമയം ഈറ്റ തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കാറില്ല.

(4) പട്ടികജാതി കുട്ടികളിൽ പലരും പോഷകാഹാരക്കുറവ് അനുഭവിക്കുന്നു.

(5) സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ യഥാസമയം അർഹമായ പ്രാധാന്യത്തോടുകൂടി ഇവർക്ക് ലഭ്യമാകാറില്ല.

**നിർദ്ദേശങ്ങൾ**

(1) വൈദ്യുതികരിക്കാത്ത ഹരിജൻ കോളനികൾ അടിയന്തിരമായി വൈദ്യുതീകരിക്കുക.

(2)ഈറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഉല്പന്നങ്ങളിൽ അർഹമായ വില കിട്ടുന്നുയെന്ന് ഉറപ്പുവരുത്തണം.

(3) ലക്ഷംവീടുകോളനികളിലെ അറ്റകുറ്റ പണികൾ യഥാസമയം ചെയ്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കണം.

(4) നവീവനമായ കരകൗശല സാധനങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം ഈറ്റതൊഴിലാളികൾക്ക് ലഭ്യമാക്കണം.

(5) പട്ടികജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

പട്ടിക 3.11.1 പട്ടിജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ

| വാർഡ് | പട്ടികജാതി | | | പട്ടികവർഗ്ഗം | | |
|---|---|---|---|---|---|---|
| | സ്ത്രീ | പുരുഷ | ആകെ | സ്ത്രീ | പുരുഷ | ആകെ |
| 1 | 197 | 212 | 409 | - | - | - |
| 2 | 95 | 109 | 204 | 21 | 19 | 40 |
| 3 | 107 | 95 | 202 | 5 | 3 | 8 |
| 4 | 99 | 92 | 191 | 41 | 44 | 84 |
| 5 | 121 | 88 | 209 | 1 | - | 1 |
| 6 | 30 | 29 | 59 | - | - | - |
| 7 | 27 | 27 | 54 | 2 | 2 | 4 |
| 8 | 83 | 100 | 183 | 84 | 70 | 154 |
| 9 | 70 | 74 | 144 | 7 | 7 | 14 |
| 10 | 10 | 9 | 19 | - | - | - |
| Total | 835 | 839 | 1674 | 145 | 161 | 306 |

പട്ടിക 3.11.2 പട്ടികജാതി പട്ടികവർഗ്ഗകോളനികൾ

| വാർഡ് | പേര് |
|---|---|
| 1 | ചെട്ടിയാറംപാറ ഹരിജൻകോളനി |
| 2 | |
| 3 | കുളക്കോട്, കൂവക്കുടി, ആറ്റുകാൽ ലക്ഷംവീട്, കാരിക്കോണം |
| 4 | |
| 5 | കുറുങ്കള്ളൂർ |
| 6 | ചാങ്ങ ലക്ഷംവീട് |
| 7 | ചെറുംകുളം കോളനി, പുനലാൽ ലക്ഷംവീട് |
| 8 | കരിംകുറ്റി ഹരിജൻകോളനി |
| 9 | |
| 10 | കുറ്ററ ഹരിജൻ കോളനി |

# വിഭവസമാഹരണം

ഒമ്പതാം പഞ്ചവൽസര പദദ്ധതിയിൽ പഞ്ചായത്തുകൾക്ക് മൊത്തം പദ്ധതി വിഹിതത്തിന്റെ 40%ലഭിക്കും (ഏകദേശം പ്രതിവർഷം 50ലക്ഷം രൂപയോളം) എന്നത് വളരെ പ്രശ്സനീയമാണ്. ഇന്ന് പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് ഇത് ഒരു പരിധിവരെ പരിഹാരം കണ്ടെത്തും എന്നത് ആശ്വാസകരം തന്നെ. എന്നാൽ 1997 ഏപ്രിൽ മാസം മുതൽ പഞ്ചായത്തിന് വന്നു ചേരുന്ന ചുമതലകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ തുക വളരെ പരിമിതമാണ് എന്ന് സമ്മതിക്കാതെ നിവർത്തിയില്ല. വികസന പ്രവർത്തനമെന്നാൽ തോട് നികത്തലും റോഡു വെട്ടലുമാണ് എന്ന് ധരിക്കുകയും ലഭ്യമായ വിഭവങ്ങൾ മുഴുവൻ ഇതിനു വേണ്ടി ചെലവഴിക്കുകയും ചെയ്ത് ഭരണം നടത്തിവന്നിരുന്ന പഞ്ചായത്തുകൾ ഒമ്പതാം പദ്ധതിയുടെ തുടക്കം മുതൽ കാർഷിക വ്യവസായിക മേഖലകളിൽ നിലവിലുള്ള പ്രതിസന്ധികൾ പരിഹരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതായി വരുന്നു. ഇതിനു വേണ്ടി നിലവിലുള്ള വിഭവങ്ങൾ പരമാവധി കാര്യക്ഷമമായി വിനിയോഗിക്കുന്നതോടൊപ്പം തന്നെ പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

വെള്ളനാട് പഞ്ചായത്തിലെ ഭൗതിക ഉല്പാദന മേഖലകളിൽ പ്രധാനങ്ങളായ കൃഷിയും വ്യവസായവും ഇന്ന് വളർച്ചാ മാന്ദ്യത്തെ നേരിടുകയാണ്. കാർഷിക മേഖലയെ പുനരുജീവിപ്പിക്കാൻ വിഭവ സമാഹരണ യജ്ഞത്തിനു മുൻപു തന്നെ കാർഷിക മേഖലയിലുള്ള കൃഷിക്കാരേയും കർഷക തൊഴിലാളികളേയും കൃഷിഭവനിലെ ഉദ്യോഗസ്ഥരേയും കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പൂർണ്ണമായും ബോധവാൻമാരാക്കുകയാണ് ചെയ്യേണ്ടത്.



പട്ടിക 3.12.1

1995-96 വർഷത്തിലെ വരവും ചെലവും

| 1.ഭരണം | ചെലവ് | വരവ് | |
|---|---|---|---|
| 1. പ്രസിഡന്റിന്റേയും സിറ്റിംഗ് ഫീസ്,അലവൻസ് | 62,451.00 | 1. കെട്ടിടനികുതി | 1,60,978.00 |
| 2. ജീവനക്കാരുടെ ശമ്പളം യാത്രപ്പടി | 5,06,133.00 | 2. സർവ്വീസ് നികുതി | 790.00 |
| ആകെ | 5,68584.00 | | |
| 3. തപാൽ, ഫോൺ | 32,329.00 | 3. തൊഴിൽ നികുതി | 1,05,900.00 |
| 4. പ്രിന്റിംഗ് | 13,142.00 | 4. ലൈസൻസ് ഫീസ് | 8,602.00 |
| 5.തെരഞ്ഞെടുപ്പ് | 12,760.00 | 5.വസ്തുകൈമാറ്റ നികുതി | 1,79,156.00 |
| 6.പൊതുമരാമത്ത് | 2,99,910.00 | 6. ഡെപ്പോസിറ്റ് | 66,456.00 |
| 7.ഗ്രന്ഥശാല | 2181.00 | ലേലം | 9,12,377.00 |
| 8. വിദ്യാഭ്യാസം | 2903.00 | സിനിമ | 18,018.00 |
| 9.പൊതുജനാരോഗ്യം | 15,652.00 | ഗ്രാന്റുകൾ | 5,13,420.00 |
| 10. വൈദ്യുതി | 93,791.00 | ലൈബ്രറി | 8,720.00 |
| 11. ഡിപ്പോസിറ്റ് | 42,565.00 | മറ്റിനം | 25,629.00 |
| 12.കേരളോത്സവം | 5,300.00 | | |
| 13.ഷോപ്പിഗ് സെന്റർ | 1,29,504.00 | | |
| 14. മറ്റു ചെലവ് | 39,618.00 | | |
| | 12,57,648.00 | | 20,00,046.00 |

വ്യാവസായിക മേഖല മുരടിച്ചു എന്നു പറയുന്നതിനേക്കാൾ വെള്ളനാട്ട് ഈ മേഖലയുടെ പ്രാതിനിധ്യം വികസന മേഖലയിൽ ഒരു പരിധി വരെ ഇല്ലായെന്നു തന്നെ പറയാം. ഒന്നോ രണ്ടോ വ്യവസായ സ്ഥാപനങ്ങൾ ഒഴിച്ചാൽ ഈ പഞ്ചായത്തിൽ വ്യവസായ മേഖല നിർജ്ജീവമാണ്. പഞ്ചായത്തിലെ മുതൽ മുടക്കിന് സാധ്യതയുള്ള വ്യവസായങ്ങളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ചർച്ചയും സെമിനാറും നടത്തി ആളുകളെ മുതൽമുടക്കാൻ പ്രേരിപ്പിക്കേണ്ടതാണ്. ഈ മേഖലയിലേക്ക് വിഭവസമാഹരണം നടത്തുന്ന പ്രവർത്തനത്തിന്റെ ആദ്യപടി.

വെള്ളനാട് പഞ്ചായത്തിന്റെ ആകെ വരുമാനത്തിൽ 30%വും ഗ്രാന്റിൽ നിന്നുള്ളതാണ്. മറ്റൊരു പ്രധാന വരുമാനം കെട്ടിട നികുതിയാണ്. പഞ്ചായത്തിലെ 1995-96 വർഷത്തിലെ വരവും ചെലവുമാണ് പട്ടിക 3.12.1ൽ കൊടുത്തിരിക്കുന്നത്.

പഞ്ചായത്തിലെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഭരണചെലവിലേക്ക് മാറ്റി വയ്ക്കേണ്ടിവരുന്ന ഒരു സ്ഥിതിയാണുള്ളത്. എങ്കിൽ പോലും ആവശ്യത്തിനുള്ള ഉദ്യോഗസ്ഥർ ഇല്ലാ എന്നുള്ള പരാതിയും ഉണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിലെ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ട് വിഭവസമാഹരണ സ്രോതസുകളെക്കുറിച്ച് ആലോചിക്കാം. ഇന്നത്തെ വികസന രീതിയുടെ ഏറ്റവും നല്ല ഉദാഹരണമാണിത്. ഭരണവും റോഡുപണികൾക്കുമായി പഞ്ചായത്തിന്റെ നല്ലൊരു ശതമാനം ചെലവഴിക്കുന്നതായിട്ടാണ് കാണുന്നത്. ഇതിൽ പൊതുമരാമത്ത് ചെലവുകൾക്ക് ഇത്രയും തുക ചെലവഴിക്കണമോ എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം.

*നികുതികൾ*

പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ വിവിധ തരത്തിലുള്ള നികുതികളാണ് ഒരു പ്രധാന ഇനം. വർദ്ധിച്ചു വരുന്ന പണപ്പെരുപ്പത്തിന്റെ കാലഘട്ടത്തിൽ കൂടുതൽ നികുതികൾ ഈടാക്കുന്നത് ജനങ്ങളേ കൂടുതൽ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇന്ന് കെട്ടിട നികുതി ഈടാക്കുന്നത് പഞ്ചായത്തിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടെങ്കിലും പലപ്പോഴും അത് ഫലപ്രദമായി നടത്തപ്പെടുന്നില്ല. ഇതിനു പരിഹാരം ഉണ്ടാക്കുന്നതിനോടൊപ്പം ഈ ഇനത്തിൽ നിന്നുള്ള വരുമാനത്തിൽ കുറവു വരാതെ ശ്രദ്ധിക്കണം.

1995-96വർഷം പഞ്ചായത്ത് പിരിച്ചെടുക്കേണ്ട മൊത്തം തുകയായ 1,52,850രൂപയിൽ 1,05,900 രൂപയെ പിരിച്ചെടിത്തിട്ടുള്ളു. പഞ്ചായത്തിന്റെ ശുഷ്കാന്തി ഇല്ലായ്മയാണ് ഇത്രയും തുക കുടിശ്ശിക വരാൻ കാരണം. ഉദ്യോഗസ്ഥൻമാർ നികുതിദായകരെ നേരിട്ട് കണ്ട് പിരിക്കുന്നതിനുപകരം ശമ്പളം കൊടുക്കുന്ന ആഫീസിൽ ശമ്പള തുകയിൽ നിന്ന് നികുതി കഴിച്ചിട്ട് കൊടുക്കുവാനുള്ള സമ്പ്രദായം ആഫീസ് മേധാവികളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്. ഇത് ഈ ഇനത്തിലുള്ള കുടിശ്ശിക കുറയ്ക്കാൻ ഇടയാക്കും.

വാഹനനികുതി പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. ഇത് വാഹന നികുതി വകുപ്പിൽ നിലവിലിരിക്കുന്ന കുപ്രസിദ്ധമായ അഴിമതിക്ക് ഒരു പരിഹാരം ഉണ്ടാകും എന്നത് ഒരാശ്വാസമാണ്. വാഹന നികുതി പഞ്ചായത്തിന്റെ കീഴിൽ കൊണ്ടു വരുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്.

പഞ്ചായത്ത് പുതുതായി പണികഴിപ്പിക്കുന്ന റോഡുകളിൽ ഒരുനിശ്ചിത കാലംവരെ വാഹനചുങ്കം ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ജനങ്ങൾക്ക് വിശ്വാസവും പിരിച്ചെടുക്കുന്ന തുക പഞ്ചായത്തിന്റെ വികസനത്തിന് വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത് എന്നത് ജനങ്ങൾക്ക് വിശ്വാസമായാൽ ഇത്തരത്തിലുള്ള ചുങ്കത്തെ തീർച്ചയായും ജനങ്ങൾ സ്വീകരിക്കും എന്നുള്ളതാണ് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളിലുള്ള ജനങ്ങളുടെ സഹകരണം സൂചിപ്പിക്കുന്നത്.

പഞ്ചായത്തിന്റെ വകയായി 29 പൊതുകുളങ്ങളുണ്ട്. ഇവയെ ഇന്ന് പല പഞ്ചായത്തുകളും ചെയ്യുന്നതു പോലെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടാകാത്ത തരത്തിൽ ലേലം ചെയ്ത് മീൻ വളർത്തൽ തുങ്ങിയവയ്ക്ക് കൊടുക്കാവുന്നതാണ്. ഇത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നു. അതുപോലെ തന്നെ പഞ്ചായത്തിന്റേതായിട്ടുള്ള തരിശുഭൂമി സ്വകാര്യ വ്യക്തികൾക്ക് കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്നും സ്വകാര്യ വ്യക്തികൾ നടത്തുന്ന ട്രക്കറുകളും ടംബോ സർവ്വീസുകളുമായി (നെടുമങ്ങാട്, കാട്ടാക്കട, ആര്യനാട്, പേയാട്, അരുവിക്കര ഭാഗത്തേക്ക് ഏകദേശം ഇരുപത്തഞ്ചോളം വാഹനങ്ങളുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന് വരുമാനം കണ്ടെത്താവുന്നതാണ്.

വെള്ളനാട്ട് ഇന്ന് പണം കടംകൊടുക്കുന്ന 15 ഓളം സ്വകാര്യ ബാങ്കുകളുണ്ട്. ഇവയുടെ ലാഭത്തെക്കുറിച്ച് പറയേണ്ടതില്ലല്ലോ. ഈ ബാങ്കുകളുടെ മേൽ കരം ചുമത്തുന്നതിനെ ആരും എതിർക്കും എന്ന് തോന്നുന്നില്ല.

പഞ്ചായത്തിന്റെ വകയായുള്ള സ്റ്റാളുകളിൽ പലതും വളരെക്കാലങ്ങൾക്കു മുമ്പു നിശ്ചയിച്ച വാട

കയടിസ്ഥാനത്തിലാണ് ഇന്നു് കൊടുത്തിരിക്കുന്നത്. കൂടാതെ സ്റ്റാളിന്റെ യഥാർത്ഥ വാടകകാർ ആയിരക്കണക്കിന് രൂപ വാങ്ങിയിട്ട് അത് മൂന്നാമതൊരു വ്യക്തിക്ക് അനധികൃതമായി കൈമാറ്റം ചെയ്യുന്ന രീതിയും വെള്ളനാട്ട് നിലവിലിരിക്കുന്നു. പഞ്ചായത്ത് സ്റ്റാളിന്റെ വാടകയടിസ്ഥാനത്തെ ഉയർത്തുകയും മറ്റുള്ളവർ ചെയ്യുന്നതുപോലെ ഒരു നിശ്ചിത ശതമാനം വർഷംതോറും വർദ്ധിപ്പിക്കുകയും വേണം. പഞ്ചായത്ത് സ്റ്റാൾ വാടകയ്ക്ക് എടുക്കുന്നയാൾ കടമതിയാക്കുമ്പോൾ അത് തിരികെ പഞ്ചായത്തിനെ ഏൽപ്പിക്കുകയും പഞ്ചായത്ത് ഈ സ്റ്റാളുകളെ വീണ്ടും ലേലം ചെയ്ത് പുതിയ വാടകകാർക്ക് കൊടുക്കണം.

വെള്ളനാട്ട് റബ്ബർ കൃഷി അതി വിപുലമായ രീതിയിൽ പ്രചരിക്കുന്നുണ്ട്. ടാപ്പ് ചെയ്യുന്ന 500 മരത്തിൽ കൂടുതലുള്ള കർഷകരിൽ നിന്നും ഓരോ മരത്തിനും ഒരു നിശ്ചിത തുക നിശ്ചയിച്ച് പഞ്ചായത്തിന് വരുമാനം കണ്ടെത്താവുന്നതാണ്.

*ധനകാര്യസ്ഥാപനങ്ങൾ*

കാർഷിക വ്യാവസായിക മേഖലയിലേക്ക് വിഭവങ്ങൾ കണ്ടെത്തുന്നതിൽ പ്രധാനമായ ഒരുറവിടമാണ് ബാങ്കുവായ്പകൾ. പഞ്ചായത്തിൽ സിൻഡിക്കേറ്റ് ബാങ്കിന്റെ ഒരു ശാഖയും, കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസിന്റെ ഒരു ശാഖയും, ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും, കാർഷിക ഭൂ വികസന ബാങ്കിന്റെ ഒരുശാഖയുമാണുള്ളത്. ഇതു കൂടാതെ സർവ്വീസ് സഹകരമ ബാങ്കും ഉണ്ട്. പഞ്ചായയ്യിലെ ഒന്നും, രണ്ടും വാർഡുകൾ മുണ്ടേല സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ വരുന്നതാണ്. പുതുക്കുളങ്ങര പ്രദേശത്തുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖ ഒന്നും രണ്ടും വാർഡിലെ ജനങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. പഞ്ചായത്തിന്റെ സമഗ്രമായ കാർഷിക വ്യാവസായിക വികസനത്തിന് ഈ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ഒരു സമിതി ഉണ്ടാക്കി വെള്ളനാട് പ്രദേശത്ത് വായ്പ കൊണ്ട് തുടങ്ങാൻ സാധിക്കുന്ന വ്യവസായങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും സംരംഭം തുടങ്ങാൻ കഴിവും തയ്യാറുമുള്ള യുവതീ യുവാക്കളെ കണ്ടുപിടിച്ച് സാമ്പത്തിക സഹായം നൽകാൻ പഞ്ചായത്ത് യുക്തമായ നടപടികൾ കൈകൊള്ളണം.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട മനുഷ്യ വിഭവത്തിന്റെ കണക്കുകൾ ഇവിടെ പ്രതിപാദിച്ചിട്ടില്ല. സാമ്പത്തികമായ വിഭവങ്ങൾ സമാഹരിക്കുന്നതോടൊപ്പം തന്നെ പഞ്ചായത്തിൽ ലഭ്യമായ മനുഷ്യശക്തിയേയും വികസനത്തിന് കാര്യക്ഷമമായ രീതിയിൽ ഉപയോഗിക്കണം.

ഈ പ്രദേശത്തെ വ്യവസായങ്ങൾക്കു രൂപം കൊടുക്കുമ്പോൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്കും, ഗ്രാഫൈറ്റ് തുടങ്ങിയ ഖനനവസ്തുക്കൾക്കും. പ്രത്യേകം പരിഗണന നൽകണം. ഇത്തരത്തിലുള്ള വ്യവസായങ്ങൾക്കും വളരാനുള്ള സാധ്യത മറ്റുള്ളവയേക്കാൾ കൂടുതലാണ്.

വെള്ളനാട്ടെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ചിലതു മാത്രമാണ് ഇവിടെ പരാമർശിച്ചത്. വിശദമായ പഠനത്തിന് ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിക്കുകയും പദ്ധതി ആസൂത്രണ ഘട്ടത്തിൽ അവയ്ക്കു കൂടി അർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയും വേണം.

●●●●●●●●●●●●●●●●●●●●●●●●●●●●●

# ഉപസംഹാരം

ഒൻപതാം പഞ്ചവത്സര പദ്ധതിയിലും തുടർന്നുള്ള പദ്ധതികളിലും ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളാണ്.ഈ റിപ്പോർട്ടിലൂടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്താതെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ചെയ്ത് തീർക്കാൻ കഴിയുന്ന പ്രവർക്കനങ്ങൾ ഗ്രാമസഭ നിർദ്ദേശങ്ങളെന്ന നിലയിൽ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമയ വിഭവ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് നിലവിലിരിക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ റിപ്പോർട്ട് അതിന്റെ മൂർത്ത രൂപത്തിൽ എത്തിക്കുന്നതിനും

ഫലപ്രദമായ പദ്ധതികളാക്കി പ്രായോഗിക തലത്തിൽ എത്തുന്നതിനും ഉതകുന്നു.കർമ്മ സമിതികൾ ഇവടെ രൂപം കൊള്ളുമെന്നും അവയുടെ ചൈതന്യ പൂർണ്ണമായ പ്രവർത്തനത്തിലൂടെ നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര പുരോഗതി കൈവരിക്കാൻ ആവുമെന്നും പ്രത്യാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കട്ടെ.!!!

# വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

എസ്സ്. മോഹനകുമാർ - ജനറൽകൺവീനർ

**കൃഷി, ജലസേചനം**

എസ്സ്. മോഹനകുമാർ

എസ്സ്. ജയപ്രകാശ്

**മത്സ്യബന്ധനം, മൃഗസംരക്ഷണം**

ഡോ. പ്രസാദ് എം. കെ

ടി. എൻ. പ്രവീൺചന്ദ്

**വിദ്യാഭ്യാസം**

വി. രവീന്ദ്രൻപിള്ള

കെ. എൻ. അജിത്ത്കുമാർ

വി. അജിത്ത്കുമാർ

**ആരോഗ്യം, കുടിവെള്ളം**

ഡോ. വിജയകുമാർ

വി. എം. അനിൽകുമാർ

**ഊർജ്ജം, ഗതാഗതം, മാർക്കറ്റ്**

വി. അജിത്ത്കുമാർ

ടി. എൻ. പ്രവീൺചന്ദ്

**സംസ്കാരം, കായികരംഗം**

എം. രാജേന്ദ്രൻ നായർ

എസ്സ്. ജയപ്രകാശ്

**പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം**

ടി. എൻ. പ്രവീൺചന്ദ്

കെ. എൽ. അജിത്ത്കുമാർ

**വ്യവസായം**

എസ്സ്. മോഹനകുമാർ

വി. അരുൺകുമാർ

**വനിതാക്ഷേമം**

ശാന്താദാസ്

എസ്സ്. ജയപ്രകാശ്

**സഹകരണമേഖല**

എം. രാജേന്ദ്രൻനായർ

കെ. വിനുകുമാർ

**പട്ടികജാതി, പട്ടികവർഗ്ഗം**

ടി. എൻ. പ്രവീൺചന്ദ്

എസ്സ്. ജയപ്രകാശ്

**വിഭവസമാഹരണം**

വി. സുഭാഷ് ചന്ദ്രബോസ്

പി. കമൽരാജ്

മോഹൻദാസ്

**ചരിത്ര പശ്ചാത്തലം**

കെ. പരമേശ്വരൻ നായർ

രാമചന്ദ്രൻപിള്ള

ശാന്താദാസ്

തങ്കപ്പൻനായർ

# അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണ പ്രസ്ഥാനം.

മഹാത്മാഗാന്ധിജിയുടെ
ഗ്രാമസ്വരാജ് സ്വപ്നം
സാക്ഷാത്കരിക്കപ്പെടുന്നു.

Printed and Designed by naga Perurkada. Ph: 438472